# ഭരണങ്ങാനം ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട് (1996)

# ഭരണങ്ങാനം ഗ്രാമപഞ്ചായത്ത്

## വികസനറിപ്പോർട്ട് 1996

## പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | ഭരണങ്ങാനം |
| ബ്ലോക്കു പഞ്ചായത്ത് | - | ളാലം |
| താലൂക്ക് | - | മീനച്ചിൽ |
| ജില്ല | - | കോട്ടയം |
| അസംബ്ലി മണ്ഡലം | - | പൂഞ്ഞാർ |
| പാർലമെന്റു മണ്ഡലം | - | മൂവാറ്റുപുഴ |
| വിസ്തീർണ്ണം | - | 27.04 ച.കി.മീറ്റർ |
| അതിരുകൾ വടക്ക് | - | കരൂർ പഞ്ചായത്ത് |
| കിഴക്ക് | - | മേലുകാവു പഞ്ചായത്ത് |
| തെക്ക് | - | മീനച്ചിലാറ്, തലപ്പലം പഞ്ചായത്ത് |
| പടിഞ്ഞാറ് | - | പാലാമുനിസിപ്പാലിറ്റി |
| ജനസംഖ്യ | - | 16005 |
| പുരുഷന്മാർ | - | 7949 |
| സ്ത്രീകൾ | - | 8056 |
| ജനസാന്ദ്രത | - | 918 |
| അക്ഷരാഭ്യാസമുള്ളവർ | - | പു 6867 + സ്ത്രീ 6800 (13667) |
| വാർഡുകൾ | - | 9 |
| പ്രസിഡന്റ് | - | ടി.ടി. അന്നമ്മ |
| വൈസ് പ്രസിഡന്റ് | - | അഗസ്റ്റ്യൻ ജോസഫ് |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | - | സി.ആർ. നാരായണൻ നായർ |

കോട്ടയം ജില്ല

NORTH

ഭരണങ്ങാനം പഞ്ചായത്ത്
വാർഡുകൾ



# ഭരണങ്ങാനം ഗ്രാമപഞ്ചായത്ത്

## ഭരണസമിതി



അഗസ്റ്റ്യൻ ജോസഫ്
വൈസ് പ്രസിഡന്റ്

റ്റി.റ്റി. അന്നമ്മ
പ്രസിഡന്റ്



സി.ആർ [illegible]
സ്റ്റാന്റിംഗ് കമ്മിറ്റി



തോമസുകുട്ടി ജോസഫ്



[illegible]

ഇ.വി. [illegible]

പുലിക്കുട്ടി ജോസഫ്



[illegible]

[illegible]

കെ.റ്റി.കുഞ്ഞിക്കോ
പഞ്ചായത്ത് [illegible]

*"സ്വാതന്ത്ര്യം അടിത്തട്ടിൽനിന്ന്*
*ആരംഭിക്കണം. ഓരോ ഗ്രാമവും*
*പൂർണ്ണമായ അധികാരങ്ങളുള്ള*
*ഓരോ റിപ്പബ്ലിക്കോ,*
*പഞ്ചായത്തോ ആകും.*
*അതുകൊണ്ട് ഓരോ ഗ്രാമവും*
*പ്രതിരോധനടപടികളുൾപ്പടെ എല്ലാ*
*കാര്യങ്ങളും നടത്തത്തക്കവിധം*
*സ്വയം പര്യാപ്തമായിരിക്കണമെന്ന്*
*പ്രത്യേകം പറയേണ്ടതില്ലല്ലോ"*
*(ഹരിജൻ - 28.7.46)*

എഡിറ്റോറിയൽ ബോർഡ്

എഡിറ്റർ : എം.ജി. രവീന്ദ്രനാഥ്

1. ശ്രീ. കെ.എം. ചുമ്മാർ, കാര്യാങ്കൽ
2. ശ്രീ. ഇടമറ്റം രത്നപ്പൻ
3. ശ്രീ. ചാക്കോ സി. പൊരിയത്ത്
4. റവ. ഫാ. ഡൊമിനിക്, ചിറാടിയിൽ, അസ്സീസി ആശ്രമം
5. അഡ്വ. ജോയി കുറ്റിയാനി
6. ശ്രീ. ജോയി തോമസ്, B.Sc. (Engg) കൊല്ലംപറമ്പിൽ
7. Sr. ജോസിറ്റാ, ക്ലാരിസ്റ്റ് കോൺവെന്റ്
8. ശ്രീ. റ്റി.ജി. കുമാരൻ, ശുഭാലയം (പഞ്ചാ. മെമ്പർ)
9. ശ്രീ. ഇ.വി. ജനാർദ്ദനൻ, ഇല്ലിക്കൽ (പഞ്ചാ. മെമ്പർ)
10. ശ്രീമതി. റ്റി.റ്റി. അന്നമ്മ, പനച്ചിനാനി (പഞ്ചാ. പ്രസിഡന്റ്)

DTP Type Setting : N' Sure Palai, Cover Design : M.D.Saji (Assisi Magazine)

# ഉള്ളടക്കം


| ക്രമനമ്പർ | | വിഷയം | പേജ് |
|---|---|---|---|
| I | | ആമുഖം | 9 |
| II | | ചരിത്രപശ്ചാത്തലം | 13 |
| III | | ഭൂപ്രകൃതിയും, ജനപ്രകൃതിയും, ജലപ്രകൃതിയും, | 21 |
| IV | | സാമൂഹിക സാമ്പത്തിക മേഖലകൾ | |
| | 1. | കൃഷിയും, ജലസേചനവും | 23 |
| | 2. | മൃഗപരിപാലനം, മത്സ്യബന്ധനം | 31 |
| | 3. | വിദ്യാഭ്യാസം | 34 |
| | 4. | ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം | 41 |
| | 5. | വ്യവസായം | 54 |
| | 6. | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 58 |
| | 7. | പാർപ്പിടവും, സാമൂഹ്യക്ഷേമവും | 72 |
| | 8. | സംസ്കാരം | 78 |
| | 9. | വനിത | 85 |
| | 10. | സഹകരണം | 89 |
| | 11. | പട്ടികജാതി, പട്ടികവർഗ്ഗം | 96 |
| | 12. | വിഭവസമാഹരണം | 100 |
| | 13. | തീർത്ഥാടനം / ടൂറിസം | 104 |
| V | | ഭരണങ്ങാനം ഗ്രാമപഞ്ചായത്ത്- ഇന്ന് | 107 |
| VI | | മുൻപഞ്ചായത്ത് ഭരണസമിതികൾ | 111 |
| VII | | വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ് | 113 |

"ഗ്രാമം നശിച്ചാൽ ഇന്ത്യയും നശിക്കുമെന്ന് ഞാൻ പറയട്ടെ. അതോടെ ഇന്ത്യ ഇന്ത്യയല്ലാതായിതീരും, ലോകത്തോട് അവൾക്കുള്ള ദൗത്യം അപ്രസക്തമായിത്തീരും. ഗ്രാമത്തിന്റെ പുനരുത്ഥാനം സാധിതമാകുന്നത് അത് ചൂഷണമുക്തമാകുമ്പോഴാണ്. (ഹരിജൻ 29.8.36)

ഗാന്ധിജി

ആസൂത്രണമെന്നാൽ കൂറെ പദ്ധതികളുടെയും സ്കീമുകളുടെയും കൂമ്പാരമെന്നല്ല അർത്ഥം എല്ലാരംഗങ്ങളിലും സമുദായത്തിന് പുരോഗമിക്കാനാവും വിധം അടിത്തറയേയും പുരോഗതിയുടെ വേഗതയേയും ശക്തിപ്പെടുത്തുന്നതിനുള്ള സുചിന്തിതമായ സമീപനമാണിത്. 1958

നെഹ്രു

ചെയ്യാനുള്ളത് ആത്മാർത്ഥമായി ചെയ്യുക
അതിന്റെ ഫലം എന്തുമാകട്ടെ.
ജീവിതത്തിൽ ധൈര്യമാണ് മുഖ്യഘടകം

കെന്നഡി

പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിക്കുക
സകലരേയും സേവിക്കുക.

ഗാന്ധിജി

"ഒരു മണിക്കൂർ സമയത്തേയ്ക്ക് എന്നെ ഇന്ത്യയുടെ മുഴുവൻ സർവ്വാധിപതിയാക്കിയാൽ ഞാൻ ആദ്യമായി ചെയ്യുന്ന കാര്യം രാജ്യത്തെ മദ്യശാലകളെല്ലാം യാതൊരു പ്രതിഫലവും നല്കാതെ അടച്ചുപൂട്ടിയ്ക്കുകയായിരിക്കും."
(യംഗ് ഇന്ത്യ - 25.6.31)

ഗാന്ധിജി

# I. ആമുഖം

രണ്ടു നൂറ്റാണ്ടു കാലത്തെ വിദേശവാഴ്ചയിൽ നിന്നും നമ്മുടെ മാതൃഭൂമിയായ ഭാരതം സ്വാതന്ത്ര്യം നേടിയിട്ട് അമ്പതു വർഷം പൂർത്തിയാകാൻ പോവുകയാണ്. സ്വാതന്ത്ര്യ ലബ്ധിയുടെ സുവർണ്ണ ജൂബിലിയാഘോഷങ്ങൾ നാടെങ്ങും നടന്നുകൊണ്ടിരിക്കുന്നു. കഴിഞ്ഞ അര നൂറ്റാണ്ടുകാലത്തെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിക്കൊണ്ട് നാളേക്കുവേണ്ട വികസനപരിപാടികൾക്ക് രൂപം കൊടുക്കുന്ന സന്ദർഭമാണിത്. എട്ടാം പഞ്ചവത്സര പദ്ധതിയവസാനിക്കാനും ഒമ്പതാം പദ്ധതിയാരംഭിക്കാനും ഇനി ഏതാനും മാസങ്ങൾമതി.

"ഞാൻ സ്വപ്നം കാണുന്ന സ്വരാജ് ദരിദ്രന്റെ സ്വരാജാണ്." സ്വാതന്ത്ര്യ സമരത്തിന്റെ പരമസേനാനിയായിരുന്ന ഗാന്ധിജി പറഞ്ഞു. അദ്ദേഹം ഇങ്ങനെ തുടർന്നു. "ജീവതാവശ്യങ്ങളെല്ലാം രാജാക്കന്മാരും ധനവാന്മാരും അനുഭവിക്കുന്നതുപോലെ നിങ്ങളും അനുഭവിക്കണം. നിങ്ങൾക്ക് അവരുടേതുപോലുള്ള കൊട്ടാരങ്ങളും മറ്റും ഉണ്ടായിരിക്കണമെന്നില്ല. നിങ്ങളോ ഞാനോ അവിടെ ഒരധികപ്പറ്റായിരിക്കും. എന്നാൽ ഒരു ധനവാനുലഭിക്കുന്ന എല്ലാ പ്രാഥമിക ജീവിതസൗകര്യങ്ങളും നിങ്ങൾക്കുലഭിച്ചേതീരൂ. ആ സൗകര്യങ്ങൾ നിങ്ങൾക്ക് നൽകപ്പെടാത്ത കാലത്തോളം സ്വരാജ് പൂർണ്ണമാവുകയില്ല എന്ന കാര്യത്തിൽ എനിക്കു സംശയമില്ല."(യംഗ് ഇന്ത്യ. 26.3.1931)

സ്വാതന്ത്ര്യസമരത്തിന്റെ പരമലക്ഷ്യം പാവപ്പെട്ടവന്റെ ക്ഷേമമാണെന്ന് ജവഹർലാൽ നെഹ്രുവും ഇതര ദേശീയനേതാക്കന്മാരും ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യ പ്രാപ്തിയോടെ ഈ വാഗ്ദാനങ്ങൾ നിറവേറ്റാനുള്ള ശ്രമങ്ങളാരംഭിച്ചു. സാമ്പത്തികാസൂത്രണ പരിപാടികളാരംഭിക്കുന്ന വേളയിൽ എന്തായിരുന്നു ഇന്ത്യയുടെ അവസ്ഥ എന്നു കൂടി ഓർമ്മിക്കണം.

കൊളോണിയൽ ചൂഷണത്തിന്റെ ഫലമായി ഇന്ത്യ സാമ്പത്തികമായി തകരുകയും, ജനങ്ങളുടെ ജീവിതനിലവാരം പരിതാപകരമാംവിധം അധഃപതിക്കുകയും ചെയ്തിരുന്നു. പാരമ്പര്യമായി ഇന്ത്യയുടെ അഭിമാനമായിരുന്ന കുടിൽ വ്യവസായങ്ങളും തകർന്നു കഴിഞ്ഞിരുന്നു. കൃഷിയാകട്ടെ വളരെ പ്രാകൃതവും അനാദായകരവുമായിരുന്നു. ഇന്ത്യയെ സമ്പന്നമാക്കിയിരുന്ന വിദേശ വാണിജ്യം തകർക്കപ്പെട്ടു. ഇംഗ്ലണ്ടുമായോ അവർ അനുവദിക്കുന്ന ചുരുക്കം രാജ്യങ്ങളുമായോ മാത്രമേ വ്യാപാരം നടത്താൽ നമുക്ക് അനുവാദം ഉണ്ടായിരുന്നുള്ളൂ. ജന്മികളുടെയും വൻ വ്യാപാരികളുടെയും ചൂഷണം കൃഷിക്കാരുടെ നടുവൊടിച്ചു. ഈ നൂറ്റാണ്ടിൽത്തന്നെയുണ്ടായ രണ്ടു ലോകമഹായുദ്ധങ്ങൾ ഭാരതീയന്റെ ജീവിതഭദ്രത ചീന്തിയെറിഞ്ഞു. ഇന്ത്യാ-പാക്കിസ്ഥാൻ വിഭജനവും അതിന്റെ അകമ്പടിയായി വന്നുകൂടിയ വർഗ്ഗീയലഹളയും അഭയാർത്ഥി പ്രവാഹവും കൂടിയായപ്പോൾ സാഹചര്യം അങ്ങേയറ്റം ഇരുൾ നിറഞ്ഞതായി. നെഹ്രു ഏറ്റെടുത്ത ഇന്ത്യയുടെ ചിത്രമാണിത്. എന്താണ് ഇതിനൊക്കെ പരിഹാരം? വികസന രംഗത്ത് എന്തൊക്കെയോ ചില പൊടിക്കൈകളും മുറിവൈദ്യങ്ങളും വേണ്ടത്രഫലം ചെയ്യുമോ? ക്ഷമാപൂർവ്വവും ആസൂത്രിതവുമായ സാമ്പത്തിക വികസനപരിപാടികൾകൊണ്ടു മാത്രമേ ഈ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താൻ കഴിയൂ എന്ന് ദേശീയ നേതൃത്വം മനസ്സിലാക്കി.

## എന്താണ് ആസൂത്രണം

ഒരു രാജ്യത്തിന്റെ ആവശ്യങ്ങൾ എന്തെല്ലാമെന്ന് കണക്കിലെടുക്കുകയാണ് ആസൂത്രണത്തിന്റെ ആദ്യപടി. ഈ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന വികസനപരിപാടികൾ എന്തൊക്കെയെന്ന് നിശ്ചയിക്കുകയാണ് രണ്ടാമത്തെ ഘട്ടം. ഈ പരിപാടികൾ നടപ്പാക്കാൻ എന്തുമാത്രം മൂലധനവും വിഭവങ്ങളും ആവശ്യമുണ്ടെന്നും അവ എങ്ങനെ സംഭരിക്കാമെന്നും കണ്ടെത്തുന്നത് മൂന്നാമത്തെ പ്രക്രിയ. ഇന്ത്യ പോലൊരു അവികസിത രാജ്യത്ത് ആവശ്യങ്ങൾ അപരിമിതവും വിഭവങ്ങൾ തീരെ അപര്യാപ്തവുമായിരിക്കുമെന്നു പറയേണ്ടതില്ലല്ലൊ. ആ സാഹചര്യത്തിൽ ഏറ്റവും അനുപേക്ഷണീയമായ ആവശ്യങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് പരിമിതമായ വിഭവങ്ങൾ അവയ്ക്കുവേണ്ടി ചിലവഴിക്കാൻ തീരുമാനിക്കുന്നു. പ്രാധാന്യം കുറഞ്ഞ ആവശ്യങ്ങൾ പിൽക്കാലത്തേക്കു മാറ്റിവയ്ക്കുന്നു. ഇത്രയുമാണ് സാമ്പത്തികാസൂത്രണത്തിന്റെ മുഖ്യഘട്ടങ്ങൾ.

## ആസൂത്രണത്തിന്റെ ചരിത്രം

ഗ്രീക്കുദാർശികനായ പ്ലേറ്റോ തന്റെ "റിപ്പബ്ലിക്" എന്ന ഗ്രന്ഥത്തിലൂടെ ആസൂത്രണം എന്ന ആശയം ആവിഷ്ക്കരിച്ചു. 1910-ൽ ക്രിസ്റ്റൺ ഷോൺ ഹൈഡർ തന്റെ "പ്രിൻസിപ്പിൾസ് ഓഫ് പ്രൈവറ്റ് ആൻഡ് പബ്ലിക്ക് പ്ലാനിംഗ്" എന്ന ഗ്രന്ഥം വഴിയായി സാമ്പത്തികാസൂത്രണത്തിന്റെ തത്വങ്ങളും പ്രയോഗവും വിശദീകരിച്ചു.

1928-ൽ സോവ്യറ്റു യൂണിയനാണ്. ലോകത്താദ്യമായി സാമ്പത്തികാസൂത്രണ പരിപാടികൾക്ക് പ്രായോഗിക രൂപം നൽകിയത്. അവരുടെ മാർഗ്ഗത്തോട് യോജിച്ചുകൊണ്ടല്ലെങ്കിൽ പോലും ആസൂത്രണത്തിന്റെ സാദ്ധ്യതകളും പ്രസക്തിയും ഇന്ത്യൻ ദേശീയ നേതാക്കൾ അംഗീകരിച്ചുവെന്നതിന് ഉത്തമ ഉദാഹരണമാണ്. 1931ലെ കറാച്ചി കോൺഗ്രസ്സ് അംഗീകരിച്ച മൗലീകാവകാശ പ്രമേയം.

1934-ൽ ഡാ: എം. വിശ്വേശ്വരയ്യാ ഇന്ത്യയുടെ സാമ്പത്തിക വിസനത്തിന് ഒരു ദശവത്സര പദ്ധതി ആവിഷ്ക്കരിച്ചു.

1937-ൽ പ്രോവിൻസുകളിൽ ഭരണമേറ്റ കോൺഗ്രസ്സ് ഭരണാധികരികൾക്കു പിൻതുടരാൻ വേണ്ടി ഒരു സമഗ്രവികസന പദ്ധതിയ്ക്കു രൂപം നൽകാൻ 1938-ൽ കോൺഗ്രസ്സദ്ധ്യക്ഷൻ സുഭാഷ് ചന്ദ്രബോസ് ഒരു ദേശീയ ആസൂത്രണ കമ്മറ്റിയെ നിയമിച്ചു. ജവഹർലാൽ നെഹ്രുവായിരുന്നു അതിന്റെ ചെയർമാൻ. 1939-ൽ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുകയും, പ്രൊവിൻസുകളിലെ ജനകീയ മന്ത്രിമാരോടാലോചിക്കാതെ വൈസ്രോയി സ്വമേധയാ ഇന്ത്യയെക്കൂടി യുദ്ധത്തിലേയ്ക്ക് വലിച്ചിട്ടതിൽ പ്രതിഷേധിച്ച് കോൺഗ്രസ്സു മന്ത്രിമാർ രാജിവയ്ക്കുകയും, ക്വിറ്റിന്ത്യാ സമരമുൾപ്പെടെയുള്ള ശക്തമായ സ്വാതന്ത്ര്യപ്പോരാട്ടങ്ങളാരംഭിക്കുകയും, ദേശീയ നേതാക്കളൊട്ടാകെത്തന്നെ തടവിലാക്കപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ഈ കമ്മറ്റിയ്ക്ക് കാര്യമായൊന്നും ചെയ്യാൻ കഴിഞ്ഞില്ല.

യുദ്ധകാലസാഹചര്യങ്ങൾ കണക്കിലെടുത്തു സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഒരു ഏകീകൃത രൂപം നൽകാൻ ബ്രിട്ടീഷ് ഭരണാധികാരികൾ 1944-ൽ "പ്ലാനിംഗ് ആൻഡ് ഡവലപ്പുമെന്റ് ഡിപ്പാർട്ടുമെന്റ് രൂപീകരിച്ചു. ടാറ്റാ, ബർലാ തുടങ്ങിയ എട്ടു വ്യവസായ പ്രമുഖർ ചേർന്ന് "ബോംബേ പ്ലാൻ" എന്ന പേരിൽ ഒരു പദ്ധതി പ്രസിദ്ധീകരിച്ചതും, എം.എൻ. റോയിയുടെ "പീപ്പിൾസ് പ്ലാൻ" പുറത്തുവന്നതും ഇതേ വർഷം തന്നെയായിരുന്നു. താമസിയാതെ ശ്രീമന്നാരായൺ അഗർവാൾ ഒരു 'ഗാന്ധിയൻ പ്ലാൻ" അവതരിപ്പിക്കുകയുണ്ടായി.

1946 സെപ്തംബറിൽ നെഹ്രുവിന്റെ നേതൃത്വത്തിൽ ഇടക്കാല ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ ഒരു പ്ലാനിംഗ് അഡ്വൈസറി ബോർഡ് രൂപീകരിക്കുകയുണ്ടായി.

സ്വാതന്ത്ര്യ പ്രാപ്തിക്കും റിപ്പബ്ലിക് സ്ഥാപനത്തിനും ശേഷം 1950 മാർച്ചിൽ പ്രധാനമന്ത്രി നെഹ്രു ചെയർമാനായി ആദ്യത്തെ ആസൂത്രണ കമ്മീഷൻ നിയമിതമായി ഈ കമ്മീഷനാണ് നമ്മുടെ ഒന്നാം പദ്ധതിയ്ക്കു രൂപം നൽകിയത്. സോവ്യറ്റു പദ്ധതിയിൽ വികസന പരിപാടികളത്രയും സർക്കാർ ഉടമയിലാണെങ്കിൽ ഇന്ത്യൻ പദ്ധതിയിൽ അടിസ്ഥാന വ്യവസായങ്ങൾ പൊതുവുടമയിലും മറ്റുള്ളവ സ്വകാര്യ മേഖലയിലുമായിട്ടാണ് നടപ്പാക്കുന്നത്. അതുകൊണ്ട് നമ്മുടേത് സമ്മിശ്ര സമ്പദ്വ്യവസ്ഥ എന്നറിയപ്പെടുന്നു. 1951-56 കാലത്ത് നടന്ന ഒന്നാംപദ്ധതിയിൽ കൃഷിക്കായിരുന്നു മുൻഗണന നൽകിയിരുന്നത്. ഭക്ഷ്യക്ഷാമം പരിഹരിക്കാനാവശ്യമായ ഭക്ഷ്യധാന്യങ്ങളും വ്യവസായ വൽക്കരണത്തിന്റെ അവശ്യോപാധിയായ അസംസ്കൃത വിഭവങ്ങളും ഉല്പാദിപ്പിക്കുകയായിരുന്നു ലക്ഷ്യം.

1956-61 കാലത്തു നടപ്പാക്കിയ രണ്ടാം പദ്ധതി വ്യവസായങ്ങൾക്കു മുൻഗണന നൽകി. ആഭ്യന്തര ഉപഭോഗത്തിനും കയറ്റുമതിയ്ക്കും വേണ്ട ഉപഭോഗവസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുക. രാഷ്ട്രനിർമ്മാണത്തിനാവശ്യമായ അടിസ്ഥാനവസ്തുക്കൾ (ഇരുമ്പ്, സിമിന്റ്, വളം, രാസവസ്തുക്കൾ) ഉല്പാദിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയായിരുന്നു രണ്ടാം പദ്ധതിയുടെ ലക്ഷ്യങ്ങൾ.

1961 ഏപ്രിലിൽ മൂന്നാം പദ്ധതിയാരംഭിച്ചു. സ്വാശ്രയത്വം നേടുകയെന്നതായിരുന്നു ലക്ഷ്യം. എന്നാൽ 1962-ൽ ചൈനയുമായും 1965-ൽ പാക്കിസ്ഥാനുമായും ഉണ്ടായ യുദ്ധങ്ങൾ. അമേരിക്കൻ സഹായം നിറുത്തലാക്കപ്പെട്ടത്, രൂപയുടെ മൂല്യശോഷണം, വ്യാപകമായ വരൾച്ച എന്നിവ ഈ പദ്ധതിയുടെ വിജയകരമായ പൂർത്തീകരണത്തിന് വിലങ്ങുതടികൾ സൃഷ്ടിച്ചു.

1966 ഏപ്രിൽ നാലാം പദ്ധതി ആരംഭിക്കേണ്ടതായിരുന്നെങ്കിലും മേൽക്കാണിച്ച ദേശീയ പ്രതിസന്ധികൾമൂലം അതുസാധിച്ചില്ല. 1966 മുതൽ 1969 വരെയുള്ള മൂന്നു വർഷങ്ങളിൽ ഓരോ വാർഷിക പദ്ധതികളാണ് നടപ്പാക്കിയത്.

1969-ൽ മാത്രമേ നാലാം പദ്ധതി ആരംഭിക്കാൻ കഴിഞ്ഞുള്ളൂ. ഉറച്ച അടിത്തറയോടെ വളർച്ച എന്നതായിരുന്നു ലക്ഷ്യം. 14വൻകിട വാണിജ്യ ബാങ്കുകൾ ദേശസാൽക്കരിക്കാൻ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധി തീരുമാനിച്ചതിനെ തുടർന്ന് ധന

കാര്യമന്ത്രി മോറാർജി ദേശായിയുമായുണ്ടായ അഭിപ്രായ വ്യത്യാസവും ഭരണകക്ഷിയിലുണ്ടായ അഭിപ്രായ വ്യത്യാസവും ഭരണകക്ഷിയിലുണ്ടായ ഭിന്നിപ്പും പദ്ധതിനടത്തിപ്പിൽ പ്രതിബന്ധങ്ങൾ സൃഷ്ടിക്കാതിരുന്നില്ല. പുതിയ പരിതസ്ഥിതിയിൽ രൂപം കൊടുത്ത പത്തിനപരിപാടികളാണ് പിന്നീട് താല്പര്യപൂർവ്വം നടപ്പിലാക്കിയത്.

1974-ൽ ആരംഭിച്ച അഞ്ചാം പദ്ധതിയുടെ മുഖ്യലക്ഷ്യം ദാരിദ്ര്യം നിർമ്മാർജ്ജനമായിരുന്നു. 1975 ജൂൺ 25-ാം തീയതി ആഭ്യന്തര അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതിനെ തുടർന്നു സംജാതമായ സാഹചര്യത്തിൽ പ്രധാനമന്ത്രി പ്രഖ്യാപിച്ച ഇരുപതിന പരിപാടികളാണ് അക്കാലത്ത് പ്രാധാന്യം കൊടുത്ത് നടപ്പാക്കിയത്.

1977-ൽ മൊറാർജി ദേശായിയുടെ നേതൃത്വത്തിൽ അധികാരമേറ്റെടുത്ത ജനതാ ഗവണ്മെന്റ് മുൻഗവണ്മെന്റുകളുടെ ആസൂത്രണ ശൈലിയോട് താല്പര്യം കാണിച്ചില്ല. റോളിംഗ് പ്ലാൻ എന്ന പേരിൽ ഏക വത്സര പദ്ധതികൾ നടപ്പാക്കാനാണ് അവർ താല്പര്യം കാണിച്ചത്.

1980-ലെ തെരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധി വീണ്ടും പ്രധാനമന്ത്രിയായതോടെ പഞ്ചവത്സര പദ്ധതി പ്രവർത്തനം പുനരാരംഭിച്ചു. 1980-ൽ ആറാം പദ്ധതിയുടെ പ്രവർത്തനം തുടങ്ങി. 1985-ൽ ഏഴാം പദ്ധതി തുടങ്ങിയപ്പോൾ രാജീവ് ഗാന്ധിയായിരുന്നു പ്രധാനമന്ത്രി. ആധുനിക ശാസ്ത്ര, സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഇന്ത്യയെ ഇരുപത്തൊന്നാം നൂറ്റാണ്ടിലേയ്ക്കു നയിക്കുകയും വികസിത രാജ്യങ്ങൾക്കൊപ്പം എത്തിക്കുകയും ചെയ്യുക എന്നതായിരുന്നു രാജീവിന്റെ ലക്ഷ്യങ്ങൾ.

ഇപ്പോൾ പ്രവർത്തനത്തിലിരിക്കുന്ന എട്ടാം പദ്ധതി 1992ലാണ് ആരംഭിച്ചത്. നരസിംഹറാവു വിന്റെ ഗവണ്മെന്റ് നടപ്പാക്കിയ സാമ്പത്തിക ഉദാരവൽക്കരണനടപടികൾ ഈ പദ്ധതിയിലും പ്രതിഫലിച്ചതിന്റെ ഫലമായി മുൻപദ്ധതികളിൽ നിന്ന് രൂപത്തിലും ഭാവത്തിലും സാരമായ വ്യത്യാസം എട്ടാം പദ്ധതിയിൽ ദർശിക്കാവുന്നതാണ്. 1996-ലെ തിരഞ്ഞെടുപ്പിനെ തുടർന്ന് ദേവഗൗഡയുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്നിട്ടുള്ള ഐക്യ മുന്നണി ഗവണ്മെന്റ് കാലാവധി തീരാൻ പോകുന്ന എട്ടാം പദ്ധതിയിൽ കാര്യമായമാറ്റങ്ങളൊന്നും തന്നെ വരുത്തിയിട്ടില്ല. 1997 മാർച്ച് 31-ാം തിയതി എട്ടാം പദ്ധതി അവസാനിക്കും.

നാലര ദശകക്കാലത്തെ പദ്ധതി പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത ചരിത്രമാണ് നാം കണ്ടത്. ലക്ഷ്യങ്ങൾ നൂറുശതമാനവും നേടിയിട്ടില്ലായെന്ന് ദോഷൈക ദൃക്കുകൾക്ക് ചൂണ്ടിക്കാണിക്കാമെങ്കിലും ഈ പദ്ധതികളുടെ ഫലമായി നാം ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങൾ നിസ്സാരങ്ങളല്ല. ഭക്ഷ്യക്ഷാമവും പട്ടിണിമരണങ്ങളും നടമാടിയിരുന്ന ഇന്ത്യ ഇന്ന് ഭക്ഷ്യധാന്യങ്ങൾ കയറ്റുമതിചെയ്യുന്ന രാജ്യമാണ്.

തീപ്പെട്ടി പോലും സ്വീഡനിൽ നിന്നും ഇറക്കുമതി ചെയ്തിരുന്ന ഭാരതം ഇന്ന് തീവണ്ടിയിൽ എൻജിനുകൾ കയറ്റുമതി ചെയ്യുന്നു.

സ്വാതന്ത്ര്യ ലബ്ധിക്കു മുൻപ് ഒരു ഭാരതീയന്റെ ശരാശരി ആയുസ്സ് 33 ആയിരുന്നെങ്കിൽ ഇന്നത് എഴുപതിനു മേലാണ്.

തികച്ചും ജനാധിപത്യപരമായ രീതിയിലാണ് നാം ഈ നേട്ടങ്ങൾ ഉണ്ടാക്കിയതെന്ന വസ്തുത വിസ്മരിച്ചുകൂടാ. നമ്മോടൊപ്പം സ്വാതന്ത്ര്യം നേടുകയും ജനാധിപത്യഭരണ സമ്പ്രദായം സ്വീകരിക്കുകയും ചെയ്ത ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിൽ മിക്കവാറും എല്ലായിടത്തും തന്നെ ജനാധിപത്യം അട്ടിമറിക്കപ്പെടുകയും ഒന്നല്ലെങ്കിൽ മറ്റൊരു സമ്പ്രദായത്തിലുള്ള ഏകാധിപത്യം നിലവിൽ വരികയും ചെയ്തിരിക്കുന്നു. പലയിടങ്ങളിലും ആഭ്യന്തരകലഹങ്ങളും കൂട്ടക്കൊലകളും ആഭയാർത്ഥിപ്രവാഹങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

ഇവയൊക്കെ നമ്മെ സംബന്ധിച്ചടത്തോളം ഇന്നോളം ഭീഷണിയായിട്ടില്ല എന്നത് അഭിമാനകരം തന്നെ. എന്നാൽ നാം ലക്ഷ്യത്തിലെത്തിക്കഴിഞ്ഞെന്നോ, ഇനി ഒന്നും ചെയ്യാനില്ലെന്നോ അർത്ഥമില്ല. ഇനിയും മൈലുകൾ സഞ്ചരിക്കാനും വാഗ്ദാനങ്ങൾ നിറവേറ്റാനുമുണ്ട്.

1997 ഏപ്രിൽ 1-ാം തീയതി സമാരംഭിക്കേണ്ട ഒൻപതാം പദ്ധതി വിവിധ തലങ്ങളിൽ ഇപ്പോൾ കരുപ്പിടിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.

കേരളത്തെ സംബന്ധിച്ചടത്തോളം ഒമ്പതാം പദ്ധതിയ്ക്ക് "ജനകീയ പദ്ധതി" എന്ന പരിവേഷം നൽകപ്പെട്ടിരിക്കുന്നു. മുൻകാലപദ്ധതികളുടെ രൂപീകരണത്തിൽ ജനങ്ങൾക്കു പങ്കാളിത്തം ഇല്ലായിരുന്നുവെന്നും എല്ലാം മുകളിൽ നിന്നും അടിച്ചേല്പിക്കപ്പെടുകയായിരുന്നുവെന്നും ഉള്ള ഒരു പരാതി ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പ്ലാനിംഗ് കമ്മീഷൻ തയ്യാറാക്കുന്ന നക്കൽ പദ്ധതി ജനപ്രതിനിധികളടങ്ങിയ പാർലമെന്റിന്റെ ഇരു സഭകളും വിശദമായി ചർച്ചചെയ്തശേഷമാണ് അംഗീകരിക്കപ്പെടുന്നത്. സംസ്ഥാന പദ്ധതികൾക്കു രൂപം നൽകാൻ ഓരോ സംസ്ഥാനത്തും പ്ലാനിംഗ് ബോർഡ് ഉണ്ട്. നിയമസഭകളിലെ ചർച്ചകൾക്കു ശേഷമാണ് സംസ്ഥാന പ്ലാൻ രൂപം കൊള്ളുന്നത്. കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും ബന്ധപ്പെട്ടവർ തമ്മിലുള്ള വിശദമായ ചർച്ചകൾക്കുശേഷമാണ് സംസ്ഥാന പ്ലാനിന്റെ രൂപവും അതിനുള്ള കേന്ദ്രവിഹിതവും നിശ്ചയിക്കപ്പെടുന്നത്.

ജില്ലകൾ തോറും ജില്ലാവികസന സമിതികളും ബ്ലോക്കു വികസനസമിതികളും താഴെ ഗ്രാമതല ത്തിൽ ജനപ്രതിനിധികളടങ്ങിയ പഞ്ചായത്തു കമ മറ്റികളും ആണ് അതാതു തലങ്ങളിൽ നടപ്പാക്കേണ്ട വികസനപരിപാടികൾക്ക് രൂപം നൽകുന്നത്.

എന്നാൽ വോട്ടർമാരായ സാധാരണ ജനങ്ങ ൾക്ക് നേരിട്ട് പദ്ധതിരൂപീകരണത്തിൽ പങ്കെടുക്കാൻ അവസരമുണ്ടായിരുന്നില്ല എന്നത് വാസ്തവമാണ്.

"സ്വാതന്ത്ര്യം അടിത്തട്ടിൽ നിന്നാരംഭിക്കണം" എന്ന ഗാന്ധിജിയുടെ കാഴ്ചപ്പാട് (ഹരിജൻ 1-7-1947) ഒരു യാഥാർത്ഥ്യമായില്ല. അതുകൊണ്ടാണ് ഗ്രാമ ബ്ലോക്ക് ജില്ലാ തലങ്ങളിലുള്ള ത്രിതല പഞ്ചാ യത്തുകൾക്ക് ഭരണഘടനാപരമായ അധികാരാവ കശങ്ങൾ നൽകുന്ന പഞ്ചായത്തീരാജ് നിയമം 73, 74-ാം ഭരണഘടനാ ഭേദഗതി കൊണ്ടുനടപ്പാക്കാൻ കേന്ദ്രഗവൺമെന്റ് മുന്നോട്ടുവന്നത്. ഗ്രാമപഞ്ചായ ത്തിലെ ഓരോ വാർഡിലും ആണ്ടുവട്ടത്തിൽ രണ്ടു പ്രാവശ്യം വീതം വോട്ടർമാരെ ഗ്രാമസഭകളിൽ വിളി ച്ചുകൂട്ടി അവരുടെ ആവശ്യങ്ങളും ആവലാതികളും മനസ്സിലാക്കണമെന്ന് ഭരണഘടനാപരമായിതന്നെ നിർദ്ദേശിച്ചിരിക്കുന്നു.

കേരളത്തിന്റെ ഒമ്പതാം പദ്ധതിക്കു രൂപം കൊടുക്കുന്നതിനുള്ള പ്രാരംഭനടപടി എന്ന നില യിൽ സ്പെഷ്യൽ ഗ്രാമസഭകൾ വിളിച്ചു കൂട്ടി വിക സനപരിപാടികൾക്ക് താഴെത്തട്ടിൽനിന്ന് രൂപം നൽ കാനുള്ള നടപടികൾ ഇതിനകം പൂർത്തിയാക്കിയി ട്ടുണ്ട്. ഗ്രാമ ബ്ലോക്ക് , ജില്ലാ, പഞ്ചായത്ത് പ്രതി നിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും പ്രത്യേകം പരിശീലനം നൽകപ്പെട്ടിട്ടുള്ള പ്രവർത്തകരും ഓരോ ഗ്രാമപഞ്ചായത്തു വാർഡിലെയും നൂറുകണക്കിനു സ്ത്രീപുരുഷന്മാരുമായി ഒന്നിച്ചിരുന്നു കൊണ്ട് പ്രാ ദേശികാവശ്യങ്ങൾ ചർച്ചചെയ്യുകയും പരിപാടിക ൾക്കു രൂപം നൽകുകയും ചെയ്തു. ഇത്തരം ചർച്ച കളിലൂടെ ഉന്നയിക്കപ്പെട്ട ജനകീയാവശ്യങ്ങൾ വിവിധ തലങ്ങളിൽ ക്രോഡീകരിച്ച് കേരളത്തിന്റെ ഒമ്പതാം പദ്ധതിക്കു രൂപം നൽകാനുള്ള മഹത്തായ ജനകീയ പ്രസ്ഥാനം സംസ്ഥാനമൊട്ടാകെ ചലനം സൃഷ്ടിച്ചുകഴിഞ്ഞിരിക്കുകയാണ്.

ഈ പ്രസ്ഥാനത്തിന്റെ ഭാഗമെന്നനിലയിൽ നമ്മുടെ പഞ്ചായത്തിൽ നടന്നുകഴിഞ്ഞ നട പടികളുടെ ഒരു സംക്ഷിപ്ത വിവരം .

## ജനകീയാസൂത്രണം പ്രവർത്തനങ്ങൾ

ജനകീയാസൂത്രണം ആദ്യനടപടിയെന്ന നില യിൽ രണ്ടു വാർഡുകൾക്ക് ഒന്ന് എന്ന നിലയിൽ 5 പേരെ ജില്ലാതല പരിശീലനത്തിന് തിരഞ്ഞെടു ത്തു. അഡ്വ. ജോയി കുറ്റിയാനി പഞ്ചായത്തുതല കൺവീനർ ശ്രീ. എസ് സോമശേഖരൻ നായർ, കെ.ജെ. അഗസ്റ്റ്യൻ കുറ്റിക്കാട്ടു, എബ്രാഹം മൈക്കിൾ കുറ്റിക്കാട്ട്, കെ.പി. മധുസൂദനൻ നായർ ശ്രീമന്ദിരം എന്നിവർ സെപ്തംബർ 8,9,10 എന്നീ തിയതികളിൽ പാലാ പാസ്റ്റാറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന ക്യാമ്പിൽ പരിശീലനം നേടി. തുടർന്ന് ഇവരുടെ നേതൃത്വത്തിൽ ചരിത്രപഠനവും വിശദാം ശങ്ങളും തേടിയുള്ള പരിപാടികൾ ആരംഭിച്ചു.

16-9-96ൽ ഭരണങ്ങാനം മാതൃഭവൻ ഓഡി റ്റോറിയത്തിൽവച്ച് നടത്തിയ പരിശീലന ക്യാമ്പിൽ പഞ്ചായത്തു മെമ്പർമാർക്കും വാർഡു തല റിസോ ഴ്സ് പേഴ്സൺസിനും പരിശീലനം നൽകി പ്രസ്തുത ക്യാമ്പിൽ വച്ച് വാർഡുതല കൺവീനർമാരെ നിശ്ച യിക്കുകയും 12 ഗ്രൂപ്പുകളായി തിരിഞ്ഞ് സ്പെഷ്യൽ ഗ്രാമസഭകൾ നടത്തുന്നതു സംബന്ധിച്ച് പരിശീ ലനം നൽകുകയും കർമ്മ സമിതികൾക്കു രൂപം നൽകുകയും ചെയ്തു. ഈ കർമ്മ സമിതികൾ 17-9-96 മുതൽ ദ്വിതീയ സ്ഥിതി വിവരകണക്കുകൾ ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കു യും ചെയ്തു.

തുടർന്ന് 21-9-96 മുതൽ 12-10-96 വരെയുള്ള തീയതികളിൽ പഞ്ചായത്തിലെ 9 വാർ ഡുകളിലും സ്പെഷ്യൽ ഗ്രാമസഭകൾ നടക്കുകയു ണ്ടായി. ഓരോ വാർഡിലെയും പ്രാദേശികതലത്തി ലുള്ള ആവശ്യങ്ങളും നടപ്പാക്കേണ്ട പദ്ധതികളെ ക്കുറിച്ചും വിശദമായ ചർച്ചകൾ നടത്തി തീരുമാ നങ്ങളെടുത്തു. രണ്ടാം ഘട്ട പരിശീലനം ജില്ലാ തലത്തിൽ നവം. 5,6,7 തീയതികളിൽ പാസലാ മിൽക്ക്ബാർ ഓഡിറ്റോറിയത്തിൽ വച്ച് നടത്തുക യുണ്ടായി. വികസനറിപ്പോർട്ടുകൾ തയ്യാറാക്കുന്നതു സംബന്ധിച്ച് ആവശ്യമായ പരിശീലനം ടീ ക്യാമ്പിൽ നല്കി.

ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങളും അഭി പ്രായങ്ങളും ക്രോഡീകരിച്ച് വികസനറിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള പഞ്ചായത്തുതല ഏകദിന സില്പശാല 1996 നവം. 15-ാം തീയതി ഭരണങ്ങാനം റോസ് ഹോട്ടൽ ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. ക്ലാസ്സുകൾക്കു ശേഷം 12 വിഷയങ്ങളെ അടിസ്ഥാ നപ്പെടുത്തി വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കർമ്മസമിതികളുടെ പ്രവർത്തനം ആരംഭിച്ചു. കർമ്മ സമിതികളുടെ അദ്ധ്യക്ഷൻ പഞ്ചായത്തുമെമ്പറും കൺവീനറും ജോയിന്റ് കൺവീനറും റിസോഴ്സ് പേഴ്സൻസിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരുമാണ്.

വിദഗ്ദന്മാരും ചരിത്രകാരന്മാരും രാഷ്ട്രീയ സാ മൂഹ്യപ്രവർത്തകരുമായുള്ള നിരന്തര ചർച്ചകളുടെ യും അടിസ്ഥാനത്തിൽ തയ്യാറാക്കിയ വികസനറി പ്പോർട്ടുകൾ 3-12-96ൽ ചേർന്ന പഞ്ചായത്തുക മ്മിറ്റി അംഗീകരിച്ചു.

# II. ചരിത്രപശ്ചാത്തലം

കോട്ടയം റവന്യൂ ജില്ലയിൽ മീനച്ചിൽ താലൂക്കിലാണ് ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത് താഴെപപ്പയുന്ന ഒമ്പതു വാർഡുകളാണ് ഇപ്പോൾ ഈ പഞ്ചായത്തിലുള്ളത്. 1. ഭരണങ്ങാനം, 2. ഇടപ്പാടി, 3. അളനാട് സൗത്ത്, 4. അളനാട് നോർത്ത്, 5. ചൂണ്ടച്ചേരി, 6. പ്രവിത്താനം, 7. ഉള്ള നാട് നോർത്ത്, 8. ഉള്ളനാട് സൗത്ത്, 9. കയ്യൂർ. ഒന്ന്, അഞ്ച്, എട്ട് വാർഡുകൾ വനിതകൾക്കായും, ആറാം വാർഡ് പട്ടികജാതിക്കാർക്കായും സംവരണം ചെയ്തിരിക്കുന്നു. ഗ്രാമപഞ്ചയത്തിന്റെ പ്രസിഡന്റു പദവി വനിതാസംവരണമാണ്.

പഞ്ചായത്താസ്ഥാനമായ ഭരണങ്ങാനം പുരാണ പ്രസിദ്ധമാണ്, പാണ്ഡവന്മാർ അവരുടെ വനവാസ കാലത്ത് ഏതാനും ദിവസം ഇവിടെ കഴിച്ചു കൂട്ടിയെന്ന് വിശ്വസിക്കപ്പെടുന്നു. ഭീമസേനൻ പ്രതിഷ്ഠിച്ച ശ്രീകൃഷ്ണ പ്രതിമയിൽ ഗംഗാജലം കൊണ്ട് അഭിഷേകവും പൂജയും നിർവ്വഹിച്ച് ധർമ്മപുത്രർ തന്റെ ഉപവാസം അവസാനിപ്പിച്ചുവെന്നും പാരണ നടത്തിയ വന (കാനം) പ്രദേശം എന്നതിൽനിന്ന് ഈ സ്ഥലത്തിന് പാരണങ്ങാനം എന്ന പേരുണ്ടായിയെന്നും പിൽക്കാലത്ത് അത് ഭരണങ്ങാനമായി മാറിയെന്നും കരുതപ്പെടുന്നു. പരൺ എന്ന പദത്തിന് മേൽത്തട്ട്, കാവൽമേട എന്നും പരണ എന്ന പദത്തിന് കവർച്ച, പട്ടുവസ്ത്രം എന്നും അർത്ഥങ്ങളുള്ളത് ഈ സ്ഥലനാമത്തിന്റെ ഉത്ഭവത്തിന് കാരണമായിട്ടുണ്ടോ എന്നതും ചിന്തനീയമാണ്.

പുരാതനകാലത്ത് തമിഴ്നാടുമായി വാണിജ്യം നടത്തുന്നതിന് ഉപയോഗിച്ചുകൊണ്ടിരുന്ന മലമ്പാത (കോട്ടവഴി)യുടെ അവശിഷ്ടങ്ങൾ ഇന്നും ഭരണങ്ങാനത്തു കാണാനുണ്ട്. മീനച്ചിലാറു വഴി ഒരു കാലത്ത് ഈ പ്രദേശം വൻതോതിലുള്ള കയറ്റുമതിയും ഇറക്കുമതിയും നടത്തിക്കൊണ്ടിരുന്നു.

ഇന്നത്തെ ഭരണങ്ങാനം പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങൾ ഒരുകാലത്ത് വിവിധ ഇനം കാട്ടുമൃഗങ്ങൾ ജീവിച്ചിരുന്ന വനപ്രദേശങ്ങളായിരുന്നുവെന്ന് ഇവിടത്തെ വിവിധ സ്ഥലനാമങ്ങൾ സൂചിപ്പിക്കുന്നു. കയം എന്നാൽ ആനയെന്നാണ് ശബ്ദതാരാവലിയിൽ അർത്ഥം കൊടുത്തിട്ടുള്ളത്. കയം (ആന) ജീവച്ചിരുന്ന ഊര്(ദേശം) കയ്യൂരായെന്ന് അനുമാനിക്കാം. വേഴം എന്ന വാക്കിന് ആന എന്നും ഒരുതരം മുള എന്നും അർത്ഥമുണ്ട്. വേഴം വളർന്നിരുന്ന (കാനം) വേഴങ്കാനവും പിന്നെ വേഴങ്ങാനവും ആയത് സ്വാഭാവികം ആണ്. ഇതനടുത്തുതന്നെയുള്ള പുലിക്കാട്ടുമലയ്ക്ക് ആ പേരു സിദ്ധിച്ചതെങ്ങിനെയെന്ന് മനസ്സിലാക്കാൻ വലിയ ഗവേഷണമൊന്നും ആവശ്യമില്ല. നരി എന്ന പദം കൂടുക്കൻ. പുലി, കടുവ എന്നീ വന്യമൃഗങ്ങൾക്ക് മൊത്തമായി ഉപയോഗിക്കുന്നു. നരി ജീവിച്ചിരുന്ന കാനം നരിയങ്കാനവും ക്രമേണ നരിയങ്ങാനവുമായി എന്ന് അനുമാനിച്ചുകൂടെ?

അളം എന്ന പദത്തിന് നീർനിലം എന്നർത്ഥമുണ്ട്. അളം (ജലം) സുലഭമായ നാട് അളനാടായിരിക്കാം. പ്രവിതത എന്ന പദത്തിന് പരന്ന, വികസിച്ച എന്നൊക്കെയാണ് അർത്ഥം. പ്രവിത (പരന്ന) സ്ഥാനം പ്രവിത്താനമായതാണോ? ഉള്ള്, ഉള്ളെ എന്നൊക്കെപ്പറയുന്നതിന് അകത്തുള്ളത്, മദ്ധ്യത്തിലുള്ളത് എന്നെല്ലാമാണ് അർത്ഥം. ചുറ്റും മലകളാൽ വലയം ചെയ്യപ്പെട്ട താഴ്ന്ന പ്രദേശം ഉള്ളനാടെന്നു വിളിക്കപ്പെട്ടതും അനവർത്ഥം തന്നെ.

മീനച്ചിലാറും കോട്ടവഴിയും ഉണ്ടായിരുന്നതുകൊണ്ട്, ഇന്നത്തെ ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗങ്ങളിൽ മുൻകാലങ്ങളിൽ വ്യാപാരം അഭിവൃദ്ധിപ്പെടുകയും നഗരങ്ങൾ രൂപം കൊള്ളുകയും ചെയ്തിരുന്നുവെന്നതിന് ഭരണങ്ങാനവും ഇടപ്പാടിയും ഉദാഹരണങ്ങളാണ്. പാടി എന്ന പദത്തിന് നഗരം, നഗരപ്രാന്തം എന്നൊക്കെ അർത്ഥമുണ്ട്. പുരാതന പാടി (നഗരം)കളായിരുന്ന പാലായ്ക്കും ഈരാറ്റുപേട്ട(അരുവിത്തുറ)യ്ക്കും ഇടയിൽ ഒരു 'ഇടപ്പാടി' ഉണ്ടായതിൽ അസ്വാഭാവികമായി ഒന്നുമില്ല.

കേരളത്തിന്റെ മറ്റു ഭാഗങ്ങളിലെന്നപോലെ ഭരണങ്ങാനം പ്രദേശത്തെയും ആദിമനിവാസികൾ നെഗ്രിറ്റോ വർഗ്ഗക്കാരായിരുന്നുവെന്നും, അവരെ തുടർന്ന് പ്രോട്ടോ അസ്ട്രേലോയിറ്റുകൾ എത്തിയെന്നും



# ഭരണങ്ങാനം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം

അവരുടെ അനന്തരഗാമികളാണ് ഭരണങ്ങാനം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്നും കാണപ്പെടുന്ന ഗിരിവർഗ്ഗക്കാരെന്നും വിശ്വസിക്കപ്പെടുന്നു.

പിന്നീട് ദ്രാവിഡർ എത്തി. ഇന്ന് ഈ പഞ്ചായത്തിൽ നിവസിക്കുന്ന ബഹുഭൂരിപക്ഷവും ഈ ദ്രാവിഡരുടെ പിൻഗാമികളാണ്. ഏറ്റവും ഒടുവിൽ എത്തിയത് ആര്യന്മാരാണ്. തങ്ങളുടെ വിദ്യാസമ്പത്തുകൊണ്ടും ധിഷണാശക്തികൊണ്ടും മറ്റു വർഗ്ഗങ്ങളുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ അവർക്കു കഴിഞ്ഞു. ഭൂവുടമസ്ഥതയും മതനേതൃത്വവും അവർ കയ്യടക്കി. ഇങ്ങനെയാണ് പല ബ്രാഹ്മണ ഇല്ലങ്ങളും ഉയർന്നുവന്നത്. കല്ലേലി, എടയാനിക്കാട്ട്, വട്ടോളി, കാക്കോളി, ചെറുവള്ളി, കുരുപ്പക്കാട്ട്, രാമാട്ട്, പെരുമ്പുഴ ഇവയൊക്കെയാണ് ഈ പഞ്ചായത്തിലെ പ്രമുഖ ബ്രാഹ്മണകുടുംബങ്ങൾ. പുളിക്കക്കുന്നേൽ, കുളപ്പുറത്ത് എന്നിവ നായർ ജന്മി കുടുംബങ്ങളാണ്.

ഈ പഞ്ചായത്തിലെ ക്ഷേത്രങ്ങളിൽ മിക്കവയും ഒന്നല്ലെങ്കിൽ മറ്റൊരു ജന്മി കുടുംബക്കാർ സ്ഥാപിച്ചവയാണ്. പാണ്ഡവന്മാർ ഭരണങ്ങാനത്തു നിന്നും തിരിച്ചുപോയപ്പോൾ അവർ സ്ഥാപിച്ച ശ്രീകൃഷ്ണപ്രതിമയുടെ സംരക്ഷണം കല്ലേലി ഇല്ലക്കാരെ ഏല്പിച്ചുവെന്നും, അവരാണ് ആ സ്ഥാനത്ത് ആദ്യത്തെ ശ്രീകൃഷ്ണ സ്വാമിക്ഷേത്രം നിർമ്മിച്ചതെന്നും വിശ്വസിക്കപ്പെടുന്നു. ഈ ക്ഷേത്രത്തിലുള്ള ആയിരം തിരികൊളുത്തുന്ന പല തട്ടുകളുള്ള ഒരു വിളക്കുണ്ട്. ആയിരം തിരികത്തിച്ചാലും നിഴൽ വീഴാത്ത വിളക്കാണിത്. ക്രമേണ എടയാനിക്കാട്ട്, മടത്തഞ്ചേരി, പാണ്ടത്തിൽ, വലയ്ക്കാമറ്റം എന്നീ ഇല്ലക്കാർക്കുകൂടി ക്ഷേത്രഭരണത്തിൽ പങ്കാളിത്തം നൽകിയെന്നുമാണ് വിശ്വാസം.

ഭരണങ്ങാനം, ഇടമറ്റം, കീഴമ്പാറ, കിഴപറയാർ എന്നീ നാലുകരയോഗങ്ങളാണ് ക്ഷേത്രഭരണം നടത്തുന്നത്.

ഇടപ്പാടി വഴനേക്കാവുക്ഷേത്രം വളരെ പുരാതനമായ ഒന്നാണ്. ഈ ഭഗവതിക്ഷേത്രം ഇന്ന് ദേവസ്വം ബോർഡിന്റെ ഭരണത്തിലാണ്. ഇടപ്പാടി ആനന്ദഷൺമുഖ സുബ്രഹ്മണ്യക്ഷേത്രത്തിൽ വേൽ പ്രതിഷ്ഠ നടത്തിയത് ശ്രീനാരായണ ഗുരുസ്വാമികളാണ്. മീനച്ചിൽ എസ്.എൻ.ഡി.പി. യൂണിയന്റെ ഭരണത്തിലാണ് ഇന്ന് ആ ക്ഷേത്രം.

അളനാട്ടിലുള്ള ശ്രീകൃഷ്ണസ്വാമിക്ഷേത്രം ആയിരം വർഷങ്ങൾക്കു മുമ്പു നിർമ്മിച്ചതാണ്. വേദംഗ നാട്ടിൽ നിന്നു വന്ന കുരുപ്പക്കാട്ട് ഇല്ലക്കാരാണ് ഈ ക്ഷേത്രം നിർമ്മിച്ചത്. മൂലബിംബ പ്രതിഷ്ഠ ഇന്നും ഇല്ലത്തെ അറയിലുണ്ടത്രെ. അളനാടു വാർഡിൽ തന്നെയുള്ള മറ്റു ചില ക്ഷേത്രങ്ങളാണ് കോടിയാനിച്ചിറ ക്ഷേത്രം, പുത്തൻപുരയ്ക്കൽ രാജാരാജേശ്വരിക്ഷേത്രം, പുലികാട്ടുമല ഭഗവതി ക്ഷേത്രം, മകളന്മാർക്ഷേത്രം എന്നിവ.

വേഴാങ്ങാനം ശിവക്ഷേത്രം 1000 വർഷത്തിലധികം വർഷം പഴക്കമുള്ളതാണ്. ഒരു കാലത്ത് വളരെ വലിയ കെട്ടിടങ്ങളും കുളവും മതിൽകെട്ടുകളും ഈ ക്ഷേത്രത്തിനുണ്ടായിരുന്നു. ഇപ്പോൾ ഈ ക്ഷേത്രത്തിന്റേ മേൽനോട്ടം ദേവസ്വം ബോർഡിനാണ്.

പ്രവിത്താനം വാർഡിൽ രാമാട്ടില്ലക്കാരുടെവകയായി ഒരു ക്ഷേത്രവും പെരുമ്പുഴ ഇല്ലക്കാരുടെ വകയായ മങ്കൊമ്പിൽ ഭഗവതി ക്ഷേത്രവുമാണുള്ളത്. കയ്യൂർ വർഡിലാണ് ഏറ്റവും കൂടുതൽ ക്ഷേത്രങ്ങളുള്ളത്. പഞ്ചപാണ്ഡവന്മാരെ പ്രതിഷ്ഠിച്ചിട്ടുള്ള തേവർമലക്ഷേത്രം, കുളപ്പുറത്തുകുടുംബക്കാരുടെ ഭഗവതിക്ഷേത്രം, കുളപ്പുറത്തു ഭീമനെ പ്രതിഷ്ഠിച്ചിട്ടുള്ള ക്ഷേത്രം, മച്ചുകാട്ടുകുടുംബക്കാരുടെ ഭഗവതിക്ഷേത്രം, പള്ളമ്മാക്കൽ ഭഗവതിക്ഷേത്രം എന്നിവയാണ് കയ്യൂരെ ക്ഷേത്രങ്ങൾ.

ഉള്ളനാട്ടിലെ ശ്രീധർമ്മശാസ്താക്ഷേത്രം പഞ്ചായത്തിലെ ഏറ്റം പഴക്കം ചെന്ന ക്ഷേത്രങ്ങളിലൊന്നാണ്. ഇവിടെ മഹാദേവന്റെ പ്രതിഷ്ഠയും ഉണ്ട്.

പഞ്ചായത്തിലെ ഏറ്റവും പുതിയ ക്ഷേത്രവും ഉള്ളനാട്ടിൽത്തന്നെയാണ്. കുഴിമറ്റം കുടുംബവകയായി സമീപകാലത്തു 1978-ൽ സ്ഥാപിതമായിട്ടുള്ള ക്ഷേത്രം ശിവൻ, ഭദ്ര, ഗണപതി എന്നിവരെയൊക്കെ പ്രതിഷ്ഠിച്ചിട്ടുണ്ടെങ്കിലും ഹനുമാനാണ് മുഖ്യപ്രതിഷ്ഠ. ജനുവരി മാസത്തിൽ വൻതോതിലുള്ള ഉത്സവാഘോഷം നടക്കുന്നു.

6-8 ശതകങ്ങളിൽ കേരളത്തിന്റെ മറ്റുഭാഗങ്ങളിൽ എന്നപോലെ ഭരണങ്ങാനം പ്രദേശങ്ങളിലും ബുദ്ധമതം പ്രചാരത്തിലിരുന്നുവെന്നും അക്കാലത്ത് അവർ നിരവധി ബുദ്ധമത വിഹാരങ്ങൾ നിർമ്മിച്ചിരുന്നുവെന്നും, പിൽക്കാലത്ത് ഹിന്ദുമതത്തിന്റെ നവോത്ഥാനത്തോടെ അവയെല്ലാം ശാസ്താക്ഷേത്രങ്ങളാക്കി മാറ്റപ്പെട്ടുവെന്നും വിശ്വസിക്കപ്പെടുന്നു.

കേരളത്തിലെ ആദിമക്രൈസ്തവകേന്ദ്രങ്ങളായിരുന്ന കൊടുങ്ങല്ലൂർ, ആലങ്ങാട്, ഇടപ്പള്ളി, പളളിപ്പുറം തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും കൃഷിഭൂമി തേടിയെത്തിയ ക്രിസ്തുമതവിശ്വാസികളുടെ സന്താനപരമ്പരകളാണ് ഭരണങ്ങാനം ഉൾപ്പെടെ മീനച്ചിൽ

# ഭരണങ്ങാനം പഞ്ചായത്ത്

സാമൂഹ്യ, സാംസ്കാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ



താലൂക്കിന്റെ മിക്ക പ്രദേശങ്ങളിലും ഇന്ന് ജീവിക്കുന്ന സുറിയാനി കത്തലിക്കർ. കുറവിലങ്ങാട്ടുമുതൽ കാഞ്ഞിരപ്പള്ളിവരെയുള്ള പ്രദേശങ്ങളിൽ ജീവിച്ചിരുന്ന ക്രിസ്ത്യാനികൾക്ക് ആകെ ഉണ്ടായിരുന്ന ആരാധനാലയം അരുവിത്തുറപള്ളിയായിരുന്നു. പിൽക്കാലത്ത് വിശ്വാസികളുടെ സൗകര്യം കണക്കിലെടുത്ത് പല പ്രദേശങ്ങളിലും പള്ളികൾ സ്ഥാപിക്കപ്പെട്ടു. ഭരണങ്ങാനത്ത് ഒരു പള്ളിപണിയാനുള്ള അനുവാദം മീനച്ചിൽ കർത്താക്കന്മാരിൽനിന്നും ഏ.ഡി. 1000-ാമണ്ടിൽ ലഭിച്ചെങ്കിലും പള്ളിയുടെ സ്ഥാനത്തെ സംബന്ധിച്ചുണ്ടായ തർക്കം മൂലം നാലു വർഷം കഴിഞ്ഞു മാത്രമേ പണി ആരംഭിക്കാൻ കഴിഞ്ഞുള്ളൂ. ഇപ്പോൾ കാണുന്നത് നാലാമത്തെ പള്ളിയാണ്. 1928-ലാണ് അതിന്റെ നിർമ്മാണം പൂർത്തിയത്.

പഴക്കം കൊണ്ടുരണ്ടാമതു നിൽക്കുന്നത് പ്രവിത്താനം പള്ളിയാണ്. 1662-ലാണ് ഒരു കുരിശുപള്ളിയായി ഇതു സ്ഥാപിക്കപ്പെടുന്നത്. 1714-ൽ ഭരണങ്ങാനം ഫൊറോനാപള്ളിയുടെ കീഴിലുള്ള ഒരു സ്വതന്ത്ര ഇടവകയായി ഉയർത്തപ്പെട്ടു. രാമാട്ട് ഇല്ലംകാർ നൽകിയ സ്ഥലത്താണ് ഈ പള്ളി സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. അടുത്തകാലത്ത് നിർമ്മിച്ചിട്ടുള്ള ബ്രാഹ്മണ്ഡമായ പുതിയ ദേവാലയം ഇവിടത്തെ നാലാമത്തെ പള്ളിയാണ്.

ഇപ്പോഴത്തെ ഇടപ്പാടി പള്ളിയുടെ തുടക്കം 1886ൽ ആണ്. 1900- ത്തിൽ ഭരണങ്ങാനം പള്ളിയുടെ കീഴിലുള്ള ഒരു കുരിശുപള്ളിയായി അംഗീകരിച്ചു. 1908-ൽ സ്വതന്ത്ര ഇടവകയായി. ഇപ്പോഴത്തെ പള്ളിയുടെ നിർമ്മാണം 1942-ൽ ആരംഭിച്ച് 1949-ൽ പൂർത്തിയായി. താണോലി പള്ളിയെന്നാണ് 1983 വരെ ഈ പള്ളി അറിയപ്പെട്ടിരുന്നത്.

പ്രവിത്താനം ഇടവകയുടെ കിഴക്കു ഒരു ഭാഗത്തു വസിച്ചിരുന്നവർ 1920-ൽ ഉള്ളനാട്ടിൽ ഒരു പള്ളിയ്ക്ക് തുടക്കമിട്ടു. 1935-ൽ ആ പള്ളി പുതുക്കി പണിയാരംഭിച്ചു. 1940ൽ പണി പൂർത്തിയായി. 1950-ൽ പ്രവിത്താനം പള്ളിയിൽ നിന്നും വേർപെട്ട് ഒരു സ്വതന്ത്ര ഇടവകയായി.

പ്രവിത്താനം ഇടവകയുടെ ഒരു ഭാഗമായിരുന്ന കയ്യൂരിൽ ഒരു പള്ളിയുടെ ആരംഭം കുറിച്ചിരുന്നു. ഇപ്പോൾ കാണുന്നത് രണ്ടാമത്തെ പള്ളിയാണ് ഇപ്പോൾ ഇതൊരു സ്വതന്ത്ര ഇടവകയാണ്.

പ്രവിത്താനം ഇടവകയുടെ തെക്കു ഭാഗത്തുള്ള കത്തോലിക്കർ 1963ൽ ആരംഭിച്ച കുരിശുപള്ളിയാണ് ഇപ്പോൾ വേഴാങ്ങാനം സെന്റ് ജോസഫ്സ് ചർച്ചായി വികസിച്ചിരിക്കുന്നത്. ഇപ്പോഴത്തെ കെട്ടിടത്തിന്റെ പണിപൂർത്തിയായത് 1970ൽ ആണ്. 1984 മുതൽ ഇതൊരു സ്വാതന്ത്ര ഇടവകയാണ്.

ഭരണങ്ങാനം ഇടവകയുടെ ഭാഗമായിരുന്ന ചൂണ്ടച്ചേരിയിലെ കത്തോലിക്കർ 1966ൽ ഒരു കുരിശുപള്ളിയായി ആരംഭിച്ചതാണ്, ഇപ്പോഴത്തെ ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് ചർച്ച്. 1972 ലാണ് ഇപ്പോഴത്തെ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായത്. 1994-ൽ സ്വതന്ത്ര ഇടവകയായി.

കുരുപ്പക്കാട്ട് ഇല്ലം വകസ്ഥലത്ത് 1853-ൽ സ്ഥാപിതമായ ഇളന്തോട്ടം പള്ളി ശരിയ്ക്കും പ്രവർത്തനമാരംഭിച്ചത് 1872-ലാണ്. കുറെക്കാലം കാൽഡിയൻ ബിഷപ്പുമാർ ഈ പള്ളിയോടനുബന്ധിച്ചുണ്ടായിരുന്ന മെത്രാസന അരമനയിൽ വസിച്ചിരുന്നു. പിന്നീട് റോമൻ കത്തോലിക്കൻ സഭയിലേക്കു തന്നെ ഈ ഇടവക മടങ്ങി. 1911-ൽ പാലാ ഫൊറോനാ പള്ളിയുടെ കീഴിലുള്ള ഒരു കുരിശുപള്ളിയായി. 1966-ൽ സ്വതന്ത്ര ഇടവകയായി.

വിദ്യാഭ്യാസ കാര്യത്തിൽ ഈ ഗ്രാമപഞ്ചായത്ത് വളരെ മുന്നേറിയിട്ടുണ്ട്. പള്ളികളുടെയും സർക്കാരിന്റെയും വകയായി നിരവധി വിദ്യാലയങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. മീനാട്ടൂർ മാണിക്കത്തനാർ 1880-ൽ ഭരണങ്ങാനം പള്ളിമേടയിലെ മുറിയിൽ ഒരു ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിച്ചു. 1885 വരെ അതു നിലനിന്നിരുന്നു. പിന്നീട് ഭരണങ്ങാനം പള്ളി മുൻകൈ എടുത്തു നിർമ്മിച്ച് സർക്കാരിനു നൽകിയ കെട്ടിടത്തിൽ 1897-ൽ ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. 1923-ൽ സർക്കാരിൽ നിന്നും പ്രസ്തുത വിദ്യാലയം ഭരണങ്ങാനം പള്ളിക്ക് തിരിച്ച് നൽകുകയും സെന്റ് മേരീസ് ഇംഗ്ലീഷ് മിഡിൽ സ്കൂൾ എന്ന പേരിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 1933-ൽ ഹൈസ്ക്കൂളായി. ഭരണങ്ങാനം ക്ലാര മഠത്തോടനുബന്ധിച്ച് 1924-ൽ പെൺകുട്ടികൾക്കായി തുടങ്ങിയ മലയാളം മിഡിൽ സ്കൂൾ 1949-ൽ സേക്രട്ട് ഹാർട്ട് ഇംഗ്ലീഷ് ഹൈസ്ക്കൂളാക്കി മാറ്റപ്പെട്ടു.

പ്രവിത്താനം പള്ളിയുടെ നേതൃത്വത്തിൽ 1916-ൽ സെന്റ് അഗസ്റ്റ്യൻസ് മലയാളം സ്കൂൾ ആരംഭിച്ചു. പിന്നീടത് ഏഴാം ക്ലാസ്സുവരെയുള്ള മലയാളം മിഡിൽ സ്കൂളായിത്തീർന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിച്ചതോടെ 1923-ൽ 5,6,7 ക്ലാസ്സുകൾ നിറുത്തൽ ചെയ്യുകയും തൽസ്ഥാനത്ത് സെന്റ് മൈക്കിൾസ് ഇംഗ്ലീഷ് മിഡിൽ സ്കൂൾ സ്ഥാപിക്കുകയും ചെയ്തു. 1946-ൽ അത് ഹൈസ്ക്കൂളാക്കി

ഉയർത്തപ്പെട്ടു. (ഈ വിദ്യാലയങ്ങളുടെ മന്ദിരങ്ങൾ അടുത്ത കാലത്ത് വികസിപ്പിക്കുകയും പുതുക്കിപ്പണിയുകയും ചെയ്തപ്പോൾ പഴയ സ്ഥാനങ്ങളിൽ നിന്നും ഏതാനും മീറ്റർ പടിഞ്ഞാറോട്ട് മാറിയതുകൊണ്ട് ഇന്ന് ഈ വിദ്യാലയങ്ങൾ രണ്ടും കരൂർ പഞ്ചായത്ത് അതിർത്തിയിലാണ് നിലകൊള്ളുന്നത്.)

അളനാട്, ഉള്ളനാടു വാർഡുകളിലാണ് യു.പി. സ്കൂളുകളുള്ളത്. സ്വകാര്യ സ്കൂളായി ആരംഭിച്ച അളനാട്. എൽ.പി.സ്കൂൾ പിന്നീട് ഗവൺമെന്റിനു വിട്ടുകൊടുത്തു. ഇപ്പോഴത് ഒരു യു.പി.സ്കൂളാണ്.

ഒരു എൽ.പി. സ്കൂളായി ആരംഭിച്ച ഉള്ളനാടു നോർത്തു സ്കൂളാണ് ഇന്ന് ഉള്ളനാട് സേക്രട്ട് ഹാർട്ട് യു.പി. സ്കൂളായി വികസിച്ചിട്ടുള്ളത്. ഉള്ളനാട് പള്ളിയ്ക്കാണ് അതിന്റെ ഉടമസ്ഥത.

പൊതുജനങ്ങൾ മുൻകൈ എടുത്ത് എൻ പതു വർഷം മുമ്പ് സ്ഥാപിച്ച ഉള്ളനാടു വെസ്റ്റ് എൽ.പി. സ്കൂൾ (വേഴങ്ങാനം) പിന്നീട് പ്രവിത്താനം പള്ളിയെ ഏല്പിച്ചു. വേഴാങ്ങാനം ഇടവക സ്ഥാപിക്കപ്പെട്ടതോടെ ഈ സ്കൂളിന്റെ മാനേജ്മെന്റ് വേഴാങ്ങാനം പള്ളിയ്ക്ക് നൽകപ്പെട്ടു. ഇപ്പോഴീ വിദ്യാലയം വേഴാങ്ങാനം സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ എന്നറിയപ്പെടുന്നു.

കയ്യൂർ വാർഡിൽ പ്രവർത്തിക്കുന്ന എൽ.പി. സ്കൂൾ സ്വകാര്യമാനേജ്മെന്റ് വകയായിരുന്നെങ്കിലും പിന്നീട് ഗവണ്മെന്റിലേക്കു കൈമാറ്റപ്പെട്ടു. ഇടപ്പാടി വാർഡിൽ ഉള്ള അരീപ്പാറ എൽ.പി. സ്കൂളും ഗവണ്മെന്റുടമയിലുള്ളതാണ്. ഭരണങ്ങാനം മഠത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സെന്റ് ലിറ്റിൽ തെരെസാസ് എൽ.പി. സ്കൂൾ ഭരണങ്ങാനം പള്ളി സ്ഥാപിച്ചതാണ്.

പ്രശസ്തങ്ങളായ എതാനും ഇംഗ്ലീഷ് മീഡിയം സ്കൂളുകളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുപോരുന്നു. ചൂണ്ടച്ചേരി പള്ളിവക സാൻജോസ് ഇംഗ്ലീഷ് മീഡിയം പബ്ലിക് സ്കൂളും, ഭരണങ്ങാനം അൽഫോൻസാ റസിഡൻഷ്യൽ സ്കൂളുമാണവ. സാൻ ജോസ് പബ്ലിക് സ്കൂൾ സി.ബി.എസ്.ഈ സിലിബസും, അൽഫോൻസാ റസിഡൻഷ്യൽ സ്കൂൾ ഐ.സി.എസ്. ഈ സിലബസ്സുമാണ്. പിന്തുടരുന്നത്. ഭരണങ്ങാനത്ത് ഫൊറോനാ പള്ളി വകയായി അൽഫോസാമ്മയുടെ പേരിൽ ഒരു പാരലൽ കോളേജ് നല്ല നിലയിൽ നടന്നുവരുന്നുണ്ട്.

സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് വൈദ്യസേവനത്തിനായി ആശ്രയിക്കാനുണ്ടായിരുന്നത് ഏതാനും നാട്ടുവൈദ്യന്മാരെയായിരുന്നു. എന്നാൽ 1948-ൽ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് ഭരണങ്ങാനത്ത് ആരംഭിച്ച ഐ.എച്ച്.എം ആശുപത്രി (മേരിഗിരി) ഇന്ന് കേരളത്തിലെ ഒന്നാംകിടയിൽപ്പെട്ട ആതുരാലയങ്ങളിൽ ഒന്നാണ്. 1960 മുതൽ ഇതിനോടനുബന്ധിച്ച് ഗവണ്മെന്റംഗീകാരമുള്ള ഒരു നഴ്സിംഗ് വിദ്യാലയവും പ്രവർത്തിച്ചുപോരുന്നു. സർക്കാർ വകയായ ഒരു ഹോമിയോ ഡിസ്പെൻസറി പ്രവിത്താനത്തുണ്ട്. ളാലം ബ്ലോക്കടിസ്ഥാനത്തിലുള്ള പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിച്ചിരിക്കുന്നത് ഉള്ളനാട്ടിലാണ്. സർക്കാർ വക വെറ്റിനറി ആശുപത്രി ഉള്ളനാട്ടിലും ഐ.സി.ഡി.പി. യൂണിറ്റ് ഭരണങ്ങാനത്തും പ്രവർത്തിക്കുന്നു.

മീനച്ചിലാറിനു സമാന്തരമായി കിടക്കുന്ന പാലാ-ഈരാറ്റുപേട്ട റോഡാണ് ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഗതാഗതമാർഗ്ഗം. പുനലൂർ-മൂവാറ്റുപുഴ സ്റ്റേറ്റു ഹൈവേ പഞ്ചായത്തിന്റെ വടക്കു ഭാഗത്തുകൂടി കടന്നുപോകുന്നു. കുറുമണ്ണു-പ്ലാശനാൽ റോഡാണ് പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുള്ള മലമ്പദേശങ്ങളിലെ പ്രധാനപാത. പഞ്ചായത്തിന്റെ ഉൾഭാഗത്തുകൂടിയുള്ള പ്രധാന പൊതുമരാമത്തുവകുപ്പുവക റോഡുകൾ. പ്രവിത്താനം-പ്ലാശനാൽ റോഡ്, പ്രവിത്താനം-ഭരണങ്ങാനം റോഡ്, പ്രവിത്താനം-കയ്യൂർ റോഡ്, ഉള്ളനാടു-കൊടുമ്പിടി റോഡ് എന്നിവയാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലും സംരക്ഷണത്തിലുമായി മിക്കവാറും എല്ലാ വാർഡുകളെയും യോജിപ്പിച്ചുകൊണ്ട് റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. പഞ്ചായത്തു റോഡുകളിൽ ടാറിംഗ് നടത്തിയവയുടെ ആകെ ദൈർഘ്യം 45.745 കിലോമീറ്ററും ടാറിംഗ് നടത്താത്തവയുടെ ദൈർഘ്യം 48.59 കിലോമീറ്ററുമാണ്. പ്രധാന റോഡുകളിലെല്ലാംതന്നെ പഞ്ചായത്തു ചിലവിൽ തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

കുടിവെള്ളം വിതരണം ചെയ്യുന്നതിനായി പഞ്ചായത്തിൽ രണ്ടു പദ്ധതികളാണ് ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. 1983-ൽ പഞ്ചായത്തു വകയായി തുടങ്ങിയ ജലവിതരണ പദ്ധതിയുടെ പ്രയോജനം മുഖ്യമായും 1 മുതൽ 3 വരെ വാർഡുകൾക്കാണ് ലഭിച്ചിരിക്കുന്നത്. ചൂണ്ടച്ചേരിയിൽ സ്ഥാപിച്ചിട്ടുള്ള കുഴൽകിണറിൽ നിന്നും പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുള്ള വാർഡുകൾക്ക് പ്രയോജനം ലഭിക്കുന്നു. ഈ പദ്ധതി പൂർത്തിയാക്കി പഞ്ചായത്തിലെ എല്ലാ വാർഡുകൾക്കും പ്രയോജനപ്രദമാക്കിത്തീർക്കേണ്ടത് ഒരടിയന്തിരാവശ്യമായി അവശേഷിക്കുകയാണ്.

ഗ്രാമപഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് ടെലിഫോൺ എക്സ്ചേഞ്ച് തപാൽ ഓഫീസ്, വൈദ്യുതി ഓഫീസ് എന്നിവ ഭരണങ്ങാനം വാർഡിൽ സ്ഥിതിചെയ്യുന്നു. ആറുപഞ്ചായത്തുകളെയും പാലാ മുനിസിപ്പാലിറ്റിയേയും ഉൾക്കൊള്ളുന്ന ളാലം ബ്ലോക്കു പഞ്ചായത്താഫീസ് സ്ഥിതി ചെയ്യുന്നത് അളനാട് വാർഡിലാണ്. ഇടപ്പാടിയിലാണ് ഗ്രാമപഞ്ചായത്തു വക സാംസ്കാരിക കേന്ദ്രം നിർമ്മിച്ചിരിക്കുന്നത്. സ്റ്റേഡിയം നിർമ്മിക്കാനുള്ള സ്ഥലം വാങ്ങിയിരിക്കുന്നത് ചൂണ്ടച്ചേരിയിലാണ്. വേഴങ്ങാനം, ഉള്ളനാട്, കയ്യൂർ എന്നിവിടങ്ങളിൽ സർക്കാർ അംഗീകാരവും ഗ്രാന്റും ഉള്ള മൂന്നു വായനശാലകൾ നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഭരണങ്ങാനത്തിനുപുറമേ ഇടപ്പാടി, അളനാട്, പ്രവിത്താനം, ഉള്ളനാട്, കയ്യൂർ എന്നീ പ്രദേശങ്ങളിലും തപാലാഫീസുകളുണ്ട്. മിക്കവാറും എല്ലാ വാർഡുകളിലും കലാ, കായികരംഗങ്ങളിൽ പ്രവർത്തിക്കുന്ന ക്ലബുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ അങ്കണവാടികളുടെ എണ്ണം 17 ആണ്.

ചെറുപുഷ്പ മിഷ്യൻലീഗ് എന്ന ഭക്ത സംഘടനയുടെ കേന്ദ്രസ്ഥാനം ഭരണങ്ങാനത്താണ് അവർക്ക് സ്വന്തമായൊരു പ്രസ്സും "കുഞ്ഞുമിഷ്യനറി" എന്നൊരു പ്രസിദ്ധീകരണമുണ്ട്.

ഭരണങ്ങാനത്തെ ഫ്രാൻസിസ്കൻ (കപ്പൂച്ചിൻ) ആശ്രമത്തിന് സ്വന്തമായൊരു പ്രസ്സുണ്ട്. അസ്സീസി മാസിക ഇവിടെനിന്നാണ് പ്രസിദ്ധീകരിക്കപ്പെടുന്നത്. "ജീവൻ ബുക്ക്സ്" എന്ന പേരിൽ ഒരു പുസ്തക പ്രസിദ്ധീകരണ വില്പനശാലയും ഇതോടനുബന്ധിച്ച് പ്രവർത്തിക്കുന്നുണ്ട് 'സ്നേഹഭവൻ' എന്ന അഗതിമന്ദിരവും പെൺകുട്ടികൾക്കായുള്ള സോഷ്യൽ സെന്ററും ആശ്രമത്തിന്റെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നവയാണ്.

സാമൂഹ്യപരിഷ്ക്കാരം, ദേശീയസ്വാതന്ത്ര്യം, ഉത്തരവാദഭരണം തുടയങ്ങിയ ദേശീയപ്രസ്ഥാനങ്ങളോടു ബന്ധപ്പെട്ട് കേരളത്തിൽ നടന്നിട്ടുള്ള പ്രക്ഷോഭണങ്ങളിലും സമരങ്ങളിലും ഭരണങ്ങാനം പ്രദേശം അതിന്റേതായ പങ്കുവഹിച്ചിട്ടുണ്ട്. ഭരണങ്ങാനം മച്ചിയാനിയിൽ പാപ്പച്ചൻ എന്നുവിളിച്ചിരുന്ന ഐ.ഡി. ചാക്കോയുടെ നാമധേയമാണ് ഈ ഈ വിഷയത്തിൽ ഒന്നാമതായി സ്മരിക്കപ്പെടേണ്ടത്. സ്റ്റേറ്റു കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനായിരുന്നു പാപ്പച്ചൻ, ആർ.വി. തോമസ് അറസ്റ്റു ചെയ്യപ്പെട്ടതിനെതുടർന്ന് മീനച്ചിൽ താലൂക്കിലെ സമരത്തിന്റെ ഡിക്റ്റേറ്ററായി പ്രവർത്തിച്ചു. 1941-45 കാലത്ത് സ്റ്റേറ്റു കോൺഗ്രസിന്റെ താലൂക്കു കമ്മിറ്റി സെക്രട്ടറിയും സംസ്ഥാന കമ്മിറ്റിയംഗവുമായിരുന്നു. പല പ്രാവശ്യവും ജയിൽ വാസവും ലോക്കപ്പു മർദ്ദനവും അനുഭവിച്ചിട്ടുണ്ട്. 1939-ലെ കുപ്രസിദ്ധമായ പാലാ ലോക്കപ്പു മർദ്ദനത്തിനു വഴിതെളിച്ച ക്യാമ്പിന്റെയും ജാഥായുടെയും നേതൃത്വസ്ഥാനം പാപ്പച്ചനായിരുന്നു. പിൽക്കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായി മാറി. ഇന്ന് ഉന്നതസ്ഥാനങ്ങളിലിരിക്കുന്ന മിക്ക നേതാക്കളും പാപ്പച്ചന്റെ സഹപ്രവർത്തകരോ അദ്ദേഹത്തിന്റെ വീട്ടിൽ ഒളിവിൽ കഴിഞ്ഞിട്ടുള്ളവരോ ആണ്. എം.എൻ. ഗോവിന്ദൻ നായർ, ഈ.കെ. നായനാർ, പുതുപ്പള്ളി രാഘവൻ, ഉള്ളൂർ ഗോപി തുടങ്ങിയ ആദ്യകാല പ്രവർത്തകരുടെ ആത്മകഥകളിൽ ഐ.ഡി.യെപ്പറ്റിയുള്ള സ്നേഹോഷ്മളമായ അനുസ്മരണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ദീർഘനാളത്തെ രോഗബാധ കൈണ്ടു മാത്രമാണ് എത്തേണ്ട സ്ഥാനങ്ങളിലൊന്നും എത്താൻ അദ്ദേഹത്തിനു കഴിയാതെ പോയത്. 1989-ൽ അദ്ദേഹം അന്തരിച്ചു.

ഉത്തരവാദ ഭരണ പ്രക്ഷോഭണത്തോടനുബന്ധിച്ച് ഭരണങ്ങാനം സെന്റ് മേരിസ് ഹൈസ്കൂളിലെ നാലു വിദ്യാർത്ഥികളെ അറസ്റ്റു ചെയ്തതായി 25-9-1938 ലെ മലയാള മനോരമയിൽ കാണുന്നു.

1945ൽ സർ. സി.പി. യുടെ വിദ്യാഭ്യാസനയത്തെ പ്രതിഷേധിക്കാൻ ഭരണങ്ങാനം പള്ളി മൈതാനത്തു ചേർന്ന മഹായോഗത്തിൽ ചെയ്ത പ്രസംഗത്തിന്റെ പേരിലാണ് ശ്രീ. പി.ടി. ചാക്കോയെ അറസ്റ്റു ചെയ്തു ശിക്ഷിച്ചത്. പ്രസ്തുത യോഗത്തിൽ തന്റെ കൈക്കുഞ്ഞിനെയും ഏന്തിക്കൊണ്ട് പ്രസംഗിച്ച ധീരവനിതയാണ് ഇടപ്പാടി മച്ചിയാനിക്കൽ ശ്രീമതി ചിന്നമ്മ ചാണ്ടി.

തിരുവതാംകൂറിൽ ഉത്തരവാദഭരണം സ്ഥാപിക്കപ്പെടുന്നതിനു മുമ്പുണ്ടായിരുന്ന നിയമസഭകളിൽ അംഗങ്ങളായിരുന്ന അപൂർവ്വ സഹോദരങ്ങളാണ് ഭരണങ്ങാനം തറപ്പേൽ പനച്ചിക്കൽ ശ്രീ തോമസ് കോര, ശ്രീ ജോസഫ് കോര, ശ്രീമതി തേയ്സാമ്മ കോര എന്നിവർ. പ്രവിത്താനം കല്ലറയ്ക്കൽ ശ്രീ ആഗസ്തി മാത്തനും അക്കാലത്ത് നിയമസഭാഗംമായിരുന്നു 1965ലെ കേരള നിയമസഭാ തിരഞ്ഞെടുപ്പിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽനിന്നും വിജയിച്ചത് ഭരണങ്ങാനം പറമുണ്ടയിൽ ശ്രീ. പി.ഡി. തൊമ്മനായിരുന്നു, സ്വതന്ത്രപ്പാർട്ടിയുടെ ഓദ്യോഗികസ്ഥാനാർത്ഥിയായി കേരളനിയമസഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ട ഏകവ്യക്തി അദ്ദേഹമാണ്.

വിവിധ തുറകളിൽ പ്രശസ്തിയാർജ്ജിച്ച ഈ നാട്ടുകാരായ ഏതാനും വ്യക്തികളെ ഇത്തരുണത്തിൽ അനുസ്മരിക്കേണ്ടതുണ്ട്.

കയ്യൂർ കുളപ്പുറത്തു കുടുംബത്തിലെ 'ഭീമൻ' ഐതിഹ്യമാല ഉൾപ്പടെയുള്ള പ്രശസ്ത ഗ്രന്ഥങ്ങളിൽ സ്ഥാനം കരസ്ഥമാക്കിയിട്ടുള്ള ഇതിഹാസ പുരുഷനാണ്. കൊല്ലവർഷം 9-ാം ശതകത്തിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. 100 വയസ്സുവരെ ജീവിച്ചിരുന്നു എന്നാണറിവ്. അനിതര സാധാരണമായ ശക്തിയുടെ ഉടമയായിരുന്ന ഭീമനെ സംബന്ധിച്ച ഒട്ടേറെ വീരകഥകൾ പ്രചാരത്തിലുണ്ട് മരണാനന്തരം കുളപ്പുറത്തു കുടുംബക്കാർ അദ്ദേഹത്തിന് ഒരു ക്ഷേത്രം നിർമ്മിച്ച് മാസം തോറും പൂജ നടത്തിവരുന്നു. തറവാട്ടിലെ മൂത്തകാരണവർക്കാണ് പൂജാദികർമ്മങ്ങൾ നടത്തുന്നതിനുള്ള അവകാശം.

ഭരണങ്ങാനം പ്രദേശത്തിന്റെ കീർത്തി "പശ്ചിമഘട്ടങ്ങളെ കേറിയും കടന്നും ചെന്നന്യമാം ദേശങ്ങളിൽ" എത്തിയത് ജീവിതത്തിന്റെ നല്ലൊരുഭാഗം ഇവിടത്തെ ക്ലാരമഠത്തിലെ ചെറിയൊരു മുറിയിൽ ആരാലും അറിയപ്പെടാതെ രോഗങ്ങളോടും ക്ലേശങ്ങളോടും സല്ലപിച്ച് കൊണ്ട് കഴിഞ്ഞു കൂടിയ ശേഷം 1946-ൽ അന്തരിച്ച സിസ്റ്റർ അൽഫോൻസാ മുഖാന്തിരമാണ്. കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനായ പോപ്പ് ആ സുകൃതിനിയെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തിയതോടെ അൽഫോൻസായുടെ ഒപ്പം ഭരണങ്ങാനത്തിന്റെയും പേര് ലോകമൊട്ടാകെതന്നെ വ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. ഇന്ത്യാ ഗവൺമെന്റ് വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ ചിത്രത്തോടെ ഒരു തപാൽ സ്റ്റാമ്പ് പുറത്തിറക്കി. ആ പുണ്യചരിതയ്ക്ക് രാഷ്ട്രത്തിന്റെ ആദരവ് അർപ്പിച്ചു എന്ന കാര്യം സ്മരണീയമാണ്. ആയിരകണക്കിനു തീർത്ഥാടകരാണ് പ്രതിദിനം വാഴ്ത്തപ്പെട്ടവളുടെ കബറിടത്തിലേക്ക് അനുഗ്രഹം തേടിവന്നുകൊണ്ടിരിക്കുന്നത്.

തമിഴ്, തെലുങ്ക്, ഹിന്ദി സിനിമകളുടെ കുത്തകവാഴ്ചയിൽനിന്നും മലയാളക്കരയിലെ വെള്ളിത്തിരയെ വിമോചിപ്പിച്ചത് ഭരണങ്ങാനം ഗ്രാമത്തിൽ ഉദിച്ച ഒരു 'വെള്ളിനക്ഷത്രം' മാണ്-മിസ്. കുമാരി എന്ന പേരിൽ പ്രസിദ്ധിയാർജ്ജിച്ച കൊല്ലൻപറമ്പിൽ ത്രേസ്യാമ്മ തോമസ്. വെള്ളിനക്ഷത്രത്തോടെ ആരംഭിച്ച മിസ്. കുമാരിയുടെ സിനിമാ ജീവിതം വെല്ലുവിളിക്കപ്പെടാതെ രണ്ടു ദശകത്തോളം തിളങ്ങിനിന്നു.

ഭരണങ്ങാനം പഞ്ചായത്ത് അതിർത്തിയിൽ നിന്നും ഏതാനും മീറ്റർ വിട്ട് കരൂർ പഞ്ചായത്തിലാണ് വസിച്ചിരുന്നതെങ്കിലും തന്റെ ജീവിതവും അദ്ധ്യാപികവൃത്തിയുംമെല്ലാം പ്രവിത്താനത്തു കഴിച്ചുകൂട്ടിയ മഹാകവി പ്രവിത്താനം പി.എം. ദേവസ്യായുടെ പേരിൽ അഭിമാനം കൊള്ളാനുള്ള എല്ലാ അവകാശവും അർഹതയും ഭരണങ്ങാനം ഗ്രാമപഞ്ചായത്തിനുണ്ട്. ഒട്ടേറെ ഖണ്ഡകാവ്യങ്ങളും ലഘുകവിതകളും നാടകങ്ങളും അഞ്ചു മഹാകാവ്യങ്ങളും എഴുതി പ്രസിദ്ധീകരിച്ച മറ്റൊരു കവി മലയാള ഭാഷയിലില്ല. ബൊനേമൊരേന്തി എന്ന ബഹുമതി നൽകി പോപ്പ് അദ്ദേഹത്തെ ആദരിക്കുകയുണ്ടായി. നിരവധി അവാർഡുകളും കീർത്തിമുദ്രകളും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.

# III. ഭൂപ്രകൃതി, ജനപ്രകൃതി - ജലപ്രകൃതി

പൂഞ്ഞാർ മലനിരകളിൽനിന്നും ഉൽഭവിച്ച് കോട്ടയം ജില്ലയിലെ ബഹുഭൂരിപക്ഷം പഞ്ചായത്തുകളിൽകൂടിയും പാലാ, കോട്ടയം മുനിസിപ്പാലിറ്റികളിൽകൂടിയും ഒഴുകി വേമ്പനാട്ടുകായലിൽ ചേരുന്ന മീനച്ചിലാറിന്റെ തീരത്താണ് ഭരണങ്ങാനം എന്ന ഗ്രാമം സ്ഥിതിചെയ്യുന്നത്. ഈ പഞ്ചായത്ത് ഭരണങ്ങാനം, അറവക്കുളം, ഇടപ്പാടി, അളനാട്, പ്രവിത്താനം, ചൂണ്ടച്ചേരി, വേഴാങ്ങാനം, ഉള്ളനാട്, കയ്യൂർ, എന്നീ കരകൾ ചേർന്നതാണ്. ഈ പഞ്ചായത്ത് കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിന്റെ വടക്ക് മേലുകാവ് പഞ്ചായത്തും, തെക്ക് മീനച്ചിലാറും, കിഴക്ക് രാമപുരം പഞ്ചായത്തും, പടിഞ്ഞാറ് പാലാ മുനിസിപ്പാലിറ്റിയും കരൂർ പഞ്ചായത്തും അതിർത്തികളാണ്.

ഭൂപ്രകൃതിയനുസരിച്ച് ഉയർന്നസമതലം, ചെറുചെരിവ്, ഇടത്തരം ചെരിവ്, സമതലം, നദീതടം, പാറപ്രദേശം എന്നിങ്ങനെ 6 ആയിത്തിരിക്കാം. പൊതുവേ ഫലഭൂയിഷ്ഠമായ പ്രദേശങ്ങളാണ്. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമാണ് കയ്യൂർ. 80% മണ്ണ് വെട്ടുകല്ല് കലർന്ന മണ്ണാണ്. മണൽ മണ്ണും എക്കൽ മണ്ണും ചെമ്മണ്ണും ഉള്ള സ്ഥലങ്ങളുമുണ്ട്. അതുപോലെ തന്നെ വിസ്തൃതങ്ങളായ പാറ പ്രദേശങ്ങളുമുണ്ട്

അദ്ധ്വാനശീലരായ ഭൂരിപക്ഷം കർഷകരും വിവിധതരം കൃഷികൾ ചെയ്തുവരുന്നു. മുഖ്യ കൃഷി റബറാണ്. തെങ്ങ്, നെല്ല്, വാഴ, മരച്ചീനി, കുരുമുളക്, കൊക്കോ, കമുക് തുടങ്ങിയവയും ധാരാളമായി കൃഷി ചെയ്യുന്നു. നെൽകൃഷി ആദായകരമല്ലാത്തതിനാൽ നെൽകൃഷി പൊതുവേ കുറഞ്ഞുവരികയാണ്. കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണത്തിൽ വന്നിട്ടുള്ള കുറവ് കാർഷികപ്രവർത്തനങ്ങളെ ഗണ്യമായി ബാധിക്കുന്നുണ്ട്. റബ്ബർ കൃഷി മറ്റെല്ലാ കൃഷിയെയും പിന്നാക്കം ഒന്നാം നിരയിലാണ്. തന്മൂലം പ്രകൃതി ദൃശ്യങ്ങൾ വളരെ വിരളവും ദുർലഭവുമാണ്.

## ജനപ്രകൃതി (1991 സെൻസസ്)

| | | |
|---|---|---|
| 1. | ആകെ വിസ്തീർണ്ണം | - 27.04 ച.കി.മീ. |
| 2. | ആകെ വീടുകൾ | - 2882 |
| 3. | ജനവാസമുള്ള വീടുകൾ | - 2869 |
| 4. | മൊത്തം ജനസംഖ്യ | - 16005 |
| 5. | പുരുഷന്മാർ | - 7949 |
| 6. | സ്ത്രീകൾ | - 8056 |
| 7. | 0-6 വയസ്സുവരെ പ്രായമുള്ളവർ | - 1759 |
| 8. | 0-6 വയസ്സുവരെ പ്രായമുള്ള ആൺകുട്ടികൾ | - 872 |
| 9. | 0-6 വയസ്സുവരെ പ്രായമുള്ള പെൺകുട്ടികൾ | - 887 |
| 10. | പട്ടികജാതി ആൺ | - 274 |
| 11. | പട്ടികജാതി പെൺ | - 258 |
| 12. | പട്ടികവർഗ്ഗ ആൺ | - 28 |
| 13. | പട്ടികവർഗ്ഗ പെൺ | - 26 |
| 14. | സാക്ഷരരായ പുരുഷന്മാർ | - 6867 |
| 15. | സാക്ഷരരായ സ്ത്രീകൾ | - 6800 |

പ്രധാന ജാതികൾ താമസിക്കുന്നത് ഒന്നാം വാർഡിലാണ്. ഏറ്റവും കൂടുതൽ വീടുകൾ ഉള്ളത് നാലാം വാർഡിലുമാണ്. വിദ്യാഭ്യാസപരമായി ഈ പഞ്ചായത്ത് വളരെ മുമ്പിലാണ്. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിലെ വർദ്ധനവ് തൊഴിലില്ലാത്തവരുടെ എണ്ണം വർദ്ധിപ്പിക്കുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ കൂടുതൽ ഊന്നൽ നൽകി ഇതിനൊരു മാറ്റമുണ്ടാകണം.

കാർഷികരംഗം പൊതുവേ ശാന്തമാണ്. ജനങ്ങൾ സമാധാനപ്രിയരും അദ്ധ്വാനശീലരുമാണ്. കാർഷികവൃത്തിയിലൂടെയാണ് മുഖ്യവരുമാനം വ്യവസായങ്ങൾ പേരിന് മാത്രമേ ഉള്ളൂ. പഞ്ചായത്തിൽ ക്രൈസ്തവ ഹൈന്ദവ മതവിഭാഗത്തിൽപ്പെട്ടവർ മാത്ര

മേയുള്ളൂ. മതസൗഹാർദ്ദം നിലനിർത്തുവാനും പോരാലേല്ക്കാതെ കാത്തുസൂക്ഷിക്കുവാനും കഴിയുന്നുണ്ട്. ദേശീയ പ്രസ്ഥാനങ്ങളിലും സ്വാതന്ത്ര്യ.സമരങ്ങളിലും പങ്കെടുത്ത് ത്യാഗോജ്ജ്വല നേതൃത്വം നൽകിയിട്ടുള്ള പലർക്കും ഈ നാട് ജന്മം നല്കിയിട്ടുണ്ട്. ദേശീയ സംസ്ഥാന പാർട്ടികളുടെ നേതാക്കന്മാരും പ്രവർത്തകരും തികഞ്ഞ രാഷ്ട്രീയ അവബോധത്തോടെ പ്രവർത്തനം നടത്തുന്നു. സാമൂഹ്യ സാമുദായിക ആദ്ധ്യാത്മികരംഗങ്ങളിലും അഭിമാനർഹങ്ങളായ നേട്ടങ്ങളും പ്രവർത്തനങ്ങളും കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## ജലപകൃതി

ഭരണങ്ങാനം പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിലൂടെ മീനച്ചിലാൻ 3 കീ.മീ. ദൂരത്തിൽ ഒഴുകിപോകുന്നു. വർഷത്തിൽ ഏകദേശം 4000 മില്ലി. മീറ്റർ മഴ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലൈ, മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറവ് മഴ ലഭിക്കുന്നത് ജനുവരി ഫെബ്രുവരി, മാർച്ച് മാസങ്ങളിലുമാണ്. പഞ്ചായത്തിൽ കൂടി ഒഴുകുന്ന പ്രധാന തോടുകൾ ഇടപ്പാടി തോട്, മീനാംതോട്, കാഞ്ഞിരമറ്റം - നായ്ക്കാനാൽ തോട്, കാവിത്തോട് എന്നിവയാണ്. ഈ തോടുകൾക്കെല്ലാം കൊച്ചു കൊച്ചു കൈവഴികളും ചെറുതും വലുതുമായ ശാഖകളുമുണ്ട്. പഞ്ചായത്തിൽ ഒട്ടാകെ 6 കുളങ്ങളും 8 പൊതുക്കിണറുകളുമുണ്ട്.

മിക്കവാറും എല്ലാ വാർഡുകളിലും ശുദ്ധജലം ലഭ്യമാണ്. അതോടൊപ്പം കുറവ് ലഭിക്കുന്ന പ്രദേശങ്ങളുമുണ്ട്. ജലക്ഷാമം കൃഷിയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. കുന്നിൽ പ്രദേശങ്ങളായ അയ്യമ്പാറ, പാമ്പൂരാം പാറ, ചാത്തമല, അരീയക്കൽകുന്ന്, അരങ്ങാപ്പാറ, നാടുകാണി, തേവരുപാറ എന്നിവിടങ്ങളിൽ ജലക്ഷാമം രൂക്ഷമായി ഏപ്രിൽ, മെയ് മാസങ്ങളിൽ അനുഭവപ്പെടുന്നുണ്ട്.. ജലക്ഷാമം പരിഹരിക്കുന്നതിന് ശുദ്ധജലവിതരണ പദ്ധതികളും കുഴൽ കിണറുകളും പഞ്ചായത്തിലുണ്ട്.

# IV. സാമൂഹ്യസാമ്പത്തിക മേഖലകൾ

## 1. കൃഷിയും, ജലസേചനവും

ഭരണങ്ങാനം തികച്ചും ഒരു കാർഷിക ഗ്രാമമാണ്. കുന്നിൻ പ്രദേശങ്ങളും താഴ്വരകളും നെൽവയലുകളും അടങ്ങിയതാണ് ഇവിടുത്തെ ഭൂപ്രദേശം. കനകകുംഭങ്ങൾ വഹിക്കുന്ന കേരവൃക്ഷങ്ങളും കാമധേനുവായ റബ്ബർ മരങ്ങളും, വൃക്ഷങ്ങളിൽ കെട്ടിപ്പിടിച്ച് ചില്ലകൾ തോറും പവിഴക്കൂട്ടങ്ങൾ അണിയിച്ചു നിൽക്കുന്ന കുരുമുളകു ചെടികളും, പവിഴക്കനികൾ വിളയിക്കുന്ന കൊക്കോചെടികളും കാപ്പിയും കമുകുമെല്ലാം ഇവിടെ സമൃദ്ധിയായി വളരുന്നുണ്ട്. ഫലപുഷ്ടിയുള്ള മണ്ണും അദ്ധ്വാനശീലരായ കർഷകരുടെ കഠിനാദ്ധ്വാനവും ഈ പ്രദേശത്തെ നാണ്യവിളകളുടെ നാടാക്കി മാറ്റിയിരിക്കുകയാണ്.

ഭൂരിഭാഗം ഭൂ ഉടമസ്ഥരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവസമുള്ളവരാണ്. ഇതു സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 1

| ഭൂപരിധി | | കുടുംബങ്ങളുടെ എണ്ണം | വസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|---|
| 1. | ഒരു ഹെക്ടരിൽ താഴെ | 1853 | 1576.3 |
| 2. | ഒരു ഹെക്ടറിനും രണ്ടു ഹെക്ടറിനും ഇടയിൽ | 482 | 771.2 |
| 3. | രണ്ട് ഹെക്ടറിനു മുകളിൽ | 97 | 242.5 |

ആദ്യ കാലങ്ങളിൽ തെങ്ങ്, കവുങ്ങ്, കാപ്പി, കുരുമുളക് മുതലായവ പുരയിടങ്ങളിൽ കൃഷി ചെയ്തിരുന്നു. കപ്പ, കാച്ചിൽ, ചേന, ചേമ്പ്, ചെറുകിഴങ്ങ്, മധുരക്കിഴങ്ങ്, വാഴ, ധാന്യങ്ങൾ മുതലായവയും കൃഷി ചെയതിരുന്നു. 200 ഹെക്ടറോളം സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നു. പല സവിശേഷതകളോടും കൂടിയ വിത്തിനങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഇട്ടിക്കണ്ടപ്പൻ, ചെമ്പാവ്, കനത്താര്യൻ തുടങ്ങിയ വിത്തിനങ്ങൾ ജൈവവളം ഉപയോഗിച്ചാണ് കൃഷി ചെയ്തിരുന്നത്. പുരയിടങ്ങളിൽ പുല്ലുവടക്കൻ I.R.8 മുതലായ വിത്തുകളും ചെയ്തിരുന്നു. എന്നാൽ 1970 നോടു കൂടി ഈ സ്ഥിതിക്ക് മാറ്റം വന്നു. 1971ൽ ചൂണ്ടച്ചേരിയിൽ ഒരു കർഷക സംഘടന രൂപം കൊണ്ടു. ഈ കേന്ദ്രവുമായി ബന്ധപ്പെട്ടു പുതിയ ഇനം വിത്തുകളും, രാസവളങ്ങളും കർഷകർ ഉപയോഗിക്കാൻ തുടങ്ങി. റഷ്യയിൽ നിന്നും ഇറക്കുമതി ചെയ്ത 14 ട്രാക്ടറുകളിൽ ഒരെണ്ണം ചൂണ്ടച്ചേരി സഹകരണസംഘം വാങ്ങി വിവിധ പാടങ്ങളിൽ ഉഴവിന് ഉപയോഗിച്ചു. അങ്ങനെ ഈ പ്രദേശത്ത് ആദ്യമായി ആധുനിക യന്ത്രം ഉപയോഗിച്ച് നിലം ഉഴുതു കൃഷി തുടങ്ങി. പാടങ്ങളിൽ ഇടവിളയായി എള്ള്, പയർ, മുതിര, ഉഴുന്ന്, മധുരക്കിഴങ്ങ് പച്ചക്കറികൾ എന്നിവയും വ്യാപകമായി കൃഷി ചെയ്തിരുന്നു.

കുരുമുളകും, നാളികേരവും, ഇഞ്ചിയും, കാപ്പിയും, നെല്ലും നന്നായി വിളഞ്ഞിരുന്ന ഭരണങ്ങാനം പ്രദേശത്ത് ഇന്ന് പ്രസ്തുത കൃഷികൾ കുറവാണ്. രോഗങ്ങൾ മൂലം കുരുമുളകു കൃഷി പേരിനു മാത്രമേ ഉള്ളു. കാറ്റു വീഴ്ച കാരണം തെങ്ങുകൃഷി കുറഞ്ഞിരിക്കുകയാണ്. ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായ തോടുകൂടി കർഷക തൊഴിലാലികളുടെ പിൻതലമുറക്കാരെ ഇതര തൊഴിൽ മേഖലകളിലേയ്ക്ക് ആകർഷിച്ചു. ഇതു കർഷകതൊഴിലാളികളുടെ എണ്ണക്കുറവിനു കാരണമായി. പാടത്തുള്ള നടീൽ, കാടുപറിക്കൽ, കൊയ്ത്ത് എന്നിവക്ക് തൊഴിലാളികൾ വളരെ കുറവാണ്. ഇതു മൂലം പല പാടങ്ങളിലും മറ്റു കൃഷികളാണ് ചെയ്തു വരുന്നത്. കാർഷിക വൃദ്ധിയോടുവന്ന സമീപനത്തിന്റെ ഭാഗമായി പുരയിടങ്ങളിൽ കൃഷി ചെയ്തിരുന്ന ഇടവിളകളുടെ ഉൽപ്പാദനവും ഗണ്യമായി കുറഞ്ഞു.

ഇന്ന് പഞ്ചായത്തിലെ മുഖ്യകൃഷി റബ്ബറാണ്. ശാസ്ത്രീയകൃഷി സമ്പ്രദായങ്ങൾ സ്വീകരിച്ചതിനാൽ റബ്ബറിന്റെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. റബ്ബറിന് കുറെക്കാലമായി സാമാന്യം നല്ല വില ലഭിക്കുന്നുണ്ട്. ഏറ്റവും എളു

പ്പമുള്ള കൃഷിയും റബ്ബറാണ്. അതു കൊണ്ട് ആളുകൾ കൂടുതലും റബ്ബർ കൃഷിയിലാണ് ശ്രദ്ധ പതിപ്പിച്ചിരിക്കുന്നത്.

ബ്രിട്ടീഷുകാരുടെ മേൽനോട്ടത്തിൽ 1908ൽ മീനച്ചിൽ താലൂക്കിൽ തീക്കോയിയിൽ പരീക്ഷണാടിസ്ഥാനത്തിൽ റബ്ബർകൃഷിക്കു തുടക്കമിട്ടു. 1914-ൽ ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ റബ്ബർ വില വർദ്ധിച്ചു. ഇതോടെ ഭരണങ്ങാനം പ്രദേശത്ത് റബ്ബർകൃഷി ആരംഭിച്ചു.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2604 ഹെക്ടറാണ്. ഇതിൽ 1800 ഹെക്ടർ സ്ഥലത്തും റബ്ബർ കൃഷിയാണ് ചെയ്യുന്നത്. തെങ്ങ് 620 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നു. പഞ്ചായത്തിലെ ഭൂരിഭാഗം മണ്ണും ലാറ്ററൈറ്റ് മണ്ണാണ്. നല്ല നീർവാർച്ചയുള്ള ആഴമുള്ള മണ്ണാണ്.

## ഭൂ വിനിയോഗം

| | വിളകൾ | ഹെക്ടർ |
|---|---|---|
| 1. | റബ്ബർ | 1800 |
| 2. | തെങ്ങ് | 620 |
| 3. | നെല്ല് | 48 |
| 4. | കുരുമുളക് | 80 |
| 5. | മരച്ചീനി | 56 |
| 6. | വാഴ | 30 |

തെങ്ങിന്റെ കൃഷിയിൽ കാര്യമായ കുറവുണ്ടായി. ഇപ്പോൾ തെങ്ങ് അധികവും റബ്ബർ തോട്ടങ്ങളിൽ ആണ്. കാറ്റു വീഴ്ചയും പരിചരണക്കുറവും, തെങ്ങു കൃഷിയുടെ പ്രധാന പ്രശ്നങ്ങളാണ്. മരച്ചീനി, മധുരക്കിഴങ്ങ്, ചേന, ചേമ്പ്, വാഴ, കുരുമുളക് മുതലായ കൃഷികളും വിസ്തൃതിയിൽ വലരെ കുറഞ്ഞു കൊണ്ടിരിക്കുന്നു.

മുഖ്യ വിളയായ റബ്ബർകൃഷിയുടെ ഉൽപ്പാദനക്ഷമത 1400 കിലോഗ്രാമാണ്. ഇത് സംസ്ഥാന ശരാശരിയിലും കൂടുതലാണ്. തെങ്ങിന്റെ ശരാശരി ഉൽപ്പാദനം ഹെക്ടറിന് 4800 തേങ്ങയാണ്. ഇത് സംസ്ഥാന ശരാശരിയിലും താഴെയാണ്. തെങ്ങിന്റെര കാറ്റു വീഴ്ചയും പരിചരണക്കുറവുമാണ് ഇതിന് കാരണം.

## നെൽകൃഷി

| | വിള | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|
| 1. | നെല്ല് (ഒന്നാം വിള) | 42 |
| 2. | നെല്ല് (രണ്ടാം വിള) | 48 |
| 3. | നെല്ല് (മൂന്നാം വിള) | nil |

നെൽകൃഷി ലാഭകരമല്ലാതായതും ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതും കർഷകത്തൊഴിലാളികളുടെ പിൻതലമുറക്കാരെ ഇതരതൊഴിൽ മേഖലകളിലേക്ക് ആകർഷിച്ചു. ഇത് കർഷകത്തൊഴിലാളികളുടെ എണ്ണക്കുറവിനു കാരണമായി. പാടത്തുള്ളനടീൽ, കാടു പറിക്കൽ, കൊയ്ത്ത് എന്നിവക്ക്തൊഴിലാളികൾ വളരെ കുറവായി. ഇതു മൂലം വയലുകൾ തെങ്ങ്, റബ്ബർ എന്നീ കൃഷികൾക്കു വേണ്ടി നികത്തുന്നതിന് കാരണമായി. കാർഷിക വൃദ്ധിയോട് വന്ന സമീപനത്തിന്റെ ഭാഗമായി പാമ്പിൽ നിന്നും കൃഷി ചെയ്തിരുന്ന ഇടവിളകളുടെ ഉൽപ്പാദനവും ഗണ്യമായി കുറഞ്ഞു. മറ്റു കാർഷിക വിളകളുമായിതാരതമ്യം ചെയ്യുപോൾതെങ്ങിന് കുറഞ്ഞ പരിചരണമേ ആവശ്യമുള്ളു എന്ന വസ്തുത തെങ്ങു കൃഷി പരുഗമിക്കുന്നതിനു കാരണമായി.

കൃഷിയുമായി ബന്ധപ്പെട്ടു കൊണ്ട് കുളങ്ങൾ, തോടുകൾ എന്നിവ സംരക്ഷിച്ച് പോന്നിരുന്ന സ്ഥിതിക്കും മാറ്റമുണ്ടായി. ഇപ്പോഴുള്ളവ മണ്ണിടിപ്പു മൂലം നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളോ തോടുകളോ ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല എന്നതാണ് പരമാർത്ഥം.

## കൂട്ടുകൃഷി

1969-ൽ F.A.C.T., കൃഷിഡിപ്പാർട്ട്മെന്റ്, ചൂണ്ടച്ചേരി സഹകരണ സംഘം, എന്നിവയുടെ കൂട്ടായ സഹകരണത്തോടുകൂടി ഈ സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള 256 ഹെക്ടർ നെൽപാടങ്ങളിൽ കൂട്ടു കൃഷി നടത്തി. ഇതിനാവശ്യമായ വിത്ത് ഗവൺമെന്റു വക കോഴായിലുള്ള ഫാമിൽ നിന്നും ശേഖരിച്ച് ഒരു പോലെ പാടം ഒരുക്കി ഒരു

ഇനം വിത്ത് (I.R. 80) പാകി പറിച്ച് നട്ട് മികച്ച വിളവുണ്ടാക്കി. അന്നു വരെ ഒരു നെൽകൃഷിക്കാരനും ഇത്തരത്തിലുള്ള മികച്ച വിളവ് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. അതു കൊണ്ട് തുടർന്ന് ഈ മാതൃകയിൽ കൃഷി ചെയ്യുന്നതിന് കർഷകരെ ഒരുക്കി അത് ഈ നാട്ടിലെ ദാരിദ്ര്യം ഒരു പരിധി വരെ കുറയ്ക്കുന്നതിന് സഹായകവുമായി.

## വളം

സഹകരണ മേഖലയിലുള്ള രണ്ടും സഹകാരൃ മേഖലയിലുള്ള നാലും ഉൾപ്പെടെ 6 വളം വിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളത്. 85% രാസവളങ്ങളാണ് കൃഷിക്ക് ഉപയോഗിക്കുന്നത്. ജൈവവളങ്ങൾ വിരളമായി മാത്രമേ ഉപയോഗിക്കുന്നുള്ളു. ആവശ്യമായ അളവിൽ ലഭ്യമല്ലാത്തതാണ് കാരണം.

## വളത്തിന്റെ ഉപയോഗം

| വർഷം | രാസവളം കി.ഗ്രാം. |
|---|---|
| 1994 | 414202 |
| 1995 | 451478 |
| 1996 | 382009 |

## കീടനാശിനികൾ

സഹകരണ മേഖലയിലുള്ള രണ്ടും സഹകാരൃ മേഖലയിലുള്ള ഒന്നും ഉൾപ്പെടെ മൂന്ന് കീടനാശിനി വിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്.

## കീടനാശിനിയുടെ ഉപയോഗം

| വർഷം | ദ്രവം | ഖരം |
|---|---|---|
| 1994 | 32.0 | 352.9 |
| 1995 | 24.6 | 341.05 |
| 1996 | 30.7 | 335.8 |

## കാർഷികോപകരണങ്ങൾ

പാടശേഖര കമ്മറ്റികൾക്കായി കൃഷിഭവൻ മുഖേന നൽകിയ ഒരു ട്രാക്ടർ, ഒരു ട്രില്ലർ, 10 റോക്കർ സ്പ്രെയറുകൾ 2 പവ്വർ സ്പ്രേയറുകൾ, 12 നാപ്സാക് സ്പ്രേയർ എന്നിവയാണ് കാർഷിക യന്ത്രോപകരണങ്ങളായി ഇപ്പോഴുള്ളത്.

## പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടി യോജിപ്പിച്ചു കൊണ്ട് രൂപീകരിക്കപ്പെട്ട 3 പാടശേഖര സമിതികളാണ് ഇപ്പോൾ നിലവിലുള്ളത്. പാടശേഖര സമിതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പാടം | വിസ്തീർണ്ണം | വിള |
|---|---|---|
| | | 1 2 3 |
| ചൂണ്ടച്ചേരി പാടം | 20 Hr | നെല്ല്, നെല്ല് |
| വേഴങ്ങാനം നോർത്ത് | 10 Hr | നെല്ല്, നെല്ല്, പയർ |
| വേഴങ്ങാനം സൗത്ത് | 10 Hr. | നെല്ല്, നെല്ല്, പയർ |

## കേരവികസന സമിതി

പഞ്ചായത്തിലെ തെങ്ങു കൃഷിക്കാരെ ഒത്തൊരുമിപ്പിച്ചു കൊണ്ട് രൂപീകരിക്കപ്പെട്ട ഒരു കേരവികസന സമിതിയും പ്രവർത്തിക്കുന്നുണ്ട്.

## കുരുമുളക് വികസന സമിതി

പഞ്ചായത്തിലെ കുരുമുളക് കൃഷിക്കാരെ സംഘടിപ്പിക്കുന്നതിനായി ഒരു കുരുമുളക് വികസന സമിതിയും പ്രവർത്തിക്കുന്നുണ്ട്.

## കൂലി നിരക്ക്

കാർഷികമേഖലയിലെ തൊഴിലാളിക്ഷാമം കൂടിക്കൂടി വരികയാണ്. വിദ്യാഭ്യാസനിലവാരത്തിൽ വന്ന മാറ്റങ്ങൾ കൃഷിയോടുള്ള താൽപര്യക്കുറവും ഇതിനു കാരണമാണ്. എങ്കിലും ഈ പഞ്ചായത്തിൽ 3000ത്തോളം തൊഴിലാളികൾ ഉണ്ട്. പുരുഷന്മാർക്ക് 100 രൂപായും സ്ത്രീകൾക്ക് 60 രൂപായും ശരാശരി നിരക്കാണ്.

## കാർഷിക വായ്പ

രണ്ടു സഹകരണ ബാങ്കുകളും മൂന്നു ബാങ്കുകളുടെ ബ്രാഞ്ചുകളും ഈ പഞ്ചായത്തിന്റെ പരിധിയിൽ ഉണ്ട്. ഇതു കൂടാതെ കൃഷിക്കു വേണ്ടി വളവും കീടനാശിനികളും നാല് സഹകാരൃ സ്ഥാപനങ്ങൾ വഴിയും ലഭിക്കുന്നുണ്ട്.

## ഭൂമിസംബന്ധിച്ച വിവരങ്ങൾ Ref: അടിസ്ഥാന വിവര രജിസ്റ്റർ

| ഇനം | വിസ്തീർണ്ണം ഹെക്ടർ |
|---|---|
| നിലം | 48 |
| പുരയിടം | 2542. |
| പുറമ്പോക്ക് | 4 |
| കൃഷിയോഗ്യ തരിശ് | 5 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 5 |
| ആകെ | 2604 |

## വിള വിസ്തീർണ്ണവും ഉത്പ്പാദനവും (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| വിള | വിസ്തീർണ്ണം Hr | മൊത്ത ഉദ്പ്പാദനം Kg. | ഉദ്പ്പാദന ക്ഷമത Kg./ഹെ. |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 42 | 124320 | 2960 |
| നെല്ല് (രണ്ടാം വിള | 48 | 106080 | 2210 |
| നെല്ല് (മൂന്നാം വിള | — | — | — |
| പയർ | 15 | 9000 | 600 |
| എള്ള് | — | — | — |
| പച്ചക്കറികൾ | 10 | 20000 | 2000 |
| തെങ്ങ് | 620 | 2976000 (nuts) | 4800 (nuts) |
| വാഴ | 30 | 540000 | 18000 |
| മരച്ചീനി | 56 | 1232000 | 22000 |
| കുരുമുളക് | 80 | 80000 | 1000 |
| പ്ലാവ് | 10 | - | - |
| കശുമാവ് | 5 | 3250 | 650 |
| മാവ് | 7 | - | - |
| റബ്ബർ | 1800 | 2520000 | 1400 |
| കവുങ്ങ് | 12 | 105000 | 8750 |

## ജലസേചന സംവിധാനങ്ങൾ

| വാർഡ് നമ്പർ | പൊതു ജലസേചന കിണറുകൾ | കുഴൽ കിണ കൾ | കുളം | ക്രോസ് ബാർ | ആ യക്കെട്ട ഹെക്ടർ |
|---|---|---|---|---|---|
| I | 2 | — | — | — | |
| II | — | — | — | — | — |
| III | — | — | — | — | — |
| IV | — | — | 2 | — | — |
| V | — | 1 | — | — | — |
| VI | — | — | — | — | — |
| VII | — | — | 1 | — | — |
| VIII | — | — | — | — | — |
| IX | 1 | 1 | — | — | — |

## നടീൽ വസ്തുക്കൾ വിസ്തീർണ്ണം വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 650 Nos. | 170 | 900 |
| കശുമാവ് | — | — | — |
| കുരുമുളക് | — | 30000 | 3600 |
| കറുവാ | — | 100 | — |
| കൊക്കോ | 1000 | — | 200 |
| ഒട്ടു പ്ലാവ് | 45 | 30 | 42 |
| ഒട്ടുമാവ് | — | 30 | 19 |
| വാഴവിത്ത് | 350 | 2250 | 1176 |
| ഗ്രാമ്പു | — | — | 25 |
| പോഷകത്തോട്ടം | 26 | — | 24 |
| പച്ചക്കറി വിത്ത് | 1712 pkt. | 1422 | 500 |

## രാസവള-കീടനാശിനി വിപണനം

| | | 1993-94 കീടനാശിനി | | | 1994-95 കീടനാശിനി | | | 1995-96 കീടനാശിനി | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | രാസവളം കിഗ്രാം. | ദ്രവം | ഖരം | രാസവളം കിഗ്രാം | ദ്രവം | ഖരം | രാസവളം കി ഗ്രാം. | ദ്രവം. | ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| സഹകരണം | | | | | | | | | | |
| | S.C.B. | | | | | | | | | |
| 1. | Choondachery Br. | 36512 | 14.6 | 134.1 | 39488 | 10.5 | 127.6 | 32520 | 10.8 | 118.2 |
| 2. | Pravithanam Br. | 63180 | 6.2 | 102.3 | 57740.5 | 3.9 | 94.95 | 56815 | 4.6 | 114.4 |
| സ്വകാര്യം | | | | | | | | | | |
| 1. | V` Agencies BHM. | 214600 | - | - | 256.800 | - | - | 198860 | - | - |
| 2. | Vadakkel Traders | 5760 | - | - | 6000 | - | - | 6314 | - | - |
| 3. | K.C. Thomas | 94150 | - | - | 91450 | - | - | 87500 | - | - |
| 4. | NAVAJEEVAN Trades | | 11.20 | 116.5 | - | 10.0 | 118.5 | - | 15.3 | 103.2 |

## തെങ്ങ്കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം A.C | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കായ കൊത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| I | 314.40 | 3195 | 8533 | 11728 | 1840 | 962 | 114 | 2 | | 2918 |
| II | 476.91 | 532 | 7706 | 9238 | 1220 | 809 | 84 | 3 | | 2116 |
| III | 384.87 | 1731 | 5489 | 7220 | 1338 | 839 | 92 | 2 | | 2271 |
| IV | 462.96 | 3508 | 6901 | 10409 | 1035 | 91 | 104 | 4 | | 2055 |
| V | 712.03 | 3473 | 10607 | 14080 | 1825 | 1216 | 308 | 2 | | 3351 |
| VI | 428.77 | 3015 | 6020 | 9537 | 1539 | 973 | 98 | 2 | | 2612 |
| VII | 830.85 | 1872 | 9389 | 11261 | 2890 | 1052 | 94 | 1 | | 4037 |
| VIII | 580.05 | 2838 | 7775 | 10643 | 1971 | 1108 | 103 | 2 | | 3184 |
| IX | 447.29 | 1912 | 6667 | 8579 | 1936 | 1214 | 98 | --- | --- | 3248 |

## പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിൽ 50% ചരിവു സ്ഥലങ്ങളാണ്. കൃഷിയുടെ അഭിവൃദ്ധിക്കായി മണ്ണൊലിപ്പു തടയേണ്ടതത്യാവശ്യമാണ്. അതിനു വേണ്ടി കയ്യാല പദ്ധതികൾ, ട്രെഞ്ചുകൾ കുഴിക്കുക. മണ്ണൊലിപ്പു നിവാരണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക. നീർമറിയിലൂടെ (വാട്ടർ ഷെഡ്) യുള്ള സംയോജിത ആസൂത്രണത്തിലും അതിന്റെ നടപ്പാക്കലിലും ശ്രദ്ധ ചെലുത്തുക.

2.മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ നടത്തേണ്ട വള പ്രയോഗം പലപ്പോഴും അശാസ്ത്രീയമായിട്ടാണ് നടത്തുന്നത്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വർഷം തോറും മണ്ണു പരിശോധന നടത്തി ഉപയോഗിക്കേണ്ട വളങ്ങളെപ്പറ്റി കൃഷിക്കാരെ ബോധവാന്മാരാക്കാം.

ഒരു കാലത്ത് നെൽപാടങ്ങളിൽ രണ്ടു കൃഷി ഇറക്കിയിരുന്നത് ജലദൗർലഭ്യം മൂലം മിക്ക പാടങ്ങളും ഒരു കൃഷിയായി മാറിയിരിക്കുന്നു. നെൽപാടങ്ങളിൽ ഇടവിളകളായി കൃഷി ചെയ്തിരുന്ന വേനൽക്കാല കൃഷികളും കുറഞ്ഞു വരികയാണ്. ശരിയായ രീതിയിൽ ജലസേചന സൗകര്യം ലഭിക്കാത്തതും, ജൈവവളങ്ങളുടെ ലഭ്യതക്കുറവും ഉൽപ്പന്നങ്ങൾക്ക്വില കിട്ടാത്തതും ഇവയുടെ ഉൽപ്പാദ കുറവിന്റെ കാരണങ്ങളാണ്. നെൽപാടങ്ങളിൽ ഇടവിളയായി കൃഷി ചെയ്തിരുന്ന വാഴക്ക് വ്യാപകമായി വരുന്ന രോഗങ്ങളും പ്രതീക്ഷിക്കാതെയെത്തുന്ന കാറ്റും കനത്ത നഷ്ടം വരുത്തി വയ്ക്കുന്നു.

3. പ്രധാനമായും കൃഷിക്കു കണ്ടു വരുന്ന രോഗങ്ങൾ

നെൽകൃഷിക്ക് പുഴു ശല്യം, കുമിൾ രോഗം, (Blast) ചാഴി, എന്നിവയും റബ്ബറിന് പട്ടമരപ്പ്, കൂമ്പു ചീയൽ, അകാല ഇലപൊഴിച്ചിൽ ഇവയും തെങ്ങിന് വ്യാപകമായി കൂമ്പു ചീയൽ, തെങ്ങോലപ്പുഴു, കൊമ്പൻ ചെല്ലി, വണ്ടു ശല്യം ഇവയും കണ്ടു വരുന്നു. വാഴ കൃഷിക്ക് വ്യാപകമായി വണ്ടു ശല്യം Bunchy top disease (നാക്കടപ്പ്).

## കൃഷിയിനങ്ങളിൽ കണ്ടു വരുന്ന പ്രധാന രോഗങ്ങൾ

### നെൽകൃഷി

| കീടങ്ങൾ | രോഗങ്ങൾ |
|---|---|
| 1. ഇലചുരുട്ടിപ്പുഴു | 1. Blast |
| 2. തണ്ടുതുരപ്പൻ പുഴു | 2. Sheath Blight |
| 3. ഇലപേൻ | 3. Sheath rot |
| 4. ചാഴി | |

### തെങ്ങ്

| | |
|---|---|
| 1.കൊമ്പൻ ചെല്ലി | 1. കൂമ്പ് ചീയൽ രോഗം |
| 2. ചുവന്ന വണ്ട് ചെമ്പൻചെല്ലി | 2. ഇലകരിച്ചിൽ രോഗം |
| | 3.കാറ്റ് വീഴ്ച രോഗം |

### റബ്ബർ

| | |
|---|---|
| തടിതുരപ്പൻ പുഴു | 1. അകാലിക ഇലപൊഴിച്ചിൽ |
| | 2 പൊടികുമിൾ |
| | 3. പിങ്ക് രോഗം ചീക്ക് |

### വാഴ

| | |
|---|---|
| തണ്ടുതുരപ്പൻ (കായ്തുരപ്പൻ) | 1. Bunchy top disese (നാക്കടപ്പ്) |

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തി ആവശ്യമായ വള പ്രയോഗത്തെപ്പറ്റി കർഷകർക്ക് ധാരണ നൽകുവാൻ കഴിയണം.

2. മുൻകാലങ്ങളിൽ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിലും നീർകെട്ട് ഒഴിവാക്കുന്നതിലും വലിയ പങ്ക് വഹിച്ചിരുന്ന തോടുകളും കുളങ്ങളും കർഷകരുടെ സഹായത്തോടെ സംരക്ഷിക്കണം. നിലവിലുള്ള പല തോടുകളുടെയും ഇരു വശങ്ങളും ഇടിഞ്ഞ് ആഴം കുറഞ്ഞ് വെള്ളം കെട്ടി നിൽക്കുന്നില്ല. അതു കൊണ്ട് നെൽകൃഷിയെ അത് ബാധിക്കുന്നു. തോടുകളുടെ സൈഡുകൾ കെട്ടി സംരക്ഷിക്കുകയും തോടു കെട്ടി വീതി കുറയ്ക്കുന്ന നടപടികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കണം. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ഇടുക്കിയിലെ ജലം ടണൽ വഴി മീനച്ചിലാറ്റിൽ എത്തിക്കുകയാണെങ്കിൽ എല്ലാക്കാലത്തും ജലസേചനം നടക്കും

### ഗ്രൂപ്പ് ഫാമിങ്ങ്

മുഖ്യ വിളകളായ റബ്ബർ, തെങ്ങ്, നെല്ല് നും ഇത് വ്യാപകമാക്കണം. നിലവിലുള്ള കർഷകസമിതികളെ പുനരുജ്ജീവിപ്പിച്ച് ഇതിനു തയ്യാറാക്കണം. വേനൽക്കാലപച്ചക്കറികൾ സഹകരണാടിസ്ഥാനത്തിൽ ഉണ്ടാക്കുവാൻ കഴിയും. കൃഷിഭവന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ ഗുണകരമായ രീതിയിൽ ഉണ്ടാകണം. ഇനി അവശേഷിക്കുന്ന നെൽപാടങ്ങൾ സംരക്ഷിക്കുകയെന്നതും പ്രധാനമായ ഒന്നാണ്.

### വിത്തിനങ്ങൾ

ഉൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണം. ഇതിനു വേണ്ടി കൃഷി ഭവൻ പാടശേഖരസമിതികൾ ഇവ ഉപയോഗപ്പെടുത്താവുന്നതാണ്. നടീൽ വസ്തുക്കൾ ലഭിക്കുന്നതിന് നേഴ്സറികൾ പ്രയോജനപ്പെടുത്താവുന്നതാണ്. ഫലവൃക്ഷത്തൈകൾ മറ്റു വിളകൾക്ക് തടസ്സമാവാത്ത വിധത്തിൽ വ്യാപിപ്പിക്കുവാൻ കഴിയണം.

### ഔഷധ സസ്യങ്ങൾ

പഞ്ചായത്തിൽ വ്യാപകമായി കണ്ടു വരുന്ന ഔഷധ ചെടികൾ കണ്ടെത്തി അവയെ സംരക്ഷിക്കുന്നതിനും കച്ചോലം, ഇഞ്ചി, മഞ്ഞൾ, മുതലായവയുടെ ഉൽപ്പാദനം പർദ്ധിപ്പിക്കുക.

### പച്ചക്കറി ഉൽപ്പാദനം

ഗുണമേൻമയുള്ള വിത്തിനങ്ങൾ ശേഖരിച്ച് ജൈവവലത്തിന് മുൻതൂക്കം നൽകി സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വാർഡുകളിൽ വ്യാപിപ്പിക്കുവാൻ കവിയും. അയൽകൂട്ടങ്ങൾ കേന്ദ്രീകരിച്ച് അടുക്കളതോട്ട് ഉണ്ടാക്കുന്നു. സ്കൂളുകൾ കേന്ദ്രമാക്കി കൃഷിതോട്ടങ്ങൾ നടപ്പിൽ വരുത്തുവാൽ സാധിക്കും.

### കീടനാശിനി

ശരിയായ സുരക്ഷാ സംവിധാനങ്ങലടെയോ ശരിയായ അളവിലോ അല്ല ഇന്ന് കീടനാസിനികൾ ഉപയോഗിക്കുന്നത്. അത് മാറണം. ബോധവൽക്കരണ ക്ലാസ്സുകൾ കർഷകർക്കുനൽകി ജൈവകീട നിയന്ത്രണത്തെ പറ്റി പഠിപ്പിക്കുകയും വ്യാപിപ്പിക്കുകയും വേണം.

### വളങ്ങൾ

രാസവള വിതരണ കേന്ദ്രങ്ങൾ ഇപ്പോൾ ആവശ്യമായത്ര പഞ്ചായത്തിലുണ്ട്. പച്ചില വളത്തിന്റെര കുറവ് നികത്തുന്നതിന് ചീമ കൊന്ന നട്ടു പിടിപ്പിക്കുക. ജൈവവളപ്രയോഗം പ്രോത്സാഹീപ്പിക്കുകയും അതിനു വേണ്ട സഹായങ്ങൾ നൽകുകയും വേണം. മണ്ണിരാ കമ്പോസ്റ്റു രീതി കർഷകർക്ക് പരിചയപ്പെടുത്തി വ്യാപകമാക്കാൻ കഴിയുന്നതാണ്.

### ഇൻഷ്വറൻസ്പദ്ധതി

കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മ വിശ്വാസം നൽകുന്നതിനും വേണ്ടി ഗ്രീപ്പ് ഇൻഷ്വറൻസ്, പെൻഷൻ സമ്പ്രദായം ഏർപ്പെടുത്തണം. കർഷക ധനസഹായത്തിനുള്ള വരുആന പരിധി കുറക്കണ്. വൈദ്യുതി സൗജന്യ നിരക്കിൽ നൽകൽ മുതലായവ നടപ്പാക്കണം. കൃഷിക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുക.വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുക.

### പൊതു വിപണി

പ്രധാന ഉൽപ്പന്നങ്ങളായ തേങ്ങാ പച്ചക്കറി, നെല്ല്, എന്നിവയ്ക്ക് പഞ്ചായത്തു തലത്തിൽ തന്നെ വിപണന കേന്ദ്രങ്ങൾ വേണം. സഹകരണാടിസ്ഥാനത്തിലിതാവാം. പച്ചക്കറികൾരക്ക് പൊതു മാർക്കറ്റ്-ചന്ത സമ്പ്രദായം നടപ്പിൽ വരുത്താം. സഹകരണ യൂണിറ്റുകൾ ഉൽപ്പന്നങ്ങൾ ശേഖരിച്ചാൽ ഇടത്തട്ടുകാരുടെ ഇടപെടൽ ഒഴിവാക്കാവുന്നതാണ്. ധാരാളം വിപണന സാധ്യതയുള്ള ഫ്ളോറി കൾച്ചർ, ഓർക്കിഡ്, ആന്തോറിയം, ഇവ നെഴ്സറികളുടെ സഹായത്തോടെ കൂടുതൽ പ്രോത്സാഹിപ്പിക്കുക. കുറ്റമില്ല കൃഷിക്കും കൂടുതൽ സാദ്ധ്യതകളുണ്ട്.

## ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷി നടക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെയും കാല വർഷവും സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ തുലാവർഷവും മൂലമാണ് ജലം ലഭിക്കുന്നത്. ശരാശരി ഒരു വർഷത്തിൽ നല്ല മഴ ലഭിക്കുന്നു. തോടുകളും കുളങ്ങളും നെൽകൃഷിക്കും വേനൽക്കാല പച്ചക്കറികൾക്കും ഒക്കെ ഉപയോഗിക്കുന്നു.

## മണ്ണു ജലസംരക്ഷണം

മുൻകാലങ്ങളിൽ വരമ്പുകൾ ഇട്ടും മരങ്ങൾ അതിർത്തികളിൽ വച്ചുപിടിപ്പിച്ചും പറമ്പുകൾ കൊത്തിയിളക്കിയുമൊക്കെ മണ്ണ് ജലസംരക്ഷണം നടത്തിയിരുന്നത്. ജീവിതഭ്രമത്തിലുണ്ടായ പരിവർത്തനവും ഭൂമിയുടെ തുണ്ടുവൽക്കരണവും കാർഷികവൃത്തിയോട് വന്ന വിമുഖതയും മണ്ണു ജല സംരക്ഷണപ്രവർത്തനങ്ങളെ ബാധിച്ചു. രാസവളത്തിന്റെ അമിതമായ ഉപയോഗവും മണ്ണിന്റെ ഗുണമേന്മയ്ക്ക് കുറവുവരുത്തി. ശാസ്ത്രീയമായി മണ്ണു പരിശോധിച്ച് ഗുണാംശങ്ങളെ കൃഷിക്കാരെ ബോധവൽക്കരിക്കുന്ന പ്രവർത്തനങ്ങളും കുറവാണ്.

## നേഴ്സറികൾ

4 പ്രധാന നേഴ്സറികളടക്കം നിരവധി നേഴ്സറികൾ നിലവിലുണ്ട്. ആദ്യ നേഴ്സറി പാലോലി നേഴ്സറി പഞ്ചായത്തിൽ പുതിയ ഇനം റബർ തൈകളും മറ്റു നടീൽ വസ്തുക്കളും പ്രചിരിപ്പിക്കുന്നതിന് സഹായകമായിട്ടുണ്ട്.

## കൃഷിഭവൻ

1973-74 വർഷത്തിലാണ് ഈ പഞ്ചായത്തിൽ കൃഷിഭവൻ നിലവിൽ വന്നത്. തികച്ചും കാർഷികമേഖലയിൽ വളരെ പ്രതീക്ഷയോടുകൂടി ആരംഭിച്ചകൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തിൽ എല്ലാ വാർഡിലും തൃപ്തികരമായി ലഭിക്കുന്നില്ല. ഒരു കൃഷി ഓഫീസറും രണ്ടു അസിസ്റ്റന്റുമാരും ഉള്ള കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ കർഷകർക്ക് ലഭിക്കേണ്ടതുണ്ട്. ഓഫീസിൽ സ്റ്റാഫിന്റെ കുറവ് ഇതിന് മുഖ്യകാരണമാണ്.

## നിർദ്ദേശങ്ങൾ

1. ഇടുക്കിയിലെ മിച്ച ജലം ടണൽ വഴി മീനച്ചിലാറ്റിൽ കൂടി ഒഴുക്കി എല്ലാക്കാലത്തും ജലം ഉറപ്പു വരുത്തുക. ചെറിയ കനാലുകൾ വഴി കൂടുതൽ ഇറിഗേഷൻ സൗകര്യങ്ങൾ ഉണ്ടാക്കുക.

2. മീനച്ചിലാറ്റിൽ ആവശ്യമുള്ളത്ര ചെക്കു ഡാമുകൾ നിർമ്മിച്ച് വേനൽക്കാലത്തും ജലം ലഭ്യമാക്കുക.

3. പഞ്ചായത്തിലുള്ള തോടുകളിലും ബണ്ടുകൾ നിർമ്മിക്കുക.

4. സാമൂഹ്യ ജലസേചന പദ്ധതികൾക്ക് രൂപം നൽകി ഉല്പാദന വർദ്ധനവിലുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക.

മൂലമറ്റത്തു നിന്നും ഇടമറുക് വഴി വരുന്ന നിർദ്ദിഷ്ട കനാൽ ഇടമറുകിൽ നിന്ന് ഒരു സബ് കനാൽ കാട്ടർ കടവിലേക്കു തുറന്നു വിട്ടാൽ ഭരണങ്ങാനം, കടനാട്, കരൂർ, എന്നീ പഞ്ചായത്തുകളിൽ പെട്ട ആലമറ്റം, എലിവാലി, പ്രവിത്താനം, മങ്കര, കൊടുമ്പിടി, കൊല്ലപ്പള്ളി, ഉള്ളനാട്, വരെയും അവിടെ നിന്നും കടനാട് കരൂർ, രാമപുരം, മുതലായ പഞ്ചായത്തുകളിലും കൂടുതൽ ജലസേചനത്തിനുള്ള സൗകര്യമുണ്ടാകും.

നമ്മുടെ പരമ്പരാഗത കൃഷി സമ്പ്രദായങ്ങളും വള പ്രയോഗങ്ങളും ഇന്നും പ്രസക്തമാണ്. കൃഷി അഭിമാനകരമായ ഒരു തൊഴിലായി കാണുവാൻ നമ്മുടെ യുവതലമുറ തയ്യാറാകണം. ഇതു സംബന്ധിച്ച് ധാരാളം ചർച്ചകളും പരിശീലനവും നടത്തേണ്ടിയിരിക്കുന്നു. 'കേരരാജ്യം' കൃഷിയെ അവഗണിക്കുവാൻപാടില്ല. വ്യവസായ വൽക്കരണം കൊണ്ടു നശിക്കുന്നു എന്നതിലുമുപരിയായി കൃഷി വൽക്കരണം കൊണ്ടു രക്ഷ നേടാം. അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

# 2. മൃഗപരിപാലനം മത്സ്യബന്ധനം

ഭരണങ്ങാനം പഞ്ചായത്ത് കാർഷികവിളകളുടെ നാടാണ്. റബർ, തെങ്ങ്, നെല്ല് എന്നിവയാണ് മുഖ്യവിളകൾ. പരമ്പരാഗതമായി കൃഷിയും മൃഗപരിപാലനവും തമ്മിൽ ബന്ധപ്പെട്ടാണിരിക്കുന്നത്. കൃഷിയാവശ്യങ്ങൾക്കും ഗാർഹികാവശ്യങ്ങൾക്കുവേണ്ടിയാണ്. വളർത്തു മൃഗങ്ങളെ പരിപാലിച്ചിരുന്നത്. കാള എരുമ. എന്നീ മൃഗങ്ങളെ കൃഷിയാവശ്യങ്ങൾക്കുവേണ്ടിയും പശു. ആട്. പട്ടി എന്നീ മൃഗങ്ങളെ ഗാർഹികാവശ്യങ്ങൾക്കുവേണ്ടിയും വളർത്തി സംരക്ഷിച്ചിരുന്നു. വീട്ടാവശ്യങ്ങൾക്കുവേണ്ടി വിവിധയിനം കോഴികൾ. താറാവ് എന്നിവയെയും വളർത്തുന്നുണ്ട്. ഇറച്ചിയുടെ ആവശ്യത്തിനായി ചുരുക്കം ചില വീടുകളിൽ മുയലുകളെയും വളർത്തുന്നുണ്ട്.

വളർത്തുമൃഗങ്ങളിൽ മുഖ്യസ്ഥാനം പശു. ആട്. എരുമ. കാള. വളർത്തുനായ്ക്കൽ എന്നിവയ്ക്കാണ്. പഞ്ചായത്തിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2890 പശുക്കളും 1499 ആടുകളും 320 ഉഴവുകാളകളും 85 എരുമകളും ഇപ്പോൾ കൃഷിക്കാരുടെ സംരക്ഷണത്തിൽ വളരുന്നു. പഞ്ചായത്തിലെ മിക്ക വീടുകളിലും വളർത്തുനായ്ക്കൾ ഉണ്ട്. ഇവയുടെ എണ്ണം ഏകദേശം 1543 ആണ്. വ്യാവസായികാടിസ്ഥാനത്തിലല്ലെങ്കിലും 85% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്.

നെൽകൃഷി കുറഞ്ഞുവരുന്നതും കാർഷിക രംഗത്തെ യന്ത്രവത്ക്കരിക്കുന്നതും മൂലം ഉഴവുകാളകളെ ഇപ്പോൾ ആരും സംരക്ഷിച്ചു വളർത്തുന്നില്ല. കോഴികൾക്കു വരുന്ന രോഗങ്ങൾ അവയുടെ വളർത്തലിനു വിഘാതമായി നിൽക്കുന്നു.

ഭരണങ്ങാനം പഞ്ചായത്തിൽ ഉദ്പാദന ക്ഷമമായ പശുക്കൾ ഉള്ളതിൽ ഏറിയവയും സങ്കരയിനത്തിൽപ്പെട്ടവയാണ്. ഇവയുടെ ഉൽപ്പാദന ക്ഷമത പൂർണ്ണമായും ചൂഷണം ചെയ്യാത്തതിന്റെ അടിസ്ഥാന ഘടകങ്ങൾ പച്ചപുല്ലിന്റെയും വൈയ്ക്കോലിന്റെയും അഭാവമാണ്. തന്മൂലം വിപണികളിൽ നിന്നു ലഭിക്കുന്ന കാലിത്തീറ്റകളെ ആശ്രയിക്കേണ്ടി വരുന്നു. തന്മൂലം ഉൽപ്പാദന ചിലവ് വർദ്ധിപ്പിക്കുകയും പാലുൽപ്പാദനം നഷ്ടമാണെന്നുള്ള ധാരണ ശക്തി പ്രാപിക്കുകയും ചെയ്യുന്നു. അശാസ്ത്രീയമായ പരമ്പരാഗത സംരക്ഷണരീതികൾക്ക് മാറ്റമുണ്ടായാൽ മാത്രമേ പാലുൽപ്പാദന രംഗത്ത് അഭിവൃദ്ധി ഉണ്ടാക്കുവാൻ കഴിയുകയുള്ളു.

ഇവിടെയാകെ നാല് ക്ഷീരോല്പ്പാദന സംഘങ്ങളാണുള്ളത്. അവ ആകെ 450 ലിറ്റർ പാൽ പ്രതിദിനം സംഭരിക്കുന്നുണ്ട്. ഇതിൽ 250 ലിറ്റർ മിൽമയ്ക്ക് കയറ്റിവിടുന്നു. നമ്മുടെ പാലിന്റെ ആളോഹരി പ്രതിദിന ലഭ്യത 199 ഗ്രാമാണ്. പാലിന്റെ സന്ദേശം ജനങ്ങളിലെത്തിച്ചാലേ ഈ രംഗത്ത് പുരോഗതി കൈവരിക്കാനാകൂ.

ഈ പഞ്ചായത്തിൽ ഉള്ളനാട്ടിലാണ് മൃഗാശുപത്രി സ്ഥാപിച്ചിരിക്കുന്നത്. എന്നാൽ ഈ ആശുപത്രിയുടെ സേവനം എല്ലാ വാർഡുകളിലും കിട്ടുന്നില്ല. കാലികളെ ബാധിക്കുന്ന അകിടുവീക്കം. കുളമ്പുരോഗം ഉദരരോഗം. കാലാവസ്ഥമാറ്റമനുസരിച്ചുണ്ടാകുന്ന പനി എന്നിങ്ങനെയുള്ള രോഗങ്ങൾ വരാതിരിക്കുന്നതിനുള്ള പ്രതിരോധകുത്തിവെയ്പ് മൃഗശുചിത്വം സംബന്ധിച്ചും. കാലികളുടെ പരിപാലനം സംബന്ധിച്ചുമുള്ള ശാസ്ത്രീയമായ അറിവില്ലായ്മ തുടങ്ങിയവ കാലിവളർത്തലിനെ കാര്യമായി ബാധിക്കുന്ന പ്രശ്നങ്ങളാണ്.

പഞ്ചായത്തിൽ 50 ഓളം ഗോബർഗ്യാസ് പ്ലാന്റുകളുണ്ട്. എന്നാൽ പെട്രോളിയം ഗ്യാസിന്റെ ഉപയോഗം വന്നതോടെ ഇവയിൽ പലതും പ്രവർത്തിക്കുന്നില്ല. വീടുകളിൽ പാചകത്തിനു മാത്രമല്ല. വെളിച്ചത്തിനും ഗോബർഗ്യാസ് പ്ലാന്റ് ഉപയോഗിക്കാവുന്നതാണ്.

ജൈവവളത്തിന്റെ ഉപയോഗത്തിൽ വന്നിട്ടുള്ള കുറവുകൾ കാലിവളർത്തലിൽ ഗണ്യമായ കുറവുണ്ടാക്കി.

**8-ാം പഞ്ചവത്സര പദ്ധതിയിൽ നടപ്പാക്കിയ ക്ഷീരവികസനപ്രവർത്തനങ്ങൾ**

1 ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം Rs. 5976/-

2 മോഡൽ ഡയറി ഫാം യൂണിറ്റ് Rs. 6000/-

3. വിജ്ഞാന വ്യാപനപരിപാടി Rs 600/-

4. പുൽകൃഷി വികസനം Rs. 4000/-

5. ഹരിജനങ്ങൾക്കുള്ള കറവപ്പശു വിതരണം Rs. 18000/-

6. ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിറ്റ് Rs 22000/-

6. മാതൃകാ കാലിത്തൊഴുത്തു നിർമ്മാണം Rs 5000/-

**മൃഗസംരക്ഷണം സംബന്ധിച്ച നമ്മുടെ പഞ്ചായത്തിലെ ചില പ്രധാന പ്രശ്നങ്ങൾ.**

1. പാൽ സംഭരിക്കുന്നതിനും വിപണനത്തിനും വേണ്ട സൗകര്യമില്ലായ്മ.
2. മൃഗസംരക്ഷണത്തിന് ആവശ്യമായ ധനസഹായപദ്ധതികളുടെ കുറവ്.
3. കാലിത്തീറ്റയുടെ വിലവർദ്ധനവ്
4. പുല്ല് വൈയ്ക്കോൽ തുടങ്ങിയവയുടെ ലഭ്യത കുറവ്
5. മൃഗചികിത്സയ്ക്കുള്ള സൗകര്യങ്ങളുടെ അപര്യാപ്തത.
6. വായ്പകൾ ലഭിക്കാനുള്ള ബുദ്ധിമുട്ടുകൾ
7. വളർത്തുപക്ഷികളുടെ രോഗ പ്രതിരോധ ചികിത്സയ്ക്കുള്ള സംവിധാനത്തിന്റെ കുറവ്.
8. പേപ്പട്ടിശല്യം
9. ആധുനികവും ശാസ്ത്രീയവുമായ പരിജ്ഞാനത്തിന്റെ കുറവ്.

**മൃഗസംരക്ഷണം സംബന്ധിച്ച് ഗ്രാമസഭകളുടെ ചർച്ചയിൽ വന്നിട്ടുള്ള നിർദ്ദേശങ്ങൾ**

1 ഭരണങ്ങാനം കേന്ദ്രമായി നിലവിലുള്ള ICDP സെന്റർ മൃഗാശുപത്രിയായി ഉയർത്തുകയും. അളനാട് വാർഡിലും ചൂണ്ടച്ചേരിയിലും ഓരോ ICDP സെന്റർ ആരംഭിക്കുകയും ചെയ്യുക.

2. പഞ്ചായത്തുതലത്തിൽ ബോധവൽക്കരണം പരിശീലനം. സെമിനാറുകൾ സംഘടിപ്പിക്കുക. പ്രധാന വിഷയങ്ങൾ a. കറവപ്പശുവളർത്തൽ b. ആടുവളർത്തൽ. c. ഇറച്ചി/മുട്ടക്കോഴി വളർത്തൽ. d. മുയൽ. പന്നി വളർത്തൽ. e. മത്സ്യകൃഷി f. തേനീച്ച വളർത്തൽ. g. തീറ്റപ്പുൽകൃഷി

3 പഞ്ചായത്തിൽ ഇടപാടി. അളനാട് ഉള്ളനാട്. കയ്യൂർ എന്നീ പ്രദേശങ്ങളിൽ പുതിയ ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ സ്ഥാപിക്കുക. നിലവിലുള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

4 ദുർബലവിഭാഗങ്ങൾക്ക് കറവമാടുകളെയും വളർത്തുമൃഗങ്ങളെയും വാങ്ങുന്നതിന് ക്ഷീരവ്യവസായസഹകരണസംഘങ്ങൾ മുഖേന സഹകരണ ബാങ്കുകൾ വഴി മദ്ധ്യകാല വായ്പകൾ ലഭ്യമാക്കുക. ബന്ധപ്പെട്ട മറ്റാവശ്യങ്ങൾക്കും വായ്പകൾ ഉദാരവ്യവസ്ഥയിൽ നൽകുന്നതിന് ഉള്ള സംവിധാനം ഉണ്ടാക്കുക.

5. ക്ഷീരവകുപ്പും പഞ്ചായത്തും ക്ഷീരവ്യവസായ സംഘങ്ങളും സംയുക്തമായി എല്ലാ പദ്ധതികൾക്കും സഹായവും പ്രോത്സാഹനവും നൽകി കർഷകരെ സഹായിക്കുക.

6. വളർത്തുമൃഗങ്ങൾക്ക് രോഗപ്രതിരോധ കുത്തിവെയ്പ് നിർബന്ധമാക്കി ലൈസൻസ് ഏർപ്പെടുത്തുക.

7 അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും പൊതുജനാരോഗ്യം ശുചിത്വം എന്നിവ കണക്കിലെടുത്ത് കോഴി. പന്നി വളർത്തൽ കേന്ദ്രങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക.

8. കൃത്രിമബീജദാന ഫീസിന്റെ കർഷകരുടെ വിഹിതം 15 രൂപയാക്കി കുറച്ച് ഓരോ കുത്തിവയ്പിലും നിലവിലുള്ള തുകയിൽ 3 രൂപ 50 പൈസ സർക്കാർ സബ്സീഡി നൽകുക. നിലവിലുള്ള നിരക്ക് 18 രൂപ 50. കൃത്രിമ ബീജദാന ഫീസിൽ ഉണ്ടാവാൻ സാദ്ധ്യതയുള്ള വർദ്ധനവ് സബ്സീഡിയായി നൽകി ഫീസിന്റെ കർഷക വിഹിതം 15 രൂപയായി തന്നെ നിലനിർത്തുക.

9. മൃഗാശുപത്രികൾക്ക് വികസന സമിതി രൂപീകരിക്കുക. ആശുപത്രിയിൽ ആധുനിക ഉപകരണങ്ങൾ സജ്ജീകരിക്കുക.

10 മൃഗാശുപത്രിക്ക് ചുറ്റുമതിൽ നിർമ്മിക്കുക.

11. വിത്തുകാളകളെ നിരോധിച്ചുകൊണ്ടുള്ള നിയമം പഞ്ചായത്തിൽ കാര്യക്ഷമമായി നടപ്പിലാക്കുക.

12 കാലത്തീറ്റയുടെ ഗുണനിലവാരം ഉറപ്പു വരുത്തുകയും മായം കർശനമായി തടയുകയും ചെയ്യുക.

## 9-ാം പദ്ധതി നിർദ്ദേശങ്ങൾ

9-ാം പദ്ധതിക്കാലത്ത് പാലിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കന്നുകാലികളുടെ വർഗ്ഗോദ്ധാരണം. കന്നുകുട്ടികളുടെ പരിപാലനം. കർഷകർക്ക് പെൻഷൻപദ്ധതി. കാലിത്തൊഴുത്ത് നിർമ്മാണസഹായ പദ്ധതി. ദീർഘകാല ഹ്രസ്വകാല പുൽവിത്തിനങ്ങളുടെ വിതരണവും കൃഷിയും. ഡയറിഫാം യൂണിറ്റുകളുടെ സ്ഥാപനം. കന്നുകാലി ഇൻഷ്വറൻസ് പദ്ധതി. കറവമാടുകളെ വാങ്ങിക്കുന്നതിന് സബ്സിഡിയും വായ്പയും. കാലിത്തീറ്റ റേഷൻ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. വിവിധ തരത്തിലുള്ള പരിശീലനം. ബോധവൽക്കരണ ക്ലാസ്സുകളും, ക്ഷീരവ്യവസായ സംഘങ്ങളുടെ പ്രവർത്തനത്തെ ശക്തിപ്പെടുത്തലും, പ്രവർത്തനക്ഷമത വർദ്ധിപ്പിക്കലും. പ്രധാന ഘടകങ്ങളാണ്. ക്ഷീരോൽപാദനയൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാനും സാധിക്കും. പാൽവിലയ്ക്ക് ഇൻസെന്റീവ് കൊടുക്കുന്നത് കർഷകർക്ക് പ്രോത്സാഹനമാണ്.

മേൽനിർദ്ദേശങ്ങളും പരിപാടികളും പ്രാവർത്തികമാക്കുന്നതിന് ഒരു ഡയറി സർവ്വീസ് യൂണിറ്റ്. സർക്കാർ എല്ലാ പഞ്ചായത്തിലും കൃഷിഭവൻ മാതൃകയിൽ ആരംഭിക്കുന്നത് പ്രയോജനമായിരിക്കും.

ലോകാരോഗ്യസംഘടന ആരോഗ്യപരിപാലനത്തിന് നിർദ്ദേശിച്ചിരിക്കുന്ന പാലിന്റെ ഉപയോഗം 280 ഗ്രാമർ എത്തുവാൻ കാര്യക്ഷമമായ മൃഗസംരക്ഷണ നടപടികൾ കൊണ്ട് നമുക്ക് കഴിയുമാക്കാം.

# മത്സ്യബന്ധനം

ഭരണങ്ങാനം പഞ്ചായത്തിൽ മത്സ്യബന്ധിക്കുന്ന സാദ്ധ്യത വളരെ കുറവാണ് പക്ഷേ ആവശ്യതികൾക്ക് സ്വന്തമായി ഈ രംഗത്തിറങ്ങുവാൻ പ്രവർത്തിച്ചാൽ മാത്രമേ അതിനു സാദ്ധ്യതയുള്ളൂ.

## പ്രശ്നങ്ങൾ

a. എല്ലാ അവസരങ്ങളിലും ജലം ലഭിക്കുന്ന കുളങ്ങളോ മറ്റേതെങ്കിലും തരത്തിലുള്ള ജലാശയങ്ങളോ ഇല്ല.

b സംഭരണവിതരണ സൗകര്യങ്ങളുടെ കുറവ്.

d. പ്രോത്സാഹന-സാങ്കേതിക-ഉപദേശ കുറവ്

## സാദ്ധ്യതകൾ

പാറകൾ പൊട്ടിച്ചെടുക്കുന്നതുമൂലം ഉണ്ടായിട്ടുള്ള കുളങ്ങളിൽ മത്സ്യം വളർത്തുവാൻ സാധിക്കും. അത്തരം കുളങ്ങളുള്ളവരെ കണ്ടുപിടിച്ച് പ്രവർത്തിക്കുവേണ്ട പ്രോത്സാഹനവും, സഹായവും നൽകുക.

സാങ്കേതിക പരിജ്ഞാനവും, സൗകര്യങ്ങളും കർഷകരിൽ മത്സ്യക്കൃഷിയിലേക്കിറങ്ങുവാൻ പ്രേരിപ്പിക്കുക.

സർക്കാർ തലത്തിൽ വേണ്ട സഹായപദ്ധതികൾ നടപ്പാക്കുക.

വേണ്ടവിധത്തിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ പരിമിതമായ തോതിലെങ്കിലും മത്സ്യകൃഷി നമ്മുടെ പഞ്ചായത്തിലും വിജയിപ്പിക്കുവാനുള്ള സൗകര്യം ഉണ്ട്.

***"ആവശ്യത്തിന് പച്ചക്കറികളും, പഴങ്ങളും, പാലും ഗ്രാമങ്ങളിൽത്തന്നെ ഉല്പാദിപ്പിക്കുക എന്നത് പ്രകൃതിചികിത്സയുടെ ഒരു മുഖ്യഘടകമാണ്. അതിനു ചിലവിടുന്ന സമയം വൃഥാവിലാണെന്ന് കരുതരുത്. അത് ഓരോ ഗ്രാമത്തേയും ആത്മനിർഭരമായി ഇന്ത്യയെ ഒട്ടാകെത്തന്നെയും സഹായിക്കും" (ഹരിജൻ - 2.6.46)***

***ഗാന്ധിജി***

# 3. വിദ്യാഭ്യാസം

**"ഇന്ത്യയിൽ സൗജന്യവും നിർബന്ധിതവുമായ പ്രൈമറി വിദ്യാഭ്യാസം നടപ്പാക്കണമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. കുട്ടികളെ എന്തെങ്കിലും പ്രയോജനകരമായ തൊഴിൽ പരിശീലിപ്പിക്കുകയും അതുവഴിയായി അവരുടെ മാനസികവും, കായികവും, ആത്മീയവുമായ കഴിവുകളെ പരിപോഷിപ്പിക്കുകയും വേണം. ഇത് നമ്മുടെ ഗ്രാമങ്ങളുടെ ക്രമാനുഗതമായ ജീർണ്ണിപ്പിനെ തടഞ്ഞു നിർത്തും" (ഹരിജൻ 9. 10 37)**

ഗാന്ധിജി

.കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ മീനച്ചിലാർ തെക്കേ അതിർത്തിയായി ഒഴുകിക്കൊണ്ടിരിക്കുന്നതും പ്രകൃതി കനിഞ്ഞനുഗ്രഹിച്ചിട്ടുള്ളതും ഫലഭൂയിഷ്ഠവുമായ ഒരു പുണ്യ ചരിത്ര ഗ്രാമമാണ് ഭരണങ്ങാനം. ഈ ഗ്രാമം ഇന്ന് ലോകത്തിന്റെ ഒരു ശ്രദ്ധാ കേന്ദ്രമാണ്. വിശുദ്ധ അൽഫോൻസാമ്മയുടെ ജീവിതം കൊണ്ട് ധന്യമായ ഈ ഗ്രാമം കേരളത്തിനും ഇന്ത്യക്കും അഭിമാനനായി മാറിക്കൊണ്ടിരിക്കുകയാണ്. സ്ത്രീ പുരുഷ എണ്ണത്തിൽ വലിയ വ്യത്യാസമില്ലാതെ ജനസാന്ദ്രതയുടെ കാര്യത്തിൽ മികച്ചു നിൽക്കുന്നു. 1991 ലെ സെൻസസ് പ്രകാരം 7949 പുരുഷന്മാരും 8056 സ്ത്രീകളും ഈ പഞ്ചായത്തിൽ ഉണ്ട്.

ഈശ്വരവിശ്വാസത്തിലും കാർഷിക വൃത്തിയിലും അധിഷ്ഠിതമാണ് ജനജീവിതം. ഹൈന്ദവ ക്രിസ്ത്യൻ സംസ്കാരങ്ങൾ ഇഴുകിച്ചേർന്നിട്ടുള്ള ഈ ദേശം മതസൗഹാർദ്ദത്തിനും സാഹോദര്യത്തിനും മറ്റാരുടേയും മുന്നിലാണ്.

വിദ്യാഭ്യാസ സൗകര്യത്തിന്റെ കാര്യത്തിലും വിദ്യാഭ്യാസത്തിലും മറ്റേതു പ്രദേശത്തേക്കാളും ഏറെ മുൻപിലാണ് ഈ ഗ്രാമം . ഈ നൂറ്റാണ്ടിനു മുമ്പുള്ള വിദ്യാഭ്യാസം ഗുരുകുലങ്ങളേയും, നിലത്തെഴുത്താശാന്മാരേയും കേന്ദ്രീകരിച്ചായിരുന്നു. എഴുത്തു കളരികൾ ഗ്രാമത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ഫലപ്രദമായ രീതിയിൽ നടന്നു വന്നിരുന്നു. സാക്ഷരതയുടെ കാര്യത്തിൽ വളരെ മുമ്പു തന്നെ ഉയർന്ന നിലവാരം കൈവരിച്ചിരുന്നു.

പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം ആദ്യമായി ഏർപ്പെടുത്തിയിരുന്നത് സർക്കാർ സ്കൂളുകൾ മുഖാന്തിരമാണ്. ഇടപ്പാടിയിലാണ് ആദ്യമായി സർക്കാർ സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. അളനാട്ടിലും കയ്യൂരിലും സ്വകാര്യ വ്യക്തികൾ ആരംഭിച്ച പ്രൈമറി സ്കൂളുകൾ പിന്നീട് ഗവ. ന് വിട്ടു കൊടുക്കുകയുണ്ടായി. ക്രിസ്ത്യൻ മാനേജ്മെന്റുകൾ. എയ്ഡഡ് പ്രൈമറി സ്കൂളുകൾ മിക്കവാറും എല്ലാ സ്ഥലങ്ങളിലും ഒരു നൂറ്റാണ്ട് മുതൽ സ്ഥാപിച്ചു നടത്തി വന്നിരുന്നു. ഉള്ളനാട് നോർത്ത് ഉള്ളനാട് സൗത്ത്.ഉള്ളനാട് സൗത്ത് എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന 3 സ്കൂളുകളിൽ ഉള്ള നാട് സൗത്ത് സ്കൂൾ കുട്ടികളുടെ എണ്ണം കുറവായതിന്റെ പേരിൽ പ്രവർത്തനം നിർത്തിയിരിക്കുകയാണ്.

പഞ്ചായത്ത് ആസ്ഥാനമായ ഭരണങ്ങാനത്താണ് മൂന്നു ഹൈസ്കൂളുകൾ സ്ഥിതി ചെയ്യുന്നത്. ഭരണങ്ങാനം സെന്റ്. മേരീസ് ഹൈസ്കൂൾ. സേക്രട്ട് ഹാർട്ട് ഗേൾസ് ഹൈസ്കൂൾ. അൽഫോൻസാ സെസിഡൻഷ്യൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിവയാണ് ഹൈസ്കൂളുകൾ. സെൻറ്. ലിറ്റിൽ ഫ്ലവേഴ്സ് എൽ. പി. സ്കൂൾ എന്ന ലോവർ പ്രൈമറി സ്കൂളും പ്രവർത്തിക്കുന്നു. അൽഫോൻസാ കോളേജ് എന്ന ഒരു പാരലൽ കോളേജ് പഞ്ചായത്തിലെ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. മേരിഗിരി I.H.M. ഹോസ്പിറ്റലിന്റെ ആഭിമുഖ്യത്തിൽ നേഴ്സിംഗ് പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. അളനാട് ഗവ. യു. പി. സ്കൂൾ. ഉള്ളനാട് അപ്പർ പ്രൈമറി സ്കൂൾ. വേഴങ്ങാനം സെൻറ്. ജോസഫ്സ് എൽ. പി. സ്കൂൾ ഗവ. എൽ. പി.എസ്. ഇടപ്പാടി. ഗവ. എൽ. പി. എസ് കയ്യൂർ. സാൻജോസ് പബ്ലിക് സ്കൂൾ ചൂണ്ടച്ചേരി എന്നിവയാണ് പഞ്ചായത്തിലെ മറ്റ് വാർഡുകളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഭൂമി ശാസ്ത്രപരമായി കരൂർ പഞ്ചായത്തിലാണ് പ്രവിത്താനം സെൻറ് .മൈക്കിൾസ് ഹൈസ്കൂൾ. പഞ്ചായത്തിലെ ആറാം വാർഡിൽ നിന്നും ഏതാനും മീറ്റർ അകലെയാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിലെ പ്രവിത്താനം. അളനാട്. ഉള്ളനാട്. വേഴങ്ങാനം കയ്യൂർ പ്രദേശങ്ങളിലെ കുട്ടികളാണ് ഈ സ്കൂലിലെ 95% വിദ്യാർത്ഥികളും. പ്രവർത്തനം കൊണ്ട് ഈ സ്കൂൾ ഭരണങ്ങാനം പഞ്ചായത്തിലാണ്. 1946-47 വർഷത്തിൽ സ്ഥാപിതമായ ഈ സ്കൂളിൽ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുന്ന

തിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഈ സ്കൂളിലെ വിദ്യാർത്ഥികൾ പഠനത്തിൽ മാത്ര മല്ല, കായികരംഗത്ത് അഭിമാനാർഹമായ പല നേട്ട ങ്ങളും കൈവരിച്ചിട്ടുണ്ട്. നാഷനൽ മീറ്റിൽ 800 മീ. വനിതകൾക്ക് ആദ്യമായി മത്സരം ഏർപ്പെടു ത്തിയപ്പോൾ ഗോൾഡ് മെഡൽ നേടിയ സിസി ലിയാമ്മ ജോസഫ് ഔസേപ്പ്പാമ്പിലും പിറ്റേവർഷം ഗോൾഡ് മെഡൽ നേടിയ ഫിലോമിനാ ജോസഫ് ഔസേപ്പ്പാമ്പിലും സഹോദരിമാരാണ്. ഇതൊരു അപൂർവ്വ റിക്കാർഡാണ്. ഫിലോമിനാ ജോസഫ് ആ വർഷത്തെ സ്പോർട്സ വുമൺ ഓഫ് കേരള ആയും തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

' ഇസ്രയേൽ വംശം' ഉൾപ്പടെ അഞ്ച് മഹാ കാവ്യങ്ങളുടെ കർത്താവായ ശ്രീ. പി. എം ദേവസ്യാ പ്രവിത്താനം സ്വദേശിയാണ്.

## സെൻറ് മേരീസ് ഹൈസ്കൂൾ ഭരണങ്ങാനം

1897 ആണ് ഈ സ്കൂളിന്റെ ആരംഭം. ഭരണങ്ങാനം ഫൊറോനാ പള്ളിയിൽ നിന്നും നിർമ്മിച്ചു കൊടുത്ത കെട്ടിടത്തിലായിരുന്നു ഇതിന്റെ തുടക്കം. മീനച്ചിൽ താലൂക്കിലെ ആദ്യത്ത ഇംഗ്ലീഷ് സ്കൂൾ. ആംഗല പ്രേമികളായ തദ്ദേശ വാസികളുടെ വിജ്ഞാന ദാഹത്തിന്റെ നിത്യ ദർ ശനമാണ് ഈ വിദ്യാലയം. ഒരു കാൽ നൂറ്റാണ്ടു കാലം ഒരു സർക്കാർ വിദ്യാലയമായി 1923 മെയ് മാസം 25-കാം തീയതിയാണ് ഈ സ്കൂളിന് ക്രൈസ്തവ നാമം ലഭിച്ചത്. തുടർന്ന് 1924ൽ പെൺകുട്ടികൾക്കായി മലയാളം മീഡിയം സ്കൂൾ ആരംഭിച്ചു. 1933ൽ ഈ സ്കൂൾ ഹൈസ്കൂളായി പ്രവർത്തിക്കുന്നതിന് അനുമതി ലഭിച്ചു. 1936ൽ ഹൈസ്കൂളായി പൂർണ്ണമായും പ്രവർത്തനം ആരംഭി ച്ചു. 1947ൽ ആണ് ഇന്നു നാം കാണുന്ന മനോഹ രമായ കെട്ടിടത്തിന്റെ പണി പൂർത്തിയായത്. മീന ച്ചിൽ താലൂക്കിലെ ആദ്യത്ത ഇംഗ്ലീഷ് സ്കൂളെന്ന നിലയി ൽ ഈ സ്കൂളിന്റെ വളർച്ചയും പ്രവർത്ത നവും ശ്രദ്ധേയമാണ്. കഴിഞ്ഞ 5 വർഷങ്ങളിലെ വിജയശതമാനം 87 മുതൽ 97 വരെയാണ്. ഇന്ന ത്തെ സ്റ്റേഡിയവും മനോഹരമായ പരിസരവും ഇതിന്റെ സാരഥികളുടെ ദീർഘ വീക്ഷണത്തിന് മകുടോദാഹരണങ്ങളാണ്. പഠനത്തിലും പാഠ്യേതര വിഷയങ്ങളിലും വളരെ ഉന്നതമായ പല നേട്ടങ്ങൾ ക്കും ഈ സ്കൂൾ അർഹമായിട്ടുണ്ട്. വിശുദ്ധ അൽ ഫോൻസാമ്മയുടെ തിരുമുറ്റത്തു തന്നെ ഈ സ്കൂൾ സ്ഥിതി ചെയ്യുന്നതു തന്നെ ദൈവാനുഗ്രഹത്തിന്റെ പ്രകടമായ തെളിവാണ്.

## സേക്രട്ട് ഹാർട്ട് ഗേൾസ് ഹൈസ്കൂൾ ഭരണങ്ങാനം

ഭരണങ്ങാനത്തും പരിസര പ്രദേശങ്ങളിലും പെൺകുട്ടികൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് യാതൊരു സൗകര്യവുമില്ലാതിരുന്ന കാലഘട്ടത്തി ലാണ് ഈ സ്കൂൾ ആരംഭിച്ചത്. 1930 ലാണ് ഈ ഗേൾസ് സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ച ത്. 1949ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. കേ വലം 28 കുട്ടികളോടു കൂടി ആരംഭിച്ച ഈ സ്കൂ ളിൽ ഇപ്പോൾ വിവിധ ക്ലാസ്സുകളിലായി 837 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. 1965ൽ ഇംഗ്ലീഷ് മീഡിയംക്ലാസ്സ് നടത്തുന്നതിനുള്ള അനുവാദം ലഭി ക്കുകയും എല്ലാക്ലാസ്സുകളിലും ഓരോ ഡിവിഷൻ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ നടത്തി വരുകയും ചെയ്യുന്നു. 1963ൽ S.S.L.C.യ്ക്ക് 100% വിജയ വും 1975ൽ ജില്ലയിൽ ഒന്നാം സ്ഥാനവും കരസ്ഥ മാക്കുവാൻ കഴിഞ്ഞു. വിജയശതമാനത്തിൽ അത്യു ന്നത നിലവാരം കാത്തു സൂക്ഷിക്കുവാൻ എക്കാല വും ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. 95-96 വർ.ത്തെ വിജയശതമാനം 94 ആണ്. കഴിഞ്ഞ 5 വർഷത്തെ വിജയശതമാനം 91നും 96നും ഇടയ്ക്കാണ്. അൽഫോൻസാമ്മയും മിസ് കുമാരിയും ഈ സ്കൂ ളിലെ ഒരു അദ്ധ്യാപികമാരായിരുന്നു എന്നത് ഏറ്റ വും അഭിമാനകരമാണ്.

ഈ സ്കൂളിന്റെ വിജയം പഠനകാര്യങ്ങളോ ടൊപ്പം മറ്റു രംഗങ്ങളിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങ ളാണ്. നേട്ടങ്ങളുടെ വലിയൊരു പട്ടിക തന്നെ നിര ത്തുവാൻ സാധിക്കും. യുവജനോത്സവം. ഗൈഡിംഗ്. സ്പോർട്സ് ആൻഡ് ഗെയിംസ്. സോഷ്യൽ സർ വീസ് ലീഗ് തുടങ്ങിയ മേഖലകളിലെ പ്രവർത്തന ങ്ങൾ സംസ്ഥാന ശ്രദ്ധ എല്ലായ്പ്പോഴും പിടിച്ചു പറ്റിയിട്ടുണ്ട്. മതപരമായ പ്രവർത്തനങ്ങൾക്ക് എന്നും മുൻപന്തിയിലാണ്. S.H. G.H.S. സ്കൂളിന് സ്വന്ത മായി ഒരു ബാൻഡ് സെറ്റുണ്ട്. ഈ സ്കൂളിന്റെ പ്രവർത്തനം ഏറ്റവും കൂടുതൽ ശ്രദ്ധേയമായിട്ടുള്ളത് കായികരംഗത്തും ഗെയിംസ് രംഗത്തുമാണ്. ദേശീയ സംസ്ഥാന താരങ്ങളുടെ ഒരു നഴ്സറിയാണ് ഈ സ്കൂൾ. ഈ രംഗത്തെ നേട്ടങ്ങളും പ്രവർത്തന ങ്ങളും അസൂയാവഹമാണ്. ദേശീയരംഗത്ത് ഇന്ന് ഏറ്റവും ജനശ്രദ്ധ ആകർഷിച്ചു കൊണ്ടിരിക്കുന്ന ജിബി മോൾ എബ്രാഹം ഈ സ്കൂളിന്റെ സൃഷ്ടി യാണ്. കൂടാതെ പുഷ്പ. പി. ജോസഫ്. കൊച്ചു റാണി സെബാസ്റ്റ്യൻ. സുനിത. റ്റി ബോബി. നിഷാ വേണു ഗോപാൽ എന്നിവർ ദേശീയ ജേതാക്കളാ ണ്. സംസ്ഥാന ജേതാക്കളുടെ പട്ടികയിൽ. നിഷ. ഫിലിപ്പ്. നിമ്മി എം ഫിലിപ്പ്. ഡാർളി മനയാനി.

പ്രിയ ആൻ ജോസ്, ഷൈനി വി ജോസ്, ബിന്ദു പി. അഗസ്റ്റിൻ, ശോഭനാ കുമാരി വി. കെ, മഞ്ജു മാത്യു അനുറാണി ഫിലിഫ് പ്രിയ സി കുര്യൻ, തുഷാര ജേക്കബ്, മിനി ലൂക്കോസ്, അഞ്ജു മാത്യു, റിന്റാ മോൾ മാത്യു, ഷീജാ ജോൺ, ബിൻസി ജോസഫ്, സ്മിതാ മോൾ ജോസഫ്, മേബിൾ മരിയാ ജേക്കബ്, മെരിനാ സെബാസ്റ്റ്യൻ, സന്ധ്യാ ബി. കുക്കു മേരി പോൾ, ശ്വേതാ രാജ്, ജിഷാ ആർ, ദീപാ ജോർജ്ജ്, നിതു വേണുഗോപാൽ, ബേബി മോൾ സേവ്യർ എന്നിവർ ഉൾപ്പെടുന്നു. എക്കാലത്തും കായികതാരങ്ങളെ സൃഷ്ടിക്കുന്നതിൽ കേരളിത്തിലെ ഏതു സ്കൂളിന്റെയും മുൻപന്തിയിലാണ് എന്നത് നമുക്ക് വളരെയേറെ അഭിമാനകരമാണ്. എന്നാൽ 100 മീ. ഓടുന്നതിനു പോലും സ്ഥലമില്ലാതെയാണ് ഈ നേട്ടങ്ങൾ കൈവരിച്ചത് എന്നതാണ് അതിലേറെ അത്ഭുതകരമായിട്ടുള്ളത്. ഈ രംഗത്തെ പ്രോത്സാഹനവും അർപ്പണ ബോധവുമാണ് ഇതിന്റെ പിന്നിലെന്ന് നിസംശയം പറയാം.

ഈ സ്കൂളിന്റെ ഇപ്രകാരമുള്ള എല്ലാ വിധത്തിലും പ്രകാരത്തിലുമുള്ള പ്രവർത്തനങ്ങളെ സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്, ഈ സംസ്ഥാനത്തെ ഏറ്റവും നല്ല ഹൈസ്കൂളിനുള്ള ശ്രീചാക്കേരി അഹമ്മദുകുട്ടി മെമ്മോറിയൽ ട്രോഫി 1984-85 വർഷത്തിൽ നൽകി അംഗീകരിക്കുകയുണ്ടായി. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ആണ് ഈ ട്രോഫി ഈ സ്കൂളിന് ലഭിച്ചത്. ഈ സ്കൂളിനു ലഭിച്ച അംഗീകരത്ത പ്രകീർത്തിക്കുന്നതിന് അന്ന് മുഖ്യമന്ത്രി ശ്രീ ഇ.കെ. നായനാർ സ്കൂൾ സന്ദർശിക്കുകയും ചെയ്തു. നമ്മുടെ

ചാക്കേരി അഹമ്മദുകുട്ടി ട്രോഫി

പഞ്ചായത്തിന്റെ മാത്രമല്ല, ഈ ജില്ലയിലെ തന്നെ വിദ്യാഭ്യാസ രംഗത്ത് അഭിമാനസ്തംഭമാണ് ഈ സരസ്വതി ക്ഷേത്രം.

### അൽഫോൻസാ റസിഡൻഷ്യൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ

1971-ൽ ഭരണങ്ങാനത്ത് ആരംഭിച്ച അൽഫോൻസാമ്മയുടെ നാമധേയത്തിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളിൽ 24 ഡിവിഷനുകളിലായി 932 വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ പഠിക്കുന്നു. 100% വിജയം എല്ലാ വർഷവും നേടുന്ന ഐ.സി.എസ്. സിലബസു പ്രകാരമുള്ള കേരളത്തിലെ 4 സ്കൂളുകളിൽ ഒന്നാണ്. അതിവേഗം, ഒരു വിദ്യാലയത്തിനു വേണ്ട എല്ലാ വിധസൗകര്യങ്ങളും ആർജ്ജിച്ചിട്ടുള്ള ഈ വിദ്യാലയം ഉന്നത നിലവാരം പുലർത്തുന്നു. L.K.G. മുതലുള്ള ക്ലാസ്സുകൾ ഇവിടെ നടത്തി വരുന്നു.

### സാൻജോസ് പബ്ലിക്ക് സ്കൂൾ ചൂണ്ടച്ചേരി

1988-ൽ ചൂണ്ടച്ചേരിയിൽ ആരംഭിച്ചതാണ് ഈ ഇംഗ്ലീഷ് മീഡിയം സ്കൂൾ. ഇപ്പോൾ 132 ആൺകുട്ടികളും 104 പെൺകുട്ടികളും ആയി ആകെ 235 പേർ പഠിക്കുന്നു. L.K.G., U.K.G. ക്ലാസ്സുകൾ ഉൾപ്പെടെ VI സ്റ്റാൻഡാർഡ് വരെയുള്ള കുട്ടികൾക്ക് ഇവിടെ ഇപ്പോൾ പ്രവേശനം ലഭിക്കുന്നു. ഒരു ഹൈസ്കൂൾ ആരംഭിക്കുന്ന ഉദ്ദേശത്തോടെആണ് ഇതിന്റെ പ്രവർത്തനം മുമ്പോട്ട് നീങ്ങുന്നത്.

### ഗവ. യു. പി. സ്കൂൾ അളനാട്

ഗവ. ഉടമയിലുള്ള അപ്പർ പ്രൈമറി സ്കൂളാണ് അളനാട് യു. പി. സ്കൂൾ. 91 ആൺകുട്ടികളും 102 പെൺകുട്ടികളും ഉൾപ്പെടെ ഒന്ന് മുതൽ ഏഴ് ക്ലാസ്സ് വരെ ആകെ 193 വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ പഠിക്കുന്നു. സാധാരണ ഗവ. സ്കൂളുകൾക്കുള്ളതിലേറെ സൗകര്യങ്ങളുണ്ടാക്കുന്നതിന് P.T.A. യം പഞ്ചായത്തിനും കഴിഞ്ഞിട്ടുണ്ട്.

### എസ്. എച്ച്. യു.പി. സ്കൂൾ ഉള്ളനാട്

ഉള്ളനാട്ടിൽ സ്ഥിതിചെയ്യുന്ന ഈ യു. പി. സ്കൂളിൽ ഒന്ന് മുതൽ ഏഴു ക്ലാസ്സു വരെ 140 ആൺകുട്ടികളും 132 പെൺകുട്ടികളും ആയി ആകെ 272 പേർ പഠിക്കുന്നു. എല്ലാ സൗകര്യങ്ങളും ഉള്ള ഈ സ്കൂലിൽ അക്കാദമിക് നിലവാരം വളരെ ഉയർന്നതാണ്.

### സെൻറ് ലിറ്റിൽ ത്രേസ്യാസ് എൽ. പി. സ്കൂൾ ഭരണങ്ങാനം

എസ്. എച്ച്. ജി. എച്ച്. സ്കൂൾ കോമ്പൗണ്ടിൽ തന്നെ സ്ഥിതി ചെയ്യുന്ന പ്രൈമറി സ്കൂളാണിത്. 203ആൺകുട്ടികളും 211 പെൺകുട്ടികളും ആയി ആകെ 414 കുട്ടികൾ ഇവിടെ പഠിക്കുന്നു. വിദ്യഭ്യാസത്തിൽ നല്ല നിലവാരം പുലർത്തുന്നു. പ്രാഥമിക സൗകര്യങ്ങൾ എല്ലാമുണ്ട്.

### ഗവ. എൽ. പി. എസ്. ഇടപ്പാടി

31 ആൺകുട്ടികളും 27 പെൺകുട്ടികളും ആയി ആകെ 58 പേർ പഠിക്കുന്നു. പ്രാഥമിക സൗകര്യങ്ങൾ മാത്രം ഉള്ള മറ്റ് എല്ലാ പരാധീനതകളും ഉള്ള സ്ഥാപനമാണിത്.

### ഗവ. എൽ. പി. എസ്. കയ്യൂർ

പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമായ കയ്യൂരിൽ സ്ഥിതി ചെയ്യുന്ന ഏക വിദ്യാഭ്യാസ സ്ഥാപനമാണ്. ആകെ 66 വിദ്യാർത്ഥികൾ പഠിക്കുന്നു. 35 ആൺകുട്ടികളും 31 പെൺകുട്ടികളുംമാണുള്ളത്. ആകെ 4 അദ്ധ്യാപകരാണുള്ളത്. അവശ്യസൗകര്യങ്ങൾ ഒന്നും തന്നെയില്ല.

### സെ. ജോസഫ്സ് എൽ. പി. എസ്. വേഴാങ്ങാനം

50 വിദ്യാർത്ഥികൾ മാത്രം പഠിക്കുന്ന ഈ എൽ. പി. സ്കൂളിൽ 3 അദ്ധ്യാപികാ അദ്ധ്യാപകരാണുള്ളത്. പ്രാഥമികമായി എല്ലാ സൗകര്യമുള്ളതും തദ്ദേശ വാസികൾക്കു താല്പരമുള്ളതുമായ ഒരു പ്രൈമറി സ്കൂളാണ്.

സാമ്പത്തിക കാരണങ്ങളാൽ വളരെ ചെറിയ ശതമാനം വിദ്യാർത്ഥികൾ ഇടക്കു വച്ച് പഠനം നിറുത്തുന്നവരുണ്ട്. അവരുടെ എണ്ണം 95 മാത്രമാണ്.

നിരവധി വിദ്യാലയങ്ങളും അനേകം വിദ്യാസമ്പന്നരും ഉണ്ടെങ്കിലും പഞ്ചായത്തിൽ നിരക്ഷരർ ഇപ്പോഴുമുണ്ട്. സാക്ഷരതാ പ്രവർത്തനത്തിലൂടെ കുറെ പേരെ സാക്ഷരരാക്കുവാൻ സാധിച്ചെങ്കിലും നവസാക്ഷരർ, തുടർ വിദ്യാഭ്യാസത്തിൻെറ കുറവു മൂലം ക്രമേണ വീണ്ടും നിരക്ഷരരായി എന്നതാണ് ദു:സത്യം.

പഞ്ചായത്തിലെ ആളുകളുടെ പൊതു നിലവാരം സാമാന്യം ഉയർന്ന നിലയിലാണ്. എസ്.എസ്. എൽ. സി. വിജയശതമാനം ശരാശരി 83%ന് മുകളിലാണ്.

ഈ പഞ്ചായത്തിൽ 3 പ്രീ പ്രൈമറി സ്കൂളുകളും അഞ്ച് നേഴ്സറി സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. മൂന്നു വയസിനും അഞ്ച് വയസ്സിനും ഇടയിലുള്ള കുട്ടികളധികവും സാമൂഹക്ഷേമ വകുപ്പിൻെറ കീഴിലുള്ള 17 അംങ്കൺവാടികളിലാണ് പഠിക്കുന്നത്.

വിദ്യാഭ്യാസ രംഗത്ത് ഗ്രാമപഞ്ചായത്തിൻെറ ആഭിമുഖ്യത്തിലുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി 1996 ജൂൺ മുതൽ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളെയും സംയോജിപ്പിച്ചു കൊണ്ട് ഒരു വദ്യാഭ്യാസ കോംപ്ലക്സ് പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. എല്ലാ മാസവും പഞ്ചായത്ത് ആസ്ഥാനത്തുള്ള സ്കൂളിൽ വച്ച് എല്ലാ അദ്ധ്യാപകർക്കും അദ്ധ്യാപക നിലവാരം ഉയർത്തുന്നതു സംബന്ധിച്ച് ക്ലാസ്സുകൾ നൽകി വരുന്നു. നിരക്ഷരതാ നിർമ്മാർജ്ജനം, വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഏകീകരണവും ചിട്ടപ്പെടുത്തലും എസ്. എസ്. എൽ. സി. വിജയശതമാനവും പൊതു പഠനനിലവാരവും ഉയർത്തുക എന്നിവ കോംപ്ലക്സിൻെറ ലക്ഷ്യങ്ങളാണ്. ആധുനിക ദൃശ്യ ശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെ നടത്തുന്ന പരിശീലനം പഠനം വിദ്യാർത്ഥികൾക്ക് രസകരവും ക്ലാസ്സുകൾ ചൈതന്യവത്തും ആക്കുകയെന്നതാണ് ലക്ഷ്യം.

നമ്മുടെ പഞ്ചായത്തിലെ 10 വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമായി 3477 വിദ്യാർത്ഥിനി വിദ്യാർത്ഥികളും അദ്ധ്യയനം നടത്തുന്നു. അദ്ധ്യാപകരുടെ എണ്ണം 290 ആണ്.

പട്ടികജാതി, പട്ടിക വർഗ വിഭാഗത്തിൽ 47 ആൺകുട്ടികളും, 64 പെൺകുട്ടികളും ഉൾപ്പെടെ ആകെ 111 പേർ പഠിച്ചുകൊണ്ടിരിക്കുന്നു. തോറ്റു പഠിക്കുന്നവർ 5 ആൺകുട്ടികളും 4 പെൺകുട്ടികളും ഉൾപ്പെടെ 9 പേർ ആണ്. ഈ വിഭാഗത്തിൽ 8 പെൺകുട്ടികൾ പഠനം ഇടക്കു വച്ച് നിറുത്തിയിട്ടുണ്ട്.

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലുമായി 25 പേർക്ക് മെറിറ്റ് സ്കോളർഷിപ്പ് ലഭിക്കുന്നുണ്ട്. ലംസം ഗ്രാൻറ് ലഭിക്കുന്നവരുടെ എണ്ണം 234 ആണ്. വികലാംഗ സ്കോളർഷിപ്പ് 3 കുട്ടികൾക്ക് ലഭിക്കുന്നുണ്ട്.

പഞ്ചായത്തിൽ നിന്നും എസ്. എസ്. എൽ. സി പരീക്ഷയ്ക്ക് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡുകൾ നൽകി വരുന്നു. L.P. വിഭാഗത്തിലെ കുട്ടികൾക്കും ക്യാഷ് അവാർഡ് നൽകുന്നുണ്ട്. പഞ്ചായത്തിലെ രണ്ടു സർവ്വീസ് സഹകരണബാങ്കുകളും എസ്. എസ്. എൽ.സിക്കും പ്രീഡിഗ്രിക്കും സ്കോളർഷിപ്പുകൾ നൽകുന്നുണ്ട്. എല്ലാ സ്കൂളുകളിലും നിർദ്ധനരായ വിദ്യാർത്ഥികൾക്ക് കുട, യൂണിഫോം, പഠനോപകരണങ്ങൾ നൽകി വരുന്നുണ്ട്. അതുപോലെ എണ്ണമറ്റ സ്കോളർഷിപ്പുകൾ എല്ലാ സ്കൂളുകളിലും നിലവിലുണ്ട്.

ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുന്നതിനായി മെച്ചപ്പെട്ട പഠനസൗകര്യങ്ങളുള്ള സ്കൂളുകളിൽ തങ്ങളുടെ കുട്ടികളെ വിടുന്ന പ്രവണത വർദ്ധിച്ചു വരികയാണ്. ഇത് പലസ്കൂളുകളുടേയും നിലവാരം താഴ്ത്തുന്നതിനും ഇടയാക്കുന്നു.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിൽ ഇല്ല. ഒരു ടൈപ്പ് റൈറ്റിംസ് ഇൻസ്റ്റിറ്റ്യൂട്ടും ഒരു പാരലൽ കോളേജും പ്രവർത്തിക്കുന്നു. ഉന്നത വിദ്യാഭ്യസത്തിനും ബിരുദ പഠനങ്ങൾക്കും പാലായിലുള്ള കോളേജുകളാണ് ആശ്രയം. ടെക്നിക്കൽ കോഴ്സുകൾക്കും എൻജിനീയറിംഗ്. മെഡിക്കൽ വിദ്യാഭ്യാസത്തിനും സംസ്ഥാനത്തുള്ള വിവിധ കോളേജുകളിൽ പ്രവേശനം തേടണം.

ഗ്രാമ സഭകളിൽ നടന്ന സജീവ ചർച്ചകൾ ഈ രംഗത്തെ പല ദുഷ്പ്രവണതകളെയും വെളിച്ചത്തു കൊണ്ടു വരികയുണ്ടായി. പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കാതിരിക്കുക, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, ഭൗതികസാഹചര്യങ്ങൾ, അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെ പ്രവർത്തനം, ഉച്ചക്കഞ്ഞി, അദ്ധ്യാപകരുടെ പുന:പരിശീലനം, മാസാന്ത്യ പരീക്ഷകൾ, മൂല്യനിർണ്ണയം, പാഠ്യതര പ്രവർത്തനങ്ങൾ എന്നിവയെല്ലാം ഗ്രാമസഭകൾ ചെയ്യുന്നു.

അക്കാദമിക് സൗകര്യങ്ങളിൽ പരമപ്രധാനമാണ്. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ-ശ്രീവ്യ മാദ്ധ്യമങ്ങൾ, ഫർണിച്ചറുകൾ തുടങ്ങിയ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളും എല്ലാ ഒരു മാതൃകാ വിദ്യാലയത്തിന് അനുപേക്ഷണീയമാണ്. ഈ വക അസൗകര്യങ്ങൾ വിദ്യാഭ്യാസ മേഖലയുടെ വലിയ പോരായ്മകളാണ്.

പഞ്ചായത്തിലെ വിദ്യാഭ്യാസനിലവാരം തൃപ്തികരമാണെങ്കിൽ പോലും നിലവാരം നിലനിറുത്തുന്നതിനും ഉയർത്തുന്നതിനും വേണ്ട പരിശ്രമങ്ങൾ അത്യന്താപേക്ഷിതമാണ്. പ്രായേണ വിദ്യാഭ്യാസ സമരങ്ങൾ കുറഞ്ഞ ഈ പഞ്ചായത്തിലെ സ്കൂളുകളിൽ ക്ലാസ്സുകൾ നഷ്ടപ്പെടുന്നില്ല. ദൃശ്യ-മാദ്ധ്യമങ്ങളുടെ വ്യാപനവും നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളിലുമുള്ള താല്പര്യം പലപ്പോഴും വിജയശതമാനം കുറയുന്നതിനു കാരണമാകുന്നു.

## ഗ്രാമസഭകളിൽ നിന്നുമുള്ള നിർദ്ദേശങ്ങൾ

1. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന പട്ടിക ജാതി/ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായി ഒരു ട്യൂഷൻ സെൻറർ ആരംഭിക്കുക.

2. നിലവിൽ 4 ക്ലാസ്സുകൾ ഉള്ള എൽ. പി. സ്കൂളിൽ പ്രധാന അദ്ധ്യാപകർ ഉൾപ്പെടെ അഞ്ചു പോസ്റ്റുകൾ അനുവദിക്കുക.

3. 2-ാം വാർഡിലും അഞ്ചാം വാർഡിലും ഓരോ പോളിടെക്നിക്ക് സ്കൂളുകൾ ആരംഭിക്കുക.

4. പ്രവിത്താനം സെൻറ് മൈക്കിൾസ് ഹൈസ്കൂളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ആരംഭിക്കുക. ഒരു വായനശാലയും ഗ്രന്ഥശാലയും ആരംഭിക്കുക.

5. അരങ്ങാപ്പാറയിൽ നേഴ്സറി സ്കൂൾ ആരംഭിക്കുക.

6. ഭരണങ്ങാനം എസ്.എച്ച്.ജി.എച്ച്. എസിൽ പ്ലസ് ടൂ കോഴ്സ് ആരംഭിക്കുക.

7. ഉള്ളനാട് യു. പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുക.

8. ഇടപ്പാടി, കയ്യൂർ എൽ. പി. സ്കൂളുകൾ യു. പി. സ്കൂളുകളാക്കുക.

9. എല്ലാ സ്കൂളുകൾക്കും കളിസ്ഥലം നിർമ്മിക്കുക.

10. സംസ്ഥാനത്ത് ഏകീകൃത വിദ്യാഭ്യാസം നടപ്പിലാക്കുക.

11. മൂന്നാം വാർഡിൽ കലാ കായിക വിദ്യാഭ്യാസത്തിന് ഒരു സ്കൂൾ ആരംഭിക്കുക.

12. സൗജന്യ ട്യൂഷൻ സെന്റർ ആരംഭിക്കുക.

14. കാഞ്ഞിരമറ്റം, ഇടപ്പാടി എന്നിവിടങ്ങളിൽ ഓരോ സാങ്കേതിക വിദ്യാലയങ്ങൾ സ്ഥാപിക്കുക.

15 അളനാട് യു.പി. സ്കൂളിൽ കമ്പ്യൂട്ടർ കോച്ചിംഗിന് ഒരദ്ധ്യാപകനെ നിയമിക്കുക. ലൈബ്രറി, ലാബറട്ടറി സൗകര്യം ഉണ്ടാക്കുക.

16. ഏകീകൃത സിലബസും മാദ്ധ്യമവും സം

സ്ഥാന തലത്തിൽ ഏർപ്പെടുത്തുക.

17. അംങ്കൺവാടി, നേഴ്സറി വിദ്യാലയങ്ങളിലെ പഠനമാദ്ധമം മാതൃഭാഷയിലൂടെ ആക്രം ആക്കുക.

18. അംങ്കൺവാടികൾ, സ്കൂളുകളുടെയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക.

19. ടെക്സ്റ്റ് ബുക്കുകൾ യഥാസമയം എത്തിക്കുക.

20. ഉച്ചക്കഞ്ഞിയുടെ ചെലവ് പൂർണ്ണമായും പഞ്ചായത്ത് വഹിക്കുക.

21. ആർട്ടിസാൻസ് ട്രെയിനിംഗ് സെൻറർ സ്ഥാപിക്കുക.

22. വിദ്യാഭ്യസത്തിൽ സ്പോർട്സിന് കൂടുതൽ പ്രാധാന്യം നൽകുക.

23. പി. ടി. എ. കളുടെയും മാതൃസംഗമങ്ങളുടെയും പ്രവർത്തനം ഊർജ്ജസ്വലമാക്കുക.

24. പട്ടികജാതി/പട്ടികവർഗ വഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ സ്റ്റൈപ്പൻറ് തുടങ്ങിയ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.

25. അദ്ധ്യാപകവിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

26. പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ നടത്തുക.

27. കായിക, കലാ അദ്ധ്യാപകരെ എല്ലാ വിദ്യാലയങ്ങളിലും നിയമിക്കുക.

28. സ്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും വിദ്യാർത്ഥികൾക്കാവശ്യമായ കുട, നോട്ട് ബുക്കുകൾ എന്നിവ ഓരോ സ്കൂളിലും നിർമ്മിക്കുകയും ചെയ്യുക.

29. പ്രീഡിഗ്രിക്കു തുല്യമായ ഹയർ സെക്കൻറി സ്കൂളുകൾ സ്ഥാപിക്കുക.

30. സ്കൂൾ പാർലമെൻറുകൾ, സ്കാഡുകൾ, ക്ലബ്ബുകൾ, സാഹിത്യസമാജങ്ങൾ, കൈയ്യെഴുത്ത്, ചിത്രമാസികകൾ, പൂന്തോട്ട - പച്ചക്കറി തോട്ടങ്ങൾ, കായിക പരിശീലന പരിപാടികൾ, ദിനാചരണങ്ങൾ, പഠന, വിനോദയാത്രകൾ തുടങ്ങിയ പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

31. ചെറുകിട വ്യവസായ പരിശീലന ഹ്രസ്വ കാല കോഴ്സുകൾ ആരംഭിക്കുക.

32. ചിലവ് കുറഞ്ഞ പഠനോപകരണ നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ ആരംഭിക്കുക

## വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| വാർഡ് | സ്കൂളിൻെറ പേര് | മാനേജ്മെൻറ് | വിദ്യാർത്ഥികൾ | | ആകെ | അദ്ധ്യാപകർ | | ആകെ |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | | പുരു. | സ്ത്രീ. | |
| 1 | സെൻറ് മേരീസ്ഹൈസ്കൂൾ, ഭരണങ്ങാനം | എയ്ഡഡ് | 419 | — | 419 | 22 | - | 22 |
| 2 | എസ്.എച്ച്.എസ്. ഗേൾസ് ഹൈസ്കൂൾ ഭരണങ്ങാനം | എയിഡഡ് | — | 837 | 837 | - | 37 | 37 |
| 3 | അൽഫോൻസാ റസിഡൻഷ്യൽ സ്കൂൾ ഭരണങ്ങാനം | അൺ എയ്ഡഡ് | 452 | 482 | 934 | - | 38 | 38 |
| 4 | സാൻജോസ് പബ്ലികിക് സ്കൂൾ ചൂണ്ടച്ചേരി | അൺ എയിഡഡ് | 131 | 104 | 235 | 2 | 9 | 11 |
| 5 | ഗവ. യു. പി. സ്കൂൾ അളനാട് | അൺ എയിഡഡ് | 91 | 102 | 193 | 4 | 3 | 7 |
| 6 | എസ്.എച്ച് യു.പി.സ്കൂൾ ഉള്ളനാട് | ഗവ. | 139 | 132 | 271 | 6 | 3 | 9 |
| 7 | സെൻറ് ലിറ്റിൽത്രേസ്യാസ് എൽ.പി. സ്കൂൾ ഭരണങ്ങാനം | എയിഡഡ് | 203 | 211 | 414 | — | 11 | 11 |
| 8 | ഗവ. എൽ. പി. എസ്. ഇടപ്പാടി | എയിഡഡ് | 31 | 27 | 58 | — | 4 | 4 |
| 9 | ഗവ. എൽ. പി. എസ്. കയ്യൂർ | ഗവ. | 35 | 31 | 66 | 2 | 2 | 4 |
| 10 | സെൻറ് ജോസഫ്സ് വേഴങ്ങാനം | എയിഡഡ് | 27 | 23 | 50 | 2 | 1 | 3 |
| | ആകെ | | 1528 | 1949 | 3477 | 145 | 144 | 290 |

## കുട്ടികളുടെ പൊതു നിലവാരം




## S.S.L.C. വിജയശതമാനം



# 4. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

## A പൊതുജനാരോഗ്യം

ആധുനിക ചികിത്സാ സംവിധാനം 1948 മുതൽ നിലവിൽ വന്നിട്ടുള്ള ഒരു പ്രദേശമാണ് ഭരണങ്ങാനം. മേരിഗിരി I.H.M. ആശുപത്രി ആരംബിക്കുന്നതു വരെ നാട്ടു വൈദ്യന്മാരുടെ ചികിത്സയായിരുന്നു ഈ പഞ്ചായത്തിൽ പ്രധാനമായും നിലവിലിരുന്നത്. ഇതിനും പുറമെ പാലാ ഗവൺമെൻറ് ആശുപത്രിയും ഒരു പ്രധാന ചികിത്സാ കേന്ദ്രമായി ഈ പഞ്ചായത്തിലുള്ളവർക്ക് പ്രയോജനപ്പെട്ടിരുന്നു.

ഇന്ന് ഈ പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും 7 സ്വകാര്യ ഡിസ്പെൻസറികളും പ്രവർത്തിച്ചു വരുന്നു. ഇതിൽ 3 ഹോമിയോ ഡിസ്പെൻസറികളും 4 ആയുർവ്വേദ ഡിസ്പെൻസറികളും ഉൾപ്പെടുന്നു. ഇവയ്ക്ക് പുറമെ, ആധുനിക സൗകര്യങ്ങളോടു കൂടിയ 150 ബെഡ്ഡുകളും, ജനറൽ നഴ്സിംഗ് സ്കൂൾ, മൾട്ടി പർപ്പസ് ഹെൽത്ത് വർക്കേഴ്സ് സ്കൂൾ, ജനകീയാരോഗ്യം, മദ്യപാന മനോരോഗചികിത്സ, ഹോളിസ്റ്റിക്ക് തെറാപ്പി എന്നീ പ്രത്യേക സേവന വിഭാഗങ്ങളുമുള്ള I.H.M. ആശുപത്രിയും ആരോഗ്യ രംഗത്തെ സമ്പുഷ്ടമാക്കുന്നു. ഈ പഞ്ചായത്തിൽ നിന്നും ആറ് കിലോ മീറ്റർ അകലെ സ്ഥിതി ചെയ്യുന്ന അടുത്ത പട്ടണമായ പാലായിലെ ആധുനിക ചികിത്സാ സംവിധാനങ്ങളോടുകൂടിയ ആശുപത്രികളേയും ഈ പഞ്ചായത്തിലുള്ളവർ ആശ്രയിച്ചു വരുന്നു.

ചികിത്സാ സംവിധാനങ്ങൾ വളരെയേറെ ഉണ്ടെങ്കിലും പൊതുവിൽ ജനങ്ങളുടെ ആരോഗ്യ നിലവാരം ഇതിനനുസൃതമായി മെച്ചപ്പെടുന്നതായി കാണുന്നില്ല. ആരോഗ്യ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ആളുകൾക്ക് അലോപ്പതി മരുന്നുകളോടും ചികിത്സാവിധികളോടുമാണ് കൂടുതൽ പ്രാമുഖ്യം. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേക്കാൾ സ്വകാര്യ സ്ഥാപനങ്ങളെയാണ് ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്നത്. ഇതിനുള്ള ഒരു പ്രധാന കാരണം സർക്കാർ സ്ഥാപനങ്ങളിലെ പരിമിതമായ സൗകര്യങ്ങളും സേവനവുമാണ്. ജീവിത സൗകര്യങ്ങളിലും ആഹാരക്രമത്തിലും മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ പ്രദേശത്ത് സാരമായ വ്യത്യാസങ്ങൾ വന്നിട്ടുണ്ടെങ്കിലും വർഷം തോറും ആശുപത്രിയിൽ വരുന്നവരുടെ എണ്ണവും വർദ്ധിച്ചു വരുന്നു. പഞ്ചായത്തിൽ 27 ക്ഷയരോഗികൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ദ്വിതീയ വിവരശേഖരണം). പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാലാവസ്ഥാ വ്യത്യാസമനുസരിച്ച് വൈറസ് പനി, മഞ്ഞപ്പിത്തം, ചെങ്കണ്ണ് എന്നിവ കണ്ടു വരുന്നു. വയറിളക്കം, ഛർദ്ദി എന്നീ രോഗങ്ങളും കുറഞ്ഞ തോതിൽ കണ്ടു വരുന്നു.

പ്രഷർ, പ്രമേഹം, ശ്വാസകോശ രോഗങ്ങൾ എന്നിവയും പഞ്ചായത്തിലുടനീളം കണ്ടു വരുന്ന രോഗങ്ങളാണ്. ഇവിടുത്തെ ഒരു പ്രധാന സ്വകാര്യ ആശുപത്രിയായ I.H.M. ൽ മാത്രം 1996 ൽ മാനസിക വിഭാഗത്തിൽ വന്നിട്ടുള്ള രോഗികൾ മുൻവർഷത്തേക്കാൾ 8% അധികമാണ്.

പഞ്ചായത്തിൽ ചികിത്സക്കായെത്തിയിട്ടുള്ള രോഗികളെ അടിസ്ഥാനപ്പെടുത്തിയുള്ള രോഗവിവരങ്ങൾ

**പട്ടിക 1 രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതിവർഷം ശതമാന നിരക്കിൽ**

| വർഷം | പകർച്ച വ്യാധികൾ | വാതരോഗം എല്ലാ വിഭാഗവും | വിഷചികിത്സ, പാമ്പുകടി etc. | മറ്റുള്ള രോഗങ്ങൾ |
|---|---|---|---|---|
| 1992-93 | 3.51 % | 2.93% | 0.15% | 93.36% |
| 1993-94 | 3.61% | 1.90% | 0.15% | 94.12% |
| 1994-95 | 3.18% | 2.88% | 0.16% | 92.29% |
| 1995-96 | 4.82% | 3.05% | 0.2% | 89.98% |

## കുട്ടികളുടെ ആരോഗ്യ നിലവാരം

പഞ്ചായത്തിൽ ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം 152 ആണ്. ഇതിൽ മുഴുവൻ കുട്ടികളും പ്രതിരോധ കുത്തിവയ്പ്പുകൾ സ്വീകരിച്ചിട്ടുള്ളവരാണ്. (അവലംബം ദ്വിതീയ വിവരശേഖരണം) കുടുംബത്തിൽ ശരാശരി കുട്ടികളുടെ എണ്ണം ഗർഭധാരണശേഷിയുള്ള വിവാഹിതരായ സ്ത്രീകളുടെ എണ്ണം കണക്കാക്കിയുള്ളത് താഴെപറയും പ്രകാരമാണ്.

21.8% ഒരു കുട്ടിയുള്ളവർ

39.8% രണ്ടു കുട്ടികൾ

39.31% രണ്ടിൽ കൂടുതൽ കുട്ടികൾ

കുട്ടികൾക്കുള്ള പോഷകാഹാര പരിപാടികൾ 17 അംങ്കണവാടികൾ വഴി നടപ്പാക്കി വരുന്നു. ഇത് 341 കുട്ടികൾ പ്രയോജനപ്പെടുത്തന്നു. സ്കൂളുകൾ വഴിയുള്ള പോഷകാഹാര പരിപാടികൾ എട്ട് സ്കൂളുകളിൽ നടപ്പാക്കി വരുന്നുണ്ട്.

## സ്ഥാപനങ്ങളും സേവനങ്ങളും

ഭരണങ്ങാനം പഞ്ചായത്തിലെ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

പ്രാഥമികാരോഗ്യ കേന്ദ്രം - 1

സ്വകാര്യ ആശുപത്രി - 1

ആയുർവ്വേദ ഡിസ്പെൻസറി - 4

ഹോമിയോ ഡിസ്പെൻസറി - 3

P.H.C. സബ് സെൻററുകൾ - 2

വാർഡ് തലത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളും ജീവനക്കാരുടെ എണ്ണവുമാണ് ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ ഉള്ളത്.

**പട്ടിക 2**

| വാർഡ് | ക്രമനമ്പർ | സ്ഥാപനങ്ങൾ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| I | 1 | സ്വകാര്യ ആയുർവ്വേദ ഡിസ്പെൻസറി | 3 |
| I | 2 | സ്വകാര്യ ആയുർവ്വേദ ഡിസ്പെൻസറി | 1 |
| I | 3 | സ്വകാര്യ ഹോമിയോ ഡിസ്പെൻസറി | 3 |
| II | 4 | മേരിഗിരി I.H.M. ആശുപത്രി (സ്വകാര്യം) | 69 |
| | 5 | ഇടപ്പാടി P.H. സബ് സെൻറർ | 1 |
| | 6 | സ്വകാര്യ ഹോമിയോ ഡിസ്പെൻസറി ഇടപ്പാടി | 1 |
| IV | 7 | അളനാട് PHസബ് സെൻറർ | 1 |
| IV | 9 | സ്വകാര്യ ആയുർവേദ ഡിസ്പെൻസറി | 1 |
| VI | 8 | ഗവ. ഹോമിയോ ഡിസ്പെൻസറി | 4 |
| IV | 10 | സ്വകാര്യ ഹോമിയോ ഡിസ്പെൻസറി | 1 |
| VII | 11 | ഉള്ളനാട് P.H.C. | 15 |

### പൊതു ആരോഗ്യ വിവരങ്ങൾ (പട്ടിക -3)

| | ഭരണങ്ങാനം പഞ്ചാത്ത് | സംസ്ഥാന നില |
|---|---|---|
| ജനനനിരക്ക് | 14.8 | 17 |
| പൊതു മരണ നിരക്ക് | 6.56 | 5.9 |
| ശിശു മരണ നിരക്ക് | 3.4 | 16 |
| വൈകല്യമുള്ളവർ | 76 | |

## സർക്കാർ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം

ഈ പഞ്ചായത്തിലെ ഒരു പ്രധാന സർക്കാർ ആരോഗ്യസ്ഥാപനമാണ് ഉള്ളനാട്ടിലുള്ള പ്രാഥമികാരോഗ്യകേന്ദ്രം. ഇവിടെ രണ്ട് ഡോക്ടർമാർ ഒരു സ്റ്റാഫ് നഴ്സ് എന്നിവർ ഉൾപ്പടെ 15 ജീവനക്കാർ ജോലി ചെയ്യുന്നു. ളാലം ബ്ലോക്കിന്റെ കീഴിലുള്ള ഈ ആരോഗ്യകേന്ദ്രത്തിൽ ദിവസേന ശരാശരി 150

രോഗികൾ എത്തുന്നു. പനി, ചുമ, മറ്റ് ശ്വാസകോശ സംബന്ധമായരോഗങ്ങൾ ഇവയാണ് ചികിത്സയ്ക്ക് എത്തുന്നവരിൽ ഉള്ള പ്രധാന രോഗങ്ങൾ. ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിൻ കീഴിൽ 4 സബ് സെൻററുകളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. ഇതിൽ രണ്ടെണ്ണം മാത്രമാണ് പ്രവർത്തനമം.രണ്ട് സബ്സെൻററുകൾക്ക് വേണ്ട കെട്ടിടമോ ജോലിക്കാരോ ഇല്ല.

ഉള്ളനാട്ട് P.H.C.യ്ക്ക് പരാധീനതകൾ ഏറെയാണ്. ആവശ്യമായ സ്റ്റാഫ് ഇല്ലാത്തതു മൂലം രോഗികളെ കിടത്തി ചികിത്സിക്കാൻ നിലവിലുള്ള സംവിധാനം പോലും ഉപയോഗിക്കുവാൻ സാധ്യമല്ല. രണ്ട് ഡോക്ടേഴ്സ്, ഹെൽത്ത് സൂപ്പർവൈസർ, ജനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2, സ്റ്റാഫ് നഴ്സ് എന്നീ പോസ്റ്റുകളിൽ ആളുകൾ ഇല്ലാത്തതും കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികൾ നടത്തായ്മ, ആവശ്യത്തിനു വൈദ്യുത, ജലവിതരണം, എന്നീ കുറവുകളും ഈ ആരോഗ്യകേന്ദ്രത്തിൻെറ പ്രവർത്തന ഗുണനിലവാരം ശോചനീയമാക്കുന്നു. ആവശ്യത്തിന് മരുന്നുകളും മറ്റും ലഭക്കാത്തത് മറ്റൊരു പ്രധാന കാരണമാണ്. 1996-ൽ 30,000/- രൂപയുടെ മരുന്നുകളാണ് ഇവിടെ എത്തിയിട്ടുള്ളത്. ലാബ്, എക്റേ, മുതലായ രോഗനിർണ്ണയ സംവിധാനങ്ങളൊന്നും തന്നെ ഇവിടെ ഇല്ല.

പഞ്ചായത്തിൽ രണ്ട് വാർഡുകളിലായി രണ്ട് സബ്സെൻററുകൾ പ്രവർത്തിക്കുന്നു. പ്രതിരോധ കുത്തിവയ്പുകൾ അമ്മമാരുടേയും കുട്ടികളുടേയും ആരോഗ്യം എന്നിവയ്ക്കാണ് ഇതിലൂടെ പ്രാധാന്യം നൽകുന്നത്. ആരോഗ്യബോധവത്ക്കരണ പ്രവർത്തനങ്ങൾ ശരിയായ അരോഗ്യബോധനം ജനങ്ങളിൽ സൃഷ്ടിക്കത്തക്കവിധം പ്രയോജനകരമല്ലെന്നു മാത്രമല്ല, ആരോഗ്യപ്രവർത്തകരിൽ പൊതുവെ കാണുന്ന നിഷ്ക്രിയതയും പഞ്ചായത്തിലെ ആരോഗ്യ പ്രവർത്തനത്തെ ബാധിക്കുന്നു. സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്ക് പൊതുവെ വിമുഖതയാണുള്ളത് എന്ന കാര്യവും ശ്രദ്ധേയമാണ്. പഞ്ചായത്തിലെ അംഗൻവാടികളുടെ പ്രവർത്തനവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. സ്ഥലത്തെ 8 അംങ്കണവാടികൾക്ക് സ്ഥലവും കെട്ടിടവുമില്ല. ഒരു അംങ്കണവാടിക്ക് സ്ഥലം ഉണ്ട് എങ്കിലും കെട്ടിടമില്ല.

## സ്വകാര്യ അരോഗ്യ കേന്ദ്രങ്ങൾ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രധാന ആരോഗ്യകേന്ദ്രമാണ് 1948 മുതൽ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് നടത്തിവരുന്ന മേരിഗിരി ഐ.എച്ച്.എം. ആശുപത്രി. ഇവിടത്തെ സേവനം ഈ പഞ്ചായത്തിലുള്ളവർക്കു മാത്രമല്ല, ഈ പ്രദേശത്തിനാകെ ഉപകാരപ്രദമാണ്. ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന ജനകീയോരോഗ്യ വിഭാഗത്തിൻെറ സേവനം പഞ്ചായത്തിൽ വളരെ പരിമിതമായ രീതിയിലാണ് ലഭ്യമാകുന്നത്. ഹോമിയോ ആയൂർവ്വേദ ഡിസ്പെൻസറികളുടെ പ്രവർത്തനം പഞ്ചായത്തിലെ ചില വാർഡുകളിൽ ലഭ്യമാകുന്നുണ്ട്. സാധാരണ ജനങ്ങൾക്ക് തങ്ങളുടെ ആരോഗ്യപ്രശ്നങ്ങളിൽ ഒരു പരിധിവരെ അവ ഉപയോഗപ്പെടുന്നുണ്ട്.

## കക്കൂസ്

പൊതുജനാരോഗ്യത്തിൽ വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ് ശുചിത്വം. പരികര ശുചിത്വം പപാലിക്കുവാൻ പ്രഥമവും പ്രധാനവുമായുള്ള ഒരു കാര്യമാണ് കക്കൂസുകളുടെ ഉപയോഗം. പഞ്ചായത്തിൽ 1050 വീടുകളിൽ നിലവിൽ കക്കൂസ് ഇല്ല. ഇന്ന് പ്രധാനമായും കോളനികൾ പുറമ്പോക്കു താമസക്കാർ എന്നിവർക്കിടയിലാണ്. ഈ കാരണം കൊണ്ടു തന്നെ വിരശല്യം വയറിളക്കരോഗങ്ങൾ എന്നിവ താരതമ്യേന കൂടുതലായി ഈ പ്രദേശങ്ങളിൽ കണ്ടു വരുന്നു.

ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിലും ഉപയോഗത്തിലും അനുഭവപ്പെടുന്ന പ്രയാസങ്ങൾ ഉയർന്നു വന്നത് താഴെ കാണും പ്രകാരമാണ്.

1. സാമ്പത്തിക പരാധീനത

2. സ്ഥലപരിമിതി - കോളനികളിൽ ആളുകൾ തിങ്ങി പാർക്കുന്നതിനാൽ കക്കൂസ് നിർമ്മിക്കുവാൻ സ്ഥലമില്ലാത്ത അവസ്ഥാണുള്ളത്.

3. പട്ടയം ഇല്ലായ്മ - കക്കൂസ് നിർമ്മിക്കുവാൻ സ്ഥലം ഉണ്ടെങ്കിലും പുറമ്പോക്കിൽ താമസിക്കുന്നവർക്ക് നിയമപ്രകാരം കക്കൂസ് നിർമ്മിക്കാനുള്ള പദ്ധതികൾ പ്രയോജനപ്പെടുത്താൻ സാധിക്കാതെ വരുന്നു.

മറ്റുകാരണങ്ങൾ ജലക്ഷാമം മൂലം നിലവിലുള്ള കക്കൂസുകൾ ഉപയോഗിക്കാതിരിക്കുക.

കക്കൂസുകൾ വേണ്ടവിധം ഉപയോഗിക്കേണ്ടതിൽ ആളുകളുടെ ബോധ്യക്കുറവ്.

# B. കുടിവെള്ളം

എല്ലാവർക്കും എല്ലാക്കാലത്തും ശുദ്ധജലം ലഭ്യമാക്കുകയെന്നത് ഏറ്റവും പ്രാധാന്യമേറിയതും അവശ്യം നിറവേറ്റപ്പെടേണ്ടതുമായ ഒരു പ്രാഥമികാവശ്യമാണ്. ആരോഗ്യ സംരക്ഷണത്തിന്റെ ഒരു അടിസ്ഥാന ഘടകമാണ് ശുദ്ധജലം. പ്രകൃതിയെ വെല്ലുവിളിച്ചും പ്രകൃതി കനിഞ്ഞരുഗ്രഹിച്ച സ്രോതസ്സുകളെ നശിപ്പിച്ചും ഇന്ന് ഏറ്റവുമധികം ദൗർബല്യമനുഭവപ്പെടുന്ന പ്രകൃതിവിഭവമായി തീർന്നരിക്കുകയാണ് ശുദ്ധജലം. ജലസമൃദ്ധിയുടേയും ജലവറുതിയുടേയും നാടായി മാറിക്കൊണ്ടിരിക്കുന്നു നമ്മുടെ പ്രദേശങ്ങൾ. ഉള്ളവ സംരക്ഷിക്കുവാനും ക്ഷാമകാലത്ത് ഉപയോഗിക്കുവാനും നാം പഠിക്കേണ്ടിയിരിക്കുന്നു. പ്രകൃതി കനിഞ്ഞനുഗ്രഹിച്ചു നൽകുന്ന മഴവെള്ളം വേണ്ട വിധത്തിൽ ഭൂമിയിൽ തന്നെ സംരക്ഷച്ചു നിറുത്തുന്നതിന് നാം വളരെയേറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ പുരാതന കുളങ്ങൾ, ചതുപ്പുകൾ, ചെറിയ കാടുകൾ, തോടുകൾ ഇവയുടെ നശീകരണം, വനം വെട്ടി വെളുപ്പിക്കൽ ഇവയെല്ലാം വഴി പ്രകൃതി സ്വയമേ ജലസംഭരണികളായി നമുക്കു നൽകിയവ സംക്രീയ നശിപ്പിന്, പകരം ജലവിതരണ പദ്ധതികൾ ആവിഷ്കരിച്ച് പ്രയോജനരഹിതമായ വിധത്തിൽ, കൊണ്ടു നടക്കുന്ന ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വരുത്തേണ്ടിയിരിക്കുന്നു. വലിയ പദ്ധതികൾക്കു പകരമായമ പ്രകൃതിയോട് താദാമ്യം പ്രാപിക്കുന്ന, പദ്ധതികൾ രൂപപ്പെടുത്തി, നടപ്പിലാക്കണം. പ്രകൃതി സംരംക്ഷണം- അടിസ്ഥാനനതത്വമായി നാം സ്വീകരിക്കണം.

ഭരണങ്ങാനം പഞ്ചായത്ത് മീനച്ചിലാറിന്റെ സാന്നിദ്ധ്യം കൊണ്ട് അനുഗൃഹീതമാണ്. എങ്കിലും ഈ സൗകര്യത്തെ പരമാവധി പ്രയോജനപ്പെടുത്തികൊണ്ട് ജനങ്ങൾക്ക് ആവശ്യാനുസരണം കുടിവെള്ളം എത്തിക്കുവാൻ നാളിതുവരെയും സാധിച്ചിട്ടില്ല. പഞ്ചായത്തിലെ ജനങ്ങളിൽ നല്ലൊരുപങ്കും വേനൽക്കാലങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്നവരാണ് എന്നുള്ളതു തന്നെ ഇതിനു മതിയായ തെളിവാണ്. ഭരണങ്ങാനം പഞ്ചായത്തിൽ രണ്ട് ശുദ്ധജല പദ്ധതികളാണ് പ്രധാനമായും നിലവിൽ ഉള്ളത്.

## (1) ഭരണങ്ങാനം വാട്ടർ സപ്ലൈ സ്കീം സ്റ്റേജ് I

1982ൽ സ്ഥാപിതമായ ഈ പമ്പ് ഹൗസ് II-ാം വാർഡിൽ മീനച്ചിലാറ്റിൽ കുന്നേമുറി പാലത്തിന സമീപം സ്ഥിതി ചെയ്യുന്നു. ഈ പമ്പ് ഹൗസിൽ നിന്നും II-ാം വാർഡിലെ അയ്യമ്പാറയിൽ സ്ഥാപിച്ചിരിക്കുന്ന ടാങ്കിലേക്ക് വെള്ളം എത്തിച്ച് I, II, III വാർഡുകളിൽ വെള്ളം എത്തിക്കുവാനുള്ള സംവിധാനമാണ് ഇതിനുള്ളത്. എങ്കിലും വേനൽക്കാലത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഈ പദ്ധതിയെയും പൂർണ്ണമായി ആശ്രയിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്.

## ഭരണങ്ങാനം ശുദ്ധ ജലവിതരണ പദ്ധതി സ്റ്റേജ് II

ഭരണങ്ങാനം പഞ്ചായത്തിലെ V-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ കുഴൽ കിണറ്റിൽ നിന്നും III-ാം വാർഡിലെ കൂവക്കാട് ടാങ്കിലേയ്ക്ക് വെള്ളം പമ്പു ചെയ്ത് II, III വാർഡുകളിൽ പെട്ട ഏതാനും വീടുകളിലേക്ക് ജലം എത്തിക്കുന്നു. കൂടാതെ V, VI എന്നീ വാർഡുകളിലേക്ക് നേരിട്ട് വെള്ളം എത്തിക്കുന്ന സംവിധാനമാണ് ഈ പദ്ധതിക്ക് ഉള്ളത്. 1986-ൽ സ്ഥാപിതമായ ഈ പദ്ധതി മേൽപറഞ്ഞ വാർഡുകളിലെ 395 കുടുംബങ്ങൾക്ക് ഒരു പരിതി വരെ സഹായകരമാണ്. എങ്കിലും വേനൽക്കാലത്ത് ഈ വാർഡുകളിൽ വെള്ളം ലഭ്യമാക്കുവാൻ ഈ പദ്ധതിക്ക് കഴിയുന്നില്ല.

ഭരണങ്ങാനം പഞ്ചായത്തിൽ ജനുവരി മുതൽ മെയ്മാസം വരെയുള്ള കാലഘട്ടത്തിൽ വേണ്ടത്ര ശുദ്ധജലമെത്തിക്കുന്നതിന് മേൽപറഞ്ഞ രണ്ട് പദ്ധതികളും പര്യാപ്തമല്ല. പഞ്ചായത്തിലെ 85% ആൾക്കാരും കുടിവെള്ളത്തിനായി സ്വകാര്യ കിണറുകളെയാണ് ആശ്രയിക്കുന്നത്. ഈ സ്വകാര്യ കിണറുകളിൽ 60% വും വേനൽക്കാലത്ത് വറ്റി വരളുന്നവയാണ്. ഇതിനു പുറമെ പഞ്ചായത്തിൽ 4 കുഴൽ കിണറുകളും 10 പൊതുക്കിണറുകളും സ്ഥാപിച്ചിട്ടുണ്ട്.

| വാർഡ് | പ്രശ്നമേഖല | പരിഹാര മാർഗ്ഗങ്ങൾ | പ്രയോജനം |
|---|---|---|---|
| I | അയ്യങ്കോലി പാറ ഭാഗവും I-ാം വാർഡിന്റെ ഇതര ഭാഗങ്ങളും | അയ്യങ്കോലി പാറയിൽ ടാങ്ക് കെട്ടി മീനച്ചിലാറ്റിൽ നിന്നും വെള്ളം പമ്പു ചെയ്യുക. ഇവിടെ നിന്നും വീടുകളിലേക്ക് പൈപ്പു ലൈൻ നീട്ടിക്കൊടുക്കുക. സ്വന്തമായി കിണർ നിർമ്മിക്കാനുള്ള ധനസഹായം നൽകുക. | അയ്യങ്കോലി പാറ ഭാഗം, അസ്സീസ്സി ലിങ്ക് റോഡിന് സമീപത്തുള്ള പ്രദേശങ്ങൾ ഉൾപ്പെടെ I-ാം വാർഡു മുഴുവനും ഇതിനും പുറമെ II, III എന്നീ വാർഡുകളിലും ഇതു പ്രയോജനപ്പെടും |
| II | അയ്യമ്പാര, പുളിക്കപ്പാറ ലക്ഷം വീട്, കുന്നനാകുഴി | നിലവിലുള്ള മോട്ടറും പൈപ്പും മാറ്റി കൂടുതൽ വെള്ളം പമ്പു ചെയ്യുവാനുള്ള സംവിധാനം കൂടുതൽ സമയം-രാത്രിയിലും പകലും- വെള്ളം പമ്പുചെയ്യുക. പമ്പ് ഹൗസിലെ ജലനിരപ്പ് ഉയർത്തുന്നതിനായി വാളിപ്ലാക്കൽ കടവ് ഭാഗത്ത് ചെക്ക് ഡാം നിർമ്മിക്കുക. മണൽ വാരൽ നിരോധിക്കുക. ഇലവനാൽ ജംഗ്ഷൻ, പുളിക്കപ്പാറ Jn. കുളത്തിനാൽ Jn. രണ്ടാം തോട് Jn., വാളിപ്ലാക്കൽ പീടിക Jn. , കൊങ്ങാ മല Jn. ഈ ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ നിട്ടുക. മെയിൻ റോഡിൽ ഒഴുകയിൽ ഭാഗത്ത്, ഫ്രൂട്ടോ മാൻസ് ഫാക്ടറിക്കു സമീപം, അരീപ്പാര സ്കൂളിനു താഴത്തു ഭാഗം, വെട്ടുകല്ലേൽ ജംഗ്ഷൻ, മനയാനിക്കൽ Jn. ഇവിടങ്ങളിൽ പുതിയ ടാപ്പുകൾ സ്ഥാപിക്കുക. കിണറുകളിലെ ജലനിരപ്പ് ഉയർത്തുന്നതിനായി അരീപ്പാറ തോട്, അയ്യംമ്പാര ഇലവനാൽ Jn.. പുളിക്കപ്പാറ ചപ്പാത്തിനു സമീപം, ആനക്കുഴി Jn. ഇവിടങ്ങളിൽ തടയണ നിർമ്മിക്കുക. വീടുകളിലേക്ക് കണക്ഷൻ നൽകുക. | I, II, III വാർഡുകൾ<br>ചെക്ക് ഡാം നിർമ്മാണം- സമീപ പ്രദേശത്തുള്ള കിണറുകളിൽ ജല നിരപ്പ് ഉയർത്തുന്നു. ചെക്ക് ഡാമിനു മുകളിലൂടെ ചെറു വാഹനങ്ങൾ കടത്തി വിടുവാനുള്ള സംവിധാനമുണ്ടായാൽ ഇടപ്പാടിയെ കിഴപറയാറുമായി ബന്ധിപ്പിക്കാൻ സാധിക്കും.<br>ഹൗസ് കണക്ഷൻ വഴി പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാം. |
| III | ലക്ഷം വീട്, പാമ്പൂരാം പാറ വിൻസെൻഷ്യൻ കോളനി | കുഴൽകിണർ, അരീപ്പാറ ഭാഗത്തെ കിണറിന് ആഴം കൂട്ടുക. ലക്ഷം വീട് ഭാഗത്ത് ടാങ്ക് പണിത് അവിടെ നിന്നും പൈപ്പ് ലൈൻ നീട്ടുക. ലോറികളിൽ കുടിവെള്ളം എത്തിക്കുക. ആറ്റിൽ ചെക്ക് ഡാം നിർമ്മിക്കുക. വിൻസെൻഷ്യൻ കോളനി, മീനറാ ഭാഗം അരീപ്പാറ സ്കൂളിനു സമീപം എന്നിവടങ്ങളിൽ ചെക്ക് ഡാം. | III -ാം വാർഡ് മുഴുവനായി |
| IV | IV-ാം വാർഡ് മൊത്തമായി. | ഉറുമ്പിക്കുന്ന് പുലിക്കാട്ട് ഭാഗം ഇളംതോട്ടം മഠത്തിനുസമീപം, മണപ്പുറത്ത് ഭാഗം, വരിക്കമാക്കൽ മുന്നി ഭാഗം എന്നിവടങ്ങളിൽ കുഴൽക്കിണർ സമഗ്ര കുടിവെള്ള വിതരണ പദ്ധതി ജലസംഭരണികൾ നിർമ്മിക്കാൻ പഞ്ചായത്ത് ധനസഹായം | IV-ാം വാർഡിന്റെ എല്ലാ ഭാഗങ്ങളിലും |
| V | V-ാം വാർഡ് മൊത്തമായി | ഐപ്പൻ പറമ്പിൽ കുന്ന് ഭാഗത്ത് ടാങ്ക് സ്ഥാപിക്കുക. കോനിക്കുന്ന്, തുരുത്തിക്കര ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുക. വാർഡിന്റെ വടക്കേ അതിർത്തിയിലേക്ക് പൈപ്പ് ലൈൻ നീട്ടുക. പൊതുകിണറിന് വേണ്ടി ലഭിച്ചിരിക്കുന്ന സ്ഥലത്തൊ പൊതുകിണർ കോളനി ഭാഗത്ത് ടാങ്ക് കെട്ടുക. | കോനുക്കുന്ന്, തുരുത്തിക്കര, വാർഡിന്റെ വടക്കേഭാഗം എന്നിവിടങ്ങളിൽ |

| | | | |
|---|---|---|---|
| VI | അരീക്കുന്ന് കോടിയാനിച്ചിറ, പ്രവിത്താനം | അരീക്കുന്ന്, മങ്കര, എന്നീ സ്ഥലങ്ങളിൽ ടാങ്ക് മുടപ്പനാൽ ഭാഗത്തുള്ള പൊതു കിണറ്റിൽ നിന്നും വെള്ളം പമ്പു ചെയ്യുവാനുള്ള സംവിധാനം | VI-കാം വാർഡ് മൊത്തമായി |
| VII | ഉള്ളനാട്, പേമാനാൽ, ആലമറ്റം, ഉള്ളനാട് P.H.C. വെള്ളക്കല്ല് | ഉള്ളനാട് പഞ്ചായത്ത് കുളം നന്നാക്കുക, ഉള്ളനാട് ചന്ദ്രൻകുന്നേൽ ഭാഗത്ത് കിണർ, മച്ചുകാട്ട് ആശുപത്രിക്കു സമീപം ടാങ്ക്, വാർഡിൽ വാട്ടർ സപ്ലൈ സ്കീം നടപ്പാക്കുക. നീലൂർ കുടിവെള്ള പദ്ധതി നടപ്പിലാക്കി വാർഡിൽ മൊത്തം കുടിവെള്ളം എത്തിക്കുക. | ഉള്ളനാട് P.H.C. VI. VII. VIII വാർഡുകളിൽ |
| VIII | ചാത്തമല, അരങ്ങാപ്പാറ വേഴങ്ങാനം, പാമ്പാറക്കുന്ന്, പേമാനക്കുന്ന്, | കാഞ്ഞിരമറ്റം ഭാഗത്ത് കുളം, അരങ്ങാപ്പാറയിൽ വാട്ടർ ടങ്ക്, ഇഞ്ചകുഴി ഭാഗത്ത് കുഴൽ കിണർ, നീലൂർ കുടിവെള്ള പദ്ധതി നടപ്പാക്കുക | നീലൂർ കുടിവെള്ള പദ്ധതി വഴി പഞ്ചായത്ത് മുഴുവൻ പ്രശ്ന മേഖല മുഴുവൻ |
| IX | കടുതാലക്കുന്ന്, കാട്ടറുകടവ്, അതിരുപാറ ഭാഗം, തേവർമലഭാഗം | നീലൂർ കുടിവെള്ള പദ്ധതി കുറുമണ്ണ് കുളത്തിന് സമീപം കിണർ കുഴിച്ച് നാടുകാണി ഭാഗത്ത് ജലം സംഭരിക്കുക. കാവിത്തോട്ടിൽ വട്ടപ്പലം കുഴിക്ക് സമീപം കിണർ കുഴിച്ച് കയ്യൂർ ഭാഗത്ത് ടാങ്ക് പണിയുക. കയ്യൂർ തേവർ മലഭാഗത്ത് കുഴൽകിണർ, | IX-ാം വാർഡിലും സമീപ പഞ്ചായത്തിലും. |

## പട്ടിക 1 ശുദ്ധജല സ്രോതസ്സുകൾ

| പദ്ധതി | പ്രയോജനപ്പെടുന്ന വാർഡുകൾ | പ്രയോജനംലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 ചൂണ്ടച്ചരി കുഴൽ കിണർ | II, III, V, VI | ഹൗസ്കണക്ഷൻ ഇല്ല. പൊതു ടാപ്പുകൾ മാത്രമേ യുള്ളു. |
| 2 കുന്നേമുറി പാലത്തിന് സമീപമുള്ള പമ്പ് ഹൗസ് | I, II, III | ടി. |

## പട്ടിക 2

### പൊതു കിണറുകൾ

| വെള്ളമുള്ളത് | ഇല്ലാത്തത് | ആകെ |
|---|---|---|
| 3 | 7 | 10 |

### കുഴൽ കിണറുകൾ

| വെള്ളമുള്ളത് | ഇല്ലാത്തത് | ആകെ |
|---|---|---|
| 3 | 1 | 4 |

കുടി വെള്ളക്ഷാമം രൂക്ഷമാകുന്ന കാലങ്ങളിൽ ഈ പഞ്ചായത്തിലെ ജനങ്ങൾ വെള്ളം തലച്ചുമടായും, വാഹനങ്ങളിലുമാണ് എത്തിക്കുന്നത്. രണ്ടും മൂന്നും കിലോമീറ്ററുകൾ വരെ ദൂരെച്ചെന്ന് വെള്ളം തലച്ചുമടായി കൊണ്ടുവരേണ്ട അവസ്ഥ നിലവിലുണ്ട്.

കുടിവെള്ള ക്ഷാമത്തെ സംബന്ധിച്ച് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗ്രാമസഭകളിൽ സജീവമായ ചർച്ച നടക്കുകയും അവിടെ നിന്ന് ഉരുത്തിരിഞ്ഞു വന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളുമാണ് സൂക്ഷ്മ വിശകലനത്തിനായി താഴെപ്പട്ടികയിൽ ചേർത്തിരിക്കുന്നത്.

## കുടിവെള്ള ക്ഷാമ ബാധിത പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

### 1-ാം വാർഡ്

അയ്യങ്കോലി പാറയുടെ സമീപ പ്രദേശങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപെടുന്നു. കൂടാതെ വാർഡിന്റെ മറ്റ് പല ഭാഗങ്ങളിലും വേനൽക്കാലത്ത് ആവശ്യത്തിന് ശുദ്ധജലം ലഭിക്കാത്ത അവസ്ഥയാണുള്ളത്. അയ്യ

ങ്കോലി പാറയിൽ ടാങ്ക് നിർമ്മിച്ച് മീനച്ചിലാറ്റിൽ നിന്നും വെള്ളം പമ്പു ചെയ്യുകയും, വീടുകളിലേയ്ക്ക് പൈപ്പ് കണക്ഷൻ നൽകുകയും ചെയ്താൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

II-ാം വാർഡ്

വാർഡിലെ ഉയർന്ന പ്രദേശമായ അയ്യമ്പാറയിലും, കൂടാതെ പുളിക്കപ്പാറ, ലക്ഷം വീട്, കുന്നാകുഴി എന്നീ സ്ഥലങ്ങളിലും കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പടുന്നു. ഇപ്പോൾ നിലവിലുള്ള മോട്ടറും പൈപ്പും മാറ്റി കൂടുതൽ വെള്ളം പമ്പു ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും രാത്രിയും പകലും പമ്പിംഗിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്താൽ ഈ പ്രദേശങ്ങളിലെ ജലക്ഷാമം ഒരു പരിധി വരെ പരിഹരിക്കുവാൻ സാധിക്കും. കൂടാതെ ഇലവനാൽ, പുളിക്കപ്പാറ, കുളത്തിനാൽ, രണ്ടാം തോട്, വാളിപ്ലാക്കൽ പീടിക, കൊങ്ങമല എന്നീ ഭാഗങ്ങളിലേയ്ക്ക് പൈപ്പു ലൈൻ നീട്ടി പ്രശ്നത്തിന് പരീഹാരം കാണാവുന്നതാണ്. മെയിൻ റോഡിൽ ഒഴുകയിൽ ഭാഗത്ത് ഫ്രൂട്ടോ മാൻസ് ഫാക്ടറിക്കു സമീപം, അരീപ്പാറ സ്കൂളിനു താഴത്തു ഭാഗം, വെട്ടുകല്ലേൽ ഭാഗം, മനയാനിക്കൽ ഭാഗം, എന്നിവടങ്ങളിൽ പുതിയ ടാപ്പുകൾ നിർമ്മിക്കുകയും ചെയ്യണം. അരീപ്പാറ തോട്, അയ്യമ്പാറ ഇലവനാൽ ജംഗ്ഷൻ, പുളിക്കപ്പാറ ചപ്പാത്തിനു സമീപം, ആനക്കുഴി ജംഗ്ഷൻ എന്നിവടങ്ങളിൽ തടയണകൾ നിർമ്മിച്ച് പ്രശ്നം പരിഹരിക്കുന്നതിനെ സംബന്ധിച്ച് വിശദമായി പഠിക്കേണ്ടതാണ്.

III-ാം വാർഡ്

മൂന്നാം വാർഡിലെ ലക്ഷം വീട്, പാമ്പൂരാംപാറ, വിൻസെൻഷ്യൻ കോളനി, എന്നീ ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. പാമ്പൂരാം പാറ, ലക്ഷം വീട് എന്നീ ഭാഗങ്ങളിൽ ടാങ്കുകൾ നിർമ്മിക്കുകയും അവിടെ നിന്നും പ്ലാക്കത്തൊട്ടി, വെട്ടിക്കാട്, വിൻസെൻഷ്യൻ എന്നീ ഭാഗങ്ങളിലേയ്ക്ക് പൈപ്പു ലൈൻ നൽകുകയും ചെയ്യുക. ചൂണ്ടച്ചേരിയിൽ ഒരു കുഴൽ കിണർ കുത്തിയും കുന്നേമുറി ഭാഗത്തെ പമ്പു ഹൗസിൽ നിന്നും വെള്ളം പമ്പു ചെയ്തും മേൽ പറഞ്ഞ ടാങ്കുകളിൽ വെള്ളം എത്തിക്കാവുന്നതാണ്. വിൻസെൻഷ്യൻ കോളനി, മീനാറ ഭാഗം, അരീപ്പാറ സ്കൂളിനു സമീപം എന്നിവടങ്ങളിൽ തടയണകൾ നിർമ്മിച്ചു കൊണ്ടും ഈ പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്. കൂടാതെ വാർഡിൽ അനുയോജ്യമായ സ്ഥലങ്ങളിൽ സർവേ നടത്തി കുഴൽ കിണർ സ്ഥാപിക്കുകയും ചെയ്യാവുന്നതാണ്. അരീപ്പാറ ഭാഗത്ത് നിലവിലുള്ള പൊതുകിണർ ആഴംകൂട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ്.

IV-ാം വാർഡ്

വാർഡിന്റെ എല്ലാ ഭാഗങ്ങളിലും വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഉറുമ്പിക്കുന്ന്, പുലിക്കാട്ട്, ഇളംതോട്ടം മഠം, വരിക്കമാക്കൽ മുന്നി, മണപ്പുറത്തു ഭാഗം എന്നീ സ്ഥലങ്ങളിൽ കുഴൽകിണറുകൾ നിർമ്മിച്ചാൽ ഈ വാർഡിലെ കുടിവെള്ള ക്ഷാമത്തിന് ഒരു പരിധി വരെ പരീഹാരമാകും.

V-ാം വാർഡ്

വാർഡിലെ എല്ലാ ഭാഗത്തും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. അരിക്കക്കുന്നിൽ ഐപ്പിൻപറമ്പിൽ കുന്നു ഭാഗത്ത് ഒരു ടാങ്ക് നിർമ്മിക്കുകയും നിലവിലുള്ള കുഴൽ കിണറ്റിൽ നിന്നും ഈ ടാങ്കിലേക്ക് വെള്ളം പമ്പു ചെയ്യുകയും പൈപ്പ് കണക്ഷൻ നൽകുകയുംചെയ്താൽ ഈ വാർഡിലെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്. കോനുക്കുന്ന്, തുരുത്തിക്കര എന്നീ ഭാഗങ്ങളിലേക്കും വാർഡിന്റെ വടക്കേ അതിർത്തിയിലേക്കും പൈപ്പ് ലൈൻ നീട്ടേണ്ടതാണ്. പൊതു കിണറിനു വേണ്ടി ലഭിച്ചിരിക്കുന്ന സ്ഥലത്ത് കിണർ നിർമ്മിക്കുക.

VI-ാം വാർഡ്

അരീക്കുന്ന്, കോടിയാനിച്ചിറ, പ്രവിത്താനം എന്നീ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. അരീക്കുന്ന് മങ്കര, എന്നീ സ്ഥലങ്ങളിൽ ടാങ്ക് നിർമ്മിക്കുകയും മുടപ്പനാൽ ഭാഗത്തുള്ള കിണറ്റിൽ നിന്നും വെള്ളം പമ്പു ചെയ്യുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക. ഇത് നടപ്പിലാക്കിയാൽ VI,VII വാർഡിനു പ്രയോജനപ്പെടും

VI-ാം വാർഡ്.

ഉള്ളനാട്, പേമനാൽ ആലമറ്റം, ഉള്ളനാട് P.H.C., വെള്ളക്കല്ല് എന്നിവടങ്ങളിൽ രൂക്ഷമായ രീതിയിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. പ്രവിത്താനം അരീക്കുന്ന് ഭാഗത്ത് ടാങ്കു നിർമ്മിക്കുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഉള്ളനാട് ചന്ദ്രൻകുന്നേൽ ഭാഗത്ത്, മച്ചുകാട്ട് ഭാഗത്ത് കിണർ കുത്തി, ആശുപത്രിക്കു സമീപം ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പു ചെയ്താൽ ഉള്ളനാട് P.H.C., ഉള്ളനാട് ജംഗ്ഷൻ എന്നീ ഭാഗങ്ങളെ

ലെ ജലക്ഷാമം പരിഹരിക്കാൻ സാധിക്കും. നീലൂർ ശുദ്ധജല പദ്ധതി നടപ്പിലാക്കിയാൽ വാർഡിലും സമീപ പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കാം.

### VIII-ാം വാർഡ്

വാർഡിലെ ചാത്തമല, അരങ്ങാപ്പാറ, വേഴങ്ങാനം, പാമ്പാറക്കുന്ന്, പേമാനക്കുന്ന്, കടുതലക്കുന്ന്,കാട്ടാർകടവ് എന്നീ സ്ഥലങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. കാഞ്ഞിരമറ്റം ഭാഗത്ത് കിണർ കുഴിച്ച് അനങ്ങാപ്പാറയിൽ വാട്ടർ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പു ചെയ്താൽ വാർഡിന്റെ വിവിധ ഭാഗങ്ങളിലെത്തിക്കുന്നതിനു സാധിക്കും. ഇഞ്ചക്കുഴി ഭാഗത്ത് ഒരു കുഴൽക്കിണർ കുത്തുക എന്നതും പ്രശ്നപരിഹാരത്തിനായി പരിഗണിക്കാവുന്നതാണ്.

### IX-ാം വാർഡ്.

അനിത പാറ, തേവർ മല എന്നീ ഭാഗങ്ങളിലും വാർഡിന്റെ ഇതരഭാഗങ്ങളിലും രൂക്ഷമായ രീതിയിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. കുറുമണ്ണു കുളത്തിനു സമീപം കിണർ കുഴിച്ച് അവിടെ നിന്നും നാടുകാണി മലയിൽ ജലം എത്തിച്ചാൽ ഈ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കും. കാവിത്തോട്ടിൽ വട്ടപ്പലം കുഴിക്കു സമീപം കിണറു കുഴിച്ച് കയ്യൂർ ഭാഗത്ത് ടാങ്കു നിർമ്മിച്ച് അവിടേക്ക് ജലമെത്തിച്ചാൽ അതിരു പാറ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ സാധിക്കും. കൂടാതെ കയ്യൂർ തേവർമല ഭാഗത്ത് അനുയോജ്യമായ സ്ഥലത്ത് കുഴൽ കിണർ സ്ഥാപിക്കുക.

## മറ്റ് പദ്ധതികൾ

1. മീനച്ചിലാറ്റിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനെ സംബന്ധിച്ച്, 1,2,3 വാർഡുകളിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. മീനച്ചിലാറ്റിൽ ചാലിൽ കടവു ഭാഗത്ത് കിണറും അയ്യൻകോവിൽ പാറയിൽ ടാങ്കും നിർമ്മിച്ച് വെള്ളം പമ്പു ചെയ്താൽ വാർഡിന്റെ മുഴുവൻ ഭാഗത്തേക്കും ജലവിതരണം നടത്തുവാൻ സാധിക്കും എന്ന നിർദ്ദേശമാണ് ഒന്ന്. മീനച്ചിലാറ്റിൽ ചാലിൽകടവിലും, കുന്നേമുറി പാലത്തിനു സമീപമുള്ള പമ്പു ഹൗസിനും താഴെ വാളിപ്ലാക്കൽ കടവിലും ചെക്കുഡാമുകൾ നിർമ്മിക്കുവാനുള്ള നിർദ്ദേശമാണ് മറ്റൊന്ന്. ഇതു നടപ്പാക്കുക വഴി വേനൽക്കാലത്തും ആറ്റിൽ വെള്ളം കെട്ടി നിൽക്കുകയും, തൽഫലമായി ഈ പമ്പു ഹൗസിൽ നിന്നും വേനൽ രൂക്ഷമാകുന്ന കാലത്തും വെള്ളം പമ്പു ചെയ്യുവാൻ സാധിക്കും. ഇതു വഴി 1,2,3 വാർഡുകളിൽ മുഴുവനായും സമീപ വാർഡുകളിൽ ഭാഗികമായും കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാധിക്കും. ഇതിനു പുറമെ ചെക്കു ഡാം വഴി ആറ്റിൽ ജലം തങ്ങി നിൽക്കുന്നതുമൂലം സമീപ പ്രദേശങ്ങളിലുള്ള കിണറുകളിലെ ജലനിരപ്പ് ഉയർത്തുവാനും സാധിക്കുന്നതാണ്. കൂടാതെ വിലങ്ങുപാറ പാലത്തിന്റെ സംരക്ഷണത്തിനും ഇത് ആവശ്യമാണ്.

2. കടനാട് പഞ്ചായത്തിന്റെ സഹകരണത്തോടെ കുറുമണ്ണു കുളത്തിനു സമീപം വലിയ കിണർ കുഴിച്ച് വെള്ളം പമ്പുചെയ്താൽ ഭരണങ്ങാനം, കടനാട്, മേലുകാവ് എന്നീ പഞ്ചായത്തുകളുടെ വിവിധ ഭാഗങ്ങളിൽ കുടി വെള്ളം എത്തിക്കുന്നതിന് സാധക്കും.

3. ഒമ്പതാം വാർഡിൽ കാവിത്തോട്ടിൽ വട്ടപ്പലം കുഴിക്കു താഴെ വലിയ കിണർ കുഴിച്ച്, കയ്യൂർ അതിരുപാറ റോഡ് സൈഡിൽ ഉയരം കൂടിയ ഭാഗത്ത് ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പു ചെയ്താൽ അതിരുപാറ ഭാഗത്തും തലപ്പുലം മേലുകാവ് എന്നീ പഞ്ചായത്തുകളുടെ ഇതര ഭാഗങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിന് സാധിക്കും.

4. മൂലമറ്റത്തു നിന്നും ടണൽ വഴി മീനച്ചിലാറ്റിൽ എല്ലായ്പ്പോഴും ജലം ഒഴുകുന്നതിനുള്ള പദ്ധതി നടപ്പാക്കുക.

5. നീലൂർ ജലവിതരണ പദ്ധതി:

രാമപുരം, കടനാട്, ഭരണങ്ങാനം എന്നീ പഞ്ചായത്തുകൾക്ക് മുഖ്യമായി പ്രയോജനപ്പെടുന്ന ഈ പദ്ധതി എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി ഇപ്പോൾ സർക്കാർ ലവലിൽ അംഗീകാരം കാത്തു കിടക്കുന്നതായിട്ടാണ് അറിയുന്നത്. എല്ലാ പ്രദേശങ്ങളിലും പൈപ്പ് ലൈൻ സ്ഥാപിച്ച് - വീടുകളിൽ വെള്ളം എത്തിക്കാൻ സാധിക്കുന്ന വിധത്തിലാണ് ഈ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ഈ പദ്ധതി നടപ്പിലായാൽ പഞ്ചായത്തിലെ ജലക്ഷാമം പൂർണ്ണമായും പരിഹരിക്കുവാൻ സാധിക്കമെന്നാണ് പ്രതീക്ഷിക്കുന്നത്.

## മറ്റു നിർദ്ദേശങ്ങൾ

### 1. മണൽ വാരൽ

മീനച്ചിലാറിന് സമീപ പ്രദേശങ്ങളിലുള്ള കിണറുകളിലെ ജലം വറ്റുന്നതിന് പ്രധാനകാരണം ആറ്റിൽ

നിന്നും മണൽ വാരുകയും തൽഫലമായി ആറ് ദിനംപ്രതി താഴ്ന്നു കൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. അതിനാൽ മീനച്ചിലാറ്റിലെ മണൽ വാരലും തോട്ടയിടീലും അടിയന്തിരമായി നിരോധിക്കണം.

2. നിലവിലുള്ള തോടുകളിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടു പിടിച്ച് ബണ്ടുകൾ നിർമ്മിക്കുകയും അങ്ങനെ ജലം തടഞ്ഞു നിർത്തുകയും ചെയ്യുക. ഇത് സമീപ പ്രദേശങ്ങളിലുള്ള കിണറുകളിൽ ജലനിരപ്പ് ഉയരുന്നതിന് കാരണമാകും.

3. നിലവിലുള്ള കിണറുകൾ, കുളങ്ങൾ മുതലായവ ആവശ്യമായ രീതിയിൽ പുനരുദ്ധികരിക്കുകയും വൃത്തിയായി സൂക്ഷിക്കുകയുംചെയ്യുക. ഇതിനായി സന്നദ്ധ സംഘടനകളുടെയും പൊതു ജനങ്ങളുടെയും സേവനം പ്രയോജനപ്പെടുത്തുക.

4. വേനൽക്കാലത്ത് താൽക്കാലിക ജലവിതരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

ഉദാ. ലോറികളിലൂടെയുള്ള ജലവിതരണം etc.

5. ഉയർന്ന സ്ഥലങ്ങളിലും കിണറുകൾക്ക് സമീപവും നീർക്കുഴികൾ, വരമ്പുകൾ എന്നിവ നിർമ്മിച്ച് മഴവെള്ളം സംഭരിച്ച് നിർത്തുക.

6. വാട്ടർ സപ്ലൈ സ്കീം വാട്ടർ അഥോറിറ്റിയുടെ അധികാര പരിധിയിൽ നിന്നും എടുത്തു മാറ്റി പഞ്ചായത്തിനെ പരിപൂർണ്ണമായി ഏൽപ്പിക്കുക. ഇതു വഴി പഞ്ചായത്തിന് ഈ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായും വേഗത്തിലും നടത്തുവാൻ സാധിക്കും

7. ബോധവത്ക്കരണം

മണൽ വാരൽ, ജലം മലിനപ്പെടുത്തൽ എന്നിവയുടെ ദൂഷ്യങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുക. അതു പോലെ വെള്ളത്തിന്റെ അമിതമായ ഉപയോഗം നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചും ബോധവത്ക്കരണം നടത്തുക.

# C. പരിസരശുചിത്വം

ആരോഗ്യത്തിന്റെ ഒരു പ്രധാന ഘടകമായ പരിസരശുചിത്വത്തിനായി സ്വീകരിക്കേണ്ട നടപടികളിൽ വളരെ കുറഞ്ഞ പരിഹാര മാർഗ്ഗങ്ങൾ മാത്രമാണ് പഞ്ചായത്തിൽ ഉടനീളം ഇതേവരെ സ്വീകരിച്ചിട്ടുള്ള്. പരിസര ശുചിത്വത്തിന്റെ ആവശ്യകത പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. മിക്ക വാർഡുകളിലും വേനൽക്കാലത്ത് പൊതുവായി കാണുന്ന രോഗങ്ങളാണ് വയറിളക്കം, മഞ്ഞപ്പിത്തം എന്നിവ. ഇവയ്ക്കു പുറമെ കൊതുകുശല്യം വർദ്ധിച്ചു വരുന്നതും പരിസര ശുചിത്വത്തിൽ ശ്രദ്ധ വയ്ക്കേണ്ട കാര്യം വിളിച്ചറിയിക്കുന്നു

പഞ്ചായത്തിൽ ഹോട്ടലുകളിലും മറ്റ് കടകളിൽ നിന്നുമുള്ള മാലിന്യങ്ങൾ വേണ്ടവിധം നിക്ഷേപിക്കുവാൻ വേണ്ട സംവിധാനം ഇല്ല. ഇത് ഈച്ചയും കൊതുകും എലിയും പെരുകുവാൻ കാരണമാകുന്നു. വീടുകളിലെ മാലിന്യങ്ങൾ തുറന്ന സ്ഥലത്ത് നിക്ഷേപിക്കുന്ന സമ്പ്രദായമാണ് ഈ പ്രദേശത്തുള്ളത്.

മൂന്ന്, നാല്, അഞ്ച് വാർഡുകളിൽ ചൂണ്ടച്ചേരി റബ്ബർ ഫാക്ടറിയിൽ നിന്നുള്ള മാലിന്യങ്ങൾ അവിടെയുള്ള തോട്ടിൽ ഒഴുക്കുന്നതു മൂലം രോഗങ്ങൾ ഉണ്ടാകുന്നതായും, കൃഷിയെ സാരമായ ബാധിക്കുന്നതായും കാണുന്നു. ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തി അന്വേഷണം നടത്തേണ്ടതും സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പഞ്ചായത്തിൽ തീവ്ര കൊതുകു നിവാരണ പരിപാടി നടത്തുകയും പൊതുകിണറുകളും കുളങ്ങളും ശുദ്ധീകരിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. പൊതു കിണറുകളുടേയും പൈപ്പുകളുടേയും പരിസരം വൃത്തിയായി സൂക്ഷിക്കുക, മാലിന്യങ്ങൾ നിശ്ചിത സ്ഥലത്തു മാത്രം നിക്ഷേപിക്കുക, അടുക്കളയിൽ നിന്നുള്ള അവശിഷ്ടങ്ങളും മറ്റും വേണ്ട രീതിയിൽ മറവു ചെയ്യുകയോ, കമ്പോസ്റ്റാക്കി അടുക്കളത്തോട്ടങ്ങളിൽ വളമായി പ്രയോജനപ്പെടുത്തുകയോ ചെയ്യുക, വീടിനും പരിസരത്തും മലിന ജലം കെട്ടിക്കിടക്കുന്നതു തടയുക തുടങ്ങിയ ആരോഗ്യശീലങ്ങളെപ്പറ്റിയുള്ള ബോധവത്ക്കരണം നടത്തുകയും ഫലപ്രദമായ രീതിയിൽ ഇത്തരം കാര്യങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരേണ്ടതുമാണ്.

ഈ പഞ്ചായത്തിൽകൂടി ഒഴുകുന്ന ഒരു പ്രധാന ജലസ്രോതസ്സായ മീനച്ചിലാറിനെ മലിനമാകാതെ സംരക്ഷിക്കേണ്ടത് ഒരു പ്രധാന കാര്യമാണ്. (കേരളത്തിലെ നദികളിൽ മലിനീകരിക്കപ്പെട്ടതിൽ മുൻപന്തിയിൽ നിൽക്കുന്ന നദിയാണ് മീനച്ചിലാർ എന്ന വസ്തുത ശ്രദ്ധേയമാണ്) ആറ്റിൽ തോട്ടയിടുക, നഞ്ചു കലക്കി മീൻ പിടിക്കുക എന്നീ കാര്യങ്ങൾ കർശനമായി നിരോധിക്കേണ്ടതാണ്. ആറ്റിൽ വിലങ്ങുപാറ, വാളിപ്ലാക്കൽ കടവ് എന്നിവടങ്ങളിൽ കുളിക്കടവുകൾ നിർമ്മിക്കേണ്ട ആവശ്യകത ഒന്ന്, രണ്ട് വാർഡുകളിൽ നിന്നും നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങളാണ്.

## പഞ്ചായത്തിൽ പ്രാവർത്തികമാക്കാവുന്ന മറ്റ് നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ പ്രധാന സ്ഥലങ്ങളിലെല്ലാം മാലിന്യം നിക്ഷേപിക്കാനുള്ള സംവിധാനം ഉണ്ടാക്കു. ഈ മാലിന്യങ്ങൾ കമ്പോസ്റ്റാക്കി കൃഷിക്ക് ഉപയുക്തമാക്കാവുന്ന സംവിധാനവും പ്രയോഗത്തിൽ വരുത്താവുന്നതാണ്.

2. തീർത്ഥാടന കേന്ദ്രമായ ഭരണങ്ങാനത്ത് മൂത്രപ്പുരയും കക്കൂസും പൊതുവായി നിർമ്മിക്കുക.

പഞ്ചായത്തിലെ എല്ലാ വീടുകൾക്കും കക്കൂസ് എന്ന പദ്ധതിക്കു രൂപം നൽകി, സന്നദ്ധ സംഘടനകൾ വഴിയും മറ്റ സ്കീമുകളിൽപ്പെടുത്തിയും ഇത് പ്രാവർത്തികമാക്കുക.

3. പൊതുശ്മശാനം

പഞ്ചായത്തിൽ പൊതുശ്മശാനത്തിനു വേണ്ട സ്ഥലം കണ്ടെത്തി പൊതുശ്മശാനം നിർമ്മിക്കുക. സ്ഥലപരിമിതകൾ കണക്കിലെടുത്ത് പൊതുശ്മശാനമാണ് കൂടുതൽ പ്രായോഗികമായിട്ടുള്ളത്.

4. അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടി, പന്നി, എന്നിവയെ ഇല്ലാതാക്കുക.

5. അറവുശാലകൾ

പഴയ രീതിയിലുള്ള അറവുശാലകൾ നിർത്തലാക്കി പഞ്ചായത്തിൽ ആധുനിക രീതിയിലുള്ള അറവുശാലകൾ പ്രയോഗത്തിൽ വരുത്തുക.

6. കായികവും മാനസികവുമായ ആരോഗ്യത്തിനായി പഞ്ചായത്തിൽ ഒരു ആധുനിക ഹെൽത്ത് ക്ലബ് സ്ഥാപിക്കുക.

## പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നുള്ള ചർച്ചകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

| വാർഡ് | പ്രധാന രോഗങ്ങൾ/ പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|
| 1 | | P.H.C. നിർമ്മിക്കുക, മാതൃശിശു ക്ഷേമകേന്ദ്രം നിർമ്മിക്കുക, മെഡിക്കൽ ഷോപ്പ് സ്ഥാപിക്കുക |
| 2 | പരിസര മലിനീകരണം | P.H.C. യുടെ പ്രവർത്തനം സജീവമാക്കുക<br>P.H.C. വഴി പോഷകാഹാരം വിതരണം ചെയ്യുക<br>ആയുർവ്വേദ ഹോമിയോഡിസ്പെൻസറി സ്ഥാപിക്കുക<br>പരിസരമലിനീകരണത്തെ കുറിച്ച് ബോധവൽക്കരണം നടത്തുക.<br>പഞ്ചായത്തിൽസഞ്ചരിക്കുന്ന ഡിസ്പെൻസറിതുടങ്ങുക<br>കുടി വെള്ളം ശുചീകരിക്കുക<br>വ്യദ്ധമന്ദിരം നിർമ്മിക്കുക<br>രോഗനിർണ്ണയ ക്ലാസ്സുകൾ സംഘടിപ്പിക്കുക<br>മാരകമായ രോഗചികിത്സയ്ക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക.<br>തീവ്ര കൊതുകു നിവാരണ പദ്ധതി നടപ്പാക്കുക.<br>ഹെൽത്ത് ക്ലബ് സ്ഥാപിക്കുക.<br>ആറ്, തോട് ഇവിടങ്ങളിലെ ജലമലിനീകരണം തടയുക.<br>സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക |
| 3 | | കക്കൂസുകൾ ഇല്ലാത്ത വീടുകൾക്ക് കക്കൂസുകൾ നിർമ്മിക്കുക<br>മെഡിക്കൽ ക്യാമ്പുകൾ നടത്തുക<br>ആരോഗ്യ സർവ്വേ നടത്തുക<br>ദരിദ്രവിഭാഗത്തിന് സാമ്പത്തിക സഹായം നൽകുക<br>കൊതുകു നിർമ്മാർജ്ജനം നടത്തുക<br>വിൻസെൻഷ്യൻ കോളനിയിൽ ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുക. |
| 4 | പൊതുജനാരോഗ്യ കേന്ദ്രം ഇല്ല | ഉള്ളനാട് P.H.C. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കുക. ഇവിടെ നിന്നും മൊബൈൽ യൂണിറ്റ് ഉണ്ടാക്കുക<br>കക്കൂസ് ഇല്ലാത്ത വീടുകൾക്ക് കക്കൂസ് കൊടുക്കുക<br>കൊതുകു നിവാരണം നടപ്പാക്കുക.<br>പൊതു ശ്മശാനം നിർമ്മിക്കുക<br>ആയുർവ്വേദ ചികിത്സാ സൗകര്യംവാർഡിൽ ലഭ്യമാക്കുക.<br>പേപ്പട്ടി ശല്യത്തിനെതിരേ നടപടി സ്വീകരിക്കുക<br>ചുങ്കച്ചേരി ഫാക്ടറിയിലെ മാലിന്യം തോട്ടിൽ ഒഴുക്കുന്നത് തടയുക<br>അറവുശാലകൾ ആധുനികവത്ക്കരിക്കുക |
| 5 | കുടിവെള്ളം അശുദ്ധമാകുന്നു. കൃഷിനാശം. ഫാക്ടറിയിലെ മലിനജലം തോട്ടിൽ ഒഴുക്കുന്നു. | ഈ വാർഡിലെ ഫാക്ടറിയിൽ നിന്നും മലിനജലം തോട്ടിൽ ഒഴുക്കുന്നതു തടയുക<br>പഞ്ചായത്തിന് ഒരു വ്യക്തി സംഭാവന ചെയ്തിരിക്കുന്ന സ്ഥലത്ത് P.H.C. സ്ഥാപിക്കുക.<br>ഉള്ളനാട് P.H.C. ഉദ്ധരിക്കുക<br>മുണ്ടിനീർ, തടിപ്പൻ പനി, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾക്ക് ഗവ. ആശുപത്രിയിൽ നിന്നും പാവപ്പെട്ടവർക്ക് സൗജന്യ കുത്തിവയ്പ്പുകൾ നൽകുക.<br>കക്കൂസ് ഇല്ലാത്ത വീടുകൾക്ക് കക്കൂസ് കൊടുക്കുക.<br>പൊതുക്കിണർ, കുളങ്ങൾ ശുചീകരണം നടത്തുക<br>കൊതുകു നിവാരണം നടപ്പാക്കുക.<br>ആയുർവ്വേദ ആശുപത്രി തുടങ്ങുക |

| | | |
|---|---|---|
| 6 | കക്കൂസ് ഇല്ല | വാർഡിലെ സബ്സെന്ററിൽ ബോധവത്കരണ ക്ലാസുകൾ എല്ലാ ദിവസവും ഉണ്ടാക്കുക. ഇവിടെ ആവശ്യമായ മരുന്നു ലഭ്യമാക്കുക. ആരോഗ്യ ബോധവത്കരണ പരിപാടി, പോഷകാഹാര വിതരണം, ഇവ നടപ്പിലാക്കുക. കൊതുകു നശീകരണം നടത്തുക. അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടി, പന്നി, ഇവ നിയന്ത്രിക്കുക. ലക്ഷം വീടു കോളനികളിൽ കക്കൂസ് നിർമ്മിക്കുക. |
| 7 | സ്വകാര്യ ആശുപത്രി ഇല്ല. വയറിളക്കം, ഛർദ്ദി, വയറുകടി, മഞ്ഞപ്പിത്തം എന്നീ രോഗങ്ങൾ. ശാസ്ത്രീയ കക്കൂസ് ഇല്ല.. | ആലപ്പുറം കോളനിയിൽ കക്കൂസ് ഇല്ല. ഉള്ളനാട് P.H.C. കമ്മ്യൂണിറ്റി സെന്റർ ആയി ഉയർത്തുക. പൊതുശൗചാലം ഉണ്ടാക്കുക. |
| 8 | പനി, വയറിളക്കം എന്നീ രോഗങ്ങൾ. പൊതുശൗചാലം ഇല്ല | P.H.C.യുടെ സേവനം 24 മണിക്കൂറാക്കുക P.H.C കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയി ഉയർത്തുക. ദുർബ്ബല വിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുക. ആരോഗ്യ ബോധവത്കരണ പരിപാടികൾ നടത്തുക. പൊതു ശൗചാലം നിർമ്മിക്കുക |
| 9 | ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഇല്ല. കക്കൂസ് ഇല്ല. | ആരോഗ്യ ഉപകേന്ദ്രം സ്ഥാപിക്കുക വാർഡിൽ കക്കൂസ് ഇല്ലാത്തവർക്ക് നിർമ്മിക്കുന്നതിനു വേണ്ട സഹായം നൽകുക. ആരോഗ്യബോധവത്കരണം നടത്തുന്നതിന് P.H.C.യുടെ പ്രവർത്തനം കൂടുതൽകാര്യക്ഷമമാക്കുക. |

പഞ്ചായത്തിൽ പകർച്ചവ്യാധികൾ താരതമ്യേന കുറവാണെങ്കിലും മറ്റ് രോഗങ്ങളെല്ലാം സാധാരണയായി കണ്ടുവരുന്നു. രോഗം വരുമ്പോൾ മരുന്നുകളെയും ആധുനിക സംവിധാനങ്ങളെയും ആശ്രയിക്കുന്നതിനേക്കാൾ, ആരോഗ്യം നേടുന്നതിനും സംരക്ഷിക്കുന്നതിനും അനുയോജ്യമായ തരത്തിലുള്ള ജീവിത ശൈലിയിലേക്ക് വരേണ്ടതുണ്ട്.

വരുമാനത്തിന്റെ നല്ലൊരു ഭാഗം ആരോഗ്യ കാര്യങ്ങൾക്കായി ചിലവിടേണ്ടി വരുന്ന ഈ കാലഘട്ടത്തിൽ ആരോഗ്യബോധവത്കരണത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. പരിസരശുചിത്വം, വ്യക്തിശുചിത്വം, ജലശുചിത്വം എന്നിവ ആരോഗ്യശീലമാക്കുക. ചെലവു കുറഞ്ഞ പോഷക സമൃദ്ധമായ ആഹാരം കഴിക്കുക. ശരിയായ ജീവിതവീക്ഷണം, പ്രതിരോധ കുത്തിവയ്പുകൾ, മരുന്നില്ലാതെ ചികിത്സാ രീതികൾ സ്വീകരിക്കുക എന്നിവ ആരോഗ്യ സംരക്ഷണത്തിൽ വളരെയേറെ പ്രധാനപ്പെട്ട കാര്യങ്ങളാണ്.

പഞ്ചായത്തിലെ ജനങ്ങളുടെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്താൻ മദ്യപാനം, പുകവലി, പുകയിലയുടെ ഉപയോഗം എന്നിവയുടെ ദോഷവശങ്ങളെ പ്പറ്റിയുള്ള ബോധവത്കരണപ്രവർത്തനങ്ങളും മെച്ചപ്പെടുത്തേണ്ടതുണ്ട്. ഈ കാര്യത്തിൽ P.H.C., സബ്സെന്ററുകൾ ഇവയ്ക്ക് വളരെ പ്രധാനമായ പങ്കു വഹിക്കാൻ സാധിക്കും. എയ്ഡ്സ് ബോധവത്കരണത്തിനു പ്രാധാന്യം നല്കി പഞ്ചായത്തിൽ നടപ്പാക്കുക.

## നിർദ്ദേശങ്ങൾ

1. ഉള്ളനാട് P.H.C. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയി ഉയർത്തുകയും ഡോക്ടർമാർ, മറ്റു നഴ്സിംഗ് ജീവനക്കാരുടെ സേവനങ്ങൾ, മരുന്നുകൾ, മറ്റുപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുക.

2. ഒന്നാം വാർഡിൽ സബ്സെന്ററിനു വേണ്ട സ്ഥലം കണ്ടെത്തി സബ്സെന്റർ സ്ഥാപിക്കുക. അഞ്ചാം വാർഡിൽ സ്ഥലം കിട്ടിയിട്ടുള്ള സ്ഥലത്ത് സബ് സെന്റർ ആരംഭിക്കുക.

3. എല്ലാ വാർഡുകളിലും സബ് സെന്ററുകളുടെ പ്രവർത്തനം ലഭിക്കത്തക്ക വിധം ഇതിന്റെ പ്രവർത്തനം വിപുലീകരിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യുക.

സഞ്ചരിക്കുന്ന ഡിസ്പെൻസറിയും തരണങ്ങാനത്ത് ഒരു മെഡിക്കൽ ഷോപ്പും സ്ഥാപിക്കുക.

4. ആരോഗ്യ ബോധവത്കരണ രംഗത്ത് മഹിളാ സമാജം, സന്നദ്ധസംഘടനകൾ, മേരിഗിരി IH.M. ആശുപത്രിയിലെ ജനകീയാരോഗ്യ വിഭാഗം

എന്നിവയ്ക്ക് വളരെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ചെയ്യുവാൻ സാധിക്കുന്നതാണ്.

5. പഞ്ചായത്തിൽ ഒരു ഗവൺമെൻറ് ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുക. ഇത് ഈ പഞ്ചായത്തിലും അടുത്ത പഞ്ചായത്തുകളിലുള്ളവർക്കും പ്രയോജനപ്പെടുത്താൻ സാധിക്കും.

6. പഞ്ചായത്തിൽ P.H.C. യുടെയും സന്നദ്ധസംഘടനകളുടേയും ആഭിമുഖ്യത്തിൽ ആരോഗ്യ സർവ്വേ രോഗനിർണ്ണയക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക. ഇതുവഴി പല രോഗങ്ങളും നേരത്തെതന്നെ കണ്ടത്തുവാനും ചികിത്സിക്കുവാനും സാധിക്കും.

7. ദരിദ്ര വിഭാഗത്തിന് സാമ്പത്തിക സഹായം ലഭിക്കത്തക്ക വിധമുള്ള പരിപാടി ഗവ. നടപ്പിലാക്കുക. ഇതുവഴി ഒരു പരിധി വരെ ദരിദ്ര ജനങ്ങളുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുവാൻ സാധിക്കും.

8. മാരകമായ രോഗചികിത്സയ്ക്ക് ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക.

9. പഞ്ചായത്തിൽ ഒരു സാനിട്ടറി വിംഗ് ഉണ്ടാക്കുക. മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള പൊതുസ്ഥലം, വാഹനം, ജോലിക്കാർ എന്നിവരെ ഉൾപ്പെടുത്തി ഈ വിംഗിൻറെ പ്രവർത്തനം കാര്യക്ഷമമാക്കുക. ഹെൽത്ത് ഇൻസ്പെക്ടർ സ്ഥിരമായി പഞ്ചായത്തിലെ ഹോട്ടലുകളിലെയും പ്രധാന കേന്ദ്രങ്ങളിലേയും ശുചിത്വ നടപടികൾ പ്രാബല്യത്തിൽ വരുത്തുകയും ചെയ്യേണ്ടതാണ്. ഒരു തീർത്ഥാടന കേന്ദ്രമായ ഭരണങ്ങാനത്ത് ഇത്തരം ആരോഗ്യ നടപടികൾ പ്രാബല്യത്തിൽ വരുത്തേണ്ടത് വളരെയേറെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്.

10. പഞ്ചായത്തിലെ ആരോഗ്യ പരിപാടികൾ ഏകോപിപ്പിക്കുക. ഇതിലേക്ക് I.H.M. ആശുപത്രിയിലെ മൾട്ടി പർപ്പസ് ഹെൽത്ത് വർക്കേഴ്സ് സ്കൂളും പ്രൈമറി ഹെൽത്ത് സെൻററും സാധ്യമായ തലങ്ങളിലെല്ലാം സഹകരിച്ചു പ്രവർത്തിക്കുക - പഞ്ചായത്ത് ഇതിന് നേതൃത്വം നൽകുക.

11. ഇവിടുത്തെ പ്രധാന ആശുപത്രിയായ I.H.M. ൻറെ സേവനങ്ങൾ പഞ്ചായത്തിലുള്ളവർക്ക് പരമാവധി പ്രയോജനകരമാകത്തക്കവിധം ഒരു റഫറൽ ആശുപത്രിയായി പ്രവർത്തിക്കുവാനുള്ള സൗകര്യങ്ങൾ ആരായുകയും കണ്ടത്തുകയും ചെയ്യുക.

12. ആരോഗ്യരംഗത്തെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വകാര്യ ആരോഗ്യ പ്രവർത്തകർ ഒന്നു ചേർന്ന് അതാത് സ്ഥലത്തെ ആരോഗ്യപ്രശ്നങ്ങളും ആവശ്യങ്ങളും പരിഗണിച്ച് സഹകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ഇതിനായി ബ്ലോക്കു തലത്തിൽ ഒരു കമ്മിറ്റി ഉണ്ടാക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്താൽ ആരോഗ്യരംഗത്ത് കാര്യക്ഷമമായ ചലനങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കും.

## ഭേദഗതിവരുത്തേണ്ട പ്രവർത്തന സംവിധാനങ്ങൾ

1. ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമുള്ള വൈദ്യുതി ലഭ്യമാക്കുക എന്നത് ഗവൺമെൻറിൻറെ ജനങ്ങളോടുള്ള ഉത്തരവാദിത്വത്തിൻറെ ഭാഗമാണ്. അതിനാൽ സ്വകാര്യ ആശുപത്രികളിൽ വൈദ്യുതിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള നിയമം പൂർണ്ണമായും എടുത്തു മാറ്റണം.

2. ഗവൺമെൻറ് നിയമങ്ങൾ പഞ്ചായത്ത് തലത്തിൽ (P.H.C.) നടപ്പാക്കേണ്ടി വരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കി, നിശ്ചിത സമയത്തിനുള്ളിൽ തന്നെ മരുന്നുകളും മറ്റും (വാക്സിനുകൾ, T.B. മരുന്ന് etc.) ജനങ്ങൾക്ക് കിട്ടാവുന്ന രീതിയിൽ എത്തിക്കാനുള്ള സംവിധാനങ്ങൾ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നടപ്പിലാക്കണം.

3. മിനിസ്ട്രി ഓഫ് ഹെൽത്തിൻറെ ഫാമിലി വെൽഫയർ പ്രോഗ്രാം 1996ൽ നിലവിൽ വന്നിട്ടുള്ളത് എത്രയും വേഗം കേരളത്തിലുടനീളം നടപ്പിലാക്കുക.

4. ഗവൺമെൻറ് നേരിട്ടു നടത്തുന്ന ആരോഗ്യ പ്രവർത്തകരുടെ പരിശീലന സിലബസ് കാലോചിതമായി പുതുക്കി പ്രാബല്യത്തിൽ വരുത്തുക.

നിലവിലുള്ള ആരോഗ്യ സേവനങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുകയും മറ്റ് ആരോഗ്യ നിർദ്ദേശങ്ങൾ കാലാനുസൃതമായി വേണ്ട വിധം രൂപപ്പെടുത്തി പ്രയോഗത്തിൽ കൊണ്ടു വരികയും ചെയ്താൽ-"ആരോഗ്യ ജനത- ആരോഗ്യ ഗ്രാമം" എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ നമുക്ക് കഴിയും.

# 5. വ്യവസായം

വ്യവസായ രംഗത്ത് ഭരണങ്ങാനം പഞ്ചായത്തിന് വളരെ കൊല്ലം മുമ്പ് തന്നെ തുടക്കം കുറിക്കുവാൻ സാധിച്ചെങ്കിലും കാര്യമായ നേട്ടങ്ങളൊന്നും കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല.

1950 കളിൽ പ്രവിത്താനത്ത് കേരളത്തിലെ ആദ്യമെന്ന് പറയാവുന്ന റബ്ബർ റോളർ ഉണ്ടാക്കുന്ന വലിയൊരു വ്യവസായശാല ശ്രീ. ചാക്കോ വടക്കൻ എന്നയാൾ നടത്തിയിരുന്നു. കേരളത്തിലെല്ലായിടത്തും ഇവിടെ നിന്നായിരുന്നു റബ്ബർ റോളർ മെഷീൻ കൊണ്ടു പോയിരുന്നത്. പിൽക്കാലത്ത് ഈ സ്ഥാപനത്തിന്റെ ഒരു ബ്രാഞ്ച് പാലായിൽ ചെത്തിമറ്റത്ത് വളരെ നല്ലനിലയിൽ പ്രവർത്തിച്ചിരുന്നു. ഇതോടൊപ്പം തന്നെ 'ഫൗണ്ടൻ പേന' നിർമ്മിക്കുന്ന ഒരു യൂണിറ്റും ശ്രീ. ചാക്കോ വടക്കൻ ആരംഭിക്കുകയുണ്ടായി. എന്നാൽ 1960 കാലഘട്ടത്തിൽ ഒരു റബ്ബർ യൂണിറ്റ് തുടങ്ങുന്നതിനുള്ള മെഷീനറി വരുത്തുകയും അപ്രതീക്ഷിതങ്ങളായ ചില കാരണങ്ങളാൽ അത് പ്രവർത്തിക്കുവാൻ സാധിക്കാതെ വരികയും തുടർന്ന് സാമ്പത്തികക്കുഴപ്പത്തെത്തുടർന്ന് യൂണിറ്റ് അപ്പാടെ പൂട്ടുകയുമാണുണ്ടായത്. റബ്ബർ റോളർ മെഷീൻ ഉണ്ടാക്കുവാൻ ആരംഭിക്കുന്നതിനു മുമ്പുതന്നെ തേങ്ങാ ആട്ടുന്ന യന്ത്രം, നെല്ലു കുത്തു യന്ത്രം, ധാന്യങ്ങൾ പൊടിക്കുന്ന യന്ത്രം മുതലായവയും ഈ യൂണിറ്റിനോടൊപ്പം പ്രവർത്തിച്ചിരുന്നു. ഇടപ്പാടിയിൽ മലബാർ ഫ്രൂട്ട് പ്രോഡക്ട്സ് എന്ന പഴ സംസ്കരണ ഫാക്ടറി ശ്രീ. ലൂക്കോസ് പൂണ്ടിക്കുളം ആരംഭിക്കുകയുണ്ടായി. പ്രധാനമായും കൈതച്ചക്ക ജാമും സ്കാഷും അനുബന്ധ ഉത്പന്നങ്ങളുമായിരുന്നു. ഈ ഫാക്ടറി കൈതച്ചക്ക കൃഷിക്കും മാത്രമല്ല, വിദ്യാർത്ഥികൾക്കു പോലും അവധിക്കാലങ്ങളിൽ ജോലി പ്രദാനം ചെയ്തിരുന്നു. എന്നാൽ തൊഴിൽകുഴപ്പങ്ങളെ തുടർന്ന് ഉദ്പാദനം കുറയ്ക്കുകയും മറ്റു പലതരങ്ങളിലുള്ള പഴങ്ങൾ ചെറിയ തോതിൽ സംസ്കരിച്ച് കയറ്റി അയക്കുന്ന മേഖലയിലാണ് ഇപ്പോൾ ഈ ഫാക്ടറിയുടെ പ്രവർത്തനം. കൂടാതെ സുഗന്ധ തൈലങ്ങൾ വാറ്റിയെടുക്കുന്ന യൂണിറ്റും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഫ്രൂട്ടോമാൻസ് എന്ന പേരിലുള്ള ഈ സ്ഥാപനത്തിലെ ഉത്പന്നങ്ങൾ ഏറെ പ്രചാരം നേടിയിരിക്കുന്നു.

ഭരണങ്ങാനത്ത് അൽഫോൻസാ നെയ്ത്തുശാല എന്ന പേരിൽ കസവു തുണിത്തരങ്ങൾ നെയ്തു കൊണ്ടിരുന്ന ഒരു യൂണിറ്റ് ഉണ്ടായിരുന്നു. അതു പോലെ ഒരു തീപ്പെട്ടി, മെഴുകുതിരി നിർമ്മാണ ശാലയും ചെറിയ തോതിൽ കുറെ വർഷക്കാലം പ്രവർത്തിച്ചിരുന്നു. എന്നാൽ അവയൊന്നും ഇപ്പോൾ നിലവിലില്ല. ഇപ്പോൾ സ്വകാര്യമേഖലയിൽ ഒരു മെറ്റൽ ക്രഷർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

ഭരണങ്ങാനത്തു പ്രവർത്തിക്കുന്ന ഗ്രേറ്റ് ഇൻഡ്യാ മെറ്റൽ യൂണിറ്റ്, ഗൃഹോപകരണങ്ങൾ, ഗേറ്റ് തുടങ്ങി ഇരുമ്പു സംബന്ധമായ, ജനലുകൾ, ഗ്രില്ലുകൾ തുടങ്ങി നിരവധി ഉപകരണങ്ങൾ ഉണ്ടാക്കി വിൽക്കുന്ന നല്ല നിലയിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഒരു യൂണിറ്റാണ്.

പൊതുമേഖലയിലോ, സ്വകാര്യമേഖലയിലോ ഇവിടെ വൻകിട വ്യവസായങ്ങൾ ഇല്ല. ചെറുകിട മേഖലയിൽ ഏതാനും ചില സ്വകാര്യ യൂണിറ്റുകൾ മാത്രം. ഇവയിലെല്ലാംകൂടി കുറച്ചു പേർക്കു മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളു. സ്ത്രീ തൊഴിലാളികളുടെ എണ്ണവും കുറവാണ്.

ചൂണ്ടച്ചരിയിൽ സ്വകാര്യമേഖലയിൽ ഒരു റബ്ബർ ലാറ്റക്സ് പ്രോസ്സസിംഗ് യൂണിറ്റും ഒരു ക്രെഡ് റബ്ബർ യൂണിറ്റും (ഇപ്പോൾ പ്രവർത്തന രഹിതം) ഒരു റബ്ബർ ബാൻഡ് നിർമ്മാണ യൂണിറ്റും മാത്രമേ നിലവിലുള്ളു. റബ്ബർ അധിഷ്ഠിത വ്യവസായങ്ങളെപ്പറ്റി ജനങ്ങൾക്കിടയിലുള്ള അഭിപ്രായങ്ങളെ മാറ്റിയെടുത്താൽ ഒരു റബ്ബർ വ്യവസായ കോംപ്ലക്സ് തന്നെ സ്ഥാപിക്കുന്നതിനുള്ള സാധ്യത ഈ പഞ്ചായത്തിലുണ്ട്.

പരമ്പരാഗത തൊഴിൽ മേഖലയിൽ എടുത്തു പറയാൻ കഴിയുന്ന വ്യവസായങ്ങൾ ഒന്നും തന്നെയില്ല. എങ്കിലും കുടിൽ വ്യവസായമായി പപ്പട നിർമ്മാണ യൂണിറ്റുകളും കൃഷിയായുധങ്ങളുണ്ടാ

ക്കുന്ന യൂണിറ്റുകളും ഭവന നിർമ്മാണ യൂണിറ്റുക ളും പ്രവർത്തിക്കുന്നുണ്ട്. ഇടനിലക്കാർ കാരണം ഈ മേഖലയിലും തൊഴിലാളികൾക്ക് കുറഞ്ഞ കൂലി നിരക്കാണ് ലഭിക്കുന്നത്. സഹകരണ മേഖലയിൽ വൻകിടയോ ചെറുകിടയോ യൂണിറ്റുകൾ ഒന്നുമി ല്ല. റബ്ബർ കൃഷി തന്നെ വ്യാവസായികാടിസ്ഥാന ത്തിൽ ഈ പഞ്ചാ.യത്തിലുള്ളവർ ചെയ്യുന്നതു കൊണ്ട് വ്യവസായ സംരഭങ്ങൾക്ക് വലിയ താത്പ ര്യങ്ങളൊന്നുമില്ല. എങ്കിലും റബ്ബർ ലാറ്റക്സ്, മരം മുതലായ ചില വ്യവസായ യൂണിറ്റുകൾ പ്രവർത്തി ക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

വടക്ക് കരൂർ പഞ്ചായത്തും കിഴക്ക് മേലു കാവ് പഞ്ചായത്തും പടിഞ്ഞാറ് പാലാ മുൻസിപ്പാ ലിറ്റിയും മീനച്ചിലാറും, തെക്ക് മീനച്ചിലാരും തല പ്പുലം പഞ്ചായത്തും അതിരുകളായി കിടക്കുന്ന ഈ പഞ്ചായത്തിൽ വ്യവസായത്തിനാവശ്യമായ വൈദ്യു തി, ഗതാഗതം എന്നീ അടിസ്ഥാനാവശ്യങ്ങൾ വേണ്ടത്ര ഇല്ല. മിക്കവാറും പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും വ്യാവസായികാവശ്യത്തിന് ലഭ്യത തുലോം കുറവാണ്.

വ്യവസായത്തിന് ആവശ്യമായ എല്ലാ സാഹ ചര്യങ്ങളും അവശ്യം ഉണ്ടെങ്കിലും വ്യവസായങ്ങൾ ഉണ്ടാകുന്നില്ല. ആവശ്യമുള്ള വോൾട്ടേജോടു കൂടി വൈദ്യുതി എല്ലാ സമയത്തും തടസ്സം കൂടാതെ ലഭിക്കുന്നില്ല.

സാങ്കേതിക പരിജ്ഞാനക്കുറവ്

ധനസഹായം ലഭിക്കുന്നതിനുള്ള ദുർഘടങ്ങ ളായിട്ടുള്ള വ്യവസ്ഥകൾ

വിപണന സാധ്യതക്കുറവ്

സാങ്കേതിക പരിശീലനം ലഭിച്ചവർക്കു തന്നെ തൊഴിൽ ആരംഭിക്കുന്നതിനുള്ള താൽപ്പര്യക്കുറവും പ്രതികൂല സാഹചര്യങ്ങളും

പ്രമുഖ വ്യവസായ നഗരവുമായിട്ടുള്ള ദൂര ക്കൂടുതൽ

തൊഴിൽ മേഖലയിലെ നിയന്ത്രണാതീതമായ വേതന വർദ്ധനവ്

കുറഞ്ഞ കൂലിക്ക് തൊഴിലാളികളെ കിട്ടുന്ന തിനുള്ള ബുദ്ധിമുട്ട്

പരിസ്ഥിതിപ്രശ്നങ്ങൾ

ജലദൗർലഭ്യം

## സാദ്ധ്യതകൾ

ഏറ്റവും മുഖ്യമായ വിള റബ്ബർ ആയതു കൊണ്ട് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് ഏറെ സാധ്യതയുണ്ട്. എങ്കിലും വ്യവസായങ്ങൾ ഉണ്ടാകുന്നില്ല. റബ്ബർ വ്യവസായങ്ങൾ വൻകിടയോ, ചെറുകിടയോ ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളെ പറ്റി ജനങ്ങൾ വേണ്ടത്ര ബോധവാന്മാരാണ്. തന്മൂലം ആരും വമ്പിച്ച മുതൽമുടക്കുള്ള വ്യവസായത്തിൽ മുമ്പോട്ടു വരുന്നില്ല. എന്നാൽ റബ്ബർ തടി സംസ്ക രിച്ചു കൊണ്ടുള്ള വിവിധ യൂണിറ്റുകൾക്ക് ധാരാളം സാധ്യതകൾ ഉണ്ട്.

തടി കൊണ്ടുള്ള ഫർണിച്ചറുകൾ കയറ്റുമതി ലക്ഷ്യമാക്കി വ്യാവസായികാടിസ്ഥാനത്തിൽ ഉദ്പാ ദിപ്പിക്കാവുന്നതാണ്. താഴ്ന്ന വരുമാനക്കാർക്കായി ട്ടുള്ള ഭവന നിർമ്മാണ സാമഗ്രികളായ കോൺക്രീറ്റ് കട്ടിള, ജനൽ, ഇഷ്ടിക തുടങ്ങിയവ വ്യാപകാടി സ്ഥാനത്തിൽ നിർമ്മിക്കാവുന്നതാണ്. ചെറുകിട ഇല ക്ട്രോണിക് യൂണിറ്റുകൾക്ക് വളരെയേറെ സാധ്യ തകൾ സഹകരണാടിസ്ഥാനത്തിലുള്ള പ്രവർത്ത നംവഴി ആരംഭിക്കാവുന്നതാണ്. ഇലക്ട്രോണിക് ചോക്ക്, സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോർമറുകൾ, എമർജ ൻസി ലൈറ്റുകൾ, ടെലികമ്മ്യൂണിക്കേഷൻ ഡിവൈ സസ്, റണ്ണിംഗ് കപ്പാസിറ്ററുകൾ, വയർ വൗണ്ട് റെസിസ്റ്ററുകൾ തുടങ്ങിയ നിരവധി സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് വളരെയേറെ സാധ്യതകളു ണ്ട്.

കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീ സിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിൽ ഒരു നൂൽ നൂപ്പു കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. പരിശീലനം ലഭിച്ച 50 സ്ത്രീകൾ ചർക്കയിൽ നൂൽ നൂൽക്കുന്നുണ്ട്. ഭാവിയിൽ ഒരു നെയ്ത്തുശാല സ്ഥാപിച്ച് കൂടു സ്ത്രീകൾക്കു കൂടി തൊഴിൽ നൽകുവാൻ സാധി ക്കുന്നതാണ്.

റബ്ബർ കൃഷിക്കാവശ്യമായ ചില്ല്, പാൽ സംഭരി ക്കുന്നതിനുള്ള ചിരട്ട, കമ്പി തുടങ്ങിയവ സഹകര ണാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യു വാൻ സാധിക്കും. ചിരട്ട നിർമ്മാണത്തിന് പ്ലാസ്റ്റി ക്കും അസംസ്കൃത വസ്തുവായതിനാൽ പരിസ്ഥി തിക്ക് ഭീഷണി ആയിക്കൊണ്ടിരിക്കുന്ന പ്ലാസ്റ്റിക് വെയിസ്റ്റുകൾ ഉപയോഗിക്കാവുന്നതാണ്. പഞ്ചായ ത്തിൽ വിവിധ വാർഡുകളിലായി വനിതാ സഹക രണ സംഘങ്ങൾ രൂപീകരിച്ച് നാനാവിധത്തിലുള്ള നിത്യോപയോഗ സാധനങ്ങൾ, പലഹാരനിർമ്മാണ

യൂണിറ്റുകൾ, വിവിധതരം വസ്ത്രങ്ങൾ, ചെറുകിട ഗൃഹോപകരണങ്ങൾ തുടങ്ങി അനേകം വസ്തുക്കളുടെ നിർമ്മാണവും വിതരണവും ആരംഭിക്കുന്നതിന് വമ്പിച്ച സാധ്യതകളുണ്ട്. മെറ്റൻ ക്രഷർ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നല്ല സാധ്യതകളാണുള്ളത്. സഹകാര്യ മേഖലയിലോ, അതുമല്ലെങ്കിൽ സഹകരണ മേഖലയിലോ വ്യാവസായികാടിസ്ഥാനത്തിൽ ക്രഷർ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ പോലും നിറവേറ്റുവാൻ സീസണുകളിൽ നിലവിലുള്ള യൂണിറ്റുകൾക്ക് പലപ്പോഴും സാധിക്കുന്നില്ല.

ഇന്ത്യയിൽ 7500 ലധികം വിവിധ തരം ഉത്പന്നങ്ങൾ ചെറുകിട വ്യവസായ മേഖലയിൽ ഉത്പാദിപ്പിക്കുന്നുണ്ട്. 2 ലക്ഷം കോടി വരുന്ന ഉത്പന്നങ്ങൾ ഈ മേഖലയിൽ ഉണ്ടാക്കി ഏകദേശം 80000 കോടി രൂപയുടെ വസ്തുക്കൾ കയറ്റുമതി ചെയ്യുന്നു. 1500 ലധികം വീടുകളിലായി, 150ലധികം ആളുകളെങ്കിലും ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സന്നദ്ധരാണെങ്കിലും, ഭരണങ്ങാനം പഞ്ചായത്തിലെ വിപണികൾക്ക് മാത്രം ആവശ്യമായി വരുന്ന നിത്യോപയോഗ സാധനങ്ങൾ പോലും ഉത്പാദിപ്പിക്കുവാൻ മുന്നോട്ടു വരാത്ത യുവജനങ്ങളുടെ ഇടയിൽ പുതിയൊരു വ്യവസായ വികസന ബോധം ഉണ്ടാക്കിയെടുക്കുവാൻ ആവശ്യമായ സാഹചര്യം സൃഷ്ടിക്കേണ്ടിയിരിക്കുന്നു. ചുരുങ്ങിയ രീതിയിൽ കമ്പോളം കയ്യടക്കുവാൻ സാധ്യതയുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഒരു പട്ടിക ഇവിടെ ചേർക്കുന്നു.

## വ്യവസായ യൂണിറ്റുകൾ

1. പ്രിൻറിംഗ് പ്രസ്സ്
2. സ്റ്റീൽ ഫർണിച്ചർ
3. വെൽഡിംഗ് & ഫാബ്രിക്കേഷൻ
4. റബ്ബർ ബാൻഡ് നിർമ്മാണം
5. റബ്ബർ ത്രെഡ് നിർമ്മാണം
6. ബ്യൂട്ടി പാർലറുകൾ
7. ഇലക്ട്രോണിക്- യൂണിറ്റുകൾ
8. ഹയറിംഗ് സെൻററുകൾ
9. ഹോളോ ബ്രിക്സ് നിർമ്മാണം
10. അപ്ഹോൾസ്റ്ററി യൂണിറ്റുകൾ
11. മോട്ടോർ വർക്ക് ഷോപ്പുകൾ
12. ചെറുകിട പ്ലാസ്റ്റിക്ക് സാധനങ്ങളുടെ ഉൽപ്പാദനം
13. പലഹാര നിർമ്മാണ യൂണിറ്റുകൾ
14. റെഡിമേയ്ഡ് വസ്ത്ര യൂണിറ്റുകൾ
15. ഗൃഹോപകരണ നിർമ്മാണം
16. വിവിധ തരം ഫർണിച്ചറുകൾ
17. പാലുല്പന്നങ്ങൾ
18. കുടനിർമമാണം
19. പഴം പച്ചക്കറി സംസ്കരണ യൂണിറ്റ്
20. പപ്പട നിർമ്മാണം
21. കോഴി, ആട്, പന്നി വളർത്തൽ കേന്ദ്രങ്ങൾ
22. റബ്ബർ നേഴ്സറി
23. ആയുർവ്വേദ മരുന്നുകളുടെ നേഴ്സറി
24. ഭക്തന്മാർക്കും തീർത്ഥാടകർക്കും ആവശ്യമായ ഭക്ഷ; പൂജാ; സാധനങ്ങളുടെ ഉത്പാദനം
25. മെഴുകുതിരി നിർമ്മണം
26. ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾ
27. ചെറുകിട അലൂമിനിയം പാത്ര യൂണിറ്റുകൾ
28. റബ്ബർ, ചെരിപ്പു നിർമ്മാണ യൂണിറ്റുകൾ
29. ആയുർവ്വേദ മരുന്നുൽപ്പാദന യൂണിറ്റുകൾ
30. റബ്ബർത്തടി സംസ്കരണം
31. സോപ്പു നിർമ്മാണം
32. പേപ്പർ കവർ, നോട്ടു ബുക്ക് നിർമ്മാണം
33. കറിപൗഡർ നിർമ്മാണം
34. നെയ്ത്ത്
35. കിടക്ക നിർമ്മാണം
36. കാർഡ് ബോർഡ് പെട്ടികൾ
37. റബ്ബർ കൊണ്ടുള്ള വിവിധതരം ഓട്ടോ പാർട്ട്സ് നിർമ്മാണ യൂണിറ്റുകൾ

റബ്ബർ അധിഷ്ഠിതമായ ഒരു വൻകിട വ്യവസായ യൂണിറ്റ് പരിസ്ഥിതിക്കനുകൂലമായ സ്ഥലത്ത് സ്ഥാപിക്കുവാൻ പഞ്ചായത്തു തന്നെ മുൻകൈയെടുത്ത് പ്രവർത്തിക്കേണ്ടതാണ്. ഭരണങ്ങാനം, അൽഫോൻസാമ്മയുടെ പേരിൽ ഒരു ലോകപ്രശസ്ത തീർത്ഥാടന കേന്ദ്രമായി വളർന്നു കൊണ്ടിരി

ക്കുന്ന സാഹചര്യത്തിൽ അനുബന്ധങ്ങളായ ഹോട്ടൽ വ്യവസായവും ആധുനിക ഷോപ്പിംഗ് കോംപ്ലക്സുകൾക്കും വളരെ സാധ്യതകളാണുള്ളത്.

കുടിൽ വ്യവസായങ്ങളായി ആരംഭിക്കാവുന്ന പാലുൽപ്പന്നങ്ങൾ, തേനിന്റെ ഉൽപ്പാദനം, റബ്ബറധിഷ്ഠിത ഉൽപ്പന്നങ്ങൾ, മരച്ചീനി സംസ്ക്കരണം, പഴം, പച്ചക്കറി സംസ്കരണം, കുട നിർമ്മാണം, പപ്പട നിർമ്മാണം, കോഴി, മുയൽ, പന്നിവളർത്തൽ കേന്ദ്രങ്ങൾ, റബ്ബർ നേഴ്സറി, പച്ച മരുന്നു നേഴ്സറികൾ, കൂറ്റിമുല്ല കൃഷി, തയ്യൽ പരിശീലനം തുടങ്ങി, നിരവധി സംരംഭങ്ങൾ മാർക്കറ്റിംഗ് അധികമായ പ്രശ്നങ്ങൾ ഉണ്ടാകാത്തവയാണ്. ഈ വക രംഗങ്ങളിലേയ്ക്ക് താൽപ്പര്യമുള്ളവരെ ആകർഷിക്കുവാൻ സാധിക്കണം.

ആയൂർവ്വേദത്തിന്റെ സാധ്യതകളും പ്രചാരവും ആയുർവ്വേദ മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിന് കർഷകർക്ക് കൂടുതൽ പ്രോത്സാഹജനകമാണ്. വാണിജ്യാടിസ്ഥാനത്തിൽ റബ്ബർ തോട്ടങ്ങളിൽ ഇടവിളയായി പച്ചമരുന്നുകൾ കൃഷി ചെയ്യുവാനും ആയുർവ്വേദ മരുന്നുൽപ്പാദനകേന്ദ്രം നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കുവാനും വിപുലമായ സാധ്യതകളാണുള്ളത്.

ഈ തീർത്ഥാടന കേന്ദ്രത്തിൽ ഭക്തന്മാർക്ക് ആവശ്യമായ എല്ലാ സാധനങ്ങളും വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുവാനും, വിപണി അന്വേഷിക്കാതെ തന്നെ വിറ്റഴിക്കുവാനുമുള്ള നല്ല സാധ്യതകളാണുള്ളത്. ഒരു സഹകരണ വ്യവസായ യൂണിറ്റ് സ്ഥാപിച്ച് വില കുറച്ച് ഈ സാധനങ്ങൾ നിർമ്മിച്ച്, കേരളത്തിൽ എല്ലായിടത്തും എളുപ്പം വിൽക്കുന്നതിനും സാധിക്കുന്നതുമാണ്.

മെറ്റൽ ക്രഷർ യൂണിറ്റുകൾക്ക് നല്ല സാധ്യതയുണ്ടെങ്കിലും പരിസ്ഥിതിയുടെ പേരിൽ അവയ്ക്കെതിരെ സംഘടിത ശക്തികൾ മുമ്പോട്ടു വരികയാണ്. റോഡുകളുടെ നിർമ്മാണത്തിനു വേണ്ട വിവിധതരം മെറ്റലുകളുടെ ആവശ്യവും ആറ്റിലെ മണലിന്റെ ദൗർലഭ്യവും ഇന്ന് മെറ്റൽക്രഷറുകൾ കൂടുതലായി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമാക്കുകയാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധനകൾ കൃത്യമായി പാലിച്ച് നടത്തുവാൻ സന്നദ്ധരാകുന്നവർക്ക് ലൈസൻസ് നൽകുവാൻ പഞ്ചായത്തുകൾ തയ്യാറാകണം. ഈ രംഗത്ത് വർദ്ധിച്ചുവരുന്ന ആവശ്യത്തെ നേരിടുവാൻ ഇതല്ലാതെ മറ്റു മാർഗ്ഗങ്ങൾ നിലവിലില്ല. നിയന്ത്രണങ്ങളും ചട്ടങ്ങളും വ്യവസായികൾ പാലിക്കുന്നുണ്ടെന്ന് കർശനമായ പരിശോധനകളിലൂടെ പഞ്ചായത്തുകൾ ഉറപ്പു വരുത്തേണ്ടതുമാണ്. ഇതിന്റെ പേരിൽ ഒരു വ്യവസായ സംരംഭം പോലും ആരംഭിക്കപ്പെടാതിരിക്കരുത്. പഞ്ചായത്തുകൾ ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പാലിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള വ്യവസായങ്ങൾ സംരക്ഷിക്കപ്പെടാനും, പുതു സംരഭങ്ങൾക്ക് എല്ലാവിധ സഹായവും പ്രോത്സാഹനവും കാലവിളംബം കൂടാതെ നൽകുവാനും ഒരു നല്ല വ്യാവസായികാന്തരീക്ഷം സംജാതമാക്കിക്കൊണ്ട് വ്യാവസായിക രംഗത്ത് ഒരു നവോദ്ധാനം കൈവരിക്കുവാനും സാധിക്കുന്ന വിധത്തിൽ നമ്മുടെ പ്രവർത്തനങ്ങൾ നമുക്ക് ഈ പഞ്ചായത്തിൽ സംഘടിപ്പിക്കാം.

*"പഞ്ചായത്ത് രാജ് സ്ഥാപിക്കപ്പെടുമ്പോൾ ബലപ്രയോഗത്തിനു ചെയ്യാൻ കഴിയാത്തത് പൊതുജനാഭിപ്രായത്തിന് ചെയ്യാൻ കഴിയും ..... പഞ്ചായത്തു രാജിൽ പഞ്ചായത്തിനെ മാത്രമേ അനുസരിക്കേണ്ടതുള്ളു. ഓരോ പഞ്ചായത്തും തനതായി ഉണ്ടാക്കുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും പ്രവർത്തിക്കുക." (ഹരിജൻ 1-7-1947)*

*ഗാന്ധിജി*

# 6. ഗതാഗതം - ഊർജ്ജം- മാർക്കറ്റ്

## A. ഗതാഗതം

ചരിത്രാതീതകാലം മുതൽ മാനവരാശിയുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും സഹായകമായിരുന്നത് യാത്രാസൗകര്യങ്ങളാണ്. ചക്രങ്ങൾ ഉരുളുവാൻ തുടങ്ങിയപ്പോൾ മുതൽ മനുഷ്യൻ വികസനത്തിന്റെ പടിവാതിൽക്കൽ മനുഷ്യൻ വികസനത്തിന്റെ പടിവാതിൽക്കൽ പിച്ചവെച്ചു തുടങ്ങുകയായിരുന്നു. അന്നുമുതൽ ഇന്നുവരെ അവന്റെ ഓട്ടം നിറുത്തിയിട്ടില്ല. മറിച്ച് വേഗം കൂട്ടിക്കൊണ്ടിരിക്കുകയാണ്. കാളവണ്ടികളിൽ ആരംഭിച്ച്, സൂപ്പർസോണിക് ജറ്റു വിമാനങ്ങൾ താണ്ടി, ഗോളാന്തരയാത്രകൾ സാദ്ധ്യമാക്കുന്ന റോക്കറ്റുകളിൽ എത്തിനില്ക്കുന്നു. അവന്റെ കണ്ടുപിടിത്തങ്ങൾ. എന്തിനേയും കീഴടക്കാനുള്ള വ്യഗ്രതയിൽ, വിഘാതമാകുന്നതിനേയെല്ലാം കീഴ്പ്പെടുത്തി മുന്നേറുന്ന കാഴ്ചയാണ് ഇന്നു നാം കാണുന്നത്.

ഒരു നാടിന്റെ സമ്പദ്വ്യവസ്ഥയുടെയും പുരോഗതിയുടേയും അളവുകോലായിവരെ എണ്ണപ്പെടാവുന്നതാണ് അവിടുത്തെ ഗതാഗതസൗകര്യങ്ങൾ. ഏതൊരു പ്രദേശത്തെന്റേയും വളർച്ചയുടെ നാഡീവ്യൂഹമാണ് ഗതാഗതത്തിനുപയുക്തമാകുന്ന പാതകൾ.

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അതിരമ്പുഴയെ പൂഞ്ഞാർ വഴി മധുരയുമായി ബന്ധിപ്പിച്ചിരുന്നത്. ഇപ്പോൾ ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്ന കോട്ടവഴിയായിരുന്നു. പ്രധാനമായും സൈനികരുടേയും, രാജകുടുംബത്തിന്റേയും (പൂഞ്ഞാറിത്തമ്പുരാക്കന്മാർ) ഉപയോഗത്തിലായിരുന്ന ഈ പാത. 66 അടിവീതിയെങ്കിലുണ്ടായിരുന്നതും, കോട്ടകൾ, കൊത്തളങ്ങൾ, ഇടത്താവളങ്ങൾ ഇവയുള്ളതുമായിരുന്നു. കുന്നുകളും, താഴ്വരകളും കടന്നു പോയിരുന്ന ഈ പാതയുടെ ഒരു ഭാഗംപോലും മീനച്ചിലാറ്റിലെ ജലപ്രളയങ്ങളിൽ മുങ്ങുകയില്ലായിരുന്നു.

1930കളിൽ മീനച്ചിലാറിനു സമാന്തരമായി സമതലങ്ങളിൽ കൂടിയുള്ള പുതിയ പാത (പാലാ-ഈരാറ്റുപേട്ട റോഡ്) നിലവിൽ വന്നതോടെ കോട്ടവഴിയുടെ പ്രതാപം അസ്തമിച്ചു. വിനോദസഞ്ചാരകേന്ദ്രങ്ങളിൽക്കൂടിയുള്ള കോട്ടവഴി. അക്കാലത്തു നിലവിൽ വന്നു തുടങ്ങിയ മോട്ടോർ വാഹനങ്ങൾക്ക് ഉപയുക്തമല്ലായിരുന്നു. 1940-കളിൽ പാലായെ പൂഞ്ഞാനേയും കോട്ടയവുമായി ബന്ധിപ്പിച്ചു ബസ് സർവ്വീസുകൾ ആരംഭിച്ചു. പിന്നീട് ഭരണങ്ങാനം വഴി ഈരാറ്റുപേട്ടയ്ക്കും, തീക്കോയിക്കും, പൂഞ്ഞാറിനും ബസ്സർവ്വീസ് ഉണ്ടായി. ഈ പാത ഭരണങ്ങാനം ഭാഗത്തു ടാർ ചെയ്തത് 1956-57 കളിലാണ്. ഇപ്പോൾ പാതയെ ഏറ്റുമാനൂർ-പൂഞ്ഞാർ സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിച്ച് പണികൾ നടന്നുവരുന്നു.

ഇതേ കാലഘട്ടങ്ങളിൽ മീനച്ചിലാറിലൂടെ കെട്ടുവള്ളവും ചെങ്ങാടങ്ങളും ഉപയോഗിച്ച് സുഗമമായി നടത്തിയിരുന്ന ജലഗതാഗതവും ഉണ്ടായിരുന്നു. ഈ നാട്ടിലെ കച്ചവടക്കാർ പാക്ക്, കുരുമുളക്, കൊപ്ര തുടങ്ങിയവ ആലപ്പുഴ തുറമുഖത്തെത്തിച്ചിരുന്നതും ഇവിടെനിന്ന് അരിയും മറ്റു വിട്ടുപയോഗ സാധനങ്ങളും തിരിച്ചുകൊണ്ടുവന്നിരുന്നതും മീനച്ചിലാറിലെ ജലമാർഗ്ഗമായിരുന്നു. കുറുമാക്കടവും, വട്ടോളിക്കടവും പ്രധാന വ്യാപാരകേന്ദ്രങ്ങളും വള്ളക്കടവുമായിരുന്നു. വേനൽ ആരംഭത്തിൽ, മീനച്ചിലാറിലെ ജലനിരപ്പു കുറയുമ്പോൾ, മണൽത്തിട്ടകൾ വകഞ്ഞുമാറ്റി ചാലുകീറി അതുവഴി വള്ളങ്ങൾ കൊണ്ടുവന്നിരുന്നു. കിഴക്കൻ പ്രദേശങ്ങളിലെ കാർഷിക കുടിയേറ്റത്തിൽ വനഭൂമികൾ കൃഷിഭൂമികളായതുമൂലവും, പീരുമേടു ഹൈവേയുടെ നിർമ്മാണം മൂലവും ഉരുൾപൊട്ടലുകൾ മൂലവുമുണ്ടായ അനിയന്ത്രിതമായ മണ്ണൊലിപ്പുവഴി, മീനച്ചിലാറിലെ കയങ്ങളും, മീനച്ചിലാറു മൊത്തമായും നികന്നതു വഴി ജലനിരപ്പു താണു. മോട്ടോർ വാഹനങ്ങൾ വഴി കൂടുതൽ വേഗത്തിൽ നിർദ്ദിഷ്ട സ്ഥാനങ്ങളിലേക്കു ചരക്കുകൾ എത്തിക്കുക സാദ്ധ്യമായതും ജലമാർഗ്ഗമുള്ള ചരക്കുകടത്തലിനെ പുറകോട്ടു തള്ളി. ഇന്ന് ജലഗതാഗതം ഭരണങ്ങാനത്തെ സംബന്ധിച്ച് ഒരു സ്മരണ മാത്രമായി അവശേഷിക്കുന്നു.


ഭരണങ്ങാനം പഞ്ചായത്ത്
റോഡുകൾ
കടനാട്ട് പഞ്ചായത്ത്
തലപ്പുലം പഞ്ചായത്ത്
തിടനാട്ട് പഞ്ചായത്ത്
മീനച്ചിൽ പഞ്ചായത്ത്
പാലാ
പാലാ മുനിസിപ്പാലിറ്റി
ഏറ്റുമാനൂർ
മീനച്ചിലാറ്
വാർഡ് അതിർത്തി
സ്റ്റേറ്റ് ഹൈവേ
പഞ്ചായത്ത് & P.W.D. ടാർറോഡ്
മണ്ണ് റോഡ്

## ഇന്നത്തെ സൗകര്യങ്ങൾ

പഞ്ചായത്തിൽ ഇപ്പോൾ ബസ്‌യാത്രാ സൗകര്യമുള്ള റോഡുകൾ താഴെപ്പറയുന്നവയാണ്:

1. ഏറ്റുമാനൂർ-പൂഞ്ഞാർ സ്റ്റേറ്റ് ഹൈവേ.

ഇത് ഇടപ്പാടി, ഭരണങ്ങാനം പ്രദേശങ്ങളിൽക്കൂടി കടന്നുപോകുന്നു. ഉദ്ദേശം 3.5കി.മീ. നീളമുള്ള ഈ ഭാഗം പഞ്ചായത്തിന്റെ ഒരു അതിർത്തിയിൽ കൂടിമാത്രമാണ്.

2. പുനലൂർ-മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേ.

ഇത് ഉദ്ദേശം 1.10കി.മീറ്റർ മാത്രം പഞ്ചായത്തിന്റെ മറ്റൊരതിർത്തിയിൽ കൂടി കടന്നുപോകുന്നു.

(ഈ ഹൈവേകൾകൊണ്ട് പഞ്ചായത്തിന്റെ ഉൾനാട്ടുകാർക്കു കാര്യമായ പ്രയോജനം ലഭിക്കുന്നില്ല.)

3 ഏറ്റുമാനൂർ-പൂഞ്ഞാർ ഹൈവേയെ, പുനലൂർ മൂവാറ്റുപുഴ ഹൈവേയുമായി ബന്ധിക്കുന്ന രണ്ട് ഉൾനാടൻ റോഡുകൾ ഉണ്ട്.

i ഭരണങ്ങാനം-ചൂണ്ടച്ചേരി-പ്രവിത്താനം റോഡ്. ഇത് ഒരു P.W.D. റോഡാണെങ്കിലും ഇതുവഴി സ്ഥിരമായി ബസ്സ് സർവ്വീസില്ല. ഈ റോഡ് ഉപയോഗിക്കുന്നവർ K.S.R.T.C.യുടെ കാരുണ്യത്തെ ആശ്രയിച്ചേ ബസ്സ് യാത്ര നടത്താറുള്ളൂ.

ii പ്രവിത്താനം-വേഴങ്ങാനം-പ്ലാശനാൽ പനയ്ക്കപ്പാലം റോഡ്.

മൂവാറ്റുപുഴ പുനലൂർ റോഡിൽ പ്രവിത്താനം കവലയിൽ നിന്നാരംഭിച്ച് പ്രവിത്താനം വേഴങ്ങാനം പ്ലാശനാൽവഴി അതിരമ്പുഴ പൂഞ്ഞാർ സംസ്ഥാന ഹൈവേയിൽ പനയ്ക്കപ്പാലത്ത് ചേരുന്ന ഈ റോഡ് ഭരണങ്ങാനം, തലപ്പലം പഞ്ചായത്തുകളിൽക്കൂടി കടന്നുപോകുന്നു. ഇതുവഴി സർവ്വീസ് നടത്തുന്ന ബസ്സുകളാണ് ഉൾനാട്ടിലുള്ളവരെ പാലായുമായോ ഈരാറ്റുപേട്ടയുമായോ ബന്ധപ്പിക്കുന്നത്.

iii. മുൻപറഞ്ഞ റോഡിൽ, പ്രവിത്താനത്തു നിന്നും തിരിഞ്ഞ് ഉള്ളനാട്, വലിയകാവുംഭാഗം വഴി അഞ്ചുറ്റിമംഗലം, പ്ലാശനാൽ എത്തുന്ന മറ്റൊരു റോഡിൽ കൂടി രണ്ടു ബസ്സ്സർവ്വീസ് നടത്തുന്നുണ്ട്. ഉള്ളനാട് ഭാഗത്തുള്ളവരുടെ ഏക ആശ്രയം ഈ ബസ്സ് സർവ്വീസുകളാണ്.

iv. പാലാ-നീലൂർ റോഡിൽ കൂടുമണ്ണിൽ നിന്നാരംഭിച്ച്, കയ്യൂർ വഴി വലിയകാവുംഭാഗത്തു വച്ച് പ്രവിത്താനം-ഉള്ളനാട്, അഞ്ചുറ്റിമംഗലം പ്ലാശനാൽ റോഡിൽ ചേരുന്ന ഒരു റോഡാണ് കയ്യൂർ ഭാഗത്തുള്ളവർക്ക് ഏക ആശ്രയം. ഇതുവഴി ഒരു ബസ് പാലാ-കൂടുമണ്ണുവഴി കയ്യൂർ എത്തുന്നു.

ഇത്രയുമാണ് പഞ്ചായത്തിലെ ബസ് യാത്രാ സൗകര്യമുള്ള റോഡുകൾ. ഇതിൽ ഭരണങ്ങാനം, ചൂണ്ടച്ചേരി-പ്രവിത്താനം റോഡൊഴികെ, മറ്റൊന്നും പഞ്ചായത്ത് ആസ്ഥാനമായ ഭരണങ്ങാനവുമായി മറ്റു പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നില്ല. ഒന്നും രണ്ടും വാർഡുകളൊഴിച്ചു മറ്റു വാർഡുകൾക്ക് ആശ്രയിക്കാവുന്ന ബസ്സ് യാത്രാ സൗകര്യമില്ല.

പഞ്ചായത്തിലേ ടാറിംഗ് നടത്തിയിട്ടുള്ള മറ്റു റോഡുകൾ താഴെപ്പറയുന്നവയാണ്.

1. ഇടപ്പാടി-ആളനാട്-പ്രവിത്താനം റോഡ്
2. പ്രവിത്താനം-ആളനാട്-പുലിമലക്കുന്നു റോഡ്
3. ചൂണ്ടച്ചേരി-വേഴങ്ങാനം-ലിങ്ക്റോഡ്
4. വേഴങ്ങാനം-ഉള്ളനാട്-ലിങ്കുറോഡ്.
5. ഉള്ളനാട്-കൊടുവിടി റോഡ്.
6. പ്രവിത്താനം-കൊല്ലപ്പള്ളി-മാർക്കറ്റ് റോഡ്.
7. കയ്യൂർ-ഉള്ളനാട് റോഡിന്റെ ആദ്യഭാഗം.

പഞ്ചായത്തിലെ റോഡുകളെ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിൽ ടാർ ചെയ്തവയും ചെയ്യാത്തവയുമായ മൊത്തം റോഡിന്റെ നീളം 95.335 കിലോമീറ്ററാണ്. പഞ്ചായത്തിന്റെ വിസ്തൃതി 25.60 സ്ക്വയർ കിലോമീറ്ററും, ജനസംഖ്യ 17125ഉം ആണ്. പ്രതി സ്ക്വയർ കി.മീ. 3.72 കി.മീ റോഡും, പ്രതിശീർഷം 5.57 മീറ്റർ റോഡും ആണ് ഇന്നു പഞ്ചായത്തിൽ നിലവിലുള്ളത്.

## പോരായ്മകൾ

മതസൗഹാർദ്ദത്തിന് പേരുകേട്ട ഭരണങ്ങാനത്ത്, പാണ്ഡവരാൽ പ്രതിഷ്ഠിക്കപ്പെട്ടതെന്നു വിശ്വസിക്കപ്പെടുന്ന ശ്രീ കൃഷ്ണക്ഷേത്രവും, വിശ്വവിഖ്യാതയായ വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ പവിത്രകുടീരം ഉൾക്കൊള്ളുന്ന അൽഫോൻസാ ചാപ്പലും, ആനക്കല്ലു സെന്റ് മേരീസ് ഫൊറോനാപ്പള്ളിയും, കൂടാതെ 3 ഹൈസ്കൂളുകൾ, 3 യു.പി., 2 എൽ.പി.

സ്കൂളുകൾ, 2 നേഴ്റി സ്കൂളുകൾ, ഒരു പാരലൽ കോളേജ്, ഒരും ഒന്നാംകിട ആശുപത്രി, നഴ്സിംഗ് സ്കൂൾ എന്നിവയും ഉണ്ട്. പഞ്ചായത്ത് ആഫീസ്, വില്ലേജ് ഓഫീസ്, പോസ്റ്റ് ഓഫീസ്, ഇലക്ട്രിസിറ്റി അസി. എൻജിനീയർ ഓഫീസ്, ടെലിഫോൺ എക്സ്ചേഞ്ച്, രണ്ടു ഷെഡ്യൂൾഡ് ബാങ്കുകൾ, രണ്ടു കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവയാണ് മറ്റു പ്രധാന സ്ഥാപനങ്ങൾ. പഞ്ചായത്ത് ആസ്ഥാനം കൂടിയായ ഇവിടവുമായി ബന്ധപ്പെടുവാൻ മറ്റു ഭാഗങ്ങളിലുള്ളവർ പാലാ വഴിയോ ഈരാറ്റുപേട്ട വഴിയോ വരേണ്ട ദുർഗ്ഗതിയിലാണിന്ന്. പഞ്ചായത്തിൽ ഇന്നു നിലവിലുള്ള യാത്രാ സൗകര്യങ്ങൾ പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾക്കും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്കും തികച്ചും അപര്യാപ്തമാണ്.

ടാർ ചെയ്തെന്ന് P.W.D.യും പഞ്ചായത്തും അവകാശപ്പെടുന്ന പല റോഡുകളും വാർഷിക അറ്റകുറ്റപ്പണികളുടെ പോരായ്മകൾ, ശരിയായ ജലനിർഗ്ഗമന നടപടികളില്ലായ്മ, അമിതഭാരം കയറ്റിയുള്ള വാഹനങ്ങളുടെ സഞ്ചാരം ഇവമൂലം തകർന്നു തരിപ്പണമായി കിടക്കുകയാണ്. റോഡു നിർമ്മാണഘട്ടത്തിലെ അശാസ്ത്രീയമായ സമീപനവും, സ്ഥലമുടകളുടെ നിസ്സഹകരണവും മൂലം പല റോഡുകളും മതിയായ വീതിയില്ലാത്തവയും കൊടുംവളവുകളും കുത്തനെയുള്ള കയറ്റിറക്കങ്ങളും മൂലം അപകട സാദ്ധ്യതയുള്ളവയുമാണ്.

## ജനകീയാവശ്യങ്ങൾ

1. പുനലൂർ-മൂവാറ്റുപുഴ ഹൈവേ കൊച്ചി-പീരുമേട് ഹൈവേയുമായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് പാലാ-കോട്ടയം റോഡിൽ മരിയൻ സെന്ററിൽ നിന്നാരംഭിച്ച്, പാലാ തൊടുപുഴ റോഡിലുള്ള ഞൊണ്ടിമാക്കൽ കവലയിൽകൂടി വന്ന് ഭരണങ്ങാനം പഞ്ചായത്ത് 4-ാം വാർഡിൽ പ്രവിത്താനം അളനാടുപുലിമലക്കുന്നു റോഡിൽ എത്തിച്ചേരുന്ന ഒരു പാത ഇപ്പോൾ നിലവിലുണ്ട്.

നനച്ചിപ്പുഴക്കടവിൽ ഒരു പാലം പണിതാൽ അളനാടു പുലിമലക്കുന്നു റോഡും, ഇടപ്പാടി അളനാടു റോഡുമായി ഇതിനെ ബന്ധിപ്പിക്കാം. അങ്ങനെ വരിക്കമാക്കൽ മുന്നി, കുളത്തിനാൽ മുന്നിവഴിയുള്ള റോഡു തീരുന്നതുവഴി ഭരണങ്ങാനം പ്രവിത്താനം റോഡിൽ എത്തി, ചൂണ്ടച്ചേരി ലിങ്കു റോഡുവഴി വേഴാങ്ങാനത്തു വരികയും അവിടെനിന്ന് ഉള്ളനാടുവഴിയോ, വേഴങ്ങാനം വലിയകാവുംപുറം റോഡു വഴിയോ, വലിയകാവുംപുറത്തെത്തി, പ്ലാശനാൽ-കുറുമണ്ണുറോഡുവഴി കയ്യൂർ എത്തി, കയ്യൂർ മാടപ്പാറ റോഡിലൂടെ ഇടമറുകിൽ എത്തിച്ചേരാം. ഇതിൽ നനച്ചിപ്പുഴക്കടവിൽ ഒരു ചെറിയ പാലവും മറ്റു രണ്ടു കലുങ്കുകളും 500 മീറ്റർ റോഡുമേ പുതുതായി ആവശ്യമുള്ളു. ഈ റോഡു തുറക്കുക വഴി ഇടമറുക്, കയ്യൂർ, ഉള്ളനാട്, വേഴാങ്ങാനം, ചൂണ്ടച്ചേരി, അളനാട് ഭാഗത്തുള്ളവർക്ക്, താലൂക്ക് ആസ്ഥാനമായ പാലായുമായി ബന്ധപ്പെടാനുള്ള ദൂരം ഗണ്യമായി കുറയും. 3,4,5,6,7,8,9 വാർഡുകളിൽക്കൂടി കടന്നുപോകുന്ന ഈ റോഡുണ്ടായാൽ അത് എല്ലാവർക്കും അനുഗ്രഹമായിരിക്കും. ഈ റോഡു മുഖേന ചൂണ്ടച്ചേരി വഴി ഭരണങ്ങാനത്തും എത്തിച്ചേരാം.

ഈ റോഡു തുറക്കുമ്പോൾ ഇപ്പോഴത്തെ ചൂണ്ടച്ചേരി-പാലാ ബസ്സ് സർവീസ് ദൂരം 10കി.മീ. നിന്ന് 4 കി.മീ. ആയി കുറയുന്നു. വേഴാങ്ങാനം, ഉള്ളനാട്, കയ്യൂർ എന്നിവടങ്ങളിൽ നിന്ന് ഇതു യഥാക്രമം 8 കി.മീ. നിന്ന് 5 കി.മീ. ആയും, 10കി.മീ.ൽ നിന്ന് 6കി.മീ. ആയും 21 കി.മീ.ൽ നിന്ന് 11കി.മീ. ആയും കുറയും. ഇതിൽ ചൂണ്ടച്ചേരി-പാലാ റൂട്ടിൽ മാത്രം ഉദ്ദേശം 200 വാഹനങ്ങൾ (എല്ലാത്തരത്തിലുമുള്ള) ഈ റൂട്ടിൽ പാലായുമായി ബന്ധപ്പെടുന്നുണ്ട്. ഒരു വാഹനത്തിന് 1/2 ലിറ്റർ എന്ന കണക്കിൽ ഇന്ധനലാഭവും ഉണ്ടാകും. ഇന്ധനത്തിന് ലിറ്ററിന് 9രൂ. കണക്കാക്കിയാൽ പ്രതിവർഷം 3,24,000രൂപാ രാഷ്ട്രത്തിനു ലാഭമുണ്ടാക്കുന്നതായി കണക്കാക്കാം. ഇത് ചൂണ്ടച്ചേരി ആധാരമാക്കിയുള്ള കണക്കാണ്. മറ്റു സ്ഥലങ്ങളുമായും ബന്ധപ്പെടുത്തി കണക്കാക്കുമ്പോൾ, ഇതിന്റെ പതിന്മടങ്ങു ലാഭത്തോടൊപ്പം പൊതുജനങ്ങൾക്ക് വർദ്ധിക്കുന്ന സൗകര്യവും ഉണ്ടാകുന്നതു കാണാം.

## മറ്റു നിർദ്ദേശങ്ങൾ (പുതിയ റോഡുകൾ)

1. ഈരാറ്റുപേട്ട-പാലാ റോഡും ഭരണങ്ങാനം ലക്ഷംവീടു കോളനിയുമായി ബന്ധിപ്പിച്ചുള്ള ലിങ്കു റോഡ്.

2. വട്ടോളിവളവിലെ അപകടം ഒഴിവാക്കുവാൻ ഈരാറ്റുപേട്ട-പാലാ റോഡിൽ വിലങ്ങുപാറക്കവലയിൽ നിന്ന് ചാലിക്കടവു ഭാഗത്തേക്ക് ഒരു ബൈപാസ് നിർമ്മിച്ച് ഗതാഗതം വൺവേ ആക്കുക.

3. ഈരാറ്റുപേട്ട-പാലാ റോഡിൽനിന്ന് കോട്ടവഴിയിലേക്ക് കോക്കാട് വെട്ടുകല്ലേൽ പള്ളി പുരയിടങ്ങളിൽക്കൂടി ഒരു ലിങ്ക് റോഡ്.

4. കോട്ടവഴിയിൽ നിന്ന് അയ്യങ്കോലിപ്പാറയിലേക്ക് ഒരു റോഡ്.

5. വാളിപ്ലാക്കൽ കടവിൽ വാഹനഗതാഗതസൗകര്യമുള്ള ഒരു ചെക്ക് ഡാം നിർമ്മിച്ചു കിഴപ്പറയാറുമായി ഗതാഗതബന്ധം സ്ഥാപിക്കുക.

6. ഇടപ്പാടി പോസ്റ്റാഫീസു ഭാഗത്തുനിന്ന് ചെമ്മല പുളിക്കത്തോട് റോഡ്

7. ചൊവ്വാറ്റുകുന്നേൽ ഭാഗത്തുനിന്ന് അയ്യമ്പാറയ്ക്കുള്ള റോഡ്.

8 കോനുക്കുന്ന്-കൂവക്കാട് റോഡ്.

9 കൊല്ലമ്പറമ്പിൽ-കോട്ടവഴി റോഡ്.

10 അളനാടു ശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിനു സമീപത്തുനിന്ന് കുരുപ്പക്കാട്ടില്ലം വഴി പ്രവിത്താനം റോഡിലേക്ക് ഒരു റോഡ്.

11 കാഞ്ഞിരമറ്റം-കാട്ടർകടവ്. കോയിത്താനം-വലിയകാവുംപുറം റോഡുകളെ ബന്ധിപ്പിക്കുന്ന കാഞ്ഞിരമറ്റം-കരീച്ചിറ റോഡ്.

12 കയ്യൂർ-തേവർമല റോഡ്. കയ്യൂർ ഇടമറുകു മഠം ജംഗ്ഷൻ റോഡുമായി ബന്ധിപ്പിക്കുക.

13 നാടുകണിയിലേയ്ക്ക് സഞ്ചാരയോഗ്യമായ ഒരു പാത.

14 പഴയപുരയ്ക്കൽ കടവിലേക്ക് റോഡ് വെട്ടി പാലം പണിയുക.

15. പുതുപ്പള്ളി-കാര്യാങ്കൽ റോഡ്.

<u>നിലവിലുള്ള റോഡുകളുടെ സംരക്ഷണം. പുതിയ പാലങ്ങൾ. കലുങ്കുകൾ. സംരക്ഷണഭിത്തികൾ. റീടാറിംഗ്</u>

1. ഭരണങ്ങാനം -കാവുംകടവുറോഡു വികസിപ്പിച്ച് ടാർ ചെയ്യുക

2. ഭരണങ്ങാനം സിമിത്തേരിയുടെ പുറകുഭാഗം റോഡിന്റെ കുന്നുനിരപ്പാക്കി കോട്ടവഴി റോഡിന്റെ ബാക്കിപണികൾ ടാറിംഗ് ഉൾപ്പെടെ പൂർത്തിയാക്കുക.

3. കുന്നനാകുഴി - രണ്ടാംതോട് റോഡിനു സംരക്ഷണഭിത്തി കെട്ടുക.

4 ഇടപ്പാടി-പ്രവിത്താനം റോഡ് റീടാർ ചെയ്തു സഞ്ചാരയോഗ്യമാക്കുക.

5 ഇടപ്പാടി-ലക്ഷംവീടു കോളനിയ്ക്ക് വടക്ക് ഒരു കലുങ്കു നിർമ്മിക്കുക.

6. കുളത്തിനാൽ മുന്നി-പാമ്പൂരാംപാറ റോഡിൽ കളക്ഷൻ ഡിപ്പോയ്ക്കു സമീപം ഒരു കലുങ്കു നിർമ്മിക്കുക.

7. പുത്തൻപുര അമ്പലം കടവിൽ പുതിയ പാലം പണിത് റോഡ് തുറന്നു കൊടുക്കുക.

8. വരിക്കമാക്കൽ മുന്നി ഭാഗത്ത് ഒരു കലുങ്കു പണിതു റോഡിലൂടെയുള്ള വെള്ളമൊഴുക്കു തിരിച്ചുവിടുക.

9. ചൂണ്ടച്ചേരി അളനാട് റോഡിൽ കലുങ്കുപണി തീർത്ത ഭാഗത്തു സംരക്ഷണഭിത്തി കെട്ടുക.

10. ചൂണ്ടച്ചേരി N.S.S. കരയോഗഭാഗത്തു റോഡിനു സംരക്ഷണഭിത്തി കെട്ടുക.

11. ചൂണ്ടച്ചേരി-വേഴാങ്ങാനം റോഡ് റീടാർ ചെയ്യുക

12. പുതുപ്പള്ളി-കാര്യാങ്കൽ റോഡ് പണിതീർക്കുക

13. അന്തീനാട്-പ്രവിത്താനം ചർച്ച് റോഡ്. ഓടകളും കലുങ്കുകളും തീർത്ത് ഗതാഗതയോഗ്യമാക്കണം.

14. പ്രവിത്താനം-പ്ലാശനാൽ റോഡിൽ ചന്ദ്രക്കവലയിൽ നിന്നുള്ള കൊടുംവളവ് വിവർത്തിച്ച് റീടാർ ചെയ്യണം.

15 മങ്കര-അംകൻവാടി റോഡ് ഗതാഗതയോഗ്യമാക്കണം

16. ഉളനാട്-വലിയകാവുംപുറം റോഡിനു വാൽക്കവയിൽ വെള്ളം കെട്ടികിടക്കുന്നത് ഓടയോ കലുങ്കോ നിർമ്മിച്ച് നിർമ്മാർജ്ജനം ചെയ്യണം.

17. വെള്ളക്കല്ല്-തിരുനക്കര റോഡിന്റെ ആരംഭത്തിൽ 2 കലുങ്കുകൾ പണിയണം. അവസാനഭാഗത്ത് തോടിനു നടപ്പാലം നിർമ്മിക്കണം.

18. ആലമാവ്-കൊടുമ്പിടി റോഡിൽ ഒരു പാലവും രണ്ടു കലുങ്കും തീർക്കണം.

19. ഉളനാട് - കൊടുമ്പിടി റോഡിന് ഒഴുക്കുപാറ ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കണം.

20. ആലമറ്റം - കൊടുമ്പിടി റോഡിന് കാക്കനാടു വീട്ടിനു മുൻവശം സംരക്ഷണഭിത്തി നിർമ്മിക്കണം.

21. ഉള്ളനാട് - വേഴങ്ങാനം റോഡിൽ സംരക്ഷണ ഭിത്തിവേണം.

22. കോയിത്താനം കാട്ടർക്കടവ് വിലകാവുംപുറം റോഡിനു സംരക്ഷണ ഭിത്തി കെട്ടുക.

23. ഉള്ളനാട് വലിയകാവുപുറം ഉള്ളനാട് വേഴങ്ങാനം റോഡുകളുടെ അറ്റകുറ്റപ്പണികളും റീ - ടാറിംഗും നടത്തണം.

24. വലിയകാവുംപുറം കയ്യൂർ റോഡിൽ കള്ളികാട്ടു ഭാഗത്തെ കൊടുവളും കയറ്റവും കുറച്ച് വാഹനങ്ങൾക്ക് എളുപ്പത്തിൽ കയറാവുന്നതുപോലെയാക്കുക.

25. അമ്പലകടവിൽ തടിപ്പാലം നിർമ്മിക്കണം

26. വലികാവുപുറം കുറുമണ്ണ് റോഡിന്റെ റീ ടാറിംഗും നടത്തനം.

റോഡുകൾ പുതുതായി ടാർ ചെയ്യാനുള്ളവ

1. കോട്ടവഴി ഭരണങ്ങാനം റോഡ് ബാക്കി ഭാഗം

2. ഇടപ്പാടി പോസ്റ്റോഫീസ് കൂവക്കാട് റോഡ് വീതിക്കൂട്ടി ടാർ ചെയ്യുക.

3. ഇടപ്പാടി പോസ്റ്റോഫീസ് കള്ളിയ്ക്കൽ റോഡ് ലക്ഷം വീട് കോളനി റോഡ്

4. ലക്ഷം വീടു കോളനി റോഡ് (3-ാം വാർഡ് കുളത്തിനാൽ മുന്നി- പാമ്പൂരാംപാറ റോഡ്, അരീപ്പാറ - പാമ്പൂരാം പാറ റോഡ്.)

5. അല്ലപ്പാറ - മണപ്പുറത്തു പീടിക റോഡ്

6. അളനാട് സ്കൂൾ - പഞ്ഞിക്കുന്നേൽ പീടിക റോഡ്.

7. അല്ലപ്പാറ - അന്ത്യാളം റോഡ്

8. അല്ലപ്പാറ - ചെട്ടിപ്പറമ്പ് റോഡ്.

9. ചൂണ്ടച്ചേരി - തേവർപാടം റോഡ്.

10. ചൂണ്ടച്ചേരി കിഴക്കേക്കര കളർകാണി റോഡ്.

11. അരീക്കുന്ന് കോളനി റോഡ്

12. പ്രവിത്താനം ചൂണ്ടച്ചേരി വെൽഫെയർ സെന്റർ റോഡ് ടാറിംഗും 2 കലുങ്കുകളും.

13. ഉള്ളനാട് - വേഴങ്ങാനം റോഡ് ഉള്ളനാട് ഷാപ്പുവഴി

14. പ്രവിത്താനം - അന്തീനാടു അമ്പലം റോഡിന്റെ ഭരണങ്ങാനം പഞ്ചായത്തിൽപെട്ട ഇടം.

15. പ്രവിത്താനം - മങ്കരവഴി കൊല്ലപ്പള്ളി റോഡിൽ പ്രവിത്താനം വാർഡിൽ വരുന്ന ഭാഗം.

16. മങ്കര തിരനക്കര പ്രവിത്താനം റോഡിന്റെ ബാക്കി ഭാഗങ്ങൾ

17. പ്രവിത്താനം ഭരണങ്ങാനം റോഡിൽ. പഞ്ഞിക്കുന്നേൽ ഭാഗത്തുനിന്നും അളനാടു ചൂണ്ടച്ചേരി റോഡ്.

18. പ്ലാമൂട് - ചൂണ്ടച്ചേരി റോഡ്

19. നായിക്കനാൽ വേഴങ്ങാനം റോഡ്.

20. കോയിത്താനം - കാട്ടർ കടവ് റോഡ്

21. കയ്യൂർ ഉള്ളനാട് റോഡിന്റെ ബാക്കി ഭാഗം

22. കയ്യൂർ - തേവർ മല റോഡ്.

23. കയ്യൂർ - മാടപ്പാറ വഴി ഇടമറുക്

24. ഇടമറുക്. മാടപ്പാറ തോടുചേർന്നുള്ള കയ്യൂർ റോഡ്

25. അതിരുപാറ - അഞ്ഞൂറ്റിമംഗലം റോഡ്

26. കോട്ടവഴിയിൽ നിന്ന് ഭരണങ്ങാനം പ്രവിത്താനം റോഡിലുള്ള ലിങ്കുറോഡ് ഒന്നും രണ്ടും വാർഡിലേക്കുള്ള ലിങ്കുറോഡ് ഒന്നും രണ്ടും വാർഡുകൾ തമ്മിൽ വിഭജിക്കുന്ന റോഡ് വീതികൂട്ടി ടാർ ചെയ്യണം.

## ബസ്സർവ്വീസുകളെയും സ്റ്റേറ്റു ഹൈവേകളെയും സംബന്ധിച്ച നിർദ്ദേശങ്ങൾ

### ബസ് സർവ്വീസ്

1. തീർത്ഥാടനകേന്ദ്രമായ ഭരണങ്ങാനത്തെ മറ്റു കേന്ദ്രങ്ങളായ ഗുരുവായൂർ, മലയാറ്റൂർ, വേളാങ്കണ്ണി, എന്നിവടങ്ങളുമായി ബന്ധിപ്പിക്കുന്ന സംസ്ഥാന, അന്തർസംസ്ഥാന ബസ്സ് സർവ്വീസ് ആരംഭിക്കുക.

2. ഭരണങ്ങാനം പ്രവിത്താനം റോഡിലുള്ള ബസ് സർവ്വീസ് സ്ഥിരമായി ഉണ്ടാകുമെന്ന് ഉറപ്പു വരത്തുക.

3. കയ്യൂരുനിന്ന് വലിയകാവുംപുറം ഉള്ളനാട് വേഴാങ്ങാനം ചൂണ്ടച്ചേരി ഭരണങ്ങാനത്തിനും റോഡുകൾ തീരുന്ന മുറയ്ക്ക് അളനാട്, പുലിമലകുന്ന് ഞൊണ്ടിമാക്കൽ കവല വഴി പാലായ്ക്കും ബസ് സർവ്വീസ് ആരംഭിക്കുക, കയ്യൂർ ഇടമറുക് റോഡു തീരുന്നതിനനുസരിച്ച് ഇത് പാലാ പാലാ ഇടമറുക്, ഭരണങ്ങാനം ഇടമറുക് ആയി നീട്ടുക.

3. തൊടുപുഴ നിന്ന് മറ്റത്തിപ്പാറ, നീലൂർ - കുറുമണ്ണ് കയ്യൂർ വഴി പേട്ടയ്ക്കുണ്ടായിരുന്ന ബസ്സ് സർവ്വീസ് പുനരാരംഭിക്കുക.

4. ഭരണങ്ങാനം ചൂണ്ടച്ചേരി വേഴങ്ങാനം വലികാവുപുറം കയ്യൂർ തിരിച്ച് വലിയകാവുപുറം ഉള്ളനാട് പ്രവിത്താനം അളനാട് ഇടപ്പാടി ഭരണങ്ങാനംമായും തിരിച്ച് സർക്കുലർ സർവ്വീസ് ആരംഭിക്കുക.

5. പാലാ പുലിമലക്കുന്ന്, അളനാട് പ്രവിത്താനം വഴി തൊടുപുഴ വഴിക്ക് ബസ്സ് സർവ്വീസ് ആരംഭിക്കുക.

6. ഈരാറ്റുപേട്ട ഭരണങ്ങാനം, ഇടപ്പാടി അളനാട് പ്രവിത്താനം വഴി തൊടുപുഴക്ക് ബസ്സ് സർവ്വീസ് ആരംഭിക്കുക.

7. പാലാ-ഉള്ളനാട്-കൊടുമ്പിടി വഴി കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കുക.

8. ഈരാറ്റുപേട്ട ഭരണങ്ങാനം ചൂണ്ടച്ചേരി വേഴങ്ങാനം ഉള്ളനാട് കൊടചുമ്പിടി വഴി തൊടുപുഴയ്ക്കോ, മൂലമറ്റത്തിനോ ബസ്സ് സർവ്വീസ് ആരംഭിക്കുക.

9. പോസ്റ്റാഫീസു കൂവക്കാട് റൂട്ടിൽ ബസ്സ് സർവ്വീസ് അനുവദിക്കുക.

### ഹൈവേകൾ

1. നിർദ്ദിഷ്ട മൂവാറ്റുപുഴ-എരുമേലി ഹൈവേ പ്രവിത്താനത്തുനിന്ന് തിരിഞ്ഞ് ചൂണ്ടച്ചേരി-ഭരണങ്ങാനം-തിടനാടുവഴി കടന്നുപോകുക.

2. നിർദ്ദിഷ്ട മൂവാറ്റുപുഴ - എരുമേലി ഹൈവേ കരിങ്കുന്നം-മറ്റത്തിപ്പാറ-നീലൂർ-കുറുമണ്ണ്-കയ്യൂർ അഞ്ഞൂറ്റിമംഗലം-പ്ലാശനാൽ-ഈരാറ്റുപേട്ട വഴി പോകണം.

3. പ്രവിത്താനത്തു നിന്ന് തിരിഞ്ഞ് വേഴാങ്ങാനം തേവർപാടം പ്ലാശനാൽ വഴി കടന്നുപോകണം.

4. പ്രവിത്താനത്തു നിന്ന് തിരിഞ്ഞ് അളനാട്ട് ഇടപ്പാടി ഭരണങ്ങാനം വഴി കടന്നുപോകണം.

### വെയിറ്റിംഗ് ഷെഡുകൾ ഓട്ടോ - ടാക്സി സ്റ്റാന്റുകൾ

1. ഭരണങ്ങാനത്തെ നിലവിലുള്ള ബസ് സ്റ്റോപ്പ് പിരിച്ച് കിഴക്കുനിന്നു വരുന്നവ മഠം സ്റ്റോപ്പിലും പടിഞ്ഞാറുനിന്നു വരുന്നവ പഞ്ചായത്തു വെയിറ്റിംഗ് ഷെഡിനു മുമ്പിലും നിറുത്തണം.

2. ഭരണങ്ങാനം ടൗണിൽ ഇപ്പോൾ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വരുന്ന ബസ്സുകൾ ഒരേ സ്ഥലത്താണ് നിർത്തിക്കൊണ്ടിരിക്കുന്നത്. ടൗണിലെ ട്രാഫിക്ക് കുരുക്കും അപകടങ്ങളും ഒഴിവാക്കുന്നതിനുവേണ്ടി ഇരുഭാഗത്തേക്കുമുള്ള ബസ്സുകൾ സൗകര്യപ്രദമായ വേറെ വേറെ സ്ഥലങ്ങളിൽ നിർത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യണം. ഇപ്പോൾ നിലവിലുള്ള വെയിറ്റിംഗ്ഷെഡ്ഡുകൾ രണ്ടും അതിനായി ഉപയോഗിക്കണം.

3. ഭരണങ്ങാനത്ത് ഒരു ടാക്സി - ഓട്ടോ സ്റ്റാന്റ് നിർമ്മിച്ച് ഇപ്പോഴുള്ള ബസ്സ് സ്റ്റോപ്പിലെ പാർക്കിംഗ് അവസാനിപ്പിക്കണം.

4. ഇടപ്പാടി, മേരിഗിരി, പറമുണ്ട ജംഗ്ഷൻ എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡു സ്ഥാപിക്കണം.

5. അല്ലാപ്പാറയിൽ ഒരു ബസ് സ്റ്റോപ്പ് അനുവദിക്കുക.

6. പ്രവിത്താനം ജംഗ്ഷനിൽ ഒരു വെയിറ്റിംഗ് ഷെഡ്, ടാക്സി സ്റ്റാൻഡ്

7. പ്രവിത്താനം - പ്ലാശനാൽ റോഡിൽ, ആരീക്കുന്നു ഭാഗത്ത് ഒരു വെയിറ്റിംഗ് ഷെഡ്.

8. ഉള്ളനാട് ജംഗ്ഷനിൽ ഒരു വെയിറ്റിംഗ് ഷെഡ്.

### നിർദ്ദേശങ്ങൾ

1. നിലവിലുള്ള എല്ലാ പഞ്ചായത്ത്, P.W.D. റോഡുകളുടേയും അറ്റകുറ്റപ്പണികൾ അടിയന്തിരമായി നിർവഹിക്കുക. റീടാറിംഗ് നടത്തുക.

2. റോഡു, തോട്ടുപുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുക. കോളനി എന്ന ആശയം ഉപേക്ഷിച്ച്, സൗകര്യപ്രദമായ സ്ഥലങ്ങളിലേക്ക് മാറ്റിത്താമസിപ്പിക്കുക.

3. റോഡിന്റെ ഇരുവശങ്ങളിലും തടികളും കെട്ടിട നിർമ്മാണസാമഗ്രികളും ഇറക്കി ഓടകൾ അടയ്ക്കുകയും, റോഡുകൾ നശിപ്പിക്കുകയും ചെയ്യുന്നവരെ കണ്ടുപിടിച്ച് നടപടികളെടുക്കുവാൻ പ്രത്യേക സ്കീം രൂപീകരിക്കുക. ഇങ്ങനെയുള്ള സാധനങ്ങൾ കണ്ടുകെട്ടുക.

4. റോഡുകൾക്ക് നിർബ്ബന്ധമായും ഓടകൾ നിർമ്മിച്ചിരിക്കണം. ഓടകൾ മൂടുന്നവരുടെ പേരിൽ ശിക്ഷണനടപടികൾ സ്വീകരിക്കുക.

5. റോഡിലേക്കു ചാഞ്ഞുകിടക്കുന്ന വൃക്ഷക്കൊമ്പുകൾ (സ്വകാര്യ ഭൂമിയിലേതും പുറമ്പോക്കിലേതും) നീക്കം ചെയ്തു റോഡുകൾ സംരക്ഷിക്കുക.

6. പുതിയറോഡുകൾ വെട്ടുമ്പോൾ, ഭാവിയിൽ വാഹനഗതാഗതം സാദ്ധ്യമാകത്തക്കവിധത്തിൽ സംവിധാനം ചെയ്യുവാൻ വിദഗ്ധരെക്കൂടി ഉൾപ്പെടുത്തുക.

7. പുതിയ റോഡുകൾ കുറഞ്ഞത് 8 മീറ്റർ വീതിയിലെങ്കിലും മൺപണി തീർത്ത് പഞ്ചായത്തിനെ ഏൽപ്പിക്കുക. ഇതിനു പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുക. അതുപോലെ പുതിയ റോഡുകൾ കഴിവതും വളവുകൾ, കയറ്റങ്ങൾ, ഇറക്കങ്ങൾ ഇവ കുറച്ച് നിർമ്മിക്കുന്നതിനും പൊതുജന സഹകരണം തേടുക. പുതിയ റോഡുകൾക്കു മതിയായ ജല നിർഗ്ഗമന സൗകര്യം ഉണ്ടാക്കുക.

8. പഞ്ചായത്തിലെ മൺ റോഡുകളുടെ അറ്റകുറ്റപ്പണികൾ അതാതു ഭാഗത്തുള്ള ഉപഭോക്താക്കൾ സംഘടിച്ച് നിർവ്വഹിക്കുക. അത്രയും സാമ്പത്തിക വ്യയം പഞ്ചായത്തിൽ ലാഭപ്പെടുത്തി മറ്റു വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുക.

9. പുതുതായി ടാറിംഗ് പണികൾ നിർവ്വഹിക്കുന്ന റോഡുകൾക്ക്, ഓടകൾ നിർമ്മിക്കാനുള്ള വീതികൂടി ഉണ്ടെന്ന് ഉറപ്പുവരുത്തുക. ടാറിംഗ് നടത്തുന്ന റോഡിലേക്കു ചാഞ്ഞു കിടക്കുന്ന വൃക്ഷശിഖരങ്ങൾ മുറിച്ചുമാറ്റുക.

10. റോഡിൽക്കൂടി കിടന്നുപോകാവുന്ന (വാഹനങ്ങളുടെ ലോഡിന്റേയും) ഭാരം കണക്കിലെടുത്ത് ആവശ്യത്തിനു അടിസ്ഥാനം ഇട്ട് റോഡുകൾ ടാർ ചെയ്യുക.

11. റോഡുകൾ ടാറിംഗിന് ഏറ്റെടുക്കുമ്പോൾ മുൻഗണനാക്രമം ഉണ്ടാക്കി, ടാർ ചെയ്യുന്ന ഓരോ റോഡും പൂർത്തിയാക്കിയശേഷം മറ്റുറോഡുകൾ ഏറ്റെടുക്കുക.

12. നിർമ്മാണസംരംഭം, ഉദ്ഘാടനം മുതലായ അനാവശ്യ ചടങ്ങുകൾ ഒഴിവാക്കി ചെലവു ചുരുക്കുക.

13. റോഡുകൾ കൂടുതൽകാലം നിലനിൽക്കുന്നതിനു റബ്ബറൈസ്ഡ് റോഡ് സാങ്കേതികവിദ്യ വ്യാപകമാക്കുക. കരാറുകാരേ പൂർണ്ണമായും ഒഴിവാക്കി പഞ്ചായത്തു മെമ്പർ ഉൾപ്പെടുന്ന ജനകീയ കമ്മറ്റികൾ പൊതുജന പങ്കാളിത്തത്തോടെ വിദഗ്ദ്ധ തൊഴിലാളികളേ സഹകരിപ്പിച്ച് റോഡുകളുടെ എല്ലാ പണികളും നടത്തുക. അനുവദിച്ച തുക മുഴുവനും റോഡിനുവേണ്ടിത്തന്നേ ഉപയോഗിച്ചു എന്ന് ഉറപ്പുവരുത്തുക.

14. കോട്ടയത്തു നിന്ന് ജലമാർഗ്ഗം, ഭരണങ്ങാനം വഴി ഈരാറ്റുപേട്ടവരെ, വള്ളങ്ങളും യന്ത്രവൽകൃത ബോട്ടുകളും കടന്നുവരത്തക്ക ജലവിതാനം ക്രമീകരിക്കുവാനുതകുന്ന-മീനച്ചിൽ നദീതട പദ്ധതിയോ ഇടുക്കിയിലെ മിച്ച ജലം മീനച്ചിലാറ്റിലേക്കൊഴുകുന്ന പദ്ധതിയോ നടപ്പിൽ വരുത്തുക. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ഇതു സഹായകമാകും.

## റയിൽ ഗതാഗതം

റെയിൽ ഗതാഗതത്തിന്റെ കാര്യത്തിൽ കേരളം പൊതുവേ അവഗണിക്കപ്പെട്ടിരിക്കുമ്പോൾ ഈ പഞ്ചായത്തിന്റെ കാര്യം പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലോ. തീർത്ഥാടനകേന്ദ്രമായ ഭരണങ്ങാനത്തിനടുത്തു ദീർഘദൂര യാത്രാ വണ്ടികൾ നിർത്തുന്ന സ്റ്റേഷനായ കോട്ടയം, 32 കി.മീ. അകലെയാണ്. ഇന്ത്യയുടെ നാനാഭാഗത്തുനിന്നുമുള്ള തീർത്ഥാടകർക്കും ഇവിടെ നിന്നു ഉദ്യോഗാവശ്യങ്ങൾക്കായി അയൽ സ്റ്റേറ്റുകളിൽ കഴിയുന്ന ജോലിക്കാർക്കും കുടുംബങ്ങൾക്കും യാത്ര ഒരു പേടി സ്വപ്നമാണ്. കോട്ടയത്തോ എറണാകുളത്തോ ഇറങ്ങി റോഡുമേ ഇവിടെ എത്താൻ കഴിയുകയുള്ളൂ. ട്രെയിൻ കണ്ടിട്ടില്ലാത്തവരും ഈ പഞ്ചായത്തിലുണ്ട് എന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല.

താരതമ്യേന ചിലവുകുറഞ്ഞതും സൗകര്യപ്രദവുമായ തീവണ്ടിയാത്ര ഇവിടുത്തുകാരുടെ ഒരു സ്വപ്നമാണ്. നിർദ്ദിഷ്ട അങ്കമാലി-അച്ചൻകോവിൽ മല

യോര റെയിൽവേ നടപ്പിൽ വന്നാൽ അതു ഭരണങ്ങാനത്തെ സ്പർശിച്ചു കടന്നു പോകുമെന്ന് ജനം ആശ്വസിക്കുന്നു. യാത്രയ്ക്കും, ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്ക് റബ്ബറും മറ്റു കാർഷിക ഉൽപ്പന്നങ്ങളും കയറ്റി അയയ്ക്കുന്നതിനും ഇന്നുള്ള ബുദ്ധിമുട്ട് പതിന്മടങ്ങ് ലഘൂകരിക്കാൻ ഈ പാതയ്ക്കു കഴിയുമെന്ന് എല്ലാവരും വിശ്വസിക്കുന്നു. ഇത് യഥാർത്ഥ്യമാക്കുന്നതിന് വേണ്ട സമ്മർദ്ദം കേന്ദ്രത്തിലും മറ്റധികാരസ്ഥാനങ്ങളിലും ചെലുത്തണമെന്ന് ഗ്രാമസഭകൾ ആവശ്യപ്പെടുന്നു. ഈ പാത നിലവിൽ വന്നാൽ തീർത്ഥാടന കേന്ദ്രങ്ങളായ മലയാറ്റൂർ, ഭരണങ്ങാനം, കാഞ്ഞിരപ്പള്ളി, എരുമേലി, ശബരിമല എന്നീ കേന്ദ്രങ്ങളായിരിക്കുമെന്നുള്ളത് വിവിധ തീർത്ഥാടകർക്ക് സഹായകമായിരിക്കും.

ഇതു യാഥാർത്ഥ്യമാക്കുന്നതുവരെ ദക്ഷിണ റെയിൽവേയുടെ ഒരു ടിക്കറ്റ് ബുക്കിംഗ് ഔട്ട് ഏജൻസി ഭരണങ്ങാനത്ത് ലഭിച്ചാൽ അത് തീർത്ഥാടകർക്ക് വളരെയധികം സഹായമാകും.

മുൻപദ്ധതികളിൽ, പഞ്ചായത്തിന്റെ മൊത്തമായ വികസനം കണക്കിലെടുക്കാതെ പ്രാദേശിക താത്പര്യങ്ങൾക്കു വഴങ്ങി നടപ്പിൽ വരുത്തിയ പല പദ്ധതികളും അതിനുവേണ്ടി ചെലവഴിച്ച തുകയ്ക്കനുസൃതമായി ഫലം നൽകുന്നില്ല. പൊതുജന പങ്കാളിത്തത്തിന്റെയും സഹകരണത്തിന്റെയും അഭാവം പലതിലും ദൃശ്യമാണ്. ജനശക്തി (കായികമായും, മാനസികമായും) വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തിയ പദ്ധതികൾ കൂടി ഗ്രാമീണ സംവിധാനത്തിന്റെ അഭാവത്തിൽ പാഴായ സംഭവങ്ങളുമുണ്ട്.

പഞ്ചായത്തിലെ യുവതീയുവാക്കൾക്ക് തൊഴിലിന്റെ മാഹാത്മ്യം മനസ്സിലാക്കി കൊടുത്തുകൊണ്ട് അവരുടെ കായികസർഗ്ഗശക്തികളെ പ്രയോജനപ്പെടുത്തി, പഴയ തലമുറകളുടെ അനുഭവസമ്പത്തുകൂടി നൽകുമ്പോൾ ഐശ്വര്യപൂർണ്ണമായ ഒരു നാളെ ഈ പഞ്ചായത്തിലെ ജനങ്ങളെ കാത്തിരിക്കുന്നത്.

## അനുബന്ധം ഒന്ന്

### ഭരണങ്ങാനം പഞ്ചായത്തിലേ റോഡുകളുടെ സംബന്ധിച്ച വിവരം

| നമ്പർ | മൺറോഡ് | ടാർറോഡ് | പഞ്ചായത്ത് | P.W.D | മറ്റുള്ളവ | ആകെ റോഡിന്റെ നീളം |
|---|---|---|---|---|---|---|
| വാർഡ് | മീറ്റർ | | | | | |
| 1. | 1050 | 7150 | 2150 | 5000 | | 8200 മീറ്റർ |
| 2. | 6500 | 4750 | 3000 | 1750 | | 11250 മീറ്റർ |
| 3 | 3400 | 3600 | 3600 | | 600 | 7600 മീറ്റർ |
| 4. | 4100 | 7400 | 4000 | 3400 | | 11500 മീറ്റർ |
| 5. | 3275 | 5200 | 2500 | 2700 | | 8475 മീറ്റർ |
| 6. | 5000 | 5500 | | 5500 | | 10500 മീറ്റർ |
| 7 | 9750 | 4500 | | 4500 | | 14250 മീറ്റർ |
| 8 | 11200 | 2800 | | 2800 | | 14000 മീറ്റർ |
| 9. | 4415 | 4845 | 845 | 4000 | 300 | 9560 മീറ്റർ |
| ആകെ | 48690 | 45745 | 16095 | 29650 | 900 | 95335 മീറ്റർ |

## B. ഊർജ്ജം

മാനവരാഗിയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടിയ പ്രധാന ഘടകം ഊർജ്ജമാണ്. പ്രാകൃത മനുഷ്യൻ ഊർജ്ജ സ്രോതസ്സുകളെ ഭയപ്പെട്ടിരുന്നു. ആരാധിച്ചിരുന്നു പിൽക്കാലത്ത് ഇവയെ അവന് അടിമപ്പെടുത്താൻ കഴിഞ്ഞപ്പോൾ അവന്റെ പുരോഗതി ആരംഭിച്ചു.

പ്രാചീന മനുഷ്യൻ തീയും, വെള്ളവും ഊർജ്ജത്തിന്റെ ഉറവിടങ്ങളായി ഉപയോഗിച്ചു. ആവിയും അതിനുശേഷം വൈദ്യുതിയും കണ്ടുപിടിച്ച് നിയന്ത്രണവിധേയങ്ങളാക്കിയപ്പോൾ അവൻ അതോടൊപ്പം പ്രകൃതിയെ കീഴടക്കാനും ആരംഭിച്ചു.

ഇന്ന് വൈദ്യുതിയാണ് മനുഷ്യന്റെ പ്രധാന ഊർജ്ജ സ്രോതസ്സ്. വെള്ളത്തിൽ നിന്നും കാറ്റിൽ നിന്നും നീരാവി ഉപയോഗിക്കുന്ന തെർമ്മൽ സ്റ്റേഷനുകളിൽ നിന്നും അവസാനം ആണവ പദ്ധതികൾ വരെ ഉപയോഗിച്ച് അവൻ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു.

വ്യവസായികമായി വളർന്നിട്ടുള്ള ഏതൊരു രാജ്യത്തിന്റെയും വളർച്ചയുടെ അടിസ്ഥാനം വൈദ്യുതി ആണെന്നു കാണാം.

കേരളത്തിന്റെ പ്രത്യേകിച്ച് ഈ പഞ്ചായത്തിന്റെ വ്യവസായിക വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്നത് വൈദ്യുതിയുടെ അപര്യാപ്തതയാണ്. ഏകദേശം 45 വർഷങ്ങൾക്കുമുമ്പ് ഭരണങ്ങാനത്ത് വൈദ്യുതി ദീപങ്ങൾ തെളിഞ്ഞെങ്കിലും ഇന്നും വൈദ്യുതി വെളിച്ചം കടന്നു ചെല്ലാത്ത നൂറുകണക്കിനു വീടുകൾ ഈ പഞ്ചായത്തതിർത്തിക്കുള്ളിലുണ്ട്.

വൈദ്യുത കണക്ഷൻ വൽകുന്നതിനു തടസ്സമായി ഭൂപ്രകൃതിയുടെ കിടപ്പും സാമ്പത്തിക ബുദ്ധിമുട്ടുകളും കാരണമാകുന്നുണ്ട്. ഇതേ കാരണങ്ങളാൽ ഭരണങ്ങാനം വ്യാവസായിക വളർച്ചയും കൈവരിച്ചിട്ടില്ല.

### ഇന്നത്തെ നില

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള 14 ട്രാൻസ്ഫോർമർ (വിവിധ കപ്പാസിറ്റിയുള്ളത്)കളിൽ നിന്നാണ്. പഞ്ചായത്തിലൊട്ടാകെ വൈദ്യുതി വിതരണം നടക്കുന്നത്. ഈ പഞ്ചായത്തിനേ കൂടാതെ തലപ്പലം മീനച്ചിൽ കടനാട് പഞ്ചായത്തുകളിലെ ചില ഭാഗങ്ങൾക്കും ചില ട്രാൻസ്ഫോർമറുകൾ ഉപയുക്തമാകുന്നുണ്ട്.

നിലവിലുള്ള ട്രാൻസ്ഫോർമറുകൾ:-

ഭരണങ്ങാനം,
ചിറ്റാനപ്പാറ, കയ്യൂർ,
ഇടപ്പാടി - വേഴങ്ങാനം-2
മേരിഗിരി - ചൂണ്ടച്ചേരി
അസ്സീസി - പ്രവിത്താനം-2
മങ്കര
ഉള്ളനാട്

11K.V.-21.5Km.
3 Phase - 45.3 Km.

സിംഗിൾ ഫേസ് 16.50 K.m. ഇതരയും പ്രസരണലൈനുകളുമുണ്ട്.

ഭരണങ്ങാനത്ത് ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു അസി. എൻജിനീയർ ഓഫീസ് പ്രവർത്തിക്കുന്നതു വഴിയാണ്. ഈ വിതരണശൃംഖല പ്രവർത്തിക്കുന്നത്. ഏറ്റവും ദൂരെസ്ഥിതി ചെയ്യുന്ന ട്രാൻസ്ഫോർമർ, ഓഫീസിൽനിന്ന് 10 കി.മി. അകലെയാണ്.

ഭരണങ്ങാനം പഞ്ചായത്തിലെ ഉപഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ഗാർഹികം | - 2629 | കണക്ഷനുകൾ |
| വ്യാപാരം | - 117 | കണക്ഷനുകൾ |
| വ്യാവസായികം | - 47 | കണക്ഷനുകൾ |
| കാർഷികം | - 57 | കണക്ഷനുകൾ |

നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളേ സംബന്ധിച്ച വിവരങ്ങൾ.

| | | |
|---|---|---|
| സോഡിയം വേപ്പർ ലാമ്പ് | - | 12 |
| ട്യൂബുകൾ | - | 28 |
| ബൾബ്, വിവിധ വാട്ടേജുകളിൽ | - | 465 |

ഈയിനത്തിൽ വാർഷികച്ചിലവുണ്ട് രൂപ. 45280/ ആണ്.

1996 നവംബർ 14 വരെ. 60 സാധാരണ കണക്ഷനുകളും 10 OYEC കണക്ഷനുകളും ഈ ഓഫീസിന്റെ കീഴിലുള്ള വിതരണ പരിധിയിൽ വരികാനുണ്ട്. 1996ൽ രണ്ട് OTP കണക്ഷനുകളും.

64 OYEC കണ്ഷനുകൾ നൽകിയിട്ടുണ്ട്. സാധാരണ കണക്ഷനുകൾ ഒന്നും നൽകിയിട്ടില്ല.

കയ്യൂർ വാർഡിൽ ട്രാൻസ്ഫോർമറും സ്ട്രീറ്റ് ലൈനും ഉണ്ടെങ്കിൽ ഒരു സ്ട്രീറ്റ് ലൈറ്റുപോലും സ്ഥാപിച്ചിട്ടില്ല.

പഞ്ചായത്തിലെ എല്ലാ പ്രദേശത്തും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും എല്ലാ വീടുകളിലും എത്തിയിട്ടില്ല എന്നു മുൻപു പ്രസ്താവിച്ചിരുന്നല്ലോ. എത്തിയ സ്ഥലങ്ങളിലെല്ലാം, വോൾട്ടേജ് ക്ഷാമവും നിലനില്ക്കുന്നു. പലയിടങ്ങളിലും, ആവശ്യത്തിനു വോൾട്ടേജ് ലഭിക്കാത്തതിനാൽ വലിയ അസൗകര്യം ഉണ്ട്. സ്റ്റെപ് അപ് ട്രാൻസ്ഫോർമറുകൾ ഇവിടെ അത്ര പ്രചാരണത്തിലല്ലാത്തതിനാൽ. അതുകൊണ്ടുണ്ടാകുന്ന ഇവിടെ അത്ര പ്രചാരത്തിലല്ലാത്തിതിനാൽ. അതുകൊണ്ടുണ്ടാകുന്ന ദുഷ്യത്തിൽ നിന്ന് പ്രസരണ വലയം വിമുക്തമാണ്.

**ജനകീയാവശ്യങ്ങൾ:**

1. കക്കോളി ജംഗ്ഷൻ, വട്ടോളിക്കടവ്, അമ്പലം ജംഗ്ഷൻ എന്നിവടങ്ങളിൽ സോഡിയം വേപ്പർലാമ്പുകൾ സ്ഥാപിക്കുക.

2. പഞ്ചായത്ത് ആഫീസ്, കോട്ടവഴി, ഭരണങ്ങാനം, ഇടമറ്റം റോഡ്, അസ്സീസി റോഡ്, ലക്ഷംവീടു റോഡ്, കോട്ടവഴിയിൽ ലക്ഷംവീട് കോളനി ഭാഗത്തേക്കുള്ള ലിങ്ക് റോഡ് എന്നീ റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

3. അച്ചമ്പായിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

5. പോസ്റ്റാഫീസ്, അയ്യമ്പാറ ഇലക്ട്രിസിറ്റി ലൈൻ സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങളിൽ നിന്ന് റോഡിലേക്കു മാറ്റി, കൂടുതൽ ഉപയോഗപ്രദമാക്കുക. റോഡിൽ ഗതാഗതത്തിനു തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ വശങ്ങളിലേക്കു മാറ്റുന്ന പ്രവൃത്തി അടിയന്തിരമായി ചെയ്യുക.

6. ഇടപ്പാടി അയ്യമ്പാറ റോഡ്, ഇടപ്പാടി-വാളിപ്ലാക്കൽ റോഡ്, അറവക്കുളം-കോട്ടവഴി ലിങ്ക് റോഡ്, ഇടപ്പാടി പള്ളി മുതൽ-ലിങ്കു റോഡുവരെ, സമാജം-കളളിക്കൽ റോഡ്, അയ്യമ്പാറ കൂവക്കാട് റോഡ്, കോട്ടവഴി-കോളനി റോഡ്, കോട്ടവഴി കുന്നനാംകുഴി റോഡ്, മേരിഗിരി-താപ്പേൽ കടവ് റോഡ് എന്നീ നിരത്തുകളിൽ വഴി വിളക്കുകൾ സ്ഥാപിക്കുക.

ഇതുവരെ വൈദ്യുതി എത്തിയ 80ൽ പരം കുടുംബങ്ങളും, ഒരാരാധനാലയവുമുള്ള ചാവറാംപാറയിൽ വൈദ്യുതി എത്തിക്കുക.

8. ഇടപ്പാടി അളനാടു റോഡിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

9. എല്ലാ സ്ട്രീറ്റ് പോസ്റ്റുകളിലും വഴിവിളക്കു സ്ഥാപിക്കുക.

10. വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ കുളത്തിനാമുണ്ടിയിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

11. അരിക്കുന്നേലുള്ള വീടുകൾക്കു പുതുതായി വൈദ്യുതി കണക്ഷൻ നൽകാവുള്ള സംവിധാനം ഏർപ്പാടാക്കുക. അതിനായി പ്ലാമൂടു ജംഗ്ഷനിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് 3 Phase line വലിക്കുക.

12 ചൂണ്ടച്ചേരിക്കവലയിൽ സ്ട്രീറ്റ് ലൈറ്റ് ഫ്ലൂറോ- മെർക്കുറിവേഷൻ ലാമ്പോ സ്ഥാപിക്കുക.

13 ഭരണങ്ങാനം പ്രവിത്താനം റോഡിൽ കോരുക്കുന്നു മുതലുള്ള ഭാഗത്തു സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

14. ചൂണ്ടച്ചേരി പള്ളി - സാൻഫോസ് സ്കൂളുകൾക്കു മുൻപിൽ സോഡിയം വേപ്പർ സ്ഥാപിക്കുക.

15. കളർകാണി റോഡിൽ ഹരിജൻ കോളനിയിലേക്കു സ്ട്രീറ്റ് ലൈറ്റു സ്ഥാപിക്കുക.

16. അരീക്കുന്ന് - കോയാനിച്ചിറ കോളനികളിൽ അടിയന്തിരമായി വൈദ്യുതി എത്തിക്കുക.

17. വോൾട്ടേജ് ക്ഷാമം തീർക്കാൻ പ്രവിത്താനം വേഴംങ്ങാനം ഭാഗത്തു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

18.അരയ്ക്കുന്നു ഭാഗത്തു സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക

19. താഴെപ്പായുന്ന റോഡുകളിൽ നിലവിലുള്ള ലൈറ്റുകൾ സ്ഥാപിക്കാനും പുനസ്ഥാപിക്കാനും നടപടികളെടുക്കുക.

1. പ്രവിത്താനം - കൊല്ലപ്പിള്ളി റോഡ്
2. പ്രവിത്താനം - ഭരണങ്ങാനം റോഡ്

3 പ്രവിത്താനം പള്ളി - അന്തീനാട് റോഡ്

4 പ്രവിത്താനം - പ്ലാശനാൽ റോഡ്

20. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ആലു കവലയിലോ നായ്ക്കനാഭാഗത്തോ പുതിയ ട്രാൻ സ്ഫോർമറുകൾ സ്ഥാപിക്കുക

21. അരങ്ങാപ്പാറ, പഞ്ചമല, പാമ്പാക്കുന്ന്, കാട്ടൂർകാവ്, തുണ്ടിയേൽ ഭാഗം കോളനി എന്നീ വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതി നൽകാനുള്ള നടപടികൾ സ്വീകരിക്കുക.

22. കാഞ്ഞിരമറ്റത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് സമീപ സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുക.

23. താഴെപ്പറയുന്ന സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

1. നായ്ക്കനാൽ ഭാഗം
2 കാഞ്ഞിരമറ്റം സ്കൂൾ ഭാഗം
3 കാഞ്ഞിരമറ്റം സൗത്ത്
4 വേഴാങ്ങാനം പള്ളി
5 ഇഞ്ചിക്കുഴി ഭാഗം
6 വാലിയകാവുപുറം
7 അരങ്ങാപ്പാറ
8 കയ്യൂർ ഇടമറുക് റോഡ്
9 ഉള്ളനാട് കൊടുമ്പിടി റോഡ്
10 പേമാനാഖ് ആലമറ്റം റോഡ്
11 ഉള്ളനാട് തിരുന്നക്കര റോഡ്
12 കയ്യൂർ കുറുമണ്ണ് റോഡ്
13 കയ്യൂർ തേവർമല റോഡ്
14കയ്യൂർ അതിരുപാറ റോഡ്
15 കയ്യൂർ ഉള്ളനാട് റോഡ്

24. വൈദ്യുതികരിക്കാത്ത എല്ലാ വീടുകൾക്കും കണക്ഷൻ നൽകുക.

25. 11 K.V ലൈൻ വലിച്ചു പുതിയ ട്രാൻ സ്ഫോർമർ സ്ഥാപിച്ച് കയ്യൂർ വാർഡിന്റെ മറ്റുഭാഗങ്ങളിലും വൈദ്യുതി എത്തിക്കുക.

26. ഇലക്ട്രിസിറ്റി ബോർഡിന്റെ മീറ്റർറീഡ് ചെയ്ത് ബില്ലു തയ്യാറാക്കാൻ ഇവയേക്കുറിച്ച് വ്യാപകമായ പരാതികൾ ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. 6 മാസത്തിൽ ഒരിക്കൽ മാത്രം മീറ്റർ റീഡിംഗ് എടുക്കുമ്പോൾ പലപ്പോഴും മീറ്റർ കോടാവുകയോ മറ്റു കാരണങ്ങളാലോ ശരിയായ റീഡിംഗ് ലഭിക്കാതിരിക്കുന്നതുമൂലം ഭയാനകരമായ ബില്ലുകൾ ലഭിച്ച പലരും ഈ പഞ്ചായത്തിലുണ്ട്. പലരുടേയും അഞ്ജാതമായ ചൂഷണം ചെയ്തും ഭീഷണിപ്പെടുത്തിയും ഇത്തരം ബില്ലുകൾ അടപ്പിച്ചിട്ടുണ്ട്.

ഇതിനു പ്രതിവിധിയായി 2 മാസത്തിൽ ഒരിക്കൽ മീറ്റർ റീഡിംഗ് എടുത്തു കൺസ്യൂമർ കാർഡിലും രേഖപ്പെടുത്തുക. ഇതുവഴി മീറ്റർ തകരാറിലാവുന്നതു പെട്ടെന്നു കണ്ടുപിടിക്കാൻ പറ്റും. ഇതിനു സാധ്യതയില്ലെങ്കിൽ സെൽഫ് റീഡിംഗോ സോഫോട്ട് ബില്ലിംഗ് സംവിധാനമോ ഏർപ്പെടുത്തുക.

27 നിർദ്ദിഷ്ട ഈരാറ്റുപേട്ട 110 K V സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കി ഞങ്ങളെ വോൾട്ടേജ് ക്ഷാമത്തിൽ നിന്ന് രക്ഷിക്കുക.

കേരളം ഇന്നു നേരിടുന്ന വൈദ്യുത പ്രതിസന്ധിയെക്കുറിച്ച് പഞ്ചായത്തിലോഎ ജനങ്ങൾ ബോധവാന്മാരാണ്. പുതിയ ലൈനുകൾ നിർമ്മിക്കുന്നതിനും പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും വരുന്ന ചിലവിനെക്കുറിച്ചും അറിവുള്ളവരാണ്. പ്രത്യേക പരിതസ്ഥിതികളിൽ വൈദ്യുതി എത്തിപ്പിക്കുക ദുഷ്ക്കരമായിട്ടുള്ള പല പ്രദേശങ്ങളും പഞ്ചായത്തിലുണ്ട്. അങ്ങനെയുള്ള പ്രദേശങ്ങളെ മുൻനിർത്തി താഴെപറയുന്ന നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നിട്ടുള്ളത് ഗ്രാമ സഭകളിലൂടെയാണ്.

## നിർദ്ദേശങ്ങൾ

1. കൂവക്കാട്ടുമലയിൽ സോളാർ പാനലുകൾ സ്ഥാപിച്ച് ഗാർഗിക കണക്ഷനുകൾ നൽകുക. കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കപ്പെടുന്നതിനുള്ള സാദ്ധ്യതകൾ ആരായുക.

2. വെയ്സ്റ്റിൽനിന്നു പാചകവാതകം ഉൽപ്പാദിപ്പിക്കുവാനുള്ള സംവിധാനം ഓരോ വീടിനുമോ ഒരു പ്രദേശത്തിനു മുഴുവനുമായോ ഉണ്ടാക്കി പ്രയോജനപ്പെടുത്തുക.

3. മിനി മൈക്രോ ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണത്തിനുപയുക്തമാകുന്ന പ്രദേശങ്ങൾ കണ്ടുപിടിച്ച് അവ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുക. ഇതിനു സ്വകാര്യ സംരംഭകർക്ക് പ്രോത്സാഹനം നൽകുക.

4. സൗരോർജ്ജ അടുപ്പുകൾ സ്ഥാപിക്കുന്നതിനു പ്രോത്സാഹനവും സഹായവും നൽകുക.

5. വൈദ്യുതിലാഭിക്കുവാൻ പ്രോപ്പർട്ടി ക്രോസിംഗും എഗ്രിമെന്റ് വ്യവസ്ഥകൾ ഉപഭോക്താവിന് അനുകൂലമാക്കുക.

6. വൈദ്യുതി ലാഭിക്കുന്നതിനും പ്രസരണത്തിനുമുള്ള ഊർജ്ജനഷ്ടം പരിഹരിക്കുന്നതിനും, മറ്റുമായി ഗ്രാമസഭകളിൽ ഉയർന്നുവന്ന പൊതു നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിന് പുതിയ സബ് സ്റ്റേഷനുകൾ നിർമ്മിക്കുക. പുതിയ 11 K.V. ലൈനുകൾ വലിച്ച് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

2. വൃക്ഷശിഖരങ്ങൾ വൈദ്യുത കമ്പികളിൽ മുട്ടുന്നതു വഴി പ്രസരണനഷ്ടവും അപകടങ്ങളും ഉണ്ടാകാനുള്ളതു കണക്കിലെടുത്ത് ട്രിമ്മിംഗുകൾ വെട്ടിമാറ്റുവാൻ ആവശ്യമായ സഹായം വൈദ്യുത ബോർഡിനു നൽകുക.

3. വൈദ്യുതി എത്തിക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ള സ്ഥലങ്ങളിലെ ആൾക്കാർക്ക് സോളാർ പാനലുകളും വിളക്കുകളും സബ് സീഡി നിരക്കിൽ എത്തിച്ചുകൊടുക്കുക. ഈ കൂട്ടത്തിൽ വഴിവിളക്കുകളും ഉൾപ്പെടുത്തുക.

4. ബയോഗ്യാസ് ഉൽപ്പാദനം കൂടുതൽ വ്യാപകമാക്കാൻ ബോധവൽക്കരണം നടത്തുക. അതിനു കിട്ടുന്ന വായ്പകളും സബ്സീഡിയും ലഭ്യമാക്കാനുള്ള സഹായം ചെയ്തുകൊടുക്കുക.

5. ഇപ്പോൾ ഭരണങ്ങാനത്ത് പ്രവർത്തിക്കുന്ന അസി. എൻജിനിയർ ഓഫീസ് വിതരണ പ്രദേശത്തിന്റെ വിസ്തൃതി കണക്കിലെടുത്ത് ഒരു മേജർ സെക്ഷനായി ഉയർത്തുക.

6. ഓഫീസിൽ നിന്ന് അകലെയുള്ള ലൈൻമാൻമാരുടെ സേവനം ഉടനടി ലഭിക്കാൻ ബുദ്ധിമുട്ടുള്ള (പ്രദേശം ചൂണ്ടച്ചേരി, ഉള്ളനാട്, കയ്യൂർ) പ്രദേശങ്ങളിലെ അഭ്യസ്തവിദ്യരായ, സാങ്കേതിക പരിജ്ഞാനമുള്ള തൊഴിൽരഹിതരെ ഫ്യൂസ് കെട്ടുവാനും മറ്റും അനുവദിക്കുക. അവർക്ക് അതിനുള്ള അധികാരപത്രം നൽകുക.

7. വൈദ്യുതിയുടെ ഉപയോഗം പരിമിതപ്പെടുത്തി ലാഭിച്ച് വ്യവസായങ്ങൾക്കു നല്കേണ്ട ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

പാചകാവശ്യത്തിന് ഇന്നും ഈ പ്രദേശത്തുള്ളവരിൽ ഭൂരിഭാഗവും വിറകിനെയാണ് ആശ്രയിക്കുന്നത്. മുൻകാലങ്ങളിൽനിന്നു വിഭിന്നമായി ഇന്ധനക്ഷമത കുറഞ്ഞ റബ്ബർ തടിയുടെ ഉപഭോഗമാണ് ഇന്ന് മുഖ്യമായും ഉപയോഗിക്കപ്പെടുന്നത്.

പഞ്ചായത്തു വക പുറമ്പോക്കുകളിൽ പഴമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനു പകരം ഫല വൃക്ഷങ്ങൾ, തേക്ക്, ഇന്ധനക്ഷമതയുള്ള വിറകിന് കൊള്ളിക്കാവുന്ന മരങ്ങൾ വച്ചു പിടിപ്പിക്കുക.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പാചകവാതകം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക. ഭരണങ്ങാനത്ത് ഒരു പ്രെട്രോൾ പമ്പ് സ്ഥാപിക്കുക.

21-ാം നൂറ്റാണ്ടിലേക്കു കടക്കുന്ന ഈ കാലയളവിൽ എണ്ണയുടെയും കൽക്കരിയുടേയും ലഭ്യത കുറഞ്ഞുവരുന്നത് കണക്കിലെടുത്ത് പരിസ്ഥിതിക്ക് കോട്ടം വരുത്തുന്ന ഭീമൻ ജലവൈദ്യുത പദ്ധതികൾക്കു പിമ്പേ പോകാതെ കാറ്റ് സൗരോർജ്ജം മിനി മൈക്രോ വൈദ്യുത പദ്ധതികളിൽ നിന്നുല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയെയും ജൈവാവശിഷ്ടങ്ങളിൽനിന്ന് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഗ്യാസിനെയും ആശ്രയിക്കാൻ നാം തയ്യാറാകുന്നില്ലെങ്കിൽ പരിപൂർണ്ണ അന്ധകാരവും വളർച്ച മുരടിച്ച ഒരു ഭാവിയുമായിരിക്കും നമ്മെ കാത്തിരിക്കുന്നത്. ഈ സത്യം മനസ്സിലാക്കി ഇപ്പോൾ ലഭ്യമാകുന്ന വൈദ്യുതി ആഢംബരങ്ങൾക്കുപയോഗിക്കാതെ വ്യാവസായിക പുരോഗതിക്കായി മാറ്റിവെയ്ക്കണമെന്ന കാര്യത്തിൽ പഞ്ചായത്തിലെ ജനതയ്ക്ക് രണ്ടഭിപ്രായമില്ല.

## മാർക്കറ്റ്

മുൻപ്രസ്താവിച്ചിരുന്നതുപോലെ ജലഗതാഗതം നിലവിൽ നിന്ന കാലത്ത് ഭരണങ്ങാനത്ത് ഒരു പൊതുചന്ത നിലവിലുണ്ടായിരുന്നു. കാലക്രമേണ അത് നിന്നുപോയി.

ഇന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിൽക്കുന്ന സഹകരണ വ്യാപാരമേഖലകളോടൊപ്പം സർക്കാർ പൊതു വിതരണ കേന്ദ്രങ്ങളും ചേർന്നാണ്. ഗ്രാമവാസികളുടെ ദൈനംദിനാവശ്യങ്ങൾക്ക്

വേണ്ട സാധനങ്ങളുടെ ക്രയവിക്രയം നടത്തുന്നത്. ഭരണങ്ങാനത്ത് ഒരു റേഷൻ ഹോൾസെയിൽ ഡിപ്പോയും പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിലുള്ള 7 ചില്ലറ വിതരണ കേന്ദ്രങ്ങളും വഴി റേഷൻ സാധനങ്ങളും വിതരണം ചെയ്യപ്പെടുന്നു. പഞ്ചായത്തിലെ വളരെയധികം സാധാരണ കുടുംബങ്ങൾ ഈ വിതരണ ശൃംഖല പ്രയോജനപ്പെടുത്തുന്നുണ്ടെങ്കിലും സാമ്പത്തികമായി ഉയർന്ന വിഭാഗം പഞ്ചായത്ത്. മണ്ണെണ്ണ ഈ വിഭാഗങ്ങൾക്കു മാത്രമേ റേഷൻ സംവിധാനം പ്രയോജനപ്പെടുത്തുന്നുള്ളു.

പഞ്ചായത്തിലെ പ്രധാന കാർഷികവിളയായ റബ്ബർവിപണനം വ്യക്തികൾവഴിയും സഹകരണസ്ഥാപനങ്ങൾ വഴിയും നടക്കുന്നു. റബ്ബർ പാൽ സംഭരണത്തിൽ ഏറിയ പങ്കും ഉൽപാദകസഹകരണ സംഘങ്ങൾ വഴിയാണെങ്കിലും ഒരു പരിധി വരെ സ്വകാര്യ വ്യക്തികളും സംഭരിക്കുന്നുണ്ട്. കാർഷികവിളയ്ക്ക് വേണ്ട വളം വിതരണം ചെയ്യുന്നതിലും സ്വകാര്യ സഹകരണ മേഖലകൾക്ക് തുല്യ പങ്കാളിത്തമാണുള്ളത്.

നാളികേരം കൊക്കോ മുതലായ അന്യവിളകൾ മുഖ്യമായും സ്വകാര്യസംരംഭകർ മുഖേനയാണ് വിപണനം ചെയ്യപ്പെടുന്നത്. റബ്ബറുമായി താരതമ്യം ചെയ്യുമ്പോൾ ഇതിന്റെ വ്യാപ്തി വളരെ കുറവാണ്.

കൃഷിഭൂമികൾ. തോട്ടവിളകൾക്കു വഴിമാറി കൊടുക്കുകയും നെൽപ്പാടങ്ങൾ, കൃഷിത്തോട്ടങ്ങൾ ഇവ ഇല്ലാതാക്കുകയും പച്ചക്കറി വരെയുള്ള ഭക്ഷ്യ സാധനങ്ങൾ പുറം നാട്ടിൽ നിന്ന് കൊണ്ടു വരേണ്ട അവസ്ഥയിലാണ് ഇന്നു പഞ്ചായത്ത്. സ്വകാര്യവ്യക്തികൾ ലാഭേച്ഛ മാത്രം മുൻനിറുത്തി നടത്തുന്ന വ്യാപാരകേന്ദ്രങ്ങളേ ആശ്രയിച്ചാണ് ഇന്നു ജനങ്ങൾക്കു നിർവാഹമുള്ളു. മത്സ്യത്തിന്റെ കാര്യത്തിലും സ്ഥിരം വ്യവസ്ഥയില്ല. വിവിധ സ്ഥലങ്ങളിലുള്ള കശാപ്പുശാലകൾ പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ മാംസം വിതരണം ചെയ്യുന്നു.

പാലായിലും, ഈരാറ്റുപേട്ടയിലും ഇപ്പോൾ ഓരോ മത്സ്യമാംസപച്ചക്കറി മാർക്കറ്റുകൾ നിലവിലുള്ള ഭരണങ്ങാനം പഞ്ചായത്തിൽ ഇപ്പോൾ വിതരണം ചെയ്യുന്നവയുടെ ഗുണനിലവാരമോ വിലനിലവാരമോ പരിശോധിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ സംവിധാനം ഇല്ല. പ്രവിത്താനത്ത് ഒരു മാർക്കറ്റിനുള്ള സ്ഥലം ഉണ്ടെങ്കിലും പ്രവർത്തനം നടക്കാൻ സാദ്ധ്യതയില്ലാഞ്ഞതിനാൽ, ആ ആശയം ഉപേക്ഷിച്ച് ഒരു ഷോപ്പിംഗ് സെന്റർ ഉം കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കണമെന്ന് ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

പഞ്ചായത്ത് മുൻകൈയെടുത്ത് പച്ചക്കറി, മത്സ്യം, മാംസം ഇവ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് ഗ്രാമസഭകൾ ആവശ്യപ്പെടുന്നു. ഉൽപ്പാദകന് ന്യായമായ വില ലഭിക്കുന്നതിനും ഉപഭോക്താവിന് ഇടനിലക്കാരന്റെ ചൂഷണം ഒഴിവായി ന്യായമായ വിലയ്ക്ക് ഗുണനിലവാരമുള്ള സാധനങ്ങൾ ലഭിക്കുന്നതിനും ഇത് ഇടയാക്കും.

## നിർദ്ദേശങ്ങൾ

1. മാംസത്തിന്റെ ഗുണനിലവാരം ഉറപ്പിക്കുന്നതിന് ഉരുക്കളുടെ ഗുണനിലവാരം നോക്കി സാക്ഷ്യപ്പെടുത്തുന്നതിനും യോഗ്യനായ ഒരാളെ പഞ്ചായത്തു നിയമിക്കണം. അയാൾ സാക്ഷ്യപ്പെടുത്തുന്ന ഉരുക്കളെ മാത്രം മാംസത്തിന് ഉപയോഗിക്കുന്നു എന്നും ഉറപ്പു വരുത്തുക.

2. മത്സ്യമാംസ വിപണന രംഗത്ത് തൂക്കത്തെക്കുറിച്ചോ ഏറെ പരാതികൾ ഉണ്ട്. ഇവരുടെ വില്പനക്കാർ ഉപയോഗിക്കുന്ന ത്രാസുകളും കട്ടികളും കാലാകാലങ്ങളിൽ അളവുതൂക്ക നിയമങ്ങൾക്കു വിധേയമാക്കപ്പെട്ടതാണെന്ന് ഉറപ്പുവരുത്തുക.

3. കഴിവതും പൊതുവായ ഒരു സ്ലോട്ടർ ഹൗസിൽ തയ്യാർ ചെയ്ത മാംസം വിതരണ ശൃംഖലകളിൽ കൂടി വിപണനം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

4. പൊതുനിരത്തുകളോടു ചേർന്നുള്ള മത്സ്യ വ്യാപാരം അവസാനിപ്പിച്ച് പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാകാത്ത ഒരു സ്ഥലം എല്ലാവാർഡുകളിലും നിർദ്ദേശിക്കണം.

5. നിലവിലുള്ള കശാപ്പുശാലകളിൽ ശുചിത്വമില്ലായ്മ പൊതുവേ കാണപ്പെടുന്നുണ്ട്. തെരുവുനായ്ക്കളുടെയും കാക്കകളുടെയും ശല്യം വർദ്ധിക്കുവാൻ ഇത് ഇടയാകുന്നുണ്ട്. ഓരോ ദിവസവും വൃത്തിയാക്കിയിടുവിക്കുകയും ഉച്ഛിഷ്ടങ്ങൾ പൂർണ്ണമായും പരിസരങ്ങളിൽ നിന്ന് നീക്കംചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുകയും ലംഘിക്കുന്നവരുടെ ലൈസൻസ് റദ്ദാക്കുകയും ചെയ്യുക. ഉദ്ദ്യോഗസ്ഥതലത്തിൽ പൊതുജനപരാതിക്കു മുൻതൂക്കം കൊടുക്കുക.

# 7. പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

ആഹാരം, വസ്ത്രം, പാർപ്പിടം ഇവ മൂന്നുമാണ് മനുഷ്യന്റെ ഏറ്റവും പ്രാഥമികമായ ആവശ്യങ്ങൾ. കുടുംബ ജീവിതം നയിക്കുന്ന മനുഷ്യരെ സംബന്ധിച്ചിടത്തോളം പാർപ്പിടം പരമപ്രധാനമായ ആവശ്യങ്ങളിലൊന്നാണ്. സ്വന്തമായി ഒരു വീട് എന്നത് താണ വരുമാനക്കാരെ സംബന്ധിച്ച് ഒരു സ്വപ്നം തന്നെയാണ്. ഒരു കിടപ്പാടം സ്വന്തമാക്കാനും വീട് നിർമ്മിക്കുന്നതിനും വേണ്ടി ശരാശരിയിൽ താഴെ വരുമാനമുള്ള ഇൻഡ്യയിലെ ബഹുഭൂരിപക്ഷം ആളുകൾക്കും സാധിക്കുന്നില്ല എന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. എല്ലാവർക്കും പാർപ്പിടം എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിന് അക്ഷീണ പരിശ്രമത്തിലാണ് നമ്മുടെ സർക്കാരും, സ്വയം ഭരണ സ്ഥാപനങ്ങളും.

സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഏറെ മുൻപന്തിയിൽ നിൽക്കുന്ന ഭരണങ്ങാനം പഞ്ചായത്തിൽ, പാർപ്പിട പ്രശ്നവും രൂക്ഷമാണ്. ഇവടത്തെ ജനങ്ങളുടെ മുഖ്യ വരുമാനം റബ്ബർ, നാളികേരം എന്നിവയിൽ നിന്നുമുള്ള ആദായമാണ്. ക്രിയാത്മകമായ വിധത്തിൽ ഈ വരുമാനം പ്രയോജനപ്പെടുത്തുന്നില്ല. പഞ്ചായത്തിനകത്തുള്ള വിഭവങ്ങൾ ഈ പഞ്ചായത്തിൽ തന്നെ വേണ്ട വിധത്തിൽ ആസൂത്രിതമായി ചെലവഴിക്കുവാൻ സാധിക്കുന്നു എങ്കിൽ നമ്മുടെ പഞ്ചായത്ത് ഇതിനോടകം തന്നെ ഇന്നത്തേതിൽ നിന്ന് എത്രയോ പതിന്മടങ്ങ് പുരോഗതി കൈവരിക്കുമായിരുന്നു. മാത്രമല്ല, മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് കൂടുതൽ ഉന്നതമായ ജീവിത നിലവാരം പുലർത്തുവാൻ സാധിക്കേണ്ടതുമായിരുന്നു.

നാമമാത്ര കർഷകരും ഇടത്തരം കർഷകരുമാണ് ഏറിയ പങ്കും . കൂലിപ്പണിക്കാരുടെ എണ്ണം കുറവുമാണ്. കാർഷിക മേഖലയിലും നിർമ്മാണ പ്രവർത്തന മേഖലയിലും സാമാന്യം നല്ല വേതനം ലഭിക്കുന്നുണ്ടെങ്കിലും, തൊഴിലാളികളുടെ വരുമാനം വേണ്ട വിധത്തിൽ ചെലവഴിക്കാത്തതുകൊണ്ട് അവരുടെ ജീവിതവും നിലവാരവും മറ്റു സൗകര്യങ്ങളും ഇന്നും വളരെ താഴ്ന്ന നിലവാരം പുലർത്തുന്നു.

പഞ്ചായത്തിൽ ആകെ 3954 വീടുകളാണുള്ളത്. അതിൽ 610 വീടുകൾ മേൽത്തരവും 2772 വീടുകൾ ഇടത്തരവും 572 വീടുകൾ കുടിലുകളുമാണ്.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നില ഉള്ള കെട്ടിടങ്ങൾ | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|---|
| I | 509 | 38 | 96 | 340 | 24 | 11 |
| II | 481 | 6 | 52 | 354 | 48 | 21 |
| III | 448 | 5 | 60 | 296 | 83 | 4 |
| IV | 531 | 13 | 87 | 373 | 56 | 2 |
| V | 405 | 3 | 57 | 310 | 33 | 2 |
| VI | 431 | 6 | 58 | 326 | 28 | 13 |
| VII | 405 | 6 | 58 | 280 | 53 | 8 |
| VIII | 420 | 1 | 34 | 27 | 96 | 13 |
| IX | 324 | 4 | 26 | 217 | 65 | 12 |
| ആകെ | 3954 | 82 | 528 | 2772 | 486 | 86 |

## പഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം

| വാർഡ് | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| 1 | 447 | 480 | 486 | 490 | 498 |
| 2 | 448 | 457 | 467 | 470 | 475 |
| 3 | 507 | 512 | 441 | 442 | 445 |
| 4 | 395 | 401 | 507 | 514 | 525 |
| 5 | 344 | 349 | 379 | 391 | 399 |
| 6 | 415 | 416 | 419 | 423 | 429 |
| 7 | 353 | 359 | 388 | 392 | 403 |
| 8 | 361 | 366 | 406 | 411 | 417 |
| 9 | 303 | 303 | 304 | 310 | 318 |
| ആകെ | 3603 | 3643 | 3797 | 3843 | 3909 |

## ഭവനനിർമ്മാണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | വീട് ആവശ്യം ഉള്ളവരുടെ എണ്ണം | വിവിധ പരിപാടി അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ചവ | അനുവദിച്ചതിൽ പൂർത്തീകരിക്കാൻ ഉള്ളവ | ഇനി അനുവദിക്കേണ്ടത് |
|---|---|---|---|---|---|
| 1 | 10 | | | | |
| 2 | 32 | | | | |
| 3 | 60 | | | | |
| 4 | 44 | | | | |
| 5 | 32 | 23 | 13 | 10 | 329 |
| 6 | 10 | | | | |
| 7 | 34 | | | | |
| 8 | 81 | | | | |
| 9 | 36 | | | | |
| ആകെ | | 23 | 13 | 10 | 329 |

വിവിധ പദ്ധതികളനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ നിർമ്മാണം പൂർത്തിയായിട്ടുള്ള വീടുകൾ വളരെ കുറവാണ്.

ഭവന നിർമ്മാണ ബോർഡ് മുഖാന്തിരവും ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് വഴിയും ദുർബല വിഭാഗത്തിൽ പെട്ടവർക്ക് നൽകുന്ന സഹായവും വായ്പയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവന നിർമ്മാണ സാമഗ്രികളുടെ ക്രമാതീതവും അമിതവുമായ വർദ്ധനവും, കൂലി നിരക്കിൽ ദിനം പ്രതിയുള്ള വർദ്ധനവും മൂലം സാധാരണക്കാർക്കും ഇടത്തരക്കാർക്കും

| വാർഡ് | സാങ്കേതികക്കുറ്റം ഇല്ലാത്ത വീടുകൾ | വിവിധ പരിപാടി അനുവദിച്ച എണ്ണം | പൂർത്തീകരിച്ചവ | വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| I | 50 | | | |
| II | 101 | | | |
| III | 130 | | | |
| IV | 93 | | | |
| V | 105 | 43 | 43 | 1050 |
| VI | 140 | | | |
| VII | 146 | | | |
| VIII | 160 | | | |
| IX | 125 | | | |
| ആകെ | 1050 | 43 | 43 | 10007 |

പ്രത്യേകിച്ച് തൊഴിലാളിക്കും പാവപ്പെട്ടവർക്കും 'സ്വന്തമായൊരു വീട്' എന്നത് സ്വപ്നമായിരുന്നെ അവശേഷിക്കുകയാണ്. കിട്ടിയ ആനുകൂല്യങ്ങളുപയോഗിച്ച് വീടു പൂർത്തിയാക്കുവാൻ പലരും ക്ലേശിക്കേണ്ടി വരുന്നു എന്നത് യാഥാർത്ഥ്യം തന്നെയാണ്.

വിദഗ്ധ തൊഴിലാളികളുടെ കൂലി നിരക്ക് 150 രൂപയും അവിദഗ്ധ തൊഴിലാളികളുടെ കൂലി നിരക്ക് 100 രൂപാ എത്തി നിൽക്കുന്നതും, തൊഴിലാളികളുടെ എണ്ണക്കുറവും ഈ മേഖലയിൽ സ്ത്രീ തൊഴിലാളികൾ കടന്നു വരാത്തതും, മുഖ്യപ്രശ്നങ്ങളായി അവശേഷിക്കുന്നു. സാമ്പത്തികമായി വളരെ ഉയർന്നു നിൽക്കുന്നവർ ഇതൊന്നും ബാധകമാകാത്ത വിധത്തിൽ ലക്ഷങ്ങൾ മുടക്കി മണിമാർമ്മങ്ങൾ ഉയർത്തുമ്പോൾ, അതു നോക്കി നെടുവീർപ്പിടാനല്ലാതെ, പാവപ്പെട്ടവർക്ക് സാധിക്കുന്നില്ല എന്നത് അവഗണിക്കേണ്ട വസ്തുതകളിലൊന്നാണ്.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലവർദ്ധനവും, കൂലിനിരക്കിലുണ്ടായ വർദ്ധനവും ഇന്ന് ഗവ. വിവിധ പദ്ധതികളിലൂടെ - RLESP, NREP, IAY, J.R.Y., M.W.S. -നൽകുന്ന വീടുകളുടെ നിർമ്മാണത്തെയും, ഈ വർദ്ധനവിനെയും സ്വതമായി വർദ്ധിപ്പിക്കുകയും വായ്പത്തുകയും, വായ്പ ലഭിക്കുന്നതിനുള്ള നടപടികളും, സാധാര

ണക്കാർക്കു കൂടി വേഗത്തിൽ പ്രാപ്യമായ വിധത്തിൽ ലഘൂകരിക്കേണ്ടതുമാണ്.

റവന്യൂ വകുപ്പു വഴി പ്രകൃതി ക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് ധനസഹായം ലഭിക്കുന്നുണ്ടെങ്കിലും അവ യാഥാർത്ഥ്യവുമായി ഒരിക്കലും പൊരുത്തപ്പെടുന്നില്ല. പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളായ 1,2,3,4,5 വാർഡുകളിലും 6,7,8,9 എന്നീ ഉയർന്ന പ്രദേശങ്ങളായ വാർഡുകളിലും ആണ് പ്രകൃതി ക്ഷോഭങ്ങളിൽ ഇരയാകുന്നവർ അധികവും വസിക്കുന്നത്.

പഞ്ചായത്തിലൊരു ഹരിജൻ കോളനി ഉള്ളത് 5-ാം വാർഡിൽ ചൂണ്ടച്ചേരിയിലാണ്. 10 ഹരിജൻ കുടുംബങ്ങൾ മാത്രമേ ഈ കോളനിയിലുള്ളു. ഹരിജനങ്ങൾ പൊതുവേ കുറവായ ഈ പഞ്ചായത്തിൽ J.R.Y., ആൺടൈഡ് എന്നീ പദ്ധതികളിലെ ഹരിജൻ വിഹിതം ഉപയോഗിച്ച് സ്വന്തമായി സ്ഥലമുള്ള ഹരിജനങ്ങൾക്ക് വീട് നിർമ്മിക്കുവാൻ സാധിച്ചിട്ടുണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത ഹരിജനങ്ങൾക്ക് ഭൂമി വാങ്ങി വീട് വച്ചു കൊടുക്കുവാൻ ഈ പഞ്ചായത്തിന് സാധിക്കുന്നില്ല. കാരണം ഭൂമി വില കൊടുക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന കമ്പോള വിലയും യഥാർത്ഥ വിലയും തമ്മിലുള്ള ഭീമമായ അന്തരവും , ഹരിജനങ്ങളും പാവപ്പെട്ടവരും കോളനിയായി വരുന്നവരെ എതിർക്കുന്ന സമ്പ്രദായവും ഈ പദ്ധതിക്കുള്ള പ്രധാന തടസ്സങ്ങളാണ്. ഇതിനു പരിഹാരമായി കമ്പോള വില സർക്കാർ യഥാർത്ഥ വിലയുമായി പൊരുത്തപ്പെടുത്തി വസ്തു വാങ്ങുന്നതിന് അനുവദിക്കുകയും കോളനി എന്ന ആശയം ഒഴിവാക്കി. ലഭ്യമാകുന്ന ചെറിയ തുണ്ടു ഭൂമികൾ വാങ്ങി. വീടുകൾക്കുള്ള ധനസഹായം കൊടുക്കുന്നതിനും. ടി തുകകൾ ചിലവഴിക്കുന്നതിനും ആടിയന്തിരമായി ഗ്രാമ പഞ്ചായത്തുകളെ അനുവദിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത 349 കുടുംബങ്ങളുണ്ട്. ഇവരിൽ ഏറിയ പങ്കും പഞ്ചായത്ത് പൊതുമരാമത്ത് വകുപ്പ് പുറമ്പോക്കുകളിലും തോട് പുറമ്പോക്കുകളിലും കുടിൽ കെട്ടി താമസിക്കുന്നവരാണ്. റോഡു പുറമ്പോക്കുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുവാൻ. സർക്കാർ സ്ഥലമെടുത്ത്. കുറഞ്ഞ നിരക്കിൽ വീടിനും മറ്റു സൗകര്യങ്ങൾക്കും ദീർഘകാല വായ്പകൾ നൽകി സഹായിക്കേണ്ടതാണ്. തോടു പുറമ്പോക്കുകളിൽ താമസിക്കുന്നവരുടെ സ്ഥലങ്ങൾക്ക് - പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവയ്ക്ക് - പട്ടയം നൽകുകയും വീടില്ലാത്തവർക്ക് വായ്പ അനുവദിക്കേണ്ടതുമാണ്.

ഈ പഞ്ചായത്തിൽ ലഭ്യമാകേണ്ട മിച്ച ഭൂമി പലരും ഇന്നും കൈവശം വച്ചിരിക്കുന്നു. യഥാർത്ഥമായ പരിശോധനകളിലൂടെ അവ കണ്ടെത്തി അനർഹരിൽ നിന്നും ആ ഭൂമി പിടിച്ചെടുത്ത് സ്ഥലവും വീടും ഇല്ലാത്തവർക്ക് നൽകുന്നതിന് ഗവ. തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കോളനികൾ എന്ന ആശയം പഴഞ്ചനും അപ്രായോഗികവുമാണ്. സ്ഥലത്തിന്റെ ദൗർലഭ്യതയും കോളനി നിവാസികൾക്കുണ്ടാകുന്ന അപകർഷതയുമാണ് പ്രധാന കാരണം.

ഈ രംഗത്തെ മേൽ പറഞ്ഞ സങ്കീർണ്ണ പ്രശ്നങ്ങൾ ഒഴിവാക്കുവാൻ താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. പഞ്ചായത്ത് തലത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിച്ച് എല്ലാ വിധ ഭവന നിർമ്മാണ സാധനങ്ങളും വിതരണം ചെയ്യുക.

2. നിർമ്മാണ ചെലവ് 5 ലക്ഷം രൂപയിൽ അധികരിക്കുന്ന വീടുകൾക്ക് നികുതി സർചാർജ് നിശ്ചയിക്കുക.

3. സർക്കാർ ഭവന നിർമ്മാണ വായ്പകളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുക.

4. വായ്പാപേക്ഷകൾ ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്യുക

5. സഹായ പദ്ധതികൾ ലഭിക്കുവാനുള്ള കാലതാമസം ഒഴിവാക്കുക

6. സർക്കാർ നൽകുന്ന വായ്പതുക I.R.D.P പലുള്ള -മുദ്ര പത്രം വില 50 രൂപയിൽ നിന്നും 5 രൂപയായി കുറവു ചെയ്യുക.

7. ചെലവുകുറഞ്ഞ വീടുകൾക്ക് -നിർമ്മിതി പോലെയുള്ള പ്രചാരണം നൽകുക.

8. ഭവന നിർമ്മാണ വായ്പ തുക വർദ്ധിപ്പിക്കുക. 15800 ൽ നിന്ന് 30000 രൂപയായി ഉയർത്തുക.

9. രാജീവ് ഗാന്ധി ഭവന പദ്ധതി തുക 26400 രൂപയിൽ നിന്നും 50000 ആയി ഉയർത്തുക

10. എല്ലാ സ്കീമുകളിലും -ഭവന നിർമ്മാണ ബോർഡ്-ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാൻ ഗ്രാമപഞ്ചായത്തിന് അനുവാദം നൽകുക.

11. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുവാൻ വാർഡ് മെമ്പറന്മാരെ ചുമതലപ്പെടുത്തുക.

നമ്മുടെ ലക്ഷ്യം അടുത്ത അഞ്ച് വർഷം കൊണ്ട് നമ്മുടെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കുന്നതിനും അതിനുള്ള കൂട്ടായ പരിശ്രമവുമാണ്.

"എല്ലാവർക്കും സ്വന്തം വീട്" എന്ന സ്വപ്ന സാക്ഷാത്ക്കാരം. 21-ാം നൂറ്റാണ്ടിലേയ്ക്ക് ഭാരതം പ്രവേശിക്കുമ്പോൾ ഭരണങ്ങാനം പഞ്ചായത്തിൽ "ഭവനരഹിതർ" ഇല്ലാതിരിക്കുവാൻ ആത്മാർത്ഥമായ സമീപനവും ലക്ഷ്യവും - അതിനായിരക്കട്ടെ നമ്മുടെ കർമ്മ രംഗം.

ഈ ലക്ഷ്യം നേടുന്നതിനുള്ള പ്രവർത്തനങ്ങളോടൊപ്പം, അതിനു തുല്യമായ സ്ഥാനം നമ്മൾ കുടുംബാസൂത്രണ പ്രവർത്തനങ്ങൾക്കും കൂടി നൽകിയെങ്കിൽ മാത്രമേ മഹത്തായ ഈ ലക്ഷ്യം പ്രാപ്തിയിൽ എത്തിച്ചേരുകയുള്ളു.

## B സാമൂഹ്യ ക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരെ ഉദ്ധരിക്കുവാനും സാമൂദായിക പരമായി താഴേക്കിടയിലുള്ളവരുടെ പുരോഗതിയെ ലാക്കാക്കിക്കോണ്ടുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുമാണ് ഇപ്പോൾ നിലവിലുള്ളത്. സംഘടിത, അസംഘടിത തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികളുമാണ് നമ്മുടെ രാജ്യത്തിൽ പ്രാബല്യത്തിൽ ഇരിക്കുന്നത്. വിദ്യാഭ്യാസ പരവും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന അവശ വിഭാഗത്തിൽപെടുന്നവർക്ക് വിവിധ ആനുകൂല്യങ്ങളും ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിലൂടമ സഹകരണത്തെ ക്ഷേമ നിധി ബോർഡുകൾ വഴി നടത്തുന്നവയുമായി ഈ പദ്ധതികളെ രണ്ടായി തിരിക്കാം. ഇതിനു പുറമെ, പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷനും വനിതാ വികസന കോർപ്പറേഷനും വേണ്ട പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ഇവയിൽ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ പലപ്പോഴും ലക്ഷ്യം നേടുന്നില്ല. കാരണം എന്തോ ണ്ടെടത്ത് എത്തിക്കുവാൻ കഴിയുന്നില്ല. അവർഹരുടെ ചൂഷണവും അതിനു കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥപ്രഭുത്വവുമാണ് ഈ ലക്ഷ്യം നേടുന്നതിന് തടസ്സമായി നിൽക്കുന്നത്. അറിവില്ലായ്മ. അർഹരായുള്ളവർക്ക് കിട്ടായ്ക. സാങ്കേതിക പരിജ്ഞാനക്കുറവ് തുടങ്ങിയവ അർഹരെ മാറ്റി നിർത്തുന്നതിനു സഹായിക്കുന്നു.

ക്ഷേമ നിധി ബോർഡുകളുടെ പ്രവർത്തനവും കാര്യക്ഷമവും ആശാവഹവുമല്ല. ഈ പഞ്ചായത്തിൽ നിർമ്മാണത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, പരമ്പരാഗത തൊഴിലാളികൾ, എന്നിങ്ങനെ വിവിധ മേഖലകളിലുള്ളവർ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടില്ല. പട്ടിക ജാതി വികസന കോർപ്പറേഷന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള അജ്ഞത മൂലം അതിന്റെ പ്രയോജനം ബന്ധപ്പെട്ടവർക്കു യഥാ സമയം ലഭിക്കുന്നില്ല. അതു പോലെ തന്നെ വനിതാ പ്രവർത്തകരുടെ കുറവും ഉള്ളവരുടെ അറിവില്ലായ്മയും വനിതാ കോർപ്പറേഷന്റെ പ്രവർത്തനത്തേയും പ്രയോജനത്തേയും കാര്യമായിത്തന്നെ സ്വാധീനിക്കുന്നു.

ഈ പഞ്ചായത്തിലെ I.R.D.P സർവ്വേ പ്രകാരം 1258 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണെന്നു കണ്ടെത്തിയിട്ടുണ്ട്. 92-93 കാലയളവു മുതൽ 95-96 കാലയളവു വരെ 1230 കുടുംബങ്ങൾക്ക് സബ്സിഡിയും വായ്പയും വിതരണം ചെയ്തിട്ടുള്ളതായി കാണാം. ദാരിദ്ര്യ രേഖയെ സംബന്ധിച്ച് സർക്കാരിന്റെ നിർവ്വചനം കാലോചിതമാക്കേണ്ടതും ദാരിദ്ര്യരേഖാ പരിധി കാലോചിതമായി ഉയർത്തി നിശ്ചയിക്കേണ്ടതാണ്.

ദേശസാൽക്കൃത ബാങ്കുകൾ വായ്പയനുവദിക്കുന്ന കാര്യത്തിൽ അശ്ലേഷം താത്പര്യം കാണിക്കുന്നില്ല. അതിനു പരിഹാരമായി സഹകരണ മേഖലയ്ക്ക് പരമാവധി ഫണ്ട് അനുവദിച്ചു കൊണ്ട് പ്രാഥമിക സഹകരണ സംഘങ്ങൾ വഴി, സംസ്ഥാന ജില്ലാ, സഹകരണ ബാങ്കുകളുടെ മേൽ നോട്ടത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാവുന്നതാണ്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ എല്ലാ വർഷവും നടത്തേണ്ടതുമാണ്.

D.W.C.R.A. അനുസരിച്ച് ഈ പഞ്ചായത്തിൽ ഒരു യൂണിറ്റു പോലും പ്രവർത്തിക്കുന്നി

ല്ലാത്ത സാഹചര്യത്തിൽ. ഈ പദ്ധതിയുടെ പരിധിയിൽ വരുന്ന സ്ത്രീകൾക്ക് ഇതിന്റെ ഗുണം പരമാവധി ലഭിക്കുന്നതിനാവശ്യമായ നടപടികൾക്ക് രൂപം നൽകേണ്ടതാണ്. ഇതിന് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ സഹായം തേടാവുന്നതുമാണ്.

16 മുതൽ 25 വയസ്സുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലനപദ്ധതിയാണ് ട്രൈസം.

ഇതനുസരിച്ച് ഈ പഞ്ചായത്തിൽ 92-93 മുതൽ നാളിതു വരെ 41 പേർക്ക് വിവിധ രംഗങ്ങളിൽ പരിശീലനം ലഭിച്ചിട്ടുള്ളതായി കാണാം. എന്നാൽ ഇവർക്കാവശ്യമായ തൊഴിൽ സംരഭങ്ങൾ ആരംഭിക്കുവാനുള്ള സഹായ സഹകരണങ്ങൾ നൽകിയതായി കാണുന്നില്ല. ഇവർക്ക് തൊഴിൽ ഉറപ്പു വരുത്തുവാൻ ഈ പരിശീലന പദ്ധതിക്ക് കഴിയുന്നില്ല. പരിശീലനം കിട്ടുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുകയും ഇപ്പോൾ കിട്ടുന്ന സ്റ്റൈപ്പന്റ് തുക വർദ്ധിപ്പിക്കുകയും വേണം.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന രീതിയിലുള്ള തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾ കിറ്റ്. 92-93 മുതൽ ഇതു വരെ 41 പേർക്ക് ഈ പദ്ധതിയിൽ കിറ്റുകൾ വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. ഈ പദ്ധതിക്ക് വേണ്ടത്ര പ്രചാരണം കൊടുക്കാത്തതു മൂലം പലർക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. ഈ പദ്ധതി പ്രകാരം സഹായധനം ലഭിക്കേണ്ടതായി 62 പേർ കൂടി ഉണ്ടെങ്കിലും അവർക്കും കൂടി കിറ്റുകൾ ലഭ്യമാക്കുവാനും പ്രയോജനപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് C.R.S.P. 91-92 മുതൽ 95-96 വരെ ഈ പഞ്ചായത്തിൽ 43 കക്കൂസുകൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളൂ. നിർമ്മൽ 2000 പദ്ധതിയനുസരിച്ച് 2000 മാണ്ടോടെ അർഹരായ എല്ലാവർക്കും കക്കൂസുണ്ടാക്കുന്നതിനുള്ള സാമ്പത്തിക സഹായവും സാമ്പത്തിക സൗകര്യമുള്ളവർക്ക് ബോധവൽക്കരണവും നൽകി Complete Sanitation എന്ന ആശയമാണ് കോട്ടയം ജില്ലയിൽ ഇപ്പോൾ ആവിഷ്കരിച്ചു കൊണ്ടിരിക്കുന്നത്.

റവന്യൂ വകുപ്പ് മുഖാന്തിരം വിതരണം ചെയ്തു കൊണ്ടിരിക്കുന്ന വിവിധ പെൻഷനുകളും വിവാഹ സഹായ പദ്ധതികളുമാണ് സാമൂഹ്യ ക്ഷേമ രംഗത്തുള്ള മറ്റ് ചില പ്രധാന പ്രവർത്തനങ്ങൾ. നിത്യ വൃത്തിക്ക് ബുദ്ധി മുട്ടുള്ളവർക്ക് ലഭിക്കുന്ന ഈ പദ്ധതികൾ കൃത്യമായി അർഹതയുള്ളവർക്ക് കിട്ടുന്നില്ലായെന്നുള്ളത് ഈ രംഗത്തെ ഏറ്റവും വലിയ പ്രശ്നമാണ്. പലയിനം പെൻഷനുകളുടെയും വിതരണം പഞ്ചായത്തുകളിൽ കൂടി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത് ഈ രംഗത്ത് ഇന്ന് അവശേഷിക്കുന്ന കാതലായ പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുവാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. പഞ്ചായത്തിൽ ഇപ്പോൾ 35 പേർക്ക് വിധവാ പെൻഷന്റെ ആനുകൂല്യം ലഭിക്കുന്നുണ്ട്.

വികലാംഗ പെൻഷൻ സംബന്ധിച്ച് ഇന്ന് വികലാംഗത്വത്തിന്റെ ശതമാനം നിലവിലുള്ളതിൽ നിന്ന് അല്പം കൂടി ഭേദഗതി ചെയ്യുന്നതു മൂലം അവരുടെ നിർദ്ധനവും കൂടി പരിഗണിച്ച് കൂടുതൽ പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. അനർഹരായ പലർക്കും കർഷകതൊഴിലാളി പെൻഷൻ ലഭിക്കുകയും അർഹർക്ക് കിട്ടാതിരിക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷം പൂർണ്ണമായും ഒഴിവാക്കുന്നതിന് ഇവരുടെ അർഹത സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം കൂടി ആരായുന്നത് നന്നായിരിക്കും.

തൊഴിലില്ലായ്മ വേതനം നൽകുന്ന രീതി പുനഃസംഘടിപ്പിക്കുകയും, അർഹരാകുന്നവർക്ക് അവരുടെ യോഗ്യതയനുസരിച്ച് അവരുടെ സേവനം ഗവ. അർദ്ധസർക്കാർ, പഞ്ചായത്തിരാജ്സമിതികൾക്ക് ലഭ്യമാക്കണം. വിവിധ സർവേകൾ, കണക്കെടുപ്പുകൾ, സെൻസസ്, വോട്ടർ പട്ടിക പുതുക്കലും പോലെ ഇത് അദ്ധ്യാപകരെ കൊണ്ട് അധികവേളയിൽ കൊടുത്തു ചെയ്യിക്കുന്ന എല്ലാ ഏർപ്പാടുകൾക്കും ഇവരെ ഉപയോഗിക്കാവുന്നതാണ്. ഇത് സാമ്പത്തികമായി പോലും ഗവ. ന് നേട്ടമുണ്ടാവുകയും, തൊഴിൽരഹിതകൾക്ക് പ്രായോഗിക പരിജ്ഞാനം ലഭിക്കുന്നതിനും സഹായിക്കുന്നു.

സാമൂഹ്യക്ഷേമരംഗത്ത് മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന അംങ്കൺവാടികൾ ഈ പഞ്ചായത്തിൽ 9 വാർഡുകളിലായി 17 എണ്ണം പ്രവർത്തിക്കുന്നു. ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടി യെന്നതാണ് I.C.D.S.ന്റെ ലക്ഷ്യം. പുതിയ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ കടന്നുകയറ്റം ഈ പഞ്ചായത്തിലും പ്രകടമാണ്. നിലവിലുള്ള അംങ്കൺവാടികളിലെ പ്രാധമിക സൗകര്യങ്ങൾക്കുപോലുമുള്ള അഭാവം ജീവനക്കാർക്കു ഏറെ പ്രയാസവും അരക്ഷിതത്വവും കുട്ടികളിലും രക്ഷകർത്താക്കളിലും ഉണ്ടാക്കുന്നു. ഇത് പ്രവർത്തനത്തെ ഏറെ ബാധിക്കുന്നു. സ്വന്തമായി കെട്ടിടവും സ്ഥലവും കളിപ്പാട്ട

## പെൻഷൻ ഗുണഭോക്താക്കളുടെ വിവരം

| വർഷം | അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർധക്യ പെൻഷൻ | അവശ കലാകാര സാഹിത്യ | അവശ കായിക താര | ക്ഷയ രോഗി | കുഷ്ഠ രോഗി | കാൻസർ രോഗി | കർഷക പെൻഷൻ | തൊഴിൽ രഹിത യുവജനം |
|---|---|---|---|---|---|---|---|---|---|---|---|
| 91-92 | - | 53 | 47 | 29 | - | - | 2 | - | 1 | 127 | 85 |
| 92-93 | - | 53 | 50 | 29 | - | - | 2 | - | - | 121 | 88 |
| 93-94 | - | 46 | 57 | 20 | - | - | 3 | - | - | 118 | 94 |
| 94-95 | - | 39 | 52 | 18 | - | - | 3 | - | 2 | 115 | 97 |
| 95-96 | - | 35 | 54 | 13 | - | - | 2 | - | 3 | 111 | 103 |

വും കളിസ്ഥലമില്ലാത്തതും ഏറെ വലിയ പ്രശ്നങ്ങൾ തന്നെ. വരും തലമുറയെ വാർത്തെടുക്കുന്ന പഠന കളരിയെന്ന നിലയിൽ നമ്മൾ പ്രതീക്ഷയർപ്പിക്കുന്ന അംങ്കൺവാടിയിലെ ജീവനക്കാരുടെ വേതനം തുച്ഛവും കാലോചിതമായ പരിഷ്കാരം അർഹിക്കുന്നതുമാണ്.

സമൂഹത്തിലെ താഴെ തട്ടിലുള്ള കുടുംബങ്ങളിലെ പിഞ്ചുകുട്ടികൾ മാത്രം പഠിക്കുന്ന അംങ്കൺവാടികളുടെ ഇന്നത്തെ ദയനീയ സ്ഥിതിക്ക് അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്.

### നിർദ്ദേശങ്ങൾ

സാമ്പത്തിക ഏജൻസികളുടെ സഹായത്തോടെയോ, ജെ.ആർ.വൈ.ഫണ്ടുപയോഗിച്ച് അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുകയും അറ്റകുറ്റപ്പണികൾ യഥാകാലം നടത്തുകയും ചെയ്യുക.

D.W.C.R.A. യൂണിറ്റുകൾക്കുനൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടം വാങ്ങുന്നതിനുപയോഗിക്കുക.

അംങ്കൺവാടികളിലെ കുട്ടികൾക്ക് പോഷകാഹാരത്തിനുനൽകുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുക.

അംങ്കണവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

ഈ പഞ്ചായത്തിൽ ഇപ്പോൾ ദാരിദ്ര രേഖയിൽ താഴെയുള്ളവർക്ക് ഗ്രമഗാന സൗകര്യങ്ങളില്ല. ഈ സാഹചര്യത്തിൽ ഒരു വൈദ്യുത ശ്മശാനം ഈ പഞ്ചായത്തിലെ ഏറ്റവും സൗകര്യപ്രദമായ സ്ഥാനത്ത് സ്ഥാപിക്കുവാൻ പഞ്ചായത്തു മുൻകൈയെടുക്കേണ്ടതാണ്.

പൊതുവെ ഈ സാമൂഹ്യക്ഷേമ രംഗത്ത് നിലവിലുള്ള പദ്ധതികൾ തുടരുകയും അവഗതയനുഭവിക്കുന്നവർക്കായി കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതായിട്ടുമുണ്ട്. ഈ രംഗത്ത് ഗവൺമെന്റും തദ്ദേശസ്ഥാപനങ്ങളും കൂടുതൽ ജാഗ്രതയോടുകൂടിയ പ്രവർത്തനം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ഭരണങ്ങാനത്ത് ഒരു പബ്ലിക് കംഫോർട്ട് സ്റ്റേഷൻ ഉണ്ടാക്കുക.

2. പഞ്ചായത്തുറോഡുകളുടെ ഓരങ്ങളിൽ തണൽ, ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുക.

3. പഞ്ചായത്തിൽ ടാക്സി, ഓട്ടോ സ്റ്റാൻഡുകൾ ആവശ്യമുള്ള ജംഗ്ഷനുകളിൽ നിർമ്മിക്കുക.

4. പഞ്ചായത്തിൽ ആവശ്യാനുസരണം കുളിക്കടവുകൾ നിർമ്മിക്കുക.

5. പഞ്ചായത്തിൽ മാവേലിസ്റ്റോർ പ്രവർത്തനം ആരംഭിക്കുക.

6. പഞ്ചായത്ത് ഓഫീസിൽ ഒരു പരാതി പെട്ടി സ്ഥാപിക്കുകയും പരാതികൾക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്യുക.

7. ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണികൾ സമയോചിതമായി ചെയ്യുക.

8. ചെക്കുഡാമുകൾ, കുളിക്കടവുകൾ നന്നാക്കുകയും സംരക്ഷിക്കുകയും ചെയ്യുക. പാറത്തോടുകടവ്, നെടുക്കുഴി കടവ്, തെക്കേക്കണ്ടം ഭാഗം തുടങ്ങിയ കുളിക്കടവുകൾ നിർമ്മിക്കുക.

# 8. സംസ്കാരം

പൂഞ്ഞാർ മലകളിൽ നിന്നും ഉദ്ഭവിച്ചു ഈരാറ്റുപേട്ടയിൽ സംഗമിച്ച് പടിഞ്ഞാറോട്ട് ഒഴുകി ഈരാറ്റുപേട്ട, തലപ്പലം, തിടനാട് പഞ്ചായത്തുകളെ തഴുകി ഭരണങ്ങാനത്തെ ലാളിച്ചുകൊണ്ട് വേമ്പനാട്ടുകായലിൽ ചെന്നുചേരുന്ന കോട്ടയം ജില്ലയിലെ ഏക നദിയാണ് മീനച്ചിലാർ. ഏകദേശം 56 കി.മീ. നീളമുള്ള കോട്ടയത്തിന്റെ 'ഗംഗയാ'ണ് ഈ നദി. സർവൈശ്വര്യങ്ങളും ലഭിക്കുന്ന 'നീലക്കൊടുവേലി' ഈ നദിയുടെ ഉദ്ഭവസ്ഥാനത്തുള്ള ഇല്ലിക്കകല്ലിലെ കുളത്തിലാണ് വളരുന്നത്. കർക്കിടകമാസത്തിൽ, മീനച്ചിലാർ രുദ്രഭാവം പൂണ്ട്, അലറിക്കുതിച്ചുപായുമ്പോൾ, കർക്കിടവാവിൻ രാത്രിയിൽ, നീലക്കൊടുവേലിയുടെ ഒരു ഇല കഷണം അടർന്ന് ഒഴുകിപ്പോകുമെന്നും അതു വഹിക്കുന്ന ഭാഗ്യവാന് സർവ ഐശ്വര്യങ്ങളും ലഭിക്കുമെന്നാണ് ഐതീഹ്യം. ഈ നദിയുടെ പരിലാളനമേറ്റുകൊണ്ടാണ് ഭരണങ്ങാനമെന്ന ചരിത്രപുണ്യ ഗ്രാമം സ്ഥിതി ചെയ്യുന്നത്.

പാർത്ഥന്മാർ പണ്ടടവിയിൽ
വാണപ്പൊഴീസൽപ്രദേശ
ത്തെത്തീ ശ്രീകൃഷ്ണ പ്രതിമയതിനെ
ദ്വംദ്വഗിവാസരത്തിൽ
ഭക്ത്യാസ്ഥാപിച്ചതിനേയഴകിൽ
പാരണം ചെയ്തമൂലം കീർത്തിപ്പെട്ടീ സ്ഥലമവനിയിൽ
"പാരണാരണ്യ"മെന്ന നാമാൽ

വശ്യവചസ്സായ പൂഞ്ഞാർ അവിട്ടം തിരുനാൾ രാമവർമ്മരാജായുടെ 'ദ്രമരസന്ദേശം' എന്ന കാവ്യത്തിലെ വരികളാണ് മേലുദ്ധരിച്ചിരിക്കുന്നത്. ഇതിലേപാരണാരണ്യം-പാരണം കാനം- കാലക്രമത്തിൽ ഭരണങ്ങാനമാകുകയാണുണ്ടായത്.

ഇന്നത്തെ മീനച്ചിലാറിന്റെ (അന്നത്തെ കവണാറിന്റെ) കരയിലുയർന്ന ശ്രീകൃഷ്ണ സ്വാമി ക്ഷേത്രമാണ് ഇന്നു ഭരണങ്ങാനത്തുള്ളത്. ഏതോ ഒരു കാലത്തെ വെള്ളപ്പൊക്കത്തിൽ ആറ് ഗതിമാറിയൊഴുകുക മൂലം, അന്നുവരെ മറുകരയിലായിരുന്ന ക്ഷേത്രം, ഈ കരയിൽ എത്തിയെന്നും പഴമക്കാർ പറയുന്നു.

മതസൗഹാർദ്ദത്തിനു ഇന്നുവരെയും കോട്ടം വരാത്ത ഭരണങ്ങാനം, പഞ്ചായത്തിന്റെ ഭരണ ആസ്ഥാനമാണ്. ഈ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലുള്ള ക്ഷേത്രങ്ങളേയും, പള്ളികളേയും കുറിച്ചു പല ഐതീഹ്യങ്ങളും നിലവിലുണ്ട്. പ്രകൃതിരമണീയമായ ഈ പ്രദേശം, സാംസ്കാരികമായി പണ്ടു മുതലേ ഉയർന്ന നിലയിലായിരുന്നു.

ഭരണങ്ങാനം ശ്രീകൃഷ്ണ സ്വാമീക്ഷേത്രം ധർമ്മപുത്രരാൽ പ്രതിഷ്ഠ നിർവ്വഹിക്കപ്പെട്ടതാണെന്ന് ഐതീഹ്യം ഐതീഹ്യമാലയിൽ പരാമർശിച്ചിട്ടുള്ള കുളപ്പുറത്തു ഭീമൻ കയ്യൂർ നിവാസിയായിരുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നിരവധി ക്ഷേത്രങ്ങളും, കാവുകളും നിലവിലുണ്ട്. ഇതിൽ ഇടപ്പാടി ആനന്ദഷൺമുഖ ക്ഷേത്രത്തിൽ വേൽ പ്രതിഷ്ഠ നടത്തിയത് ശ്രീനാരായണ ഗുരുസ്വാമികൾ ആണ്. A.D.1910ൽ സ്ഥാപിതമായ ഈ ക്ഷേത്രത്തിൽ ശ്രീനാരായണ ഗുരു വേൽ പ്രതിഷ്ഠ നടത്തിയത് 1927ൽ ആണെന്ന് ക്ഷേത്രരേഖകൾ പറയുന്നു. ഇതുപോലുള്ള ചരിത്രങ്ങൾ മറ്റുക്ഷേത്രങ്ങൾക്കുമുണ്ട്. പഞ്ചായത്തിലെ മറ്റൊരു പുരാതന ധർമ്മശാസ്താക്ഷേത്രമാണ് ഉള്ളനാട്ടുള്ളത്. ഈ ക്ഷേത്രത്തിൽ ഒരു സ്വർണ്ണക്കൊടിമരമുണ്ടായിരുന്നുവെന്നും ഏതോ പടയോട്ടക്കാലത്ത് ക്ഷേത്രമുതൽ കൊള്ളയടിക്കുമെന്നു ഭയന്ന വിശ്വാസികൾ കൊടിമരം മുറിച്ച് ക്ഷേത്രക്കുളത്തിലിട്ടെന്നും, കാലക്രമേണ ആ കുളം മൂടിപ്പോയെന്നും ആളുകളുടെ ഇടയിൽ വിശ്വാസമുണ്ട്. നൂറ്റാണ്ടുകൾ പഴക്കമുള്ള പഴയ ക്ഷേത്രമതിലിന്റെ അവശിഷ്ടങ്ങൾ ഇന്നും ദൃശ്യമാണ്.

1000വർഷങ്ങളുടെ ചരിത്രം ഭരണങ്ങാനം ആനക്കല്ലു ഫൊറോനാപ്പള്ളിക്ക് അവകാശപ്പെടാനുണ്ട്. A.D. 1000-ാം മാണ്ടു മതാധികാരികളിൽ നിന്നും നാടുവാഴിയായ മീനച്ചിൽ കർത്താവിൽ നിന്നും ആക്കൻ, അറക്കൻ, ചൂണ്ട ബ്രാട്ടിയാനി എന്നീ കുടുംബക്കാർ പള്ളി സ്ഥാപിക്കുന്നതിനുള്ള അനുവാദം സമ്പാദിച്ചെങ്കിലും ഈ പ്രദേശത്തെ അക്കാലത്തെ നിവാസികളായിരുന്ന തദ്ദേശീയ

ബ്രാഹ്മണരുടെ (നമ്പൂതിരിമാർ) എതിർപ്പും. പള്ളി വയ്ക്കേണ്ട സ്ഥലത്തേക്കുറിച്ചു വിവിധ കരക്കാർ തമ്മിലുള്ള അഭിപ്രായവ്യത്യാസവും മൂലം 1004 വരെ പണി ആരംഭിക്കാൻ കഴിഞ്ഞില്ല. ഈ തർക്കത്തിൽ നാടുവാഴിയായിരുന്ന മീനച്ചിൽ കർത്താവു തന്നെ മദ്ധ്യസ്ഥനായി. മീനച്ചിലാറിന്റെ മദ്ധ്യത്തിൽ വയ്ക്കുന്ന കല്ല്. മീനച്ചിൽ കർത്താവിന്റെ ആന സമേധയാ കൊണ്ടുവന്നു വയ്ക്കുന്ന സ്ഥലത്ത് പള്ളി പണിയുന്നതിനു സമ്മതിച്ച്. അപ്രകാരം ആന കല്ലുവെച്ച സ്ഥലത്ത് 1004 ആഗസ്റ്റ് 15 ന് നിർമ്മാണം ആരംഭിച്ചതാണ്. ഭരണങ്ങാനം ആനക്കല്ല്. സെന്റ് മേരീസ് ഫെറോനാപ്പള്ളി. ഇപ്പോൾ കാണുന്ന പള്ളി 1913ൽ പുതുക്കിപ്പണിയാൻ ആരംഭിച്ച് 1928ൽ പൂർത്തിയാക്കിയ നാലാമത്തേ പള്ളിയാണ്.

ആറാടിടും ഗവമൊടുപടിഞ്ഞാട്ടു
നേരേ പറന്നാൽ
ആറാം മൈലിൽ ഭ്രമര ഭരണങ്ങാനമെന്നുള്ള
ദിക്കിൽ
ചേരാമല്ലോ, പെരിയപെരുന്നാളുള്ള
കൃസ്ത്യാനിവർഗ്ഗ
ക്കാരാൽ തീർപ്പിച്ചൊരാ, പെരുമയാംപള്ളി
തത്രൈവകാണാം.

എന്ന് മുൻ പ്രസ്താവിച്ച ഭ്രമരസന്ദേശത്തിൽ കവി ഭരണങ്ങാനം പള്ളിയേക്കുറിച്ചു പറയുന്നു.

ഭരണങ്ങാനം ഇന്നു ലോകത്തെങ്ങും അറിയപ്പെടുന്നത് പുണ്യശ്ലോകയായ വാഴ്ത്തപ്പെട്ട അൽഫോൻസായിലൂടെയാണ്. ഒരു സന്യാസാശ്രമത്തിന്റെ മതിൽകെട്ടിനുള്ളിൽ, പുറംലോകത്തു നിന്നും ഒറ്റപ്പെട്ട് തന്റെ വേദനകളേ സുകൃതങ്ങളാക്കി മാറ്റിയ ഈ പുണ്യചരിത, ജീവിച്ചതും അന്ത്യവിശ്രമം കൊള്ളുന്നതും ഭരണങ്ങാനത്താണ്. അനുഗ്രഹങ്ങൾ തേടി, അവരുടെ ശവകുടീരത്തിലേക്ക്, പതിനായിരങ്ങൾ പ്രവഹിക്കുമ്പോൾ, ആ അമ്മ ഭരണങ്ങാനത്തിന്റെ മദ്ധ്യസ്ഥയായി ഇവിടെയുള്ളവരുടെ ഹൃദയങ്ങളിൽ ജീവിക്കുന്നു. അവരുടെ വിശുദ്ധിയുടെ സൗരഭ്യം ലോകമെമ്പാടും പരന്നുകൊണ്ടിരിക്കുന്നു.

പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് പള്ളിയാണ് പഞ്ചായത്തിലെ മറ്റൊരു പ്രമുഖ ക്രൈസ്തവ ദേവാലയം. 1995ൽ പുതുക്കിപ്പണിത പള്ളി ക്രൈസ്തവ, ഹിന്ദു, മുസ്ലീം വാസ്തുകലകൾ സമന്വയിച്ചിരിക്കുന്ന ഒന്നാണ്. കൂടാതെ ഉള്ളനാട്, കയ്യൂർ, വേഴാങ്ങാനം, ചൂണ്ടച്ചേരി എന്നിവടങ്ങളിലും ക്രൈസ്തവദേവാലയങ്ങൾ ഉണ്ട്.

ഭരണങ്ങാനം ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ തിരുവുത്സവം, ശ്രീ കൃഷ്ണ ജയന്തി ആഘോഷങ്ങൾ, ഇടപ്പാടി ക്ഷേത്രത്തിലെ മകരപ്പൂയ മഹോത്സവം, ഉള്ളനാടു ക്ഷേത്രത്തിലെ തിരുവുത്സവം ഇവ വളരെ പ്രാധാന്യമർഹിക്കുന്നതും വളരെയധികം ഭക്തജനങ്ങൾ പങ്കെടുക്കുന്നതുമാണ്.

ഭരണങ്ങാനം പള്ളിയിലെ ഡിസംബർ 8 നുള്ള കർമ്മല മാതാവിന്റേയും വി. ഫ്രാൻസീസ് അസ്സീസിയുടെയും തിരുനാൾ, ജനുവരിയിലുള്ള വി.സെബസ്ത്യാനോസിന്റെ തിരുനാൾ, ജൂലൈ 28നുള്ള വാഴ്ത്തപ്പെട്ട അൽഫോൻസായുടെ ചരമവാർഷികത്തിരുനാൾ എന്നിവ വളരെ പ്രധാനപ്പെട്ടവയാണ്. കൂടാതെ മറ്റു പള്ളികളിലെ തിരുനാളും വളരെയധികം ഭക്തജനങ്ങൾ, ഭക്ത്യാദരവോടെ ആഘോഷിക്കുന്നവയാണ്. ഇതിൽ വാഴ്ത്തപ്പെട്ട അൽഫോൻസയുടെ തിരുനാൾ ആഗോളതലത്തിൽ പ്രശസ്തിയാർജ്ജിച്ച് ഇന്ന് വളരെയധികം തീർത്ഥാടകരെ, ഭരണങ്ങാനത്തേക്ക് ആകർഷിക്കുന്നു.

മതസൗഹാർദ്ദത്തിന് ഏറ്റവും ഉത്തമമായ തെളിവാണ് ഭരണങ്ങാനം പള്ളിയിലെ ദേവീ വിഗ്രഹാങ്കിതമായ കോൽവിളക്ക്. പള്ളിയുടെയോ ക്ഷേത്രത്തിന്റെയോ രേഖകളിൽ ഇല്ലെങ്കിലും ഏതോ ഹൈന്ദവ ഭക്തൻ ഭരണങ്ങാനം പള്ളിക്കു ദാനം ചെയ്ത ആ കോൽവിളക്ക് ഇന്നും വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ പ്രദക്ഷിണത്തിന് ഉപയോഗിക്കുന്നു. അതുപോല ഭരണങ്ങാനം ശ്രീ കൃഷ്ണ സ്വാമീ ക്ഷേത്രത്തിലെ ഉത്സവത്തിനു തിടമ്പിനേ ചൂടിക്കുന്ന മുത്തുക്കുട ഭരണങ്ങാനം പള്ളിയിൽ നിന്നും ദാനം ചെയ്യപ്പെട്ടതാണെന്നും വിശ്വസിക്കപ്പെടുന്നു. ഭരണങ്ങാനം പള്ളി വച്ചിരിക്കുന്ന കേളുച്ചാവു പുരയിടം ആക്കക്കുന്നേൽ എന്ന കുടുംബത്തിലെ ഒരു വൃദ്ധയുടെ വകയായിരുന്നുവെന്നും, അവർ അത് ദാനമായി പള്ളിക്ക് നൽകുകയായിരുന്നെന്നും പഴമക്കാർ പറയുന്നു. ആ കുടുംബത്തിലെ അവകാശിക്ക് ഇന്നും ആണ്ടുതോറും പള്ളിയിൽ നിന്നും "ആനുഭവം" കൊടുത്തുവരുന്നു.

ഭരണങ്ങാനം പഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിലായി ക്ലാരിസ്റ്റ്, കർമ്മലൈറ്റ്, തിരുഹൃദയ, ആരാധന, ഡോട്ടേഴ്സ് ഓഫ് സെന്റ് തോമസ് എന്നീ വിഭാഗത്തിൽപ്പെട്ട സന്ന്യാസിനീ സമൂഹങ്ങൾ ഉണ്ട്.

ഇവർ വിദ്യാഭ്യാസ, സാമൂഹ്യസേവന മണ്ഡലങ്ങളിൽ ജനങ്ങളുടെ ഉന്നമനത്തിനായി വളരെയധികം പ്രവൃത്തിക്കുന്നു. മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് എന്നറിയപ്പെടുന്ന സന്യാസിനീ സമൂഹമാണ് ഭരണങ്ങാനത്തെ ഒന്നാംകിട ആശുപത്രിയായ IHM ഹോസ്പിറ്റൽ (മേരിഗിരി) നടത്തുന്നത്.

ക്രസ്ത്യൻ സന്യാസിനികൾ ആതുരസേവന രംഗത്ത് കടന്നുവന്ന് ഉദ്ദേശം 50 വർഷങ്ങൾക്കു മുമ്പ് കേരളത്തിൽ ആദ്യമായി ആരംഭിച്ച ആശുപത്രിയാണ് ഇത്. ഫ്രാൻസീസ്കൻ വൈദികരുടെ വക അസീസി കപ്പൂച്ചിൻ ആശ്രമം ഭരണങ്ങാനത്താണ്. ഇവരുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സൊാഫിക് പ്രസ്സ്, ആധുനിക ശാസ്ത്ര സങ്കേതങ്ങൾ ഉപയോഗിക്കപ്പെടുന്ന ഒന്നാണ്. D.T.P. ഓഫ്സെറ്റ് പ്രിന്റിംഗ് സൗകര്യങ്ങൾ ഇവിടെയുണ്ട്.

ക്രൈസ്തവരുടെയിടയിൽ ഇന്ന വളരെ പ്രചാരം സിദ്ധിച്ചിരിക്കുന്ന കരിസ്മാറ്റിക് നവീകരണത്തിന് വളരെയധികം സംഭാവനകൾ നൽകിയ അസ്സീസി ാിവ ന്യൂവൻ സെന്റർ ഇവരുടെ മേൽനോട്ടത്തിലാണ് നടത്തപ്പെടുന്നത്. കേരളത്തിൽ ആദ്യമായി. പതിവായി, താമസിച്ചു ധ്യാനിക്കുന്നതിനു ഇതുധ്യാനകേന്ദ്ര ഇവിടെയാണ് ആരംഭിച്ചത്.

ക്ലാരിസ്റ്റ് സന്യാസിനികളുടെ നേതൃത്വത്തിൽ കപ്പൂച്ചിൻ വൈദീകരുടെ സഹകരണത്തോടെയുമാണ് അശരണരായ സ്ത്രീകൾക്കുള്ള സ്നേഹഭവൻ ഇവിടെ പ്രവർത്തിക്കുന്നത്. കൂടാതെ അസ്സീ ഗാർമെന്റ്സ്, അസ്സീസി ഇലക്ട്രോണിക്സ്, ജീവൻ ബുക്സ് എന്നീ സ്ഥാപനങ്ങൾ സ്ത്രീകൾക്ക് തൊഴിൽ സൗകര്യം നൽകുന്നു.

അഖലിലോക പ്രശസ്തമായ ചെറുപുഷ്പമിഷൻ ലീഗിന്റെ കേന്ദ്രോഫീസും പ്രസും ഭരണങ്ങാനത്തു പ്രവർത്തിക്കുന്നു. വിവിധ മതസ്ഥരുടെ സാമൂഹ്യ സേവന സംഘടനകളും ഭരണങ്ങാനത്തും പ്രവർത്തനനിരതമാണ്.

ഭരണങ്ങാനം നൂറ്റാണ്ടുകളായി വിദ്യാഭ്യാസരംഗത്ത് വളരെ മുൻപന്തിയിലാണ്.

1897-ൽ ഭരണങ്ങാനത്ത് സർക്കാർ ഒരു എൽ.പി. സ്കൂൾ ആരംഭിക്കുകയും അചിരേണ ഈ സ്കൂളിന്റെ പ്രവർത്തനം മന്ദീഭവിച്ചപ്പോൾ ഈ സ്കൂളിന്റെ ഉടമസ്ഥത ഭരണങ്ങാനംപള്ളി ഏറ്റെടുക്കുകയും കാലക്രമേണ ഈ വിദ്യാഭ്യാസ സ്ഥാപനം ഹൈസ്കൂളായി ഉർത്തപ്പെടുകയും ചെയ്തു.

1880ൽ ഭരണങ്ങാനം പള്ളിമേടിയിൽ ആരംഭിച്ച ഇംഗ്ലീഷ് വിദ്യാലയമാണ് മീനച്ചിൽ താലൂക്കിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് അടിത്ാറയിട്ടത്. അതുപോലെ 66 വർഷങ്ങൾക്ക് മുൻപ് പെൺകുട്ടികൾക്കു മാത്രമായി സേക്രഡ് ഹാർട്ട് ഗേൾസ്കൂൾ. ആരംഭിച്ചതും ഭരണങ്ങാനത്താണ്. സെന്റ് മേരീസ് സ്കൂളിന്റെ സ്ഥാപനത്തിനു നേതൃത്വം നൽകിയത്. ബഹു. സ്കറിയാ തയ്യിലും, ഗേൾസ് സ്കൂൾ ആരംഭിച്ചത് ാവ.ഫാ. ഫ്രാൻസീസ് തുടപ്പാാ വടക്കേലച്ചൻ ആണ്. കേരളത്തിന്റെ മാത്രമല്ല ഭാരതത്തിന്റെ സാമൂഹ്യ സാംസ്കാരിക, സാങ്കേതിക രംഗത്തിനു വളരെയധികം പ്രതിഭകളെ സംഭാവന ചെയ്യുവാൻ ഈ വിദ്യാലയങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. ഇവയേകൂടാതെ അൽഫോൻസാ ഇംഗ്ലീഷ്മീഡിയം റെസിഡൻഷ്യൽ സ്കൂൾ എന്നൊരു സ്കൂളും St.ലിറ്റിൽ ത്രസ്യാഡ് LPUP സ്കൂൾ. രണ്ടു നഴ്സറി സ്കൂളുകൾ എന്നിവയും ഭരണങ്ങാനത്തുണ്ട്.

ഭരണങ്ങാനത്തെ ഏക സാങ്കേതിക വിദ്യാലയമായ മേരിഗിരി നഴ്സിംഗ് സ്കൂൾ, മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് നടത്തുന്നു. ഇവയേക്കൂടാതെ ചൂണ്ടച്ചേരിൽ സാൻജോസ് പബ്ലിക് സ്കൂൾ, വേഴാങ്ങാനം സെന്റ് ജോസഫ്സ് എൽ.പി.എസ്. ഇടപ്പാടിയിൽ അരീപ്പാറയിലുള്ള ഗവ.എൽ.പി.എസ്. കയൂർ ഗവ: എൽ.പി.എസ്. അളനാട് ഗവ. യു.പി. എസ്., ഉള്ളനാട് എസ്.എച്ച്.എസ്. എന്നിവയും ഈ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിച്ചു കുട്ടികളുടെ വിദ്യാഭ്യാസാവശ്യങ്ങൾ നിർവ്വഹിക്കുന്നു. ഭരണങ്ങാനത്ത് ചുരുങ്ങിയ കാലഘട്ടത്തേക്കാണെങ്കിലും, ഒരു സംസ്കൃത സ്കൂളും നിലവിലുണ്ടായിരുന്നു.

100-ാം വയസ്സിലേക്കു പ്രവേശിക്കുന്ന സെന്റ് മേരീസ് ഹൈസ്കൂളും, 66 തികഞ്ഞ സേക്രഡ് ഹാർട്ട് ഹൈസ്കൂളിലും പഠനത്തോടൊപ്പം കലാകായിക രംഗങ്ങളിലും മുൻപന്തിയിലാണ്. 1984-85ൽ സംസ്ഥാനത്തെ ഏറ്റവും നല്ല സ്കൂൾ എന്ന ബഹുമതി സേക്രഡ് ഹാർട്ട് ഗേൾസ് സ്കൂളിനെ തേടിയെത്തി. കോട്ടയം ജില്ലയിൽ ഈ ബഹുമതി നേടിയ ഒരേ ഒരു കലാലയമാണിത്. 1984-85 മുതൽ ഇന്നുവരെ തുടർച്ചയായി 85% വിജയശതമാനം നിലനിറുത്താനും. 1985 മുതൽ 1995 വരെ തുടർച്ചയായി കായികരംഗത്ത് ജില്ലാ ചാമ്പ്യൻഷിപ്പു നിലനിറുത്താനും, 1985 മുതൽ 1995 വരെ തുടർച്ചയായി കായികരംഗത്ത് ജില്ലാ ചാമ്പ്യൻഷിപ്പു നിലനിറുത്താനും ഈ സ്കൂളിലെ മിടുക്കികൾക്കു കഴി

ഞ്ഞു. സ്റ്റേറ്റ്, നഷണൽ ലെവലിലും ഈ സ്കൂളിലേ മിടുക്കികൾക്കു സമ്മാനം നേടാൻ കഴിഞ്ഞിട്ടുണ്ട്. ഡിസ്ട്രിക്റ്റ് യൂത്തു ഫെസ്റ്റിവലിൽ കലാതിലകം പട്ട മണിഞ്ഞ കുകു ജോയിസ് ഈ സ്കൂൾ വിദ്യാർത്ഥിനിയാണ്.

സെന്റ് മേരീസ് സ്കൂളിലെ വിദ്യാർത്ഥികൾ 1950-60 ഫുട്ബോൾ, ബാഡ് മിന്റൻ, വോളീബോൾ മേഖലകൾ അടക്കി വാണിരുന്നു.

സ്വാതന്ത്ര്യ സമര രംഗത്തും, ഭരണങ്ങാനത്തുകാർ മുൻപന്തിയിലായിരുന്നു. ശ്രീ. മച്ചിയാനി പാപ്പച്ചൻ എന്നു വിളിക്കുന്ന, ഐ.ഡി. ചാക്കോ ഒരു സ്വാതന്ത്ര്യ സമരഭടൻ ആയിരുന്നു. ഇന്ന് രാഷ്ട്രീയ മണ്ഡലത്തിൽ മുൻനിരയിലുള്ള പല നേതാക്കൾക്കും അഭയം നൽകിയിരുന്നത് അദ്ദേഹത്തിന്റെ ഭവനമായിരുന്നു. ഇൻഡ്യൻ നാഷണൽ ആർമിയിൽ അംഗങ്ങളായിരുന്ന പലരും ഇവിടെയുണ്ടായിരുന്നു. ഭരണങ്ങാനം സ്കൂളിലെ വളരെയധികം വിദ്യാർത്ഥികൾ സ്വാതന്ത്ര്യസമര പ്രക്ഷോഭണത്തോടനുബന്ധി അറസ്റ്റു ചെയ്യപ്പെടുകയുണ്ടായി.

## കായികരംഗം

ഒരുകാലത്ത് ഭരണങ്ങാനം കായികരംഗത്തു മുൻപന്തിയിലായിരുന്നെങ്കിലും, ഇന്ന് ഭരണങ്ങാനം ഗേൾസ് സ്കൂളിലെ കുട്ടികൾ സ്പോർട്സിലും ചില ക്ലബ്ബുകൾ വടംവലിയിൽ നേടുന്ന സമ്മാനങ്ങളും മാറ്റിനിറുത്തിയാൽ, കായികരംഗത്തിനു പൊതുവേ ഒരു മരവിപ്പാണ്.

ശ്രീമതി. ഏലിക്കുട്ടി ജോസഫ് (ഡോളി) പിണക്കാട്ട് ഇൽഡ്യൻ വോളീബോൾ ടീമിൽ ക്യാപ്റ്റനായിരുന്നപ്പോൾ, ശ്രീമതി ലവ്ലിക്കുട്ടി ജോസഫ് നീന്തൽ മത്സരങ്ങളിൽ സ്റ്റേറ്റ് ലെവലിൽ നിരവധി സമ്മാനങ്ങൾ നേടുകയുണ്ടായി. നാഷണൽ അത്ലറ്റിക് മീറ്റിൽ ആദ്യമായി 800 മീറ്റർ ഏർപ്പെടുത്തിയപ്പോൾ, ജബൽപൂരിൽ വച്ച്, ഒന്നാം സ്ഥാനത്തെത്തിയത് ഈ പഞ്ചായത്തിലെ ശ്രീമതി സിസിലിയമ്മ ജോസഫ്, ഔസേപ്പുപറമ്പിലാണ്. അടുത്തവർഷം കൽക്കട്ടാ നാഷണിൽ സിസിലിയാമ്മയുടെ സഹോദരി ശ്രീമതി ഫിലോമിനാ ജോസഫ് അതേയിനത്തിൽ സ്വർണ്ണം നേടുകയും അക്കൊല്ലത്തെ "സ്പോർട്സ് വുമൺ ഓഫ് കേരളാ" എന്ന ബഹുമതിക്കർഹയാകുകയും ചെയ്തു. സ്റ്റേറ്റ് സ്കൂൾ മീറ്റിൽ വ്യക്തിഗത ചാമ്പ്യൻഷിപ്പിനർഹയായ സുനിമോൾ ജോസഫ് മുരിങ്ങയിൽ ചൂണ്ടച്ചേരിക്കാരിയാണ്. ശ്രീ.റ്റി.കെ. ജോസഫ് സ്റ്റേറ്റ് ചെസ് ചാമ്പ്യനായിരുന്നു.

ഭരണങ്ങാനത്തെ സ്പോർട്സ് പ്രേമികൾക്കു മറക്കാനാവാത്ത ഒരു വ്യക്തിയാണ് ഫാ. അബ്രാഹം വലിയപറമ്പിൽ, അദ്ദേഹത്തിന്റെ ദീർഘവീക്ഷണവും, കഠിനാധ്വാനവും, നിശ്ചയാദർഢ്യവുമാണ് ഭരണങ്ങാനം സ്കൂളിന് ഇത്ര വിശാലമായ ഒരു കളിസ്ഥലമുണ്ടാകാൻ കാരണമായത്. അദ്ദേഹത്തോടുള്ള സ്നേഹാദരങ്ങൾ പ്രകടിപ്പിക്കാനായി, സഹസ്രപൗർണ്ണമീവായനശാല അദ്ദേഹത്തിന്റെ സപ്തതി സ്മരണക്കായി സമർപ്പിക്കപ്പെട്ടിരിക്കുന്നു.

യശശ്ശരീരനായ പ്രൊഫ. ജോസഫ് തോമസ് തകിടിയേലിനെ വിസ്മരിക്കുക വയ്യ. സെന്റ് തോമസ് കോളേജിലെ അത്ലറ്റിക് ചാമ്പ്യനായിരുന്ന അദ്ദേഹം ഒരു നല്ല ഫുട്ബോളറും, അഭിനേതാവും കൂടിയായിരുന്നു.

ഇന്ന് പഞ്ചായത്തിലൊട്ടാകെ പല സ്പോർട്സ് ക്ലബ്ബുകളുണ്ടെങ്കിലും, കള്ളിക്കൽ സെവൻസ് എന്ന വടംവലി ടീമും, ഭരണങ്ങാനം സ്റ്റാലിയൻസ് സോക്കർ ഫുട്ബോൾ ക്ലബ്ബും മാത്രമാണ് സജീവമായിട്ടുള്ളത്. ഭരണങ്ങാനം യംഗ്മെൻസ് വോളീബോൾ ക്ലബും വടംവലിയിൽ കള്ളിക്കൽ സെവൻസ് പഞ്ചായത്ത് ബ്ലോക്ക് സ്റ്റേറ്റു തലത്തിൽ ഒന്നാംസ്ഥാനം നേടിയിട്ടുണ്ട്. സ്റ്റാലിയൻ ക്ലബും യംഗ്മെൻസ് വോളീബോൾ എല്ലാ വർഷവും ഫുട്ബോൾ മേളയും വോളിബോൾ മത്സരങ്ങളും നടത്തിവരുന്നു. പ്രവിത്താനത്ത് സ്തുത്യർഹമായ വിധത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നവജ്യോതിക്ലബ്, നവശക്തി ചൂണ്ടച്ചേരി, വീനസ് ക്ലബ് വേഴാങ്ങനം, എയ്ഞ്ചൽ ക്ലബ് ഉള്ളനാട്, പാരസൈഡ് ക്ലബ് ഉള്ളനാട് എന്നിവ കായിക രംഗത്ത് സജീവമാണ്. യുവജനമേള, കേരളോത്സവം എന്നിവയിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ല സംസ്ഥാനമത്സരവിജയികൾ ധാരാളം ഈ പഞ്ചായത്തിലുണ്ട്.

ഇന്ന് പഞ്ചായത്തിന്റെ സാംസ്കാരിക നിലയം ഇടപ്പാടിയിൽ പ്രവർത്തിക്കുന്നുണ്ട്. യുവജനങ്ങൾ സമ്മേളിക്കുന്നതിനും വായനാശീലം വളർത്തുന്നതിനും ഇന്ന് ഈ പ്രസ്ഥാനത്തിനു കഴിയുന്നുണ്ട് 1952 ആഗസ്റ്റ് 15 മുതൽ വേഴങ്ങാനത്തു പ്രവർത്തിക്കുന്ന വില്ലേജ് ലൈബ്രറി ആൻഡ് റീഡിംഗ് റൂം ഈ വർഷം മുതൽ സ്വന്തം കെട്ടിടത്തിൽ പ്രവർ

ത്തനം നടത്തുന്നു. ഉള്ളനാട്ടിലെ നവോദയ വായനശാല, പഴക്കം ചെന്ന സ്വന്തമായി കെട്ടിടമുള്ള മറ്റൊരു ലൈബ്രറിയാണ്. പഞ്ചായത്തിൽ നിന്നും ടെലിവിഷൻ സെറ്റ് നൽകി ഒരു ടി.വി. സെന്റർ ആയി ഇതു പ്രവർത്തിക്കുന്നു. സ്വന്തമായി കെട്ടിടമില്ലെങ്കിലും കയ്യൂർ യുവകേരളം വായനശാനയും സജീവമായി പ്പവർത്തിക്കുന്നു. ഈ നാലുഗ്രന്ഥശാലകളും പഞ്ചായത്തിന്റെ സാംസ്കാരിക രംഗത്ത് അതുല്യമായ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്നു.

## സാംസ്കാരിക രംഗം

1950 കളിൽ ഭരണങ്ങാനത്തും പരിസരങ്ങളിലും വായനശാലകളും, യുവജനക്ലബ്ബുകളും ആരോഗ്യകരമായ മത്സരങ്ങളിലൂടെ പ്രവർത്തിച്ചിരുന്നു. ഭരണങ്ങാനത്തു പ്രവർത്തിച്ചിരുന്ന പബ്ലിക് ലൈബ്രറി, യുണൈറ്റഡ് കേരളാ ലൈബ്രറി എന്നിവ ഉദാഹരണങ്ങളാണ്. ഇവയുടെ വാർഷികങ്ങളാണ് പ്രധാന സാംസ്കാരികനായകന്മാരേയും, ശ്രീ.ജോസഫ് കൈമാപ്പറമ്പൻ, കെടാമംഗലം സദാനന്ദൻ തുടങ്ങി പ്രസിദ്ധ കാഥികരേയും ഭരണങ്ങാനത്തുകാർക്കു പരിചയപ്പെടുത്തിയിത്. അന്നു നിലവിലുണ്ടായിരുന്ന സഹൃത് സമാജം തദ്ദേശീയരായ യുവാക്കളുടെ കായിക മാനസിക വളർച്ചക്കുപകരിക്കുന്ന പരിപാടികൾ സംഘടിപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്തിരുന്നു.

അർപ്പണബോധമുള്ള സാരഥികളുടെ അഭാവത്തിൽ ഈ പ്രസ്ഥാനങ്ങളെല്ലാം നാമാവശേഷമായി. ഇതേ കാലഘട്ടത്തിൽ തന്നേ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി ഒൻപതു ക്ലബ്ബുകളും അഞ്ച് ഗ്രന്ഥശാലകളും ഉണ്ടായിരുന്നു. ക്ലബ്ബുകൾ പലതും ഒരു വാർഷികം ആഘോഷിച്ചവസാനിച്ചു. അദ്യാകാലപ്രവർത്തകരുടെ പ്രവർത്തന മേഖലകൾ മാറിയതും അവർ തുടങ്ങിവച്ച ദൗത്യം ഏറ്റെടുക്കാൻ പിൻതലമുറ മടിച്ചതും ആയിരുന്നു കാരണങ്ങൾ.

മുൻകാലങ്ങളിൽ മാർഗ്ഗംകളി, പരിചമുട്ടുകളി, ചവിട്ടുനാടകം മുതലായ ക്രൈസ്തവകലകൾ പള്ളികളിലും ക്രൈസ്തീയഭവനങ്ങളിലും വളർന്നിരുന്നപ്പോൾ, കഥകളി, ഓട്ടൻതുള്ളൽ, ചാക്യാർകൂത്ത്, മുതലായവ ക്ഷേത്രപരിസരങ്ങളിലും വളർച്ച പ്രാപിക്കുകയായിരുന്നു. ഉത്സവങ്ങളോടനുബന്ധിച്ച് നാഗസ്വരകച്ചേരികളും ശാസ്ത്രീയസംഗീത കച്ചേരികളും അരങ്ങേറിയിരുന്നു.

കാലവും കോലവും മാറി, പ്രാചീന കലാരൂപങ്ങളിൽ പാവീണ്യം നേടാനുള്ള ശിക്ഷണ സൗകര്യത്തിന്റെ അപര്യാപ്തതയോ, സാധാരണക്കാർക്കുണ്ടായ ദുർഗ്രാഹ്യതയോ, ഈ കലാരൂപങ്ങളുടെ സ്ഥാനത്തു പ്രൊഫഷണൽ നാടകങ്ങൾ, ബാലേകൾ, ഗാനമേളകൾ തുടങ്ങി മിമിക്സ് പരേഡുവരെ കയറിവന്ന് വിലസുന്ന ഒരവസ്ഥയിലാണ് ഇന്നെത്തി നിൽക്കുന്നത്. പ്രൊഫഷണൽ നാടകങ്ങളും ബാലേകളും പള്ളികളിലേയും അമ്പലങ്ങളിലേയും അരങ്ങുകൾ കയ്യടക്കുമ്പോൾ, തദ്ദേശയരായ കലാകാരന്മാർ, നിർവികാരരായി, തങ്ങളുടെ കഴിവുകൾ പ്രകടപ്പിക്കാൻ അവസരം ലഭിക്കാതെ, പ്രേക്ഷകരാകുന്ന കാഴ്ചയാണ് ഇന്ന് നിലനിൽക്കുന്നത്. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ അതിപ്രസരവും, സാംസ്കാരിക കൂട്ടായ്മകൾ നിഷേധിക്കുകയാണ്.

ഭരണങ്ങാനം കലാകേരളത്തിനു നൽകിയിട്ടുള്ള ഒരു മഹത്സംഭാവനയാണ് മലയാള സിനിമാലോകത്തിനു മറക്കാൻ കഴിയാത്ത കലാകാരിയായിരുന്നു "മിസ്കുമാരി' (ത്രേസ്യാമ്മ കൊല്ലമ്പറമ്പിൽ) 1948ൽ വെള്ളിനെക്ഷത്രം എന്ന തന്റെ പ്രഥമ ചിത്രത്തിലൂടെ മലയാള സിനിമാ ലോകത്തേക്കു കടന്നുവന്ന മിസ്കുമാരി 1962ൽ വരെ മലയാള ചലച്ചിത്രലോകത്തു നിറഞ്ഞുനിന്നിരുന്നു. മലയാള സിനിമക്ക് ആദ്യമായി അഖിലേന്ത്യാ തലത്തിൽ അംഗീകാരം നേടിക്കൊടുത്ത "നീലക്കുയിൽ" എന്ന ചിത്രത്തിലേ നായിക കുമാരിയായിരുന്നു. പത്മശ്രീ തിക്കുറിശി, അഭിനയ ചക്രവർത്തി സത്യൻ, നിത്യ ഹരിതനായകൻ പ്രേനസീർ എന്നിവരോടൊത്ത് നായികയായി അഭിനയിച്ച കുമാരി 50ഓളം മലയാള-തമിഴ് ചിത്രങ്ങളിൽ അഭിനയിക്കുകയും 4 പ്രാവശ്യം മദ്രാസ് ഫിലിം ഫാൻസ് അസ്സോസിയേഷൻ മലയാളത്തിലെ ഏറ്റവും നല്ല മികച്ച നടി എന്ന ബഹുമതിക്കു തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. കുലസ്ത്രീകൾ പ്രത്യേകിച്ച് സുറിയാനി കത്തോലിക്കാ കുടുംബങ്ങളിലേ സ്ത്രീകൾ കടന്നുചെല്ലാൻ വിമുഖത കാട്ടിയിരുന്ന രംഗത്തേക്ക് സ്വന്തം സമുദായങ്ങളിലുള്ളവരുടെ എതിർപ്പുകളേയും അവഗണിച്ചുകടന്നു ചെന്ന് ഇങ്ങനെയൊരു സ്ഥാനത്തെത്തിയ അവർക്ക് ഭരണങ്ങാനത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ അദ്വിതീയ സ്ഥാനമാണുള്ളത്. ഭരണങ്ങാനം പള്ളിസെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്ന അവർ കലാരംഗത്തേക്കു കടന്നുവരുന്നതിനുമുമ്പ് ഭരണങ്ങാനം സേക്രഡ് ഹാർട്ട് ഗേൾസ് സ്കൂളിൽ ഒരുവർഷം അദ്ധ്യാപികയായിരുന്നു. അവരുടെ സ്മരണ നിലനിറുത്താൻ ഭരണങ്ങാനാത്ത് അവരുടെ നാമ

ധേയത്തിൽ ഒരു ഓപ്പൺ എയർ തീയേറ്റർ 1984 ഡിസംബർ ഒന്നാം തിയതി പത്മശ്രീ പ്രേംനസീർ ഉൽഘാടനം ചെയ്യുകയുണ്ടായി.

മോണോആക്ട്. മിമിക്രി കഥാപ്രസംഗമേഖല കളിലും നാടകത്തിനും സ്കൂൾ കോളേജു തലങ്ങളിൽ സമ്മാർഹനായ കയ്യൂർ സത്യൻ. മീനച്ചിൽ താലൂക്ക് തലത്തിലും കോട്ടയം ജില്ലാതലത്തിലും കലാപ്രതിഭയായിട്ടുണ്ട്. പ്രൊഫഷണൽ കഥാപ്രസംഗരംഗത്തും. മിമിക്സ് പരേഡുകളിലും പങ്കെടുത്തിട്ടുള്ള സത്യൻ ഇന്ന് സ്ഥിരമായി പ്രൊഫഷണൽ നാടകരംഗത്തു കേരളത്തിലെ പ്രശസ്ത സമിതികളിൽ അഭിനയിക്കുന്നു.

പത്രപ്രവർത്തനരംഗത്ത് ഉള്ള മൊറ്റൊരു പ്രതിഭയാണ് ശ്രീ.ജോസ് വട്ടപ്പലം. ദീപികയുടെ പ്രതാധിപ സമിതിയിലുള്ള അദ്ദേഹത്തിനു പ്രശസ്ത റിപ്പോർട്ടിംഗിന് അവാർഡു ലഭിച്ചിട്ടുണ്ട്.

യശഃശരീരയായ കുമാരിയുടെ നാമധേയത്തിലുള്ള ഓപ്പൺ എയർ തീയേറ്ററിൽ നടക്കുന്ന നാടകമേള ഈ നാട്ടിലെ മാത്രമല്ല മീനച്ചിൽ താലൂക്കിലെ സാംസ്കാരിക രംഗത്ത് കഴിഞ്ഞ 12 വർഷമായി ഒരു നവചൈതന്യം പകർന്നുകൊടുക്കുവാനും ഒരു നാടകതരംഗം സൃഷ്ടിക്കുവാനും സാധിച്ചിട്ടുണ്ട്.

കൊല്ലവർഷം 1099-ൽ ഭരണരംഗത്തുനിന്നും സാഹിത്യ ചന്ദ്രിക എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിച്ചിരുന്നു. ഏതാനും വർഷങ്ങൾക്കു മുൻപ് പ്രേഷിതർ എന്നൊരു മാസികയും ഇവിടെ നിന്നും പുറപ്പെട്ടിരുന്നു. ഇപ്പോൾ മലയാളത്തിലെ ഏറ്റവും വലിയ മാസികകളിലൊന്നായ അസ്സീസിയും THE PASSION FLOWER എന്ന ഇംഗ്ലീഷ് ത്രൈമാസികയും കുഞ്ഞുമിഷനറി എന്ന നാമത്തിൽ ഒരു മാസികയും ഭരണങ്ങാനത്തുനിന്നും പ്രസിദ്ധം ചെയ്യപ്പെടുന്നു.

ഇന്ന് ഭരണങ്ങാനം പഞ്ചായിത്തിലെ കലാ സാംസ്കാരിക രംഗംശുഷ്കമാണ്. മുമ്പു പ്രസ്താവിച്ചതുപോലെ ഒരു ഗ്രന്ഥശാലയും, 3 വായനശാലകളും വിരലിലെണ്ണാവുന്നത്ര കലാ സാംസ്കാരിക സംഘടനകളുമേ നിലവിലുള്ളു. അവയുടെ പ്രവർത്തനമാകട്ടെ ആകെ മന്ദീഭവിച്ചുമാണ്. പഞ്ചായത്തിന്റെ വരുമാനത്തിൽ 6.50% മാത്രമാണ് ഈ രംഗത്തിനുവേണ്ടി ചിലവഴിക്കുന്നത്.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദേശങ്ങൾ താഴെപ്പറയുന്നവയാണ്.

1. പഞ്ചായത്ത് വക റഫറൻസ് ഗ്രന്ഥങ്ങളോടുകൂടിയ ഒരു ലൈബ്രറിയും റീഡിംഗ് റൂമും ആരംഭിക്കുക. ഇവിടെ അതോടൊപ്പം ഒരു ടെലിവിഷൻ സെന്റർ ആരംഭിച്ച് ഒരു സാംസ്കാരിക കേന്ദ്രം കൂടി ആരംഭിക്കുക.

2. യുവജനങ്ങൾക്ക് ഒത്തുകൂടുന്നതിനായി പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ക്ലബ്ബുകളും. ലൈബ്രറി, വായനശാല എന്നിവ ഉൾക്കൊള്ളുന്ന സാംസ്കാരിക കേന്ദ്രങ്ങൾ തുടങ്ങി നല്ല നിലയിൽ പ്രവർത്തിക്കുവാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുക.

3. പഞ്ചായത്തിന്റെ വിവധ കേന്ദ്രങ്ങളിൽ റ്റി.വി. സെറ്റുകൾ സ്ഥാപിക്കുക.

4. സാംസ്കാരികനായകന്മാരേ പങ്കെടുപ്പിച്ച് സമ്മേളനങ്ങൾ നടത്തുക.

5. പഞ്ചായത്തുവക സ്റ്റേഡിയം പൂർത്തിയാക്കുക.

6. വിജ്ഞാനപ്രദങ്ങളായ പരിപാടികൾ വി.സി.ആർ. ഉപയോഗിച്ച് റ്റി.വി. കേന്ദ്രങ്ങളിൽകൂടി ആഴ്ചയിൽ ഒരു ദിവസമെങ്കിലും പൊതുജനങ്ങളെ കാണിക്കുക.

7. നാടൻ കലാരൂപങ്ങൾക്കു പ്രോത്സാഹനം നൽകുക.

8. പാലായിൽ അനുവദിച്ചിരിക്കുന്ന നിർദ്ദിഷ്ട റ്റി.വി. റിലേകേന്ദ്രം കൂവക്കാട്ടുമലയിൽ സ്ഥാപിക്കുക.

9. കായിക കലാ മത്സരങ്ങളിൽ പഞ്ചായത്തിലുള്ളവർക്ക് അഭിരുചി വർദ്ധിപ്പാക്കാനുതകുന്ന മത്സരങ്ങൾ സംഘടിപ്പിക്കുക.

10. രാജ്യത്തിന്റെ വിവിധ ഭാഗത്തേക്ക് പഠനവിനോദയാത്രകൾ സംഘടിപ്പിച്ച്. അവിടങ്ങളിലുള്ളവരുടെ ജീവിതരീതിയും സംസ്കാരങ്ങളും മനസ്സിലാക്കുവാനുള്ള അവസരം ഉണ്ടാക്കുക.

11. വോളീബോൾ, ബാഡ്മിന്റൻ, തുടങ്ങിയവക്ക് വിവിധ വാർഡുകളിൽ കളിസ്ഥലങ്ങൾ ഒരുക്കുക. ഫുട്ബോൾപോലെ വിശാലമായ കളിസ്ഥലങ്ങൾ ഇവക്ക് ആവശ്യമില്ലല്ലോ. സ്കൂൾ

മൈതാനങ്ങൾക്കു ഉപയോഗിക്കുവനായി തുറന്നു കൊടുക്കുക. അയ്യമ്പാറയിലും പാമ്പൂരാംപാറയിലും ഓരോ മിനിസ്റ്റേഡിയങ്ങൾ 'പുറമ്പോക്കുപാറഭൂമി' നികത്തി നിർമ്മിക്കുക.

12. ഗ്രാമങ്ങളിലെ ലൈബ്രറികളിൽ സ്ത്രീകൾക്കും പ്രാതിനിധ്യം നൽകുക. അവർക്കുകൂടി ലക്ഷ്യബോധം വളർത്തുന്ന പുസ്തകങ്ങൾ പ്രചരിപ്പിക്കുക.

13. പഞ്ചായത്തു തലത്തിൽ കോച്ചിംഗ് സെന്ററുകൾ ആരംഭിച്ചു കായിക പരിശീലനം നൽകുക.

14. നിലവിലുള്ള സ്പോർട്സ് ക്ലബുകൾക്കു സ്പോർട്സ് കിറ്റുകൾ നൽകുക.

15. ആർഷഭാരതത്തിന്റെ സംസ്കാരം തലമുറകളിലേക്ക് പകർന്നു കൊടുക്കുന്നതിന് സംസ്കൃതപഠനത്തിനു പ്രാധാന്യം നൽകി സംസ്കൃത പഠനകേന്ദ്രങ്ങൾ നടത്തുക.

16. കായികാധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ അവരെ നിയമിക്കാൻ നടപടിയെടുക്കുക.

17. അംഗൻവാടികളുടെ സേവനം ലഭ്യമല്ലാത്തയിടങ്ങളിൽ അംഗൻവാടികളും, അതോടൊന്നിച്ചു പ്രവൃത്തിക്കത്തക്ക വിധത്തിൽ മഹിളാ സമാജങ്ങളും രൂപീകരിക്കുക.

ഒരു നല്ല തലമുറയെ കരുപ്പിടിപ്പിക്കുന്നതിൽ ഉത്തമഗ്രന്ഥങ്ങൾക്ക് വളരെയധികം പങ്കുണ്ട്. പാഠപുസ്തകങ്ങൾക്കു പുറമേയുള്ള വിശാലമായ വായന ഇന്നത്തെ പുതിയ തലമുറയിൽ വളരെ കുറവാണ്. അതല്ല, വായിക്കുന്നെങ്കിൽ പൈങ്കിളി നോവലുകളുടെ അതിപ്രസരമുള്ള വാരികകളാണ്. ഈ സ്ഥിതിക്ക് ഒരു മാറ്റം ഉണ്ടായേ തീരൂ. ഇലക്ട്രോണിക് മാധ്യമങ്ങളും വായനയിൽ നിന്നും പുതിയ തലമുറയേ പിന്തിരിപ്പിക്കുന്നുണ്ട്.

ഒത്തുചേർന്നു ചിന്തിക്കുന്നതിനും പ്രവൃത്തിക്കുന്നതിനും, കളിക്കുന്നതിനും ഇന്ന് പുതിയ തലമുറക്കു കഴിയുന്നില്ല. അവരുടെ കായിക സർഗ്ഗശക്തികളേ രാഷ്ട്രപുരോഗതിക്കുതകും വിധം തിരിച്ചുവിടാൻ വളർന്ന തലമുറക്കും കഴിയാതെ കുഴങ്ങുന്ന കാഴ്ചയാണ് ഇന്നു നമ്മുടെ മുമ്പിലുള്ളത്. ഇതിനുപരിഹാരം നാട്ടിൽ ഉണ്ടാകുന്ന വിവിധ സമിതികളാണ്. ഒന്നിച്ചുകൂടാനും ചിന്തിക്കാനും, പ്രവർത്തിക്കാനും അവരെ പ്രാപ്തരാക്കുന്ന നേതൃത്വവും അവർക്കാവശ്യമാണ്. ജാതി മതചിന്തകൾക്കും കക്ഷിരാഷ്ട്രീയത്തിനും അതീതരായി പ്രവർത്തിക്കുന്ന ഒരു യുവ തലമുറയെ വാർത്തെടുക്കുവാൻ ഉതകുന്നവിധം കലാകായിക സമിതികൾ പഞ്ചായത്തിലൂടനീളം പ്രവർത്തിക്കുന്നതു വഴിയേ ഇതു സാദ്ധ്യമാകൂ. ഇതിന് കളമൊരുക്കിയേ പറ്റൂ.

*"നന്മ ചലനാത്മകമായിത്തീരുന്നത് തിന്മയുടെ നേരേ പ്രയോഗിക്കുമ്പോൾ മാത്രമാണ്. നന്മയ്ക്കു പകരമായി നന്മ ചെയ്യുന്നത് വെറുമൊരു കച്ചവടമാണ്. അതിനു യാതൊരു മേന്മയുമില്ല. പക്ഷെ തിന്മയ്ക്കു പകരം നന്മകൊടുത്താൽ അതൊരു ശ്രാണനശക്തിയായിത്തീരുന്നു. അതിനുമുമ്പിൽ തിന്മ വിലയം പ്രാപിക്കുന്നു." (ഹരിജൻ 2.6.1946)*

*ഗാന്ധിജി*

# 9. വനിത

73,74-ാം ഭരണഘടനാ ഭേദഗതിയിലൂടെ നിലവിൽവന്ന "പഞ്ചായത്തീരാജ്" ഭരണസംവിധാനം പൊതുപ്രവർത്തനരംഗത്ത് ഇൻഡ്യയിൽ വലിയൊരു സാമൂഹ്യവിപ്ലവത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. പഞ്ചായത്തിരാജ് സ്ഥാപനങ്ങളിൽ 1/3 ഭാഗം സ്ത്രീകൾക്ക് സംവരണം ചെയ്യുകവഴി സ്ത്രീപുരുഷ സമത്വമെന്നവാദത്തിലേക്കുള്ള ഏറ്റവും അംഗീകൃതവും ശ്രദ്ധേയവുമായ നടപടിയായി-നിയമനിർമ്മാണമായി ഇതിനെ കണക്കാക്കാം. പാർലമെന്റിലും നിയമസഭകളിലും ഈ അനുപാതത്തിൽ വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന നിയമവും അവതരിപ്പിച്ചു കഴിഞ്ഞ സാഹചര്യത്തിൽ പൊതുപ്രവർത്തനരംഗത്ത് വനിതകൾക്കുള്ള അവകാശവും താല്പര്യവും ഒന്നുപോലെ പ്രസ്താവയോഗ്യമാണ്.

കേരളത്തിൽ വനിതകൾ മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് എല്ലാ രംഗത്തും വളരെവളരെ മുൻപന്തിയിലാണങ്കിലും ഒരുവനിതാ മുഖ്യമന്ത്രിയെന്ന സാക്ഷാത്ക്കാരം ഇന്നും ഒരു മരീചികയായി തന്നെ അവശേഷിക്കുന്നു. ഇത് വനിതകൾക്ക് ഒരു ബാലികേറാമലയാണോ? പ്രബുദ്ധരായ വനിതകൾ ചിന്തിക്കേണ്ടതാണ്. പഞ്ചായത്തിരാജ് സംവിധാനത്തിൽ സ്ത്രീകൾക്ക് പ്രസിഡണ്ട് സ്ഥാനം സംവരണം ചെയ്യുന്നതിനു മുൻപ്തന്നെ, കഴിഞ്ഞ പഞ്ചായത്ത് കമ്മിറ്റിയുടെ അവസാന കാലഘട്ടത്തിൽ ഒരു വനിത ഈ പഞ്ചായത്തിന്റെ പ്രസിഡണ്ടന്റായി പ്രവർത്തിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ ഒരു പ്രമുഖ സഹകരണബാങ്കിന്റെ പ്രസിഡണ്ടായി ഒരുവനിത സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോഴും ഒരു വനിത തന്നെയാണ് ഈ പഞ്ചായത്തിന്റെ പ്രസിഡന്റ്.

രാഷ്ട്രീയ പ്രബുദ്ധതയുടെ നാടായ കേരളത്തിലെ (മദ്ധ്യതിരുവതാംകൂറിലെ) ലോകപ്രശസ്തമായി തീർന്നിരിക്കുന്ന ഒരു ഗ്രാമമാണ് ഭരണങ്ങാനം. മീനച്ചിലാറിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന ഈ ഗ്രാമം വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ ജീവിതംകൊണ്ടും പ്രവർത്തനംകൊണ്ടും അന്ത്യവിശ്രമംകൊണ്ടും ലോകത്തിന്റെ മുഴുവൻ ശ്രദ്ധയും ഇന്ന് പിടിച്ചുപറ്റിക്കൊണ്ടിരിക്കുന്നു. അത്മീയതയുടെ അകത്തളങ്ങളിൽ ഒളിചിന്തി പ്രശോഭിക്കുന്ന പൊൻതാരകമാണ് അൽഫോൻസാമ്മ. തീർത്ഥാടനകേന്ദ്രമെന്ന നിലയിൽ ദിവസേന ആയിരക്കണക്കിന് ഭക്തജനങ്ങൾ അമ്മയുടെ മാദ്ധ്യസ്ഥ്യത്തിനുവേണ്ടി ഭരണങ്ങാനത്ത് എത്തുമ്പോൾ ഈ പ്രദേശത്തിന്റെയും ഗ്രാമത്തിന്റെയും പ്രാധാന്യം വികസനപരമായി മറ്റേതു പ്രദേശത്തേക്കാളും കൂടുതൽ പ്രാധാന്യമർഹിക്കുന്നു. ഒരു ഗ്രാമത്തിന്റെ ആസ്ഥാനമെന്ന നിലയിൽതന്നെ ലോകപ്രശസ്തമായ ഒരു തീർത്ഥാടന കേന്ദ്രമായി ഇതിന്റെ വികസനത്തെ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

സിനിമാലോകത്ത് മിസ് കുമാരി എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഭരണങ്ങാനം, കൊല്ലംപാമ്പിരിക്കുടുംബത്തിലെ ത്രേസ്യാമ്മ തോമസ് കലാസംസ്കാരികരംഗത്ത് ഭരണങ്ങാനത്തിന്റെ വെള്ളിനക്ഷത്രമായിരുന്നു. രണ്ടുദശാബ്ദ കാലത്തു വെള്ളിത്തിരയിൽ ശോഭിച്ചിരുന്ന അവർ മലയാള ചലച്ചിത്രരംഗത്തെ ഒരു അഭിനയ ചക്രവർത്തിനി തന്നെയായിരുന്നു.

ഇൻഡ്യൻ സ്വാതന്ത്ര്യത്തിനു മുമ്പ് 1937-44, 1944-47 കാലഘട്ടത്തിലെ തിരുവതാംകൂറിലെ M.L.C.യായിരുന്നു ഭരണങ്ങാനം തറപ്പേൽ പനച്ചിക്കൽ മിസ്സ് ത്രേസ്യാമ്മ കോര. എന്നുള്ളത് ഈ പഞ്ചായത്തിലെ വനിതകൾക്ക് അഭിമാനിക്കാവുന്ന കാര്യമാണ്.

കൂടാതെ, സർ സി.പി. യുടെ വിദ്യാഭ്യാസനയങ്ങൾക്കെതിരായി സമരം നയിച്ചിട്ടുള്ള ശ്രീമതി. ചിന്നമ്മചാണ്ടി, മച്ചിയാനിയെപോലുള്ള വീരവനിതകൾക്കും ഈ ഗ്രാമം ജന്മം നൽകിയിട്ടുണ്ട്.

ഈ പശ്ചാത്തലത്തിൽ വനിതാക്ഷേമപദ്ധതികളും പ്രവർത്തനങ്ങളും ഈ നാടിന്റെ പുരോഗതിയിലും സംസ്കാരത്തിലും ഗണ്യമായ ഒരു പങ്ക് വഹിക്കാനുണ്ടാകും എന്ന കാര്യം നിസ്തർക്കമാണ്. എന്നാൽ ആത്മീയതയിലും സാമൂഹ്യരാഷ്ട്രീയ സാംസ്കാരിക കലാരംഗങ്ങളിലും എല്ലാം വലിയൊരു പശ്ചാത്തലമുള്ള ഈ നാട്ടിലെ വനിതകൾ പൊതുരംഗത്തേക്കിറങ്ങുവാൻ അറച്ചുനിൽക്കുന്ന ഇപ്പോഴ

ത്തെ അന്തരീക്ഷത്തെ മാറ്റി ഒരു പുത്തനുണർവ് പ്രദാനം ചെയ്യുവാൻ ജനകീയാസൂത്രണം വഴി സാധിക്കുമെന്ന് ഉറച്ച വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.

ഭരണങ്ങാനം പഞ്ചായത്തിൽ 1991ലെ സെൻസസ് പ്രകാരം പുരുഷന്മാർ 7949 ഉം സ്ത്രീകർ 8056 ഉം ആണ്. 60 വയസിൽ താഴെയുള്ള സ്ത്രീകളിൽ 98% ഉം സാക്ഷരരാണ്. വിദ്യാഭ്യാസമില്ലാത്തവർ 5% മാത്രമേയുള്ളു.

സാമൂഹ്യപ്രവർത്തന മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം നാമമാത്രമായിട്ടെങ്കിലും നമ്മുടെ പഞ്ചായത്തിലുണ്ട്. സജീവമല്ലെങ്കിലും 5 മഹിളാസമാജങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. മദ്യനിരോധന സമിതിയുടെ ഒരു വനിതാ യൂണിറ്റ് സജീവമായി പ്രവർത്തനരംഗത്തുണ്ട്. 17 അങ്കണവാടികളിലായി 341 കുട്ടികൾ പഠിക്കുന്നു.

ഉദ്യോഗസ്ഥരായ സ്ത്രീകൾ കുറവായ ഈ പഞ്ചായത്തിൽ പാവപ്പെട്ട സ്ത്രീകളിൽ ഭൂരിഭാഗവും കൂലിവേല ചെയ്യുന്നവരാണ്. സത്രീകൾക്കുവേണ്ടി മാത്രം വ്യാവസായികാടിസ്ഥാനത്തിൽ വളരെ പ്രശസ്തമായ ഒരു തയ്യൽപരിശീലന കേന്ദ്രം ഇടപ്പാടിയിലുണ്ട്. ഭരണങ്ങാനം ഐ.എച്ച്.എം. ഹോസ്പിറ്റലിനോടനുബന്ധിച്ച് ജനറൽ നേഴ്സിംഗ് സ്കൂളും, മൾട്ടിപർപ്പസ് ഹെൽത്ത് വർക്കേഴ്സ് സ്കൂളും പ്രവർത്തിക്കുന്നു. ചൂണ്ടച്ചേരിയിൽ 'റബ്ബർ ഇൻഡസട്രീസ്' എന്ന പേരിലൊരു വ്യവസായ ശാലയും നടത്തുന്നുണ്ട്. ഖാദിമേഖലയിൽ 50 വനിതകൾക്ക് നൂൽനൂൽപ് പരിശീലനം നൽകി ചർക്കയിൽ നൂൽ നൂൽക്കുന്ന ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഭരണങ്ങാനം സ്നേഹ ഭവൻ എന്ന വൃദ്ധമന്ദിരത്തിനോടനുബന്ധിച്ച്, ഡയറിവകുപ്പിൽ നിന്നും പാലുൽപ്പന്നങ്ങൾ വിവിധ തരത്തിൽ ഉണ്ടാക്കുന്നതിന് വനിതകൾക്ക് പരിശീലനം നൽകുകയും വനിതാ മിൽക് പ്രൊഡക്ട് യൂണിറ്റ് രൂപീകരിച്ച് പ്രവർത്തിച്ചുവരികയുമാണ്.

## പ്രശ്നങ്ങൾ

1. ബഹുജനസംഘടനകളിലെ വനിതാ പങ്കാളിത്തം മതപരമായ സംഘടനകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു.

2. രാഷ്ട്രീയ പാർട്ടികളിൽ അംഗത്വമുണ്ടെങ്കിലും സ്ത്രീകൾ നേതൃരംഗത്തേക്കു വരുന്നില്ല. സംവരണത്തിന്റെ ആനുകൂല്യത്തിൽ നേതൃസ്ഥാനത്തെത്തിയവർ മാത്രമേ ഇപ്പോൾ പ്രവർത്തനരംഗത്തുള്ളു.

3. സ്വന്തംപേരിൽ സ്ഥലമില്ലാത്തതുമൂലം വായ്പയെടുത്ത് ചെറിയ തോതിലുള്ള വ്യവസായയൂണിറ്റുകൾ ആരംഭിക്കുവാൻ സാധിക്കുന്നില്ല.

4. സ്ത്രീധനത്തിന്റെ പേരിൽ പീഡനം അനുഭവിക്കേണ്ടിവരുന്ന സ്ത്രീകൾ ധാരാളമായി ഈ പഞ്ചായത്തിലുണ്ട്. എന്നാൽ പീഡനത്തിന്റെ കഥകൾ വളരെ നാമമാത്രമായി മാത്രമേ പുറത്തുവരാറുള്ളു.

5. വിധവാ പെൻഷൻ 35 പേർക്ക് മാത്രമാണ് ലഭിക്കുന്നത്.

6. തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല. പുരുഷന്മാരേക്കാൾ 40% കുറഞ്ഞ കൂലിയാണ് സ്ത്രീകൾക്കു കിട്ടുന്നത്.

7. ഗൃഹജോലി ഏറ്റവും മാന്യമായി കരുതുന്നതുമൂലം വിദ്യാസമ്പന്നരായ പെൺകുട്ടികൾപോലും ഉദ്യോഗത്തിനു പോകുവാൻ താല്പര്യപ്പെടുന്നില്ല.

8. നാണ്യവിളകൾ മുഖ്യവിളയായതോടെ. ഭക്ഷ്യവിളകളുടെ ഉല്പാദനം കുറയുകയും തന്മൂലം ആ മേഖലയിൽ സ്ത്രീകൾക്കുണ്ടായിരുന്ന തൊഴിലവസരങ്ങൾ കുറയുകയും ചെയ്തു.

9. നിലവിലുള്ള അങ്കണവാടികളുടെയും വായനശാലകളുടെയും പ്രവർത്തനം വേണ്ടത്ര തൃപ്തികരമല്ല. അംഗൻവാടികളിൽ വേണ്ടത്ര സൗകര്യങ്ങളില്ല.

10. സ്ത്രീകൾ ഗൃഹങ്ങളിൽ സ്വന്തമായി ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് വേണ്ടത്ര വിപണന സാദ്ധ്യതകളില്ല.

11. സത്രീസംബന്ധമായ അശ്ലീലചിത്രങ്ങളും പോസ്റ്ററുകളും സത്രീകൾക്ക് സമൂഹത്തിലുള്ള മാന്യത നഷ്ടപ്പെടുത്തുവാനും ആത്മവിശ്വാസം തകർക്കുവാനും വഴിയൊരുക്കുന്നു.

12. തൊഴിൽ രംഗത്ത് പ്രവർത്തിക്കുന്നതിന് ആവശ്യമായ തൊവിലധിഷ്ഠിത വിദ്യാഭ്യാസം സത്രീകൾക്കു ലഭിക്കുന്നില്ല.

13. തൊഴിൽ നിയമങ്ങളെക്കുറിച്ച് വേണ്ടത്ര പരിജ്ഞനവും ആവശ്യമായ പരിശീലനവും ലഭ്യമാക്കുന്നില്ല.

14. സാമൂഹ്യമായ എല്ലാ പരിരക്ഷകളും ഉറപ്പുവരുത്തുക.

15. മഹിളാപ്രദാൻ ഏജന്റുമാരുടെ എണ്ണം വർദ്ധിപ്പിക്കുക.

## സാദ്ധ്യതകൾ

വനിതകളുടെ വികസനവും ക്ഷേമവും ലക്ഷ്യമാക്കുമ്പോൾ എല്ലാ രംഗത്തും ശരിയായ ബോധവൽക്കരണം ആവശ്യമാണെന്ന് മനസിലാക്കാം. വ്യവസായ മേഖലകളിലും വിദ്യാഭ്യാസ സാമൂഹ്യമേഖലകളിലും സ്ത്രീകൾക്കും പരിശീലനം നൽകുന്നതിനുള്ള പല പദ്ധതികളും ഗവണ്മെന്റും സന്നദ്ധ സംഘടനകളും ഏറ്റെടുത്തു നടത്തുന്നുണ്ടെങ്കിലും അതിൽപങ്കെടുത്ത് വേണ്ടത്ര അവബോധം കൈവരിക്കുവാൻ ആരും തയ്യാറാകുന്നില്ല. ബോധവൽക്കരണത്തിലൂടെ സാമ്പത്തികമായി സ്വയംപര്യാപ്തത ആർജ്ജിക്കേണ്ടതിന്റെ ആവശ്യകത മനസിലാക്കേണ്ടിയിരിക്കുന്നു. പൊതുപ്രവർത്തകരും പരിചയസമ്പന്നരും തങ്ങളുടെ അനുഭവസമ്പത്ത് പങ്കുവെയ്ക്കുന്നതി ഏറെ നന്ന്. അത് ഒരു ആത്മബോധം വളർത്തുന്നതിന് വളരെയേറെ സഹായിക്കും.

സ്ത്രീകളുടെ സംരംഭങ്ങൾക്ക് ആവശ്യമായ ധനസഹായവും പ്രോത്സാഹനവും നൽകിയാൽ, പ്രവർത്തനങ്ങളെ ഉദ്ദീപിപ്പിക്കുമെന്നു മാത്രമല്ല, മറ്റുള്ളവർക്കുകൂടി അത് പ്രോത്സാഹജനകവുമായിരിക്കും.

ചെറുകിടവ്യവസായങ്ങളെ സംബന്ധിക്കുന്ന പരിശീലന പരിപാടികളെക്കുറിച്ചുള്ള വിവരങ്ങൾ പഞ്ചായത്താഫീസിൽ ശേഖരിക്കുകയും അവ താൽപര്യമുള്ള സ്ത്രീകൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

സ്ത്രീകൾക്കായി പ്രത്യേക ഗ്രാമസഭകൾ വിളിച്ചുകൂട്ടി തങ്ങളുടെ ഗ്രാമവും പഞ്ചായത്ത് മെമ്പർമാരും തമ്മിലുള്ള അടുപ്പം വർദ്ധിപ്പിക്കുകയും ഗ്രാമസഭകളിൽ നിർബന്ധമായും സ്ത്രീകൾ പങ്കെടുക്കുന്നതിന്റെ ആവശ്യകത മനസിലാക്കികൊടുക്കുകയും ചെയ്യുന്നത് വളരെ പ്രയോജനപ്രദമാണ്.

വീടുകൾ കേന്ദ്രീകരിച്ച് അച്ചാറുകൾ, പലഹാരങ്ങൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ തുടങ്ങിയ ചെറുകിട വ്യവസായങ്ങൾ നടത്തുന്നതിന് ആവശ്യമായി ഒരു സൊസൈറ്റി രൂപീകരിക്കുന്നത് പ്രയോജനപ്രദമാണ്. വിപണന സൗകര്യവും പഞ്ചായത്ത് മുൻകൈയെടുത്ത് ഉണ്ടാക്കേണ്ടതാണ്.

ഭരണങ്ങാനം പോലുള്ള സ്ഥലങ്ങളിൽ വനിതകൾക്ക് നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഭക്ഷണശാലകൾ പ്രവർത്തിപ്പിക്കാവുന്നതാണ്. തിരക്കേറിയ അവസരങ്ങളിൽ ഭക്ഷണ പായ്ക്കറ്റുകൾ വില്ക്കാവുന്നതുമാണ്. അതുപോലെ ഭക്തജനങ്ങൾക്കാവശ്യമായ സാധനസാമഗ്രികൾ ഉല്പാദിപ്പിച്ച് വിൽക്കാനും സന്ദർഭമുണ്ട്.

സാമ്പത്തികമായി ഭദ്രതയുള്ള വനിതകൾ മുൻകൈയെടുത്ത്, തയ്യൽപരിശീലനം നേടി സ്വന്തമായി തയ്യൽ മിഷ്യനുള്ള പെൺകുട്ടികൾക്ക് സ്വന്തം വീടുകളിലിരുന്ന് തയ്ച്, തിരിയെ ഏല്പിച്ച് വേതനം പറ്റി, അവ കടകളിലും ഷോറൂമുകളിലുമായി വിറ്റഴിക്കുവാൻ സാധിക്കുന്നതാണ്.

പച്ചക്കറിത്തോട്ടങ്ങൾ ആരംഭിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും അവ വാർഡുകളിൽ തന്നെ വിറ്റഴിക്കുന്നതിനും ശേഷിക്കുന്നവ പഞ്ചായത്തടിസ്ഥാനത്തിൽ വിൽക്കുന്നതിന് പൊതുമാർക്കറ്റ് സംവിധാനം ഉണ്ടാക്കുന്നതിനും പദ്ധതി ആസൂത്രണം ചെയ്യുക.

മഹിളാസമാജങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും ഗ്രാമീണവായനശാലകളിൽ കുറഞ്ഞത് ഒരു ദിവസമെങ്കിലും വനിതകൾക്കു മാത്രമായി മാറ്റിവയ്ക്കുയും ഭരണസമിതികളിൽവനിതാപ്രാതിനിധ്യം ഉറപ്പുവരുത്തുകയും വേണം. വായനയിലൂടെയും ചർച്ചകളിലൂടെയും വനിതകളെ മുൻപന്തിയിൽ കൊണ്ടുവരാൻ സാധിക്കുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ നേരിടുന്ന മദ്യവിപത്തിനെതിരായി മഹിളാസമാജങ്ങളുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണം നടത്തുകയും മദ്യവിരുദ്ധ പഞ്ചായത്തിനായി പ്രയത്നിക്കുകയും ചെയ്യുക.

സ്ത്രീപീഡനങ്ങളെക്കുറിച്ച് റിപ്പോർട്ടു ചെയ്യുന്നതിന് സ്കാർഡുകൾ രൂപീകരിക്കുകയും മാനസികമായി പീഡയനുഭവിക്കുന്നവർക്ക് കൗൺസിലിംഗിനും ആക്ഷൻ കമ്മറ്റികൾ മുഖാന്തിരം സൗകര്യം ഉണ്ടാക്കുകയും വേണം.

സ്ത്രീകളെ സംബന്ധിക്കുന്ന അശ്ലീല ചിത്രങ്ങളും പോസ്റ്ററുകളും നീക്കം ചെയ്യുന്നതിന് സ്ത്രീപുരുഷ ഭേദമന്യേ തയ്യാറാവുകയും, ശക്തമായി പ്രതികരിക്കുകയും വേണം.

നല്ല വിലയും വിപണനസാദ്ധ്യതയുമുള്ള കൂറ്റിമുല്ല കൃഷി, ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുകയും വായ്പകൾ ലഭിക്കുന്നതിന് സൗകര്യം ഉണ്ടാക്കുകയും വേണം.

## പൊതുവായ നിർദ്ദേശങ്ങൾ

1. പച്ചക്കറിത്തോട്ടവും പുഷ്പഫല കൃഷിയും വ്യാപകമായ തോതിൽ ആരംഭിക്കുക.

2. അച്ചാറുകൾ, പലഹാരങ്ങൾ, റെഡിമെയ്ഡ് വസത്രങ്ങൾ ഇവ ഉണ്ടാക്കി വിതരണം നടത്തുക.

3. തയ്യൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

4. വനിതാ കാന്റീനുകൾ സ്ഥാപിക്കുക.

5. വനിതാ സമാജങ്ങൾ എല്ലായിടത്തും ആരംഭിക്കുക.

6. ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ചുള്ള സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുക.

7. സ്വയം തൊഴിൽ കണ്ടെത്തി അവ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ എല്ലാവിധ സൗകര്യങ്ങളും ഉറപ്പുവരുത്തുക.

8. തുല്യജോലിക്ക് തുല്യവേതനം ഉറപ്പു വരുത്തുക.

8. വനിതാ സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

10. അങ്കണവാടികളിൽ ആവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്തുക.

11. മദ്യനിരോധനം നടപ്പാക്കി പീഡനവും അക്രമവും തടയുക.

12. തൊഴിൽ പരിശീലനങ്ങൾ നൽകുക.

13. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ വനിതാപ്രവർത്തകരുടെയും പ്രതിവർഷയോഗങ്ങൾ സംഘടിപ്പിച്ച് പ്രവർത്തനങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കുക.

14. വനിതാ സന്നദ്ധപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

15. ഭരണരംഗത്ത് ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കാന്റീൻ സൗകര്യങ്ങളോടെ ആരംഭിക്കുക.

16. കാട്ടുതീപോലെ പടരുന്ന എയ്ഡ്സ് രോഗത്തെ തടയുന്നതിന് സ്ത്രീകളുടെ ഇടയിൽ പ്രത്യേക ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിക്കണം.

18. മനുഷ്യൻ പെരുകുന്നതനുസരിച്ച് ഭൂമി വലുതാകുന്നില്ല. ജനസംഖ്യാവർദ്ധനവ് ഇതേരീതിയിൽപോയാൽ ലോകം എവിടെ ചെന്നവസാനിക്കും എന്നുള്ള കാര്യം വളരെ ഗൗരവമായി ചിന്തിക്കേണ്ടതാണ്. ജനസംഖ്യാവർദ്ധനവിനെയും കുടുംബാസൂത്രണത്തിനെയും പറ്റി സ്ത്രീകളുടെയിടയിൽ കൂടുതൽ ബോധവൽക്കരണപരിപാടികൾ നടപ്പിലാക്കണം. ഒരു കുടുംബത്തിന് '2കുട്ടികൾ" എന്നുള്ള നയം "ഒരുകുട്ടി" എന്നാക്കി ചുരുക്കേണ്ട കാലം അതിക്രമിച്ചു. വേണ്ടിവന്നാൽ സർക്കാരിന്റെ സാമ്പത്തികാനുകൂല്യങ്ങൾ ഒരു കുടുംബനത്തിൽ ഒന്നല്ലെങ്കിൽ രണ്ടുകുട്ടികൾക്ക് എന്നാക്കി നിജപ്പെടുത്താനും തയ്യാറായാൽ ജനങ്ങൾ ഇതേപ്പറ്റി കൂടുതൽ ബോധവാന്മാരാകാൻ നിർബന്ധിതരാകും.

സർവ്വേ പരിസ്വയം സംഘടിക്കുകയും, അവകാശങ്ങളെയും, കടമകളെയുംപ്പറ്റി ബോധമതികളാകുകയും, സിദ്ധികൾക്കനുസൃതമായി രൂപകല്പന ചെയ്യുകയും ഉദ്ദേശശുദ്ധിയോടുകൂടി ത്യാഗങ്ങൾ സഹിക്കാൻ തയ്യാറാവുകയും ചെയ്താൽ വനിതാ പ്രവർത്തനത്തിനും, ക്ഷേമത്തിനും തുടക്കമായി. കുടുംബത്തിലും ഗ്രാമത്തിലും ഐശ്വര്യവുമായി.

*അപമാനിക്കപ്പെടുന്ന ഒരു സ്ത്രീ ഹിംസയുടെയും അഹിംസയുടെയും ഒന്നും അടിസ്ഥാനത്തിൽ ചിന്തിക്കേണ്ടകാര്യമില്ല. അവളുടെ പ്രഥാമിക കടമ സ്വയം സംരക്ഷണമാണ്, സ്വാഭിമാനം സംരക്ഷിക്കാൻ ഏതു മാർഗ്ഗവും അവൾക്കുസ്വീകരിക്കാം*

ഗാന്ധിജി (ഹരിജൻ 1-3-1942)

# 10. സഹകരണം

സഹകരണം എന്ന പഞ്ചാക്ഷരിയെക്കുറിച്ച് കേൾക്കാത്തവരില്ല. ഒരു വ്യക്തിയുടെ ഉദ്ഭവം മുതൽ അവസാനംവരെ അനുഗമിക്കുന്ന ഏകവിഷയം സഹകരണമാണ്. സഹകരണം ഒരു ജീവിത രീതിയാണ്. സഹകരണം ഒരു ചിന്താധാരയെ പ്രതിനിധീകരിക്കുന്നു.

ലോകത്തിലെ ഏറ്റവും വിപുലമായ സഹകരണപ്രസ്ഥാനങ്ങളിലൊന്നാണ് ഇൻഡ്യയിലേത്. ദേശീയ സഹകരണയൂണിയന്റെ കണക്കനുസരിച്ച് 16 കോടിയിൽപ്പരം ആളുകൾ നമ്മുടെ സഹകരണപ്രസ്ഥാനത്തിൽ അണിചേർത്തിരിക്കുന്നു. അംഗബലത്തിന്റെ കാര്യത്തിൽ ഇൻഡ്യൻ സഹകരണ പ്രസ്ഥാനം ലോകത്ത് തന്നെ മുൻപന്തിയിലാണ്. മൊത്തം മൂലധന നിക്ഷേപമാകട്ടെ ഏതാണ്ട് 72000 കോടി രൂപയോളം വരും.

കേരളത്തിലെ ക്രെഡിറ്റ് മേഖല, മഹാരാഷ്ട്രയിലെ പഞ്ചസാര മില്ലുകൾ, ബംഗാളിലെ ചണമില്ലുകൾ, കേരളത്തിലെ ദിനേശ് ബീഡി സംഘം. ഗുജറാത്തിലെ ക്ഷീരസംഘങ്ങൾ വൻകിട വളനിർമ്മാണ സംഘങ്ങളായ ഇഫ്കോ, ക്രിഫ്കോ, കണ്ണൂരിലെ സഹകരണ മെഡിക്കൽ കോളേജ് തുടങ്ങി ഒട്ടുവളരെ സഹകരണസ്ഥാപനങ്ങളുടെ നെറ്റ്വർക്കാണ് ഇൻഡ്യയിലെ സഹകരണ പ്രസ്ഥാനം. അതുകൊണ്ടാണ് എല്ലാവർഷവും നവം.14 മുതൽ നവം. 20 വരെ സഹകരണവാരം സമുചിതമായി ആഘോഷിക്കുവാൻ അന്താരാഷ്ട്ര സഹകരണസഖ്യം പ്രത്യേകാനുമതി നൽകിയിരിക്കുന്നത്.

ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള സഹകരണ പ്രസ്ഥാനമാണ് നമ്മുടെത്. 1904 ലെ സഹകരണ നിയമത്തിനു മുൻപ് തന്നെ ഇൻഡ്യയിൽ സഹകരണപ്രസ്ഥാനങ്ങൾ ജന്മമെടുത്തിരുന്നു. 1912ലെ രണ്ടാം സഹകരണനിയമം 1919ലെ മൊൺടേഗു ചെംസ് ഫോർഡ് ഭരണപരിഷ്ക്കാരങ്ങൾ എന്നിവ സഹകരണ മേഖലയ്ക്ക് കൂടുതൽ ഉത്തേജനമേകി സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തോടൊപ്പം സഹകരണ പ്രസ്ഥാനങ്ങളും മുളച്ചുവന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷമാകട്ടെ സഹകരണമേഖല വൈപുല്യത്തിലും വൈവിധ്യത്തിലും മുന്നേറി. ഇന്നത് ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്വാധീനിക്കുന്നു. രാഷ്ട്രത്തിന്റെ സമ്പദ്ഘടനയുടെ പ്രത്യേകിച്ച് ഗ്രാമീണ മേഖലയുടെ ശിലാധാരങ്ങളിലൊന്നാണത്.

രാഷ്ട്രീയ, സാമ്പത്തിക പ്രശ്നങ്ങൾ നമ്മുടെ സഹകരണ പ്രസ്ഥാനത്തിനൊരു വെല്ലുവിളിയായിരിക്കുകയാണ്. അതുപോലെ തന്നെ സഹകരണ മേഖലയ്ക്ക് അർഹിക്കുന്ന പ്രാതിനിധ്യം വികസന പ്രവർത്തനങ്ങളിൽ ലഭിക്കുകയും അതിനൊത്ത അംഗീകാരം കിട്ടുകയും വേണം.

## സഹകരണ മേഖല ഭരണങ്ങാനം പഞ്ചായത്തിൽ

ഭരണങ്ങാനം പഞ്ചായത്തിൽ പ്രധാനമായും രണ്ടു സർവ്വീസ് സഹകരണ ബാങ്കുകളാണ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പഞ്ചായത്തിന്റെ ആസ്ഥാനമായ ഭരണങ്ങാനത്ത് പ്രവർത്തിക്കുന്ന ഭരണങ്ങാനം സർവീസ് സഹകരണബാങ്കും ചൂണ്ടച്ചേരി സർവ്വീസ് സഹകരണ ബാങ്കുമാണവ. ഇവ രണ്ടും കൂടാതെ ഭരണങ്ങാനം സർവ്വീസ് സഹകരണസംഘം എന്ന പേരിൽ പ്രവർത്തനം ഏതാണ്ട് നിലച്ച ഒരു സഹകരണ പ്രസ്ഥാനവും ഭരണങ്ങാനത്തുണ്ട്. കൺസ്യൂമർ വിഭാഗത്തിൽ ഒരു സംഘവും ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. സ്കൂൾ സഹകരണ സംഘങ്ങൾ ഭരണങ്ങാനത്തുള്ള 2 ഹൈസ്കൂളിലും ഉള്ളനാട് യു.പി. സ്കൂളിലുമായി പ്രവർത്തിച്ചിരുന്നു. ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ 3 എണ്ണം പ്രവർത്തിച്ചിരുന്നു. പാലിന്റെ ഉൽപാദനത്തിൽ വന്ന ഗണ്യമായ കുറവ് പ്രവിത്താനത്തെ സംഘത്തിന്റെ പ്രവർത്തനം നിലച്ചുപോകുന്നതിനു തന്നെ കാരണമായി. ഭരണങ്ങാനത്തും ചൂണ്ടച്ചേരിയിലും ഓരോ ക്ഷീരോത്പാദകസംഘങ്ങൾ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. ചെറുകിട റബ്ബർ കർഷകർ തിങ്ങിപാർക്കുന്ന ഈ പഞ്ചായത്തിലെ 9 വാർഡുകളിൽ എട്ട് റബർ ഉല്പാദക സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. റബർ കർഷകർക്ക് സഹായകമാകേണ്ട പ്രസ്തുത സംഘങ്ങൾ ഉദ്ദേശിച്ച നിലവാരത്തിലേക്ക് പ്രവർത്തനം എത്തിക്കുവാൻ സാധിച്ചി

ട്ടില്ല. എങ്കിലും ചൂണ്ടച്ചേരി, അളനാട് എന്നീ ആർ.പി.എസുകൾ സാമാന്യം ഭേദപ്പെട്ട പ്രവർത്തനം കാഴ്ചവെയ്ക്കുന്നുണ്ട്. പഞ്ചായത്തിൽ മൂന്നു പനയുടമ സംഘങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. പനയുടമകൾക്ക് ഉല്പാദിപ്പിക്കുന്ന കള്ളിന്റെ ഉടമപാട്ടമായി ന്യായവില ഉറപ്പുവരുത്തുന്നതിനും ടി തുക കർഷകർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന പ്രവർത്തനത്തിൽ മാത്രം അവ ശ്രദ്ധ ചെലുത്തുന്നു. ആകെ, ഒരു തേനീച്ച വളർത്തൽ സംഘം പ്രവർത്തിക്കുന്നു. 1991-ൽ ഉള്ളനാട്ടിൽ ആരംഭം കുറിച്ച ഈ സംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ ഇതരഭാഗങ്ങളിലേക്ക് വ്യാപിച്ചിട്ടില്ല. മീനച്ചിൽ താലൂക്കിൽപെട്ട, ഈ പഞ്ചായത്തിൽ, പാല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പാലാ കാർഷിക വികസന ബാങ്കും, പാല അർബൻ ബാങ്കും തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## കാർഷിക വായ്പാ സംഘങ്ങൾ.

### 1. ഭരണങ്ങാനം സർവ്വീസ് സഹകരണ ബാങ്ക്.

ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളും പ്രവർത്തനമേഖലയായുള്ള ഈ പഞ്ചായത്തിലെ ആദ്യത്തെ ബാങ്കാണിത്. 1957-ൽ മുൻമുഖ്യമന്ത്രിയും മുൻ കേന്ദ്രമന്ത്രിയുമായിരുന്ന ശ്രീപനമ്പിള്ളി ഗോവിന്ദമേനോൻ ആണ് ഇതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. ശ്രീ ദേവസ്യ ദേവസ്യ പറമുണ്ടയിൽ ആദ്യകാല പ്രസിഡണ്ടായും ശ്രീ. കെ ഗോപാലൻ മഠത്തിൽ, ആദ്യകാല സെക്രട്ടറിയുമായിട്ടായിരുന്നു പ്രവർത്തനാരംഭം കുറിച്ചത്. തുടക്കത്തിൽ വളരെ നല്ല നിലയിൽ പ്രവർത്തനം ആരംഭിച്ചു. ഒരു ഒന്നാംകിട ബാങ്കായി വളർന്ന ഈ പ്രസ്ഥാനം പിന്നീട് മാറിമാറിവന്ന സർക്കാരുകളുടെയും, രാഷ്ട്രീയ അതിപ്രസരണത്തെയും അതിജീവിക്കുവാൻ കഴിയാത്തതിന്റെ ഫലമായി, നിക്ഷേപ, വായ്പാ രംഗത്ത് ഗണ്യമായ കുറവുകൾ അനുഭവപ്പെടുകയും, കുടിശ്ശിക ഭീമമായി ഉയരുകയും ചെയ്ത് നിർജ്ജീവ്യം ചേതനയറ്റതുമായി തീരുവാനും ഇടയായി. അനർഹർക്ക് നൽകിയ അംഗത്വവും വായ്പയും ഈ ബാങ്കിന്റെ കുതിച്ചുകയറ്റത്തെ പിടിച്ചു നിറുത്തി. എന്നാൽ അടുത്തകാലത്ത് ശ്രീ.കെ.എം.മാത്തൻ കള്ളുരയിൽ നേതൃത്വം കൊടുക്കുന്ന ഭരണസമിതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഫലമായി, വായ്പ കുടിശ്ശികൾ പിരിച്ചെടുത്തും എല്ലാ വിധത്തിലും നിക്ഷേപങ്ങൾ വർദ്ധിപ്പിച്ചും അർഹതയുള്ളവർക്ക് ആവശ്യാനുസരണം വായ്പകൾ നൽകിയും ഓണച്ചന്തകൾ നടത്തിയും, ബാങ്കിനെ പുരോഗതിയുടെ പാതയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. നിക്ഷേപങ്ങളുടെ കാര്യത്തിലുണ്ടായ അഭൂതപൂർവ്വമായ വർദ്ധനവും ഈ പ്രസ്ഥാനത്തിന് ജനങ്ങളുടെ ഇടയിലുള്ള സ്വാധീനത്തിന്റെ വ്യക്തവും പ്രകടവുമായ തെളിവാണ്.

### 2. ചൂണ്ടച്ചേരി സർവ്വീസ് സഹകരണ ബാങ്ക്

പഞ്ചായത്തിലെ ചൂണ്ടച്ചേരി, ഉള്ളനാട്, പ്രവിത്താനം, കയ്യൂർ, അളനാട് പ്രദേശങ്ങൾ പ്രവർത്തനമേഖലയായുള്ള ചൂണ്ടച്ചേരി സർവീസ് സഹകരണബാങ്ക് 1961-ൽ ഒരു വിവിധോദ്ദേശ സഹകരണ സംഘമായി ആരംഭം കുറിച്ചു. ശ്രീ. ഈപ്പൻ മത്തായി കിഴക്കേക്കര ആദ്യകാല പ്രസിഡന്റായും ശ്രീ. പി.ഇ. മൈക്കിൾ പാണമ്പാറ സെക്രട്ടറിയായിട്ടുമാണ് പ്രവർത്തനം ആരംഭിച്ചത്. ആരംഭം മുതലേയുള്ള ഭരണസമിതികളുടെ ദീർഘവീഷണത്തോടുകൂടിയുള്ള പ്രവർത്തനം പിന്നീട് സഹകരണബാങ്കായി പ്രവർത്തിക്കുന്നതിന് കഴിഞ്ഞു. ഇപ്പോൾ നാലുകോടിയിൽപ്പരം രൂപാ സ്ഥിരനിക്ഷേപമുള്ള ഈ ബാങ്കിന് ഉള്ളനാട്, പ്രവിത്താനം എന്നീ ബ്രാഞ്ചുകൾ ഉണ്ട്. കാർഷിക കാർഷികേതര വിഭാഗങ്ങളിൽ ബാങ്ക് നൽകികൊണ്ടിരിക്കുന്ന വായ്പകൾ ഇന്നാട്ടിലെ സാധാരണക്കാരായ കർഷകർക്ക് വളരെയധികം സഹായകരമാണ്. എങ്കിലും ഈ പ്രദേശത്തെ എല്ലാ വിഭാഗം ജനങ്ങളേയും ഉൾപ്പെടുത്തി, മൂലധനം വർദ്ധിപ്പിച്ച് കൂടുതൽ വായ്പകൾ ചെറുകിട ഇടത്തരം കർഷകർക്കും തൊഴിലാളികൾക്കും നൽകിയാൽ പഞ്ചായത്തിന്റെ സമൂലമായ വികസനത്തിൽ ചൂണ്ടച്ചേരി സർവ്വീസ് സഹകരണ ബാങ്കിന് നിർണ്ണായകമായ പങ്കുവഹിക്കാൻ സാധിക്കും. വളം വിതരണത്തിലും കാർഷികോപകരണവിതരണത്തിലും സാമാന്യം മെച്ചമായ പ്രവർത്തനം നടത്തുവാൻ ഈ ബാങ്കിന് കഴിയുന്നുണ്ട്. പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ.അഗസ്റ്റിൻ ജോസഫ് പൊട്ടമ്പറമ്പിൽ ആണ് ഇപ്പോഴത്തെ പ്രസിഡണ്ട്.

സോവിയറ്റ് യൂണിയൻ ഇൻഡ്യയ്ക്കു നൽകിയ ട്രാക്ടറുകളിൽ ഒരെണ്ണം ഈ ബാങ്കിന് ലഭിക്കുകയുണ്ടായി. യന്ത്രവൽക്കരണത്തിനായി അഖിലേന്ത്യതലത്തിൽ തിരഞ്ഞെടുക്കുവാനുള്ള അവസരം തന്മൂലം ഉണ്ടായിട്ടുണ്ട്. എഫ്.എ.സി.റ്റിയും ഈ

## പട്ടിക - 2 കാർഷിക വികസന ബാങ്കുകൾ പഞ്ചായത്തിൽ നല്കിയ വായപകൾ

| സ്ഥാപനത്തിന്റെ പേര് | എത്ര പേർക്ക് | ഏത് ഇനം വായ്പ | നൽകിയതുക |
|---|---|---|---|
| പാലാ കാർഷിക വികസന ബാങ്ക് | 62 | കയ്യാലനിർമ്മാണം | 9,57,500.00 |
| | 53 | റബ്ബർകൃഷിക്കും ആവർത്തനകൃഷിക്കും | 16, 15,400.00 |
| | 71 | ഭവനനിർമ്മാണ വായ്പ | 29,30,000.00 |
| | 21 | സ്റ്റോറും, ഫാം ഹൗസും നിർമ്മിക്കുന്നതിന് | 8,05,00.00 |
| | 17 | വാഹന വായ്പ | 32,03,900.00 |
| | 37 | ചുറ്റുമതിൽ നിർമ്മാണം | 3,47,500.00 |
| | 5 | റബ്ബർനേഴ്സറി സ്ഥാപനവും നടത്തിപ്പും | 1,82,000.00 |
| | 7 | ഡെയറി യൂണിറ്റുകൾ | 48,350.00 |
| | 6 | പുകപ്പുര നിർമ്മാണം | 85,000.00 |
| | 15 | റബ്ബർറോളറിനും ഷെയറിനും | 1,44,000.00 |
| | 6 | ചെറുകിട വ്യവസായം | 15,27,000.00 |
| | 3 | നാളികേരകൃഷി | 49,000.00 |
| | 2 | റബ്ബർസംസ്ക്കരണ യൂണിറ്റ് | 80,000.00 |
| | 5 | കിണർ കുഴിക്കുന്നതിന് | 39,6000.00 |
| | 5 | പമ്പ് സെറ്റ് സ്ഥാപിക്കാൻ | 42,000.00 |
| | 3 | പന്നി വളർത്തൽ | 30,300.00 |
| | 1 | മൾബറി കൃഷി | 20,000.00 |
| | 2 | തേനീച്ച വളർത്തൽ | 75,000.00 |
| | 1 | പഴ സംസ്ക്കരണം | 13,400.00 |
| ആകെ | 322 | | 1,21,94,950 |

## പട്ടിക - 2

| സ്ഥാപനത്തിന്റെ പേര് | എത്രപേർക്ക് | വായ്പ | നൽകിയ തുക |
|---|---|---|---|
| കാർഷിക വികസന ബാങ്ക് പാലാ | 72 | ഭവനനിർമ്മാണ വായ്പ | 29,30,000.00 |
| മീനച്ചിൽ ഹൗസിംഗ് സഹ.സംഘം പാലാ | 37 | -ടി- | 23,16,700.00 |

ബാങ്കും സംയുക്തമായി നടത്തിയ കൂട്ടുകൃഷി സമ്പ്രദായവും ഈ ബാങ്കിന്റെ പ്രവർത്തനത്തിലെ നാഴികക്കല്ലാണ്.

പാലാ അർബൻ ബാങ്ക്

പാലാ കേന്ദ്രമായിട്ടുള്ള മീനച്ചിൽ താലൂക്കിലെ ഏറ്റവും വലിയ സഹകരണ ബാങ്കുകളിലൊന്നായ ഈ ബാങ്കിൽ ഒരു ബ്രാഞ്ച് ഇപ്പോൾ ഭരണങ്ങാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ തരത്തിലുള്ള എല്ലാവിധ വായ്പകളും ഇവിടെ നിന്നും വിതരണം ചെയ്യുന്നുണ്ട്.

ഭരണങ്ങാനം സർവ്വീസ് സഹകരണ സംഘം No. 399

ഭരണങ്ങാനത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സംഘം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. മീനച്ചിൽ താലൂക്കിലെ ഒരു പക്ഷേ ആദ്യകാല സഹകരണ പ്രസ്ഥാനങ്ങളിൽ ഒന്നാണിത്. ഭരണങ്ങാനം ആസ്ഥാനമായി 5 പഞ്ചായത്തുകളിൽ ഇതിന്റെ പ്രവർത്തനം നടത്തിയിരുന്നു. ഇപ്പോൾ സലികിഡേഷൻ നടപടികളിലേക്ക് നടപടികൾ നീങ്ങിയിട്ടുണ്ടെങ്കിലും ഈ സംഘത്തെ പുനരുദ്ധരിച്ച് വിവിധോദ്ദേശത്തോടുകൂടിയ ഒരു സഹകരണ പ്രസ്ഥാനമാക്കി ഇതിനെ മാറ്റുന്നതിനും ഇപ്പോൾ ആലോചനയുണ്ട്.

ഭവന നിർമ്മാണ വായ്പ

പഞ്ചായത്തിലെ പാർപ്പിട പ്രശ്നം അതീവഗുരുതരമാണ്. ഭവനനിർമ്മാണത്തിലുണ്ടായ വൻ വർദ്ധനവ് സ്വന്തമായി സാമാന്യം ഭേദപ്പെട്ട ഒരു നല്ല വീട് എന്ന സങ്കല്പതതിന് മങ്ങലേല്പിക്കുന്നു. പാലായിലുള്ള ഹൗസിംഗ് സഹകരണ സംഘവും, കാർഷിക വികസന ബാങ്കും പ്രധാനമായും ഭവന നിർമ്മാണ വായ്പകൾ നല്കിവരുന്നു. സർക്കാർ സഹകരണത്തോടെ വിവിധങ്ങളായ ഏജൻസികൾ മുഖാന്തിരം സബ്സീഡിനിരക്കിൽ ദീർഘകാല വായ്പകൾ നല്കേണ്ടതുണ്ട്. എന്നാൽ ഫണ്ടുകളുടെ അപര്യാപ്തത മൂലം വിവിധ ഏജൻസികൾക്കോ സഹകരണ സംഘങ്ങൾക്കോ, വർദ്ധിച്ചുവരുന്ന പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണുവാൻ സാദിക്കുന്നില്ല.

ക്ഷീരസഹകരണ സംഘങ്ങൾ

ക്ഷീരസഹകരണ സംഘങ്ങൾ ഭരണങ്ങാനം, ചൂണ്ടച്ചേരി മാത്രമേ ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുള്ളു. 13 വനിതാ അംഗങ്ങളുൾപ്പടെ മൊത്തം 120 അംഗങ്ങലോടെ സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്ന ചൂണ്ടച്ചേരി ക്ഷീരവികസന സഹകരണ സംഘം ദിവസേന ഏകദേശം 300 ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. സംഭരിക്കുന്ന പാൽ അത്രയും പഞ്ചായത്തിൽ തന്നെ വിതരണം ചെയ്യുന്നു. വർഷാവസാനം നല്ല ക്ഷീര കർഷകന് അവാർഡുകൾ നല്കുന്നതിനു പുറമേ കാലിത്തീറ്റയും, പുൽവിത്തുകളും വിതരണം നടത്തുകയും ചെയ്യുന്നു. ഭരണങ്ങാനത്തു പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘം 95-96 സാമ്പത്തിക വർഷത്തിൽ ദിവസേന ഏകദേശം 51 ലിറ്റർ പാൽ മാത്രമേ ശേഖരിക്കുന്നുള്ളു. മുൻ വർഷങ്ങളിൽ പാലുല്പാദനം കുറഞ്ഞതാണ് ഇതിന് കാരണം. കാലിത്തീറ്റ വിലയിലുണ്ടായ വർദ്ധനവ് പുൽകൃഷി ചെയ്യുന്ന കൃഷിയിടങ്ങളുടെ കുറവ് മുതലായ കാരണങ്ങൾ കൊണ്ട് കർഷകൻ കാലിവളർത്തലിൽനിന്നും പിന്തിരിയുന്നു. സർക്കാർ സഹായത്തോടെ നല്ലയിനം കാലികളെ വിതരണം ചെയ്യും കാലിത്തീറ്റ സബ്സീഡി നിരക്കിൽ കർഷകർക്ക് നല്കിയും മേൽത്തരം പുൽവിത്തുകൾ ലഭ്യമാക്കുകയും കാലിവളർത്തൽ പ്രോത്സാഹിപ്പിച്ചാൽ ഈ പഞ്ചായത്തിലേക്ക് ആവശ്യമായ പാൽ ഇവിടെ തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയും.

തേനീച്ച വളർത്താൻ സഹകരണ സംഘം

മനുഷ്യചരിത്രത്തിന്റെ അത്രയും പഴക്കം തേനീച്ച വളർത്തലിനും തേൻ സംഭരണത്തിനും ഉണ്ട്. ഈസ്റ്റിന്ധ്യൻ കമ്പനിയുടെ ആഭിമുഖ്യത്തിൽ ഇന്ത്യയിൽ വന്ന യൂറോപ്യൻ മിഷനറിമാർ 1909-ൽ ഉത്തരേന്ത്യയിലുള്ള പീയൂസ എന്ന ഗ്രാമത്തിൽ തേനീച്ചവളർത്തൽ ആരംഭിച്ചു. 1917 ൽ തിരുവനന്തപുരത്തെ കുടിൽ വ്യവസായ ഉദ്യോഗസ്ഥരുടെ അനുമതിയോടുകൂടി ഫാ. ന്യൂട്ടൻ എന്നയാൾ തേനീച്ച കൂട് കൊണ്ടുവരികയും തേനീച്ച വളർത്തലിനെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കുകയും തേനീച്ച വളർത്തലിന് ആരംഭം കുറിക്കുകയും ചെയ്തു. തേൻ ഒരു ആഹാരപദാർത്ഥം മാത്രമല്ല ഔഷധം കൂടിയാണ്. അല്പം ശാസ്ത്രീയ പരിജ്ഞാനവും പ്രവൃത്തി പരിചയവും ഉണ്ടെങ്കിൽ അനായാസമായി ആർക്കും ചെയ്യാവുന്ന ആദായകരമായ ഒരു തൊവിലാണ് തേനീച്ച വളർത്തൽ.

തേനീച്ച വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും തേനീച്ച വളർത്തൽ ആഗ്രഹിക്കുന്നവർക്കും വേണ്ടി 1991-ൽ പ്രവർത്തനം ആരംഭിച്ചതാണ് ഉള്ള നാട് തേനീച്ച വളർത്താൻ സൊസൈറ്റി.

ഉള്ളനാട് തേനീച്ച വളർത്തൽ സൊസൈറ്റിയിൽ 25 അംഗങ്ങൾ ആണ് ഉള്ളത്. പ്രവർത്തന വർഷത്തിൽ തന്നെ 1000 കി.ഗ്രാം. തേൻ സംഭരിക്കുവാൻ സാധിച്ചു. പിറ്റേവർഷം അത് ഇരട്ടിയായി വർധിച്ചു. തേൻ നല്കുന്ന കർഷകർക്ക് ന്യായമായ വില നല്കുന്നതിന് സൊസൈറ്റിക്കു സാധിച്ചു. 1992ൽ റബ്ബർ ബോർഡിൽ നിന്നും തേനീച്ച വളർത്തലിന്, ഉള്ള ധനസഹായ പദ്ധതി സ്കീമിൽ തേനീച്ച വളർത്തലിന് ഉള്ള സബ്സീഡി വാങ്ങിച്ച് കർഷകർക്ക് കൊടുക്കുന്നതിന് ഈ സൊസൈറ്റിക്ക് സാധിച്ചു. 92 വർഷങ്ങളിൽ തേനിച്ചകൾക്ക് ഉണ്ടായ സാക്ക്ബ്രൂസ് എന്ന വൈറസ് രോഗം മൂലം തേനിച്ച കോളനികൾ നശിച്ചുപോയ സാഹചര്യത്തിൽ രോഗപ്രതിരോധശേഷിയുള്ള വിദ്ദേശയിനം തേനിച്ചകളെ പഞ്ചാബിൽ പോയി കൊണ്ടുവന്ന് ഡെവലപ്പ് ചെയ്ത് ആവശ്യമുള്ള കൃഷിക്കാർക്ക് വിതരണം ചെയ്തുവരുകുന്നു. തേനീച്ച വളർത്താൻ ആഗ്രഹിക്കുന്നവർക്ക് അതിനുവേണ്ടതായ ക്ലാസ്സുകളും മാർഗ്ഗനിർദ്ദേശങ്ങളും പെട്ടികളും തേനീച്ചകളും മറ്റു പകരണങ്ങളും സൊസൈറ്റിയിൽ നിന്നും നൽകുന്നുണ്ട്. സൊസൈറ്റിയിൽ ഗുണനിലവാരമുള്ള ശുദ്ധമായ തേൻ മിതമായ നിരക്കിൽ വിറ്റുവരുന്നു.

## നിർദ്ദേശങ്ങളും ആവശ്യങ്ങളും

1. പഞ്ചായത്തിലെ സഹകരണ ബാങ്കുകളായ ഭരണങ്ങാനം സർവ്വീസ് സഹകരണ ബാങ്കും ചൂണ്ടച്ചേരി സർവ്വീസ് സഹകരണ ബാങ്കും പഞ്ചായത്തിലെ മുഴുവൻ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കണം. അതുപോലെ നിക്ഷേപസമാഹരണം നടത്തി മൂലധനം വർദ്ധിപ്പിച്ച ജനതക്ക് ഉപകാരപ്പരദമായ രീതിയിൽ വികസനം ലക്ഷ്യമാക്കി കൂടുതൽ വായ്പകൾ നല്കണം. മുഴുവൻ കർഷകർക്കും വളവും കാർഷികോപകരണങ്ങളും വിതരണം ചെയ്യാൻ സാധ്യമാവണം. കാർഷിക ഉല്പന്നങ്ങൾക്ക് വിലയിടിവ് ഉണ്ടാകുന്ന അവസരത്തിൽ ഉല്പന്നങ്ങളുടെ ഈടിന്മേൽ 75% തുകയെങ്കിലും വളരെ മിതമായ പലിശ നിരക്കിൽ കർഷകർക്ക് നല്കുവാൻ സഹകരണബാങ്കുകൾക്ക് സാധിക്കണം. കൊടുക്കുന്ന തുകയ്ക്ക് പരിധിവയ്ക്കാവുന്നതാണ്, പിരിഞ്ഞുകിട്ടാനുള്ള വായ്പ കുടിശികകൾ പിരിക്കുന്നതിനുവേണ്ടി നടപടികൾ ഭരണസമിതികൾ സ്വീകരിക്കേണ്ടതാണ്.

2. പഞ്ചായത്തു പ്രവർത്തനപരിധിയായി ഒരു കർഷക സഹകരണസംഘം രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. വളം, കാർഷിക ഉപകരണങ്ങൾ, മുതലായവ ഈ സംഘം വഴി വിതരണം ചെയ്യുകയും ആയതിന്റെ വില വേണ്ടത്ര കാലതാമസത്തോടെ പല ഗഡുക്കളായി വാങ്ങുവാൻ സംവിധാനം ചെയ്യണം. കർഷകർക്കും വേണ്ടുന്ന നിർദ്ദേശഭങ്ങൾ നല്കുവാനും സർക്കാർ നല്കുന്ന ആനുകൂല്യങ്ങളേപ്പറ്റി ബോധവാന്മാരാക്കുവാനും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കർഷക സെമിനാറുകൾ സംഘടിപ്പിക്കുവാനും ഈ സംഘത്തിനു സാധിക്കണം സർക്കാരിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന പലിശ സബ്സീഡി എല്ലാ വായ്പക്കാർക്കും ലഭിക്കുന്നതിനുവേണ്ട നടപടികൾ സംഘങ്ങൾ ചെയ്യേണ്ടതാണ്. ഇടതതട്ടുകാരടെയും വ്യാപാരികളുടെയും ചൂഷണത്തിൽ നിനും കർഷകരെ മോചിപ്പിക്കുന്നതകിനായി അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില നല്കി സംഘങ്ങൾ നേരിട്ടു വാങ്ങി വില്പന നടത്തണം.

3. ഭരണങ്ങാനം സർവ്വീസ് സഹകരണ ബാങ്ക് ബ്രാഞ്ചുകളില്ലാത്ത ഇടപ്പാടി, കയ്യൂർ തുടങ്ങിയ പ്രദേശങ്ങളിൽ ബ്രാഞ്ചുകൾ സ്ഥാപിക്കണം.

നെൽകൃഷിച്ചെയ്യുന്ന കർഷകരുടെ കുറവ് അനുദിനം കൂടിക്കൊണ്ടിരിക്കുകയാണ്. ഇത് വളരെ ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്. കേരളീയരുടെ പ്രധാന ഭക്ഷണമായ അരിക്ക് മറ്റു സംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കേണ്ട അവസ്ഥയാണിന്ന്. നൽകൃഷി ലാഭകരമല്ലാത്തതാണ് കർഷകരെ കൃഷിയിൽനിന്നും പിന്തരിപ്പിക്കുന്നുത്. ആവശ്യമുള്ള തൊഴിലാളികളുടെ ദൗർലഭ്യം, വളം, കീടനാശിനി, മുതലായവയുടെ അമിതമായ വിലവർദ്ധനവ്, ജലസേചനത്തിന്റെ അപര്യാപ്തത തുടങ്ങിയ കാരണങ്ങൾ നെല്ലുൽപ്പാദനത്തെ സാരമായി ബാധിക്കുന്നു. സർക്കാരിൽനിന്നും ലഭിക്കുന്ന നാമമാത്രമായ സബ്സീഡി കൂടാതെ ഒരുഏക്കർ നിലം നെൽകൃഷി ചെയ്യുന്നതിന് ഒരു കൃഷിക്ക് 750/- രൂപയെങ്കിലും മുഴുവനായും സബ്സീഡിയായി നല്കേണ്ടതാണ്. സഹകരണബാങ്കുകൾ, കർഷക സഹകരണ സംഘങ്ങൾ മുതലായവ വഴി ഇതു നടപ്പിലാക്കണം.

5. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ക്ഷീരസഹകരണ സംഘം രൂപീകരിച്ച് ഇവിടെ ആവശ്യമുള്ള പാല് ഇവിടെതന്നെ ഉല്പാദിപ്പികകാൻ സാധിക്കണം. മുന്തിയ ഇനം കറവമാടുക്കളെയും മേൽത്തരം പുൽവിത്തുകളും വിതരണം ചെയ്യുക

യും കാലിത്തീറ്റ സബ്സീഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്താൽ, അടുത്ത 5 വർഷത്തിനുള്ളിൽ പാലിന്റെ കാര്യത്തിൽ ഈ പഞ്ചായത്ത് സ്വയം പര്യാപ്തത നേടുവാൻ സാധിക്കും. കൂടാതെ മിച്ചം വരുന്ന പാൽ സംഭരിക്കുവാനും സംസ്ക്കരിക്കുവാനും വേണ്ട സൗകര്യങ്ങൾ ഏതെങ്കിലും സംഘത്തിലുണ്ടായാൽ അടുത്ത പട്ടണങ്ങളായ പാലാ, കോട്ടയം മുതലായ പ്രദേശങ്ങളിൽ പാൽ വിതരണം ചെയ്യുവാൻ സാധിക്കും. കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങൾക്കുള്ള പ്രതിരോധ നടപടികൾ മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ സംഘത്തിന് നടത്തുവാൻ സാധിക്കണം. ക്ഷീരവികസനത്തിന് ലഭ്യമാകുന്ന എല്ലാവിധ ആനുകൂല്യങ്ങളും ക്ഷീരകർഷകർക്ക് എത്തിച്ചുകൊടുക്കുവാൻ സംഘം മുൻകൈ എടുക്കണം.

6. കൺസ്യൂമർ വിഭാഗത്തിൽ ഇടപ്പാടിയിലും പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ജനങ്ങൾ വസിക്കുന്ന ഏഴും എട്ടും വാർഡായ ഉള്ളനാട്ടിലും ഓരോ കൺസ്യൂമർ സഹകരണസംഘങ്ങൾ സ്ഥാപിക്കണം, നിചത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ സർക്കാർ സബ്സീഡി അനുവദിച്ച് വിതരണം ചെയ്യുവാൻ പ്രസ്തുത സംഘങ്ങൾ സാധിക്കണം.

7. പഞ്ചായത്തിൽ ഇതര ഭാഗങ്ങളിൽ നിലവിലുള്ള ഉള്ളനാട് തേനീച്ച വളർത്തൽ സൊസൈറ്റിയുടെ കീഴിലോ അല്ലാതെയോ തേനീച്ച വളർത്തൽ സഹകരണ സംഘങ്ങൾ ആരംഭിക്കണം. തേനീച്ച വളർത്തലിനേപ്പറ്റിയും അതിന്റേ ഫലമായി പരാഗണം മൂലം കാർഷിക രംഗത്തുണ്ടാകുന്ന വിളവർദ്ധനവിനേപ്പറ്റിയും ജനങ്ങളെ ബോധവാന്മാരാക്കണം. സാങ്കേതിക വിദ്യയും, ആവശ്യമായ പെട്ടികലും രോഗപ്രതിരോധ ശേഷിയുള്ള വിദേശ ഇനം തേനീച്ചകളേയും മറ്റു ഉപകരണങ്ങളും സംഘംവഴി വിതരണം ചെയ്യണം. എല്ലാ വിഭാഗം ജനങ്ങൾക്കും പ്രത്യേകമായി വീട്ടമ്മമാർക്കും ചെയ്യാവുന്ന ആദായകരമായ ഹോബിയാണ് തേനീച്ചവളർത്തൽ. പഞ്ചായത്തിൽ ലഭ്യമാകുന്ന തേൻ സംഭരിക്കുവാനും, വിപണനം നടത്തുവാനും സ്ഘങ്ങൾക്ക് സാധിക്കണം. തേനീച്ചനളർത്തനലിന് റബ്ബർബോർഡ് മുതലായ സ്ഥാപനങ്ങലിൽ നിന്നും ലഭിക്കുന്ന ധനസഹായ പദ്ധതി സബ്സിഡിയോടെ വാങ്ങിച്ചുകൊടുക്കാൽ സംഘങ്ങൾ മുൻകൈ എടുക്കണം.

8. പഞ്ചായത്തിൽ ഭരണങ്ങാനത്തും ഉള്ളനാട്ടിലും ഓരോവനിതാ സഹകരണസംഘം ആരംഭിക്കേണ്ടതാണ്. പ്രസ്തുത സംഘങ്ങളുടെ കീഴിൽ എല്ലാ വനിതകളേയും അംഗങ്ങളാക്കി റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, നാടൻ പലഹാരനിർമ്മാണം. എന്നിങ്ങനെ വനിതകൾക്ക് സ്വയം ചെയ്യാവുന്ന പല കാര്യങ്ങളും ചെയ്യാവുന്നതാണ്. അതുപോലെ വീട്ടമ്മമാർക്ക് എളുപ്പത്തിൽ സ്വയം ചെയ്യാവുന്നതും . ആദായകരവുമായ വീട്ടുമുറ്റത്ത് കൃഷി ചെയ്യാവുന്ന കുറ്റിമുല്ല, ഓർക്കിഡ് , ആന്തൂറിയം എന്നീ പുഷ്പകൃഷിക്ക് വേണ്ടുന്നതുമായ മാർഗ്ഗനിർദ്ദേശങ്ങളും പൂക്കളുടെ സംഭരണം, വിപണനം എന്നീ കാര്യങ്ങളും വനിതാ സഹകരണസംഘം മുഖേന ചെയ്യാവുന്നതാണ്. ഈ വിധം വനിതകളുടെ ഉന്നമനത്തിനും, ക്ഷേമത്തിനും വികസനത്തിന്റെ പാതയിൽ അവരെ പങ്കാളികാളാക്കുവാനും പ്രസ്തുതസംഘം ആരംഭിക്കേണ്ടതാണ്.

9. പഞ്ചായത്ത് അടിസ്ഥാനമാക്കി പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഇവർക്ക് സ്വയം തൊഴിൽ നൽകുന്നതിനും വേണ്ടി ഒരു ഹരിജൻ സഹകരണസംഘം രൂപീകരിക്കേണ്ടതാണ്. ഈ സംഘം മുഖേന ബസ്സുകൾ വാങ്ങി പട്ടികജാതിക്കാരെ തൊഴിലാളികളാക്കി സർവ്വീസ് നടത്തിയൽ പഞ്ചായത്തിലെ യാത്രാ സൗകര്യം കുറവായ പ്രദേശങ്ങൾക്ക് അനുഗൃഹീതമായിരിക്കും. അതുമൂലം തൊവിൽ സാദ്ധ്യത വർദ്ധിപ്പാക്കുകയും ഹരിജന ക്ഷേമത്തിന് സഹായകമാവുന്ന ധനസമാഹരണം ഉറപ്പു വരുത്തുകയും ചെയ്യാവുന്നതാണ്.

10. ഭരണങ്ങാനം പഞ്ചായത്തിലേക്ക് ആവശ്യമായ ഇറച്ചിക്കോഴി, കോഴിമുട്ട എന്നിവക്ക് മറ്റു പ്രദേശങ്ങളെയും, അന്യസംസ്ഥാനങ്ങളെയും ആശ്രയിക്കേണ്ടതായി വരുന്നു. അടുത്താകാലത്ത് കോഴികൾ തമിഴ്നാട്ടിൽ ലഭിക്കുവാൻ കാലതാമസം വന്നപ്പോൾ ഈ പ്രദേശങ്ങളിൽ മുട്ടയ്ക്ക് രൂക്ഷമായ ദൗർലഭ്യം അനുഭവപ്പെടുകയും വില ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തു. ഇതിന് ഒരു പരിഹാരമായി പഞ്ചായത്ത് അടിസ്ഥാനമാക്കി ഒരു കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. സംഘത്തിന്റെ മേൽനോട്ടത്തിൽ പഞ്ചായത്തിലെ എല്ലാ വീടുകളിലും ചെറിയ യൂണിറ്റുകളായി കോഴിവളർത്തുകയും അതിനു വേണ്ടുന്നതായ സാമ്പത്തിക സഹായവും മറ്റു പ്രോത്സാഹനങ്ങളും മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ നടപ്പിലാക്കിയാൽ. പഞ്ചായത്തിലേക്കുള്ള ആവശ്യം കഴിഞ്ഞ് മുട്ട മറ്റു പ്രദേശങ്ങളിലേക്ക് വിതരണം ചെയ്യുവാനും സാധിക്കും.

11. വാഴ്ത്തപ്പെഴ സി.അൽഫോൻസായുടെ ചരിത്രമുൾക്കൊള്ളുന്ന ഭരണങ്ങാനത്ത് വർഷംതോറും ലക്ഷക്കണക്കിന് തീർത്ഥാടകർ എത്തിക്കൊണ്ടിരിക്കുന്നു. പക്ഷേ ഇവിടെ ഒരു നല്ല ഹോട്ടിലിന്റെയും വിശ്രമസങ്കേതത്തിന്റെയും അഭാവം ഇവിടെയെത്തുന്ന അനേകം തീർത്ഥാടകർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നു. ഇതിന് പരിഹാരം ഹോട്ടൽ കോംപ്ലക്സ് പ്രവർത്തനം ആരംഭിച്ചാൽ അഭ്യസ്ഥവിദ്യരായ വനിതകൾക്ക് തൊഴിൽ ലഭിക്കുകയും ചെയ്യും.

12. നിലവിലുള്ള സർവ്വീസ് സഹകരണ ബാങ്കുകൾ ലാഭവീതമായി അംഗങ്ങൾക്ക് നല്കുന്ന തുകയുടെ പരിധി ഉയർത്തണം.

13. രജിസ്ട്രേഷൻ ഫീസായി 2% തുക ഈടാക്കുന്നതും ഒഴിവാക്കി ഗഹാൻ സമ്പ്രദായം ഏർപ്പെടുത്തുക.

14. ഇൻഡ്യയാകമാനം ഒരു ഏകീകൃത സഹകരണനിയമം നടപ്പിലാക്കുക.

മേൽവിവരിച്ച രീതിയിൽ സഹകരണസ്ഥാപനങ്ങളും പ്രവർത്തനം കാര്യക്ഷമമാക്കുകയും, പുതിയ സഹകരണ സംഘങ്ങൾ രൂപീകൃതമാകുകയും ചെയ്താൽ, കാർഷികരംഗത്തും തൊഴിൽരംഗത്തും ഒരു പുതിയ കുതിച്ചു ചാട്ടത്തിന് ആരംഭം കുറിക്കാം.

## ലഭ്യമാകുന്ന പുതിയ തൊഴിലവസരങ്ങൾ

സഹകരണ ബാങ്കുകളും പുതിയ ബ്രാഞ്ചുകളും പുതിയ ഉത്തരവാദിത്വങ്ങൾ മൂലം എകദേശം 15 പേർക്കും കാർഷിക സഹകരണസംഘം ക്ഷീര സഹകരണസംഘം കൺസ്യൂമർ സൊസൈറ്റി എന്നിവമൂലം എകദേശം 100-ഓളം ആൾക്കാർക്ക് സ്ഥിരമായും, 750-ഓളം പേർക്ക് പരോക്ഷമായും ജോലി നല്കുവാൻ മേൽ വിവരിച്ച സംഘങ്ങൾക്കു സാധിക്കും.

സഹകരണപ്രസ്ഥാനങ്ങളുടെ നല്ല പ്രവർത്തനവും, വളർച്ചയുംകൊണ്ട് ഗ്രാമസ്വരാജ് എന്ന നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നസാക്ഷാത്കരിക്കുവാൻ ആരംഭം കുറിക്കാം. അങ്ങിനെ വികസനത്തിന്റെപാതയിൽ ഭാഗഭാക്കാകുവാനും, എല്ലാ രംഗത്തും സമൂലമായ മാറ്റം വരുത്തി, സാമ്പത്തിക അഭിവൃദ്ധി കൈവരിച്ച് ഒരു നല്ല നാളെയുടെ ഉദയത്തിനു വേണ്ടി പരസ്പരം സഹകരിക്കാം. അതുമൂലം ഭരണങ്ങാനം പഞ്ചായത്ത് അഭിവൃദ്ധിയിലേക്ക് കുതിക്കുവാൻ. സാധിക്കുന്നതാണ്.

ഒരു നൂറ്റാണ്ടിന്റെ കർമ്മചൈതന്യം പൊലിയാതെ ഈ പ്രസ്ഥാനത്തെ കാത്തുസൂക്ഷിക്കേണ്ടതും വിളർത്തിയെടുക്കേണ്ടതും സഹകരികളുടെ മാത്രം ചുമതലയാണ്. അതിന് മറ്റാരും മുൻകൈയെടുക്കാനില്ല. അതിനാൽ സഹകരണത്തിന്റെ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് വികസനരംഗത്ത് മുന്നേറാം.

*പഞ്ചായത്തുകൾ ഗ്രാമീണ ജീവിതത്തിന്റെ ഭരണപരമായ വശങ്ങളെ പ്രനിധീകരിക്കുമ്പോൾ, സഹകരണപ്രസ്ഥാനം ഗ്രാമീണ ജീവിതത്തിന്റെ സാമ്പത്തികവശത്തെ പ്രതിനിധീകരിക്കുന്നു*

*നെഹ്രു*

# 11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ഈ പഞ്ചായത്തിൽ ഇപ്പോൾ ആകെ ജന സംഖ്യയുടെ 3.6% പട്ടികജാതി വിഭാഗമാണ് ആ 37 പട്ടികജാതി കുടുംബങ്ങളാണ് ഇവിടെയുള്ളത്. ചൂണ്ടച്ചേരിയിൽ ഒരു അംഗീകൃത പട്ടികജാതി സെറ്റിൽമെന്റ് കോളനി നിലവിലുണ്ട്. 125 വീടുകൾ ഇടകലർന്നാണ് സ്ഥിതിചെയ്യുന്ന ആകെ 688 പട്ടിക ജാതി അംഗങ്ങൾ ഉണ്ട്.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹിക സാമ്പത്തിക രംഗത്ത് നിരവധിക്കാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ സഹായകമായിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽനിന്നും പൂർണ്ണമായും മോചനം നേടാൻ കഴിഞ്ഞിട്ടില്ല.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ ഇന്നും നിനിൽക്കുന്നുണ്ട്.

## വിദ്യാഭ്യാസം.

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്.എസ്.എൽ.സിയ്ക്കുശേഷം തുടർന്നു പഠിക്കുന്നതിന് പല കുട്ടികളും താല്പര്യം കാണിക്കുന്നില്ല. ഇത് പല കാര്യങ്ങൾ കൊണ്ടാകുന്നു. രക്ഷിതാക്കളുടെ ശ്രദ്ധയില്ലായ്മ, കുടുംബബാദ്ധ്യത, സാമ്പത്തിക പരാധീനത തുടങ്ങിയവയാണ് ആ കാരണങ്ങൾ. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപോയഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. പൊതുവേ എസ്.എസ്.എൽ.സി.ക്ക് ഉപരിയായി വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെ കുറവാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തണം.

## തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികലാണ്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന് തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിനുവേണ്ടി മറ്റ് മേഖലകളിലേക്ക് പോകാൻ നിർബന്ധിതരാകുകയും ചെയ്തു. നല്ലൊരു വിഭാഗം ലോഡിംഗ് പണിരംഗത്തും, നിർമ്മാണ രംഗത്തുമാണ് എത്തിച്ചേർന്നിട്ടുള്ളത്. ഈ മേഖലയിൽ സ്ത്രീക്ക് 100 രൂപയും പുരുഷന് 125 രൂപയും നിർമ്മാണ രംഗത്തും, തടിപണി രംഗത്ത് സ്ത്രീക്ക് 160 രൂപയും പുരുഷന് 250 രൂപയും കൂലി ലഭിക്കുന്നുണ്ട്. തൃപ്തികരമായ കൂലി ലഭിക്കുന്നതിനാൽ പുതിയ തലമുറ പൂർണ്ണമായും കാർഷിക മേഖലയിൽനിന്നും മാറി റബ്ബർ കടകളിലെ പണി, ടൗൺ ചുമട് തുടങ്ങിയ മേഖലകളിലും ഉയർന്ന കൂലിനിരക്കുള്ളതിനാൽ ആ രംഗത്തേകത്തും ശ്രദ്ധതിരച്ചിട്ടുണ്ട്. സ്ത്രീകൾ മാത്രം ചെയ്തുകൊണ്ടിരുന്ന ഞാറുനടീൽ തുടങ്ങിയ പ്രവർത്തികൾക്ക് തൊഴിലാളികളെ കിട്ടാൻ തന്നെ വളരെ പ്രയാസമാണ്. തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യ ഉൽപാദന വർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊളേണ്ടതുണ്ട്. കൂലിവേല ചെയ്തു മാത്രം ഉപജീവനം കഴിച്ചുവരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട് അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ നിർബന്ധമായും ഉറപ്പുവരുത്തുന്നതതിനുതുകുന്ന തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുക.

## പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിലും ഒരു പരിധിവരെ അതിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് അതിന്റെ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. പലരും വായ്പയെടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ടു പോയിട്ടുണ്ട്. ഭൂമിയുടെ രേഖ ഓഫീസുകളിൽ പെട്ടു പോയതിനാൽ മറ്റാനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയിലാണ്. വീടുനിർമ്മാണത്തിന് നിലവിൽ ലഭിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുകയാണ്. വീടു വയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടുവയ്ക്കാനാവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസപദ്ധതിപ്രകാരം അനുവദിച്ചുകൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു. രണ്ടുകുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്ന കോളനി കുടുംബങ്ങൾക്ക് പുതിയ പദ്ധതി ആവിഷ്ക്കരിച്ച് പ്രത്യേക വീടുകൾ നിർമ്മിച്ചു കൊടുക്കേണ്ടതാണ്. പല കോളനിയിലും കക്കൂസില്ല. ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും അനുവദിച്ചുകൊടുത്ത് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്. ലക്ഷം വീടുകോളനികളിലെ പൊതുകക്കൂസ് ഒഴിവാക്കുക.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസപുരോഗതി കൈവരിച്ചിട്ടില്ല. കോളനിയിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.

2. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു. കാർഷികമേഖലകളിൽ നിന്ന് തൊഴിലാളികൾ പിന്മാറുന്നു. തൊഴിൽ സാദ്ധ്യത നഷ്ടപ്പെടുന്നു. ജീവിതം കൂടുതൽ ദുരിതപൂരിതമാകുന്നു.

3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടുവയ്ക്കാൻ സ്ഥലമില്ല. വീടു നിർമ്മാണത്തിനുള്ള ധനസഹായം അപര്യാപ്തമായതുകൊണ്ട് നിർമാണം പൂർത്തിയാക്കാൻ കഴിയുന്നില്ല. പ്രാഥമിക സൗകര്യങ്ങളില്ല.

4. കോളനിയിൽ കുടിവെള്ളം ലഭിക്കുന്നില്ല.

5. പൊതുശ്മശാനം ഇല്ല.

6. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

7. ആരോഗ്യസംരക്ഷണ സംവിധാനം തൃപ്തിപ്പെടുത്തുന്നില്ല.

8. നിർധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിയ്ക്കുന്നില്ല.

9. IRDP പദ്ധതിയും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

10. പട്ടികജാതി വികസനകോർപ്പറേഷനും ഹരിജനക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.

11. പട്ടികജാതി വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവ് വേണ്ടത്രയില്ല.

12. കടക്കെണിയിൽപ്പെട്ട് പോകുന്നു.

13. കർഷകത്തൊഴിലാളി പെൻഷൻ മുടങ്ങിയ ക്ഷേമപദ്ധതികൾ ലഭിക്കുന്നില്ല.

14. സർക്കാർ നടപ്പാക്കുന്ന ആനുകൂല്യങ്ങൾ യഥാവസരത്തിൽ ഗുണഭോക്താവിന് ലഭിക്കുന്നില്ല.

## സാദ്ധ്യതകൾ

കോളനിയിൽ പട്ടികജാതി സെറ്റിൽമെന്റിന് വൈദ്യുതി ലഭിയ്ക്കാത്ത 4 വീടുകളുണ്ട്. വൈദ്യുതി സൗജന്യപരിധിയിൽപ്പെടുത്തി വൈദ്യുതീകരിയ്ക്കുവാനുള്ള പദ്ധതികൾക്ക് രൂപം നൽകണം. ഓലഷെഡ് വീടുകൾ നിരവധി വൈദ്യുതീകരിക്കുവാനുണ്ട്. പഞ്ചായത്തിലെ ഏക പട്ടികജാതി സെറ്റിൽമെന്റ് കോളനിയിലേക്ക് സ്ട്രീറ്റ് ലൈറ്റ് ആവശ്യമാണ്.

ക്ഷേമപദ്ധതികളെക്കുറിച്ച് അറിവുണ്ടാകുന്നതിന് ആവശ്യമായ ബോധവൽക്കരണപരിപാടികൾ അത്യാവശ്യമാണ്. ക്ഷേമപദ്ധതികൾ അർഹരായവർക്ക് ലഭ്യമാക്കുന്നതിനു സഹായകരമായി നിലവിലുള്ള സംവിധാനങ്ങൾ ലളിതമാക്കേണ്ടതാണ്.

പട്ടികജാതി കോർപ്പറേഷനും ഹരിജന ക്ഷേമവകുപ്പും നടപ്പാക്കി വരുന്ന പദ്ധതികളും കൂടുതലായി നടപ്പിലാക്കാൻ കഴിയണമെങ്കിൽ ഇപ്പോഴുള്ള ഘടനയിൽ കാര്യമായ മാറ്റം വരുത്തിയേ കഴിയൂ. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗ

പ്പെടുത്തി തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിക്കുവാൻ കഴിയും. ഇത്തരം പദ്ധതികൾ പഞ്ചായത്ത് മുഖേനെയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കുന്നതിന് കഴിയും.

പട്ടികജാതി ക്ഷേമം മുൻനിർത്തി സത്വരശ്രദ്ധപതിയേണ്ട ചിലനിർദ്ദേശങ്ങൾ

പഞ്ചായത്തിന്റെ മദ്ധ്യഭാഗമായ ചൂണ്ടച്ചേരിയിൽ പഞ്ചായത്ത് വക സ്ഥലത്ത് ഒരു ആയുർവേദ ആശുപത്രി സ്ഥാപിച്ചാൽ കോളനിനിവാസികൾക്കും പഞ്ചായത്തിലെ മറ്റുജനവിഭാഗങ്ങൾക്കും അത് വളരെ ഉപകാരപ്രദമായിരിക്കും.

ലക്ഷം വീടുകോളനിയിൽ കഴിയുന്നവരും നാലുസെന്റു ഭൂമിയിലും പുറമ്പോക്കിലും വസിക്കുന്നവരും മരണപ്പെട്ടാൽ ശവസംസ്ക്കാരം നടത്താൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്നു. ഇത് പരിഹരിക്കുന്നതിന് ഒരു പൊതുശ്മശാനം ഉണ്ടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## പ്രധാന നിർദ്ദേശങ്ങൾ

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക

2. പായ് നെയ്ത്ത്, കൊട്ട, പരമ്പ് എന്നിവയുടെ നിർമ്മാണം വ്യാവസായികടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

3. കുടിവെള്ളപ്രശ്നം പരിഹരിക്കുക.

4. പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിക്കുകയും, അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുയും ചെയ്യുക. ഇതിന് എല്ലാവിധ സഹായവും നൽകുക.

5. സാമ്പത്തിക ബുദ്ധിമുട്ടുമൂലവും കുടുംബബാദ്ധ്യതകൊണ്ടും വിദ്യാഭ്യാസരംഗത്തു നിന്നും പിന്തിരിഞ്ഞു പോകുന്നവരെ സഹായിക്കാനും തുടരുന്നവരെ നിലനിർത്താനും പുതുതായി കടന്നുവരുന്നവർക്കും പഠനോപകരണങ്ങളും വസ്ത്രങ്ങളും നൽകി പഠനനിലവാരം ഉയർത്തണം.

6. അഭ്യസ്ഥവിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നൽകിവരുന്ന (പട്ടികജാതി വികസന വകുപ്പ് - ഹരിജൻ കോർപ്പറേഷൻ) വായ്പകളും സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമ പഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.

7. വ്യവസായികപരിശീലനം നൽകുകയും, പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക വായ്പകൾ ഉദ്ദേശിച്ച കാര്യത്തിനു തന്നെ ഉപയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കുകയും, വായ്പകൾ ദുരുപയോഗം ചെയ്യുന്നതു തടയുകയും ചെയ്യുന്നതിനുള്ള അദികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുക

8. പഞ്ചായത്തിൽ പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തി പാട്ട വ്യവസ്ഥയിൽ കൃഷിഭൂമി പഞ്ചായത്ത് വാങ്ങി പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുകയും അത് വിറ്റഴിക്കുന്നതിന് ചന്തകൾക്ക് രൂപം കൊടുക്കുകയും ചെയ്യുക. കൃഷിഭവൻ നൽകിവരുന്ന ഉപകരണങ്ങൾ അടക്കം ഇതിന് ഉപയോഗപ്പെടുത്താൻ കഴിയും.

9. തരിശായി ഇട്ടിരിക്കുന്ന പാടങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് പട്ടികജാതിയിൽപ്പെടുന്ന തൊഴിലാളികളെ പങ്കാളികളാക്കിക്കൊണ്ട് കൃഷിയിറക്കി ഉൽപാദനം വർദ്ധിപ്പിക്കുവാനും തൊഴിലവസരങ്ങൾ കൂട്ടുവാനും മുൻകൈയെടുക്കുക.

10. വീടുനിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക. വീടുവയ്ക്കുന്ന തോടൊപ്പം കക്കൂസ് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിക്കുക. വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഗുണഭോക്താക്കൾക്ക് അനുവാദം കൊടുക്കുക.

11. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

12. ലക്ഷം വീടുകോളനിയിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റവീടാക്കി മാറ്റുക.

13. വീട് പുതുക്കി പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും ധനസഹായം നൽകുക. ടി. ആവശ്യത്തിന് പലിശ രഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.

14. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നില

വിൽ സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കണം.

15. പട്ടികജാതി വിഭാഗങ്ങളുടെ പുരയിടത്തിലെ മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ നടപടികൾക്ക് രൂപം നൽകുക.

16. നാലുസെൻറ് കോളനികളിലും ലക്ഷം വീടുകോളനികളിലും വീട് പുതുക്കി പണിയന്നതിനും ഓടുമേയുന്നതിനും ധനസഹായം അനുവദിക്കുക.

17. അഭ്യസ്തവിദ്യരായവരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.

18. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന 3 മുതൽ 5 വരെ പ്രായമുള്ള കുട്ടികൾക്ക് അംഗൻവാടി ഒരു കോളനിക്ക് ഒന്ന് എന്ന ക്രമത്തിൽ നടപ്പിലാക്കുക.

19. എസ്.സ്.എൽ.സി. വരെയും തുടർന്നും പഠനം നടത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിന് ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്യുക

20. ബോധവൽക്കരണത്തിന്റെ ഭോഗമായ.ഇ കോളനികളിൽ ടി.വി. സെറ്റുകൾ സ്ഥാപിക്കുക.

21. ചൂണ്ടച്ചേരി സെറ്റിൽമെന്റ് കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക. കോളനിയിലെ റോഡു ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക. വഴിവിളക്കുകൾ സ്ഥാപിക്കുക.

22. റോഡ്, തോട്, പുറമ്പോക്കിൽ കഴിയുന്നവർക്ക് വാസയോഗ്യസ്ഥലത്തിന് പട്ടയം നൽകുക. 12 ഓളം കുടുംബങ്ങളിൽ വസിക്കുന്നവരെ പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക.

23. പഞ്ചായത്തിലെ അഭ്യസ്തവിദ്യരായ പട്ടികജാതി യുവജനങ്ങൾക്ക് തൊഴിൽ ഉറപ്പുവരുത്തുക.

24. പട്ടികജാതിയിൽപ്പെട്ട സമർത്ഥരായ കുട്ടികളെദത്തെടുത്ത് സർക്കാർ തലത്തിൽ വളർത്തിക്കൊണ്ടുവരണം.

25. പട്ടികജാതിയിപ്പെട്ട കലാകാരന്മാരെ സഹായിക്കുന്നതിനുള്ള സംവിധാനം ഉണ്ടാവണം.

26. തൊഴിലില്ലായ്മ പരിഹരിയ്ക്കാൻ സാങ്കേതിക പരിജ്ഞാനം ലഭിക്കുന്നതിനു വേണ്ടിയുള്ള ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുക.

27. സാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക.

28. കോളേജ് വിദ്യാർത്ഥികൾക്ക് ഇന്ന് നൽകുന്ന പഠന (മേശയും കസേരയും) ഉപകരണങ്ങൾ മുഴുവൻ കുട്ടികൾക്ക് ലഭ്യമാക്കുക.

29. നിർധനരായവരുടെ ചികിൽസ സഹായം വർദ്ധിപ്പിക്കുക

30. പട്ടികജാതി യുവതികളുടെ വിവാഹ ധനസഹായം 5000 രൂപയാക്കി വർദ്ധിപ്പിച്ചു നൽകുക.

31. ആടുമാടുകളെ വളർത്തുന്നതിന് സഹായിക്കുക. ധനസഹായം നൽകുക.

32. പട്ടികജാതികാർക്കുള്ള എല്ലാ ആനുകൂല്യങ്ങളും ദളിത് ക്രൈസ്തവർക്കും നൽകുക.

# 12. വിഭവസമാഹരണം

അധികാരവികേന്ദ്രീകരണത്തിന്റെയും ജനപങ്കാളിത്തത്തിന്റെയും സന്ദേശവാഹകരായ പഞ്ചായത്തീരാജ് സംവിധാനമെന്ന സ്വപ്നം പൂവണിയണമെങ്കിൽ, ഭാസുരവും ശോഭനവുമായ ഭാരതമെന്ന സങ്കല്പം സ്വപ്നലോകത്തിൽനിന്നും ആനയിക്കപ്പെടണമെങ്കിൽ അവയ്ക്ക് സുസ്ഥിരവും ഭദ്രവുമായ സാമ്പത്തിക അടിത്തറ കെട്ടിപ്പെടുത്തേ മതിയാകൂ. പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ഒരു ദൂർഭൂതമെന്നോണം തുറിച്ചുനോക്കിക്കോണ്ട് അവയെ ഗ്രഹിക്കുവാൻ അവസരം പാർത്തിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുയർത്തുന്ന വെല്ലുവിളിക്ക് അതേ നാണയത്തിൽ മറുപടികൊടുക്കുവാൻ നാം ദീർഘ വീക്ഷണത്തോടും തികഞ്ഞ യാഥാർത്ഥ്യബോധത്തോടും ഭാവനാപൂർണ്ണമായ സമീപനം നടത്തേണ്ട സമയം സമാഗതമായിരിക്കുകയാണ്.

സാമ്പത്തിക ഭദ്രത ഏതൊരു സ്ഥാപനത്തിന്റെയും നിലനില്പിന്റെ നെടുംതൂണാണ്. സുസ്ഥിരമായ ഒരു സാമ്പത്തിക അടിത്തറ കെട്ടിപ്പെടുക്കാതെ ഒരു സ്ഥാപനത്തിനും നിലനിൽക്കുവാൻ കഴിയില്ല. വിഭവസമാഹരണത്തിനുള്ള യത്നത്തിന് മനുഷ്യനോളം തന്നെ പഴക്കമുണ്ട്. ഖജനാവിലേക്ക് ഒഴുകുന്ന ധനത്തിന്റെ സിംഹഭാഗവും എക്കാലവും പൊതുജനങ്ങളിൽ നിന്നും പിരിക്കുന്ന നികുതിയാണ്. ജനകോടികളുടെ കരളും മിഴിയും കവർന്നുകൊണ്ട് അവരുടെ ആശാ കേന്ദ്രമായി തഴച്ചുവളർന്നു പടർന്നു പന്തലിക്കേണ്ട പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ വിജയം സാധിതപ്രായമാകുവാൻ വേണ്ട ധനസമ്പാദനത്തിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെപ്പറ്റി യഥാർത്ഥമായ ഒരു ചിത്രം ഉണ്ടായാൽ മാത്രമേ അവയുടെ ഉദ്ദേശലക്ഷ്യങ്ങൾ സാധിതപ്രായമാകൂ.

1960ലെ കേരള പഞ്ചായത്ത് നിയമം രണ്ട് തരത്തിലുള്ള വരവിനങ്ങളാണ് അനുശാസിക്കുന്നത്. നികുതി, നികുതിയേതര ഇനങ്ങളിൽ നിന്നു ലഭിക്കുന്നവ. ഇപ്പോൾ, കെട്ടിടനികുതി, വിനോദനികുതി, തൊഴിൽക്കരം തുടങ്ങിയവയാണ് വരുമാനമാർഗ്ഗം വിനോദനികുതികൾ എക്കാലവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനത്തിൽ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. തൊഴിൽക്കരം ധനാഗമമാർഗ്ഗമെന്ന നിലയിൽ വലിയ പങ്കുവഹിക്കുന്നു. ലൈസൻസ് ഫീസ്, ജനനമരണരജിസ്ട്രേഷൻഫീസ്, പരസ്യനികുതി, ലേല വരുമാനം എന്നിങ്ങനെ ഏതാനും ഇനങ്ങളിലും വരുമാനമാർഗ്ഗങ്ങൾ ഉണ്ട്. കൂടാതെ സർക്കാരിന്റെ വിവിധ തരം ഗ്രാന്റുകളും, ഡ്യൂട്ടിയിനത്തിൽ നൽകുന്ന ഗ്രാന്റും ജെ.ആർ.വൈ. അൻടൈഡ് ഫണ്ട് ഇനത്തിൽ ലഭിക്കുന്ന തുകകളുമാണ് മുഖ്യമായ വരുമാനമാർഗ്ഗങ്ങൾ.

എന്നാൽ പുതിയ പഞ്ചായത്തിരാജ് സംവിധാനം നിലവിൽവന്നതിന് ശേഷമുള്ള സാഹചര്യത്തിൽ വിഭവസമാഹരണം ഏറ്റവും പ്രാധാന്യത്തോടെ കണ്ടേ മതിയാകൂ. ധനാഗമമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. സാമ്പത്തിക പ്രതിസന്ധി എന്ന വൈതരണിയെ തരണം ചെയ്യുവാനുതകുന്ന നവംനവങ്ങളായ ആശയങ്ങൾ ഉൾക്കൊണ്ടുതന്നെ പഞ്ചായത്തിരാജ് സംവിധാനത്തിന് രൂപവും ഭാവവും അർത്ഥവും വ്യാപ്തിയും പകരേണ്ടതും അവശ്യം ആവശ്യമാണ്. പണമില്ലെങ്കിൽ പഞ്ചായത്തിരാജ് സ്ഥാപനങ്ങളുടെ പ്രവർത്തനം ഏട്ടിലെ പശുവായിത്തീരും എന്നതിൽ പക്ഷാന്തരമില്ല. കേന്ദ്ര സംസ്ഥാനസർക്കാരുകളുടെയും ധനകാര്യമ്മീഷന്റെയും ചുമതലകളെപ്പറ്റി പ്രതിപാദിക്കുന്ന 73ഉം 74ഉം ഭരണഘടനാഭേദഗതികളിലെ 243 എച്ച്, 243 ഐ, 243 എക്സ്, 243 വൈ, എന്നീ വകുപ്പുകളുടെയും ഭരണഘടനയിലെ 280 (ബി.ബി) 280 (സി) എന്നീ വകുപ്പുകളും പഞ്ചായത്തുകൾക്ക് വിവിധ നികുതികൾപിരിക്കുന്നതിനുള്ള അവകാശവും അധികാരവും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും സഹായം നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ധനകാര്യകമ്മീഷന്റെ പ്രവർത്തനവും ചുമതലയും പ്രതിപാതിച്ചിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിന്റെ സമ്പദ്വ്യവസ്ഥയെ മൂന്നായി തരംതിരിക്കാം. കാർഷിക മേഖല, വ്യവസായ മേഖല, സേവന മേഖല. എന്നാൽ കാർഷിക മേഖല പുതിയ നികുതി നിർദ്ദേശങ്ങളെ തങ്ങാവുന്ന വിധത്തിലല്ല. വ്യാവസായികമേഖലയല്ലാത്ത, നാമമാത്രമായ ചെറുകിട വ്യവസായങ്ങൾ ഉള്ള ന

മ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ മേഖലയിൽ വിഭവസമാഹരണത്തിനു സാദ്ധ്യതകളില്ല. സേവനമേഖല, വിദ്യാഭ്യാസത്തിലും, ഗതാഗതത്തിലും മാത്രമായി ഒതുങ്ങി നിൽക്കുന്നു. അതുപോലെ പഞ്ചായത്തിനു ലഭിക്കേണ്ടതും അവകാശപ്പെട്ടതുമായ ഗ്രാന്റുകൾ സമയാസമയങ്ങളിൽ ലഭ്യമാകുന്നില്ല എന്നത് ഏറ്റവും പ്രതികൂലമായി പഞ്ചായത്തുകളെ ബാധിക്കുന്നു. പഞ്ചായത്തിലെ നിലവിലുള്ള വിഭവങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ സാദ്ധ്യതകളില്ലെങ്കിലും ഉള്ളവ പരമാവധി ഉപയോഗപ്പെടുത്തുവാൻ നമുക്ക് കഴിയണം. പഞ്ചായത്തിന്റെ 1995-96 ലെ വരവിന്റെ ഒരു പട്ടിക ചേർക്കുന്നു.

## വരവ് 1995-96

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 259850.05 | 191202.75 | 68647.30 |
| സർവ്വീസ് ചാർജ്ജ് | - | - | - |
| തൊഴിൽ നികുതി | 165949 | 135517 | 30432 |
| വാഹനനികുതി | - | - | - |
| വിനോദനികുതി | 75 | 75 | |
| അധിഃവിഃനികുതി | - | - | - |
| പ്രദർശന നികുതി | 120 | 120 | - |
| പ്രദർശന നികുതി സർചാർജ് | 30 | 30 | - |
| ചന്തവരവ് | - | - | - |
| ലാന്റ് സെസ് | - | - | - |
| ലൈസൻസ് ഫീസ് | 7970 | 7970 | |
| കെട്ടിട നികുതി സർചാർജ് | - | - | - |
| വസ്തു കൈമാറ്റ നികുതി 75% | 86020 | 86020 | - |
| സർക്കാർ ഗ്രാന്റ് ഒഴികെയുള്ള വരവ് | 42852.30 | 42852.30 | |
| സംഭാവന | - | - | - |
| ഡെപ്പോസിറ്റ് | 36540 | 36540 | |
| മറ്റുള്ളവ | 568615.10 | 568615.10 | |
| ആകെ | 1168021.45 | 1068942.15 | 9979.30 |

കാർഷികരംഗവും വ്യവസായ രംഗവും വളർച്ചപ്രാപിച്ചെങ്കിൽ മാത്രമേ അധിക വിഭവ സമാഹരണം ഈ രംഗത്ത് നടപ്പാക്കുവാൻ സാധിക്കുകയുള്ളു. ഇതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്കു കൈമാറണം.

സർക്കാർ ഗ്രാന്റുകൾ സംബന്ധിച്ച നിലപാടുകൾ മാറണം. ഗ്രാന്റുകൾ പിരിക്കുന്ന മേഖലയിൽ വച്ച് തന്നെ പഞ്ചായത്തുകൾക്കു കൈമാറണം. ജനസംഖ്യാ ദാരിദ്ര രേഖയ്ക്കു താഴെയുള്ളവരുടെ ജനസംഖ്യ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ, സ്ത്രീകളുടെ എണ്ണം തുടങ്ങിയവ ഇക്കാര്യത്തിൽ മാനദ

ണ്ഡമായിട്ടെടുക്കാനും ഗ്രാന്റുകളുടെ നീതിപൂർവക മായ വിതരണത്തിന് ഇതാവശ്യമാണ്.

## നികുതിപിരിവ് സംബന്ധിച്ച നിർദ്ദേശങ്ങൾ

1. നികുതി ഒരിക്കലും ഒരു ഭാരമാകുവാൻ പാടില്ല.

2. വരുമാനമുള്ള മുഴുവൻ ആളുകളിൽനിന്നും നികുതി വസൂലാക്കാൻ കഴിയണം.

3. നികുതി ദായകർക്ക് തങ്ങളുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കുചേരുകയാണെന്നബോധം ഉണ്ടാകണം. ചിലവിന്റെ കണക്കിൽ സുതാര്യത ഉണ്ടായിരിക്കണം.

4. നികുതി പിരിവിനു വാർഡ് പ്രതിനിധിയുടെ നേതൃത്വത്തിൽ വികസനസമിതികൾ നേതൃത്വം നൽകണം. ഇതും വികസന പ്രവർത്തനങ്ങളുടെ ഭാഗമാകണം.

## കെട്ടിടനികുതി

കെട്ടിടനികുതിക്ക് സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തണം. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികരുതി ചുമത്തണം. പഞ്ചായത്തിന്റെ വരുമാനത്തിന്റെ 18% കെട്ടിടനികുതിയാണ്.

## തൊഴിൽനികുതി

തൊഴിൽനികുതിയുടെ പരിധിയിൽ അർഹതയുള്ള മുഴുവൻ ആളുകളെയും കൊണ്ടുവരേണ്ടതാണ്. കച്ചവടക്കാർക്കും നിർമ്മാണതൊവിലാലികൾക്കും മറ്റ് തൊഴിലാളികൾക്കും ബാധകമാക്കുകയും വേണം.

വിനോദനികുതിയും പരസ്യനികുതിയും കർശനമാക്കുകയും വിട്ടുവീഴ്ച കൂടാതെ പിരിച്ചെടുക്കുകയും വേണം.

ലൈസൻസ് ഫീസ്, രജിസ്ട്രേഷൻ ഫീസ്, എന്നിവ നിർബന്ധമായും പിരിച്ചെടുക്കുയും വേണം.

പഞ്ചായത്തുറോഡുകളുടെ സംരക്ഷണത്തിന് വർഷംതോറും ചിലവാക്കുന്ന തുക പാഴായിപോവുകയാണ്. വികസനത്തിൽ റോഡുകളുടെ സ്ഥാനം പരിഗണിച്ച് വാർഡു വികസനസമിതികൾ അത്തരം റോഡുകളുടെ സംരംക്ഷണം ഏറ്റെടുക്കണം.

## വിഭവസമാഹരണം സംബന്ധിച്ച നിർദ്ദേശങ്ങൾ

1. ഭൂനികുതി

ഏക്കറിന് 20 രൂപ എന്ന നിരക്ക് വർദ്ധിപ്പിക്കുകയും വർദ്ധനവ് പഞ്ചായത്തുകൾക്ക് നൽകുകയും വേണം. കൃഷിഭൂമിയുടെ തരമനുസരിച്ചായിരിക്കണം ഈ വർദ്ധനവ് നടപ്പാക്കേണ്ടത്.

2. വ്യാവസായികവും വാണിജ്യപരവുമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമികളിൽനിന്നും കരം ഈടാക്കാവുന്നതാണ്.

3. നിരത്തുകളുടെ ഇരുപാർശ്വങ്ങളിലുള്ള വസ്തുക്കളിൽ നിന്നും നിരത്തുകളുടെ പ്രാധാന്യമനുസരിച്ച് ആനുപാതികമായ കരം പിരിക്കാവുന്നതാണ്.

4. പഞ്ചായത്തിലുള്ള വാഹനങ്ങൾ എല്ലാം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതും പ്രതിവർഷം രജിസ്ട്രേഷൻ ഫീസ് ഈടാക്കാവുന്നതാണ്.

5. വിനോദനികുതി കേബിൾ റ്റി.വി. സമ്പ്രദായം ഉള്ളവരിൽ നിന്നും ഈടാക്കാവുന്നതാണ്.

6. മേളകൾക്കും പ്രദർശനങ്ങൾക്കും ഉത്സവങ്ങൾക്കും സജ്ജമാക്കുന്ന സ്റ്റാളുകൾക്കും മറ്റും ലൈസൻസ് നൽകി ഫീസ് ഈടാക്കാവുന്നതാണ്.

7. പഞ്ചായത്തിലുള്ള എല്ലാ വളർത്തു മൃഗങ്ങൾക്കും പ്രതിരോധകുത്തിവയ്പും ലൈസൻസും നിർബന്ധമാക്കുകയും ഫീസീടാക്കുകയും ചെയ്യുക.

8. റീസർവ്വേ കഴിഞ്ഞ പഞ്ചായത്തുകളിൽ, പുറമ്പോക്കുകൾ അളന്നുതിരിച്ച് പഞ്ചായത്തുകൾക്ക് കൈമാറുക. അവ കൃഷിക്കായി ലേലം ചെയ്യുന്നതിനും, തടികളും ഫലവൃക്ഷങ്ങളും കാലാകാലങ്ങളിൽ ലേലം ചെയ്ത് വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്.

9. എല്ലാ തരത്തിലുമുള്ള നേഴ്സറികളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതും നിശ്ചിത തുക ഫീസീടാക്കാവുന്നതുമാണ്.

10. പഞ്ചായത്തിന്റെ പ്രധാന ജംഗ്ഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുകയും വാടകയ്ക്ക് കൊടുക്കാവുന്നതുമാണ്.

11. കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ച് വാടകക്ക് നൽകാവുന്നതുമാണ്.

12. പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ നിർമ്മിച്ച് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തുകൊടുക്കാവുന്നതാണ്.

13. പഞ്ചായത്തു നിർമ്മിക്കുന്ന വെയിറ്റിംഗ്ഷെഡുകളോടൊപ്പം 2 മുറികളെങ്കിലും നിർമ്മിച്ച് വാടകയ്ക്ക് കച്ചവടങ്ങൾ തുടങ്ങുന്നതിന് ലേലം ചെയ്തു കൊടുക്കാവുന്നതാണ്.

14. മിനിമാർക്കറ്റുകൾ സ്ഥാപിച്ച് സ്റ്റാളുകൾ ലേലം ചെയ്ത് കൊടുക്കാവുന്നതാണ്.

15. പഞ്ചായത്തിലെ പ്രധാനജംഗ്ഷനുകളിൽ പാർക്കിംഗ് സൗകര്യങ്ങളേർപ്പെടുത്തുകയും പാർക്കിംഗ് ഫീസ് ഈടാക്കുകയും ചെയ്യാവുന്നതാണ്.

16. ആറുകളിലെയും തോടുകളിലെയും മണൽവാരുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നതിന് പഞ്ചായത്തുകളെ അധികാരപ്പെടുത്തുക.

പഞ്ചായത്തുകളിലെ ഭരണച്ചിലവ് ഇന്നു നൽകുന്ന ഗ്രാന്റുതുക തികച്ചും അപര്യാപ്തമാണ്. ഭരണച്ചിലവിന് നൽകുന്ന ഗ്രാന്റ് തുക വർദ്ധിപ്പിക്കുകയോ അല്ലെങ്കിൽ ഭരണച്ചിലവ് പൂർണ്ണമായും ഗവ:വഹിക്കുകയും ചെയ്യുക.

17. ഇന്ദിരാവികാസ്പത്ര സ്കീം മൂലം പിരിക്കുന്ന തുകയുടെ 15% മുതൽ 25% വരെ അതതു പഞ്ചായത്തുകൾക്കു ലഭിക്കുവാൻ വ്യവസ്ഥയുള്ളതിനാൽ, പരമാവധി തുക പിരിച്ചെടുക്കുന്നതിന് പഞ്ചായത്തും വികസനസമിതികളും കൂട്ടായി പരിശ്രമിക്കുക.

18. ദേശീയ സമ്പാദ്യ പദ്ധതി-മഹിളാ പ്രധാൻ ഏജന്റ്സ് മുഖാന്തിരം- ഊർജ്ജിതപ്പെടുത്തുകയും ധനവിഹിതം കൂടുതൽ ആർജ്ജിക്കുകയും ചെയ്യുക.

19. മനുഷ്യാദ്ധ്വാനം

നമ്മുടെ ഏറ്റവും വലിയ വിഭവം മനുഷ്യശക്തിയാണ്. സന്നദ്ധസംഘടനകൾ രൂപീകരിച്ച് മനുഷ്യശക്തിയെ സംയോജിപ്പിച്ച് ധാരാളം വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്ന മനുഷ്യാധ്വാനം അതതുപ്രദേശങ്ങളിൽ നിന്നും ഉണ്ടായാൽ പല രംഗത്തും ഉള്ള ചൂഷണം അവസാനിപ്പിക്കുവാൻ കഴിയും. റോഡുകളുടെ സംരക്ഷണം, നിർമ്മാണം തുടങ്ങിയ വികസനകാര്യങ്ങളിൽ ബഹുജനപങ്കാളിത്തം ഉറപ്പുവരുത്തുവാൻ കഴിയണം.

20. തൊഴിലില്ലായ്മവേതനം ലഭിക്കുന്ന അഭ്യസ്തവിദ്യരായവർക്കുള്ള വേതനം പഞ്ചായത്തുകൾ വിതരണം ചെയ്യുക. ഗവൺമെന്റിന്റെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും സർവ്വേ കണക്കെടുപ്പ്, വോട്ടർ പട്ടിക പുതുക്കൽ, റേഷൻകാർഡു തയ്യാറാക്കൽ, സെൻസസ് പ്രവർത്തനങ്ങൾ തുടങ്ങിയ ജോലികൾ ഇവർക്കു വിദ്യാഭ്യാസയോഗ്യതയുടെ അടിസ്ഥാനത്തിൽ ചെയ്യുവാൻ സാധിക്കുന്നതാണ്. ഇതുമൂലം ഗവൺമെന്റിന് വലിയൊരു തുക ലഭിക്കുവാൻ സാധിക്കുന്നതാണ്.

21. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾക്ക്-വരുമാനമുണ്ടാക്കുന്ന പദ്ധതികൾക്ക്-വായ്പകൾ എടുക്കുന്നതിനുള്ള അനുവാദവും സൗകര്യം ഉണ്ടാക്കുന്നത് പദ്ധതികൾ ആരംഭിക്കുന്നതിനും കാലവിളംബം കൂടാതെ പൂർത്തികരിക്കുന്നതിനും സഹായിക്കുന്നതാണ്.

എല്ലാ ബഹുജനങ്ങൾക്കും സ്വാധീനമുള്ള പഞ്ചായത്താണ് നമ്മുടേതെന്നുള്ളതുകൊണ്ട് ബഹുജനാടിത്തറ വിഭവസമാഹരണത്തിനും, കാലാകാലങ്ങളിൽ പഞ്ചായത്തു നടത്തുന്ന വികസന പ്രവർത്തനങ്ങളും സംബന്ധിച്ച് ജനാഭിപ്രായങ്ങൾ രൂപീകരിച്ചും പ്രവർത്തിക്കുന്നതിന് സാധിക്കും. ഇത് നമ്മുടെ പഞ്ചായത്തിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കും സംശയമില്ല.

**ചെലവുകൾ**

| ഇനം | തുക | % |
|---|---|---|
| ഭരണം | 455262.70 | 43.67 |
| പൊതുമരാമത്ത് | 339981.00 | 33.36 |
| വിദ്യാഭ്യാസം | 11148.10 | 1.09 |
| ജലവിതരണം, ഓട etc. | 45280.00 | 4.4 |
| തെരുവുവിളക്കു കത്തുക്കുന്നതിന് | 167390.35 | 16.4 |
| മറ്റുള്ളവ | 455262.70 | 43.67 |
| ആകെ | 1019062.15 | 100.00 |

# 13. തീർത്ഥാടനം, ടൂറിസം

ഭുവന പ്രസിദ്ധമാണിന്നു ഭരണങ്ങാനം. സുകൃത ശതങ്ങളുടെ സുഗന്ധമലരുകളാൽ സമ്പന്നമായ ഒരു പുണ്യഭൂമി. അനുഗൃഹീതമായ ഈ മണ്ണിന്റെ വിശുദ്ധിയലേക്ക് കഴിഞ്ഞ അരനൂറ്റാണ്ടായി തീർത്ഥാടകരുടെ തീരാത്ത പ്രവാഹം.

അധികമാരാലും അറിയപ്പെടാതെ ജീവിച്ചു മരിച്ച വാഴ്ത്തപ്പെട്ട അൽഫോൽസാമ്മയുടെ പേരിൽ ഭരണങ്ങാനം വിശ്വവിശാലതകളിലേക്ക് വളർന്നിരിക്കുന്നു. ചരിത്രപ്രസിദ്ധമായ ഈ പ്രദേശം ക്രൈസ്തവർക്കും ഹൈന്ദവർക്കും ഒരുപോലെ പവിത്രമാണ്. പഞ്ചപാണ്ഡവരുടെയും ശ്രീനാരായണ ഗുരുദേവന്റെയും പുണ്യചരിതയായ വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെയും പാദസ്പർശത്താൽ വിശുദ്ധീകരിക്കപ്പെട്ട ഭരണങ്ങാനം ഭാരതത്തിലെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളിലൊന്നായി അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്.

പ്രകൃതിരമണീയമാണീ നാട്, മീനച്ചിലാറിന്റെ താരാട്ട് കേട്ടുറങ്ങുകയും ദേവാലയമണികളുടെ സ്തുതിപ്പും ക്ഷേത്രങ്ങളിൽ നിന്നുയരുന്ന മന്ത്രധ്വനികളും കേട്ടുണരുകയും ചെയ്യുന്ന പുണ്യനാട്. തീർത്ഥാടകരുടെ പാദമുദ്രകളാൽ പവിത്രമായ ഈ നാടിന് പരിമിതികൾ ഏറെയാണ്. ദിവസേന എത്തിച്ചേരുന്ന ആയിരക്കണക്കിന് തീർത്ഥാടകർക്ക് അത്യാവശ്യസൗകര്യങ്ങൾ വളരെ പരിമിതം. സർക്കാരിന്റെ അർഹമായ അംഗീകാരമോ പരിഗണനയോ കിട്ടാതെ. കടുത്ത അവഗണനയിലാണ് ഈ പുണ്യതീർത്ഥാടനകേന്ദ്രം ഇൽഡ്യയുടെ എല്ലാ ഭാഗത്തുനിന്നും മാത്രമല്ല, വിദേശരാജ്യങ്ങളിൽ നിന്നും വരുന്ന ആയിരക്കണക്കിനു തീർത്ഥാടകർക്ക്, യാത്രാ സൗകര്യങ്ങളോ താമസൗകര്യങ്ങളോ ഏർപ്പെടുത്തുവാൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല. ഒരു പഞ്ചായത്തിന്റെ ആസ്ഥാനം എന്ന ബഹുമതിയിൽ ഒതുക്കിനിറുത്തിയിരിക്കുന്നു ഭരണങ്ങാനത്തെ.

വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ ചരമ സുവർണ്ണജൂബിലി സ്മാരകമായി ഭാരതസർക്കാർ ഒരു രൂപ വിലയുള്ള അൽഫോൻസാ സ്മാരക തപാൽ സ്റ്റാമ്പ്, 1996 ജൂലൈ 19ന് പ്രസിദ്ധീകരിച്ചു. അൽഫോൻസാ സ്റ്റാമ്പിന്റെയും, സ്പെഷ്യൽ തപാൽ കവറിന്റെയും പ്രസിദ്ധീകരണത്തിലൂടെ കേന്ദ്ര കേരള സർക്കാരുകളും തപാൽവകുപ്പും ഈ പുണ്യദേശത്തിന് വലിയ അംഗീകാരം നൽകി. എന്നാൽ. ഈ നാട്ടിലെ ജനങ്ങൾ ആഗ്രഹിക്കുന്നത് ഇതിലുപരിയായ, തീർത്ഥാടന കേന്ദ്രത്തിന്റെ, സർവ്വതോന്മുഖമായ വികസനമാണ്. കേരളത്തിൽ നിന്ന് ഒരു വനിതയുടെ ചിത്രം ആദ്യമായിട്ടാണ് തപാൽവകുപ്പ് സ്റ്റാമ്പിൽ ആലേഖനം ചെയ്തത്. അതിലേറെ ശ്രദ്ധേയമായത്. ഇൻഡ്യയിൽ ഏറ്റവുമധികം വിറ്റഴിക്കപ്പെട്ട സ്മാരക തപാൽ സ്റ്റാമ്പ് അൽഫോൻസാമ്മയുടെതാണ്. സ്മാരകസ്റ്റാമ്പിലൂടെ, തപാൽമുദ്രയിലൂടെ, അൽഫോൻസാമ്മയെയും ഭരണങ്ങാനത്തെയും ആദരിച്ച ഭാരത സർക്കാരിന്റെ വികസന ദൃഷ്ടികൾ, ഈ തീർത്ഥാടന കേന്ദ്രത്തിന്റെ വികസനത്തിലും വേണ്ടവിധം പതിയുമെന്ന് ഉത്തമ വിശ്വാസമാണ് ഇവിടുത്തെ ജനങ്ങൾക്കുള്ളത്.

## വികസന സാദ്ധ്യതകൾ

ഒട്ടേറെ വികസന സാദ്ധ്യകൾ ഉള്ള സ്ഥലമാണ് ഭരണങ്ങാനം. ഇൻഡ്യയിലെ പ്രധാനപ്പെട്ട ക്രൈസ്തവ തീർത്ഥാടന കേന്ദ്രമായ ഇവിടെ ആണ്ടുവട്ടം മുഴുവൻ തീർത്ഥാടക പ്രവാഹമാണ്. മറ്റു പല പുണ്യസങ്കേതങ്ങളിൽ ചില പ്രത്യേക സന്ദർഭങ്ങളിൽ മാത്രമാണ് തീർത്ഥാടകർ എത്തുന്നത്. എന്നാൽ. മുന്നൂറ്റിയറുപത്തഞ്ച് ദിവസവും തീർത്ഥാടകരുടെ സാന്നിദ്ധ്യം ഭരണങ്ങാനത്തിന്റെ മാത്രം പ്രത്യേകതയാണ്.

ഈ തീർത്ഥാടനകേന്ദ്രത്തിന്റെ വികസനത്തിന് ഉള്ള പ്രധാന തടസ്സം പദ്ധതികൾക്ക് ആവശ്യമായ സ്ഥലം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടാണ്. പൊന്നുംവിലയ്ക്ക് സ്ഥലം നൽകുവാൻ തയ്യാറുള്ള സഹകാര്യവ്യക്തികളിൽ നിന്ന് സർക്കാർ സ്ഥലമെടുത്ത് വികസനപദ്ധതികളും പരിപാടികളും യഥോചിതം ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. ഭരണങ്ങാനം ഒരു ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുക വഴി, ഐ.റ്റി.ഡി.സി.യുടെയും, കെ.റ്റി.ഡി.സി.യുടെയും ഭൂപടങ്ങളിൽ ഈപ്രദേശത്തിനു അർഹമായ സ്ഥാനം ലഭിക്കുന്നതാണ്.

## വികസനസാദ്ധ്യതകൾ: നിർദ്ദേശങ്ങൾ

കെ.റ്റി.ഡി.സിയുടെ വിനോദതീർത്ഥായാത്രാ പരിപാടികളിൽ ഭരണങ്ങാനത്തെക്കൂടി ഉൾപ്പെടുത്തണം ടൂറിസ്റ്റ് സീസണിൽ വിദേശികൾക്കായി കെ.റ്റി.ഡി.സി. സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന വിനോദയാത്രയുടെ റൂട്ട് എറണാകുളം-കോട്ടയം കുമരകം-ഭരണങ്ങാനം-വാഗമൺ-തേക്കടിയായി ഭേദഗതി ചെയ്യണം.

തീർത്ഥാടകരുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് ഭരണങ്ങാനവും മറ്റു പുണ്യ സങ്കേതങ്ങളും ബന്ധിപ്പിച്ചുകൊണ്ട് കെ.എസ്.ആർ.റ്റി. സംസ്ഥാന, അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കണം. ഭരണങ്ങാനം വേളാങ്കണ്ണി, ഭരണങ്ങാനം-ഗുരുവായൂർ, ഭരണങ്ങാനം-മലയാറ്റൂർ ബസ്സ് സർവ്വീസുകൾ ആരംഭിച്ചാൽ അവ തീർത്ഥാടകർക്കു മാത്രമല്ല, മറ്റുയാത്രക്കാർക്കും പ്രയോജനപ്പെടുന്നതാണ്.

ഭരണങ്ങാനത്ത് ഇന്ന് വിദേശീയക്കാർക്ക് താമസിക്കുന്നതിനു യാതൊരു സൗകര്യങ്ങളുമില്ല. ആധുനിക ഭക്ഷണവും താമസസൗകര്യങ്ങളുമില്ല. ആധുനിക ഭക്ഷണവും താമസസൗകര്യവും തീർത്ഥാടകർക്കും സഞ്ചാരികൾക്കും ഒരുപോലെ താത്പര്യമുണർത്തുന്നതാണ്. കെ.റ്റി.ഡി.സി.യുടെ യാത്രാ നിവാസ്, വഴിയോര വിശ്രമ കേന്ദ്രം സ്ഥാപിക്കുന്നതിന് അടിയന്തിരമായി ശ്രദ്ധപതിയേണ്ടിയിരിക്കുന്നു. ഭരണങ്ങാനം പള്ളി, വില്ലേജ് ഓഫീസിന്റെ നിർമ്മാണത്തിനായി സംഭാവന ചെയ്ത 25 സെന്റ് സ്ഥലത്തിൽ, വില്ലേജ് ഓഫീസിന്റെ ആവശ്യം കഴിഞ്ഞു അവേശിഷിക്കുന്നു 15 സെന്റ് സ്ഥലം ഇപ്പോൾ സർക്കാർ കൈവശത്തിലുള്ളത് ഈ ആവശ്യത്തിലേക്ക് വിനിയോഗിക്കാവുന്നതാണ്.

കെ.റ്റി.ഡി.സി. വക ഒരു ഇൻഫർമേഷൻ സെന്റർ ഇവിടെ ആരംഭിച്ചുകൊണ്ട് മറ്റു സെന്ററുകളെ ഭരണങ്ങാനവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ലഘുലേഖകൾ വിതരണം ചെയ്യുന്നതിനു തയ്യാറാകണം. ഇത് സംസ്ഥാനത്തിനകത്തും പുറത്തും ഉള്ള തീർത്ഥാടകർക്കും സഞ്ചാരികൾക്കും വളരെ പ്രയോജനപ്രദമായിരിക്കും.

വർഷങ്ങളായി ഭരണങ്ങാനത്ത് അനുവദിച്ചിരിക്കുന്ന റ്റി.ബി.യുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം സർക്കാർ അക്വയർ ചെയ്ത്, ഉടൻ തന്നെ ആരംഭിക്കണം.

സാനിട്ടേഷൻ സൗകര്യങ്ങൾ ഏതൊരു തീർത്ഥാടന കേന്ദ്രവും വൃത്തിയായും ഭംഗിയായും സൂക്ഷിക്കുന്നതിന് ആവശ്യമായ ഘടകമാണ്. ഇന്ന് പള്ളി അധികൃതർ ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ മിക്ക സന്ദർഭങ്ങളിലും പരിമിതവും അപര്യാപ്തവുമാണ്. പരിഹാരാർത്ഥം കംഫർട്ട് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനു പുറമെ, മീനച്ചിലാറിലുള്ള കുളിക്കടവുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും പുതിയവ നിർമ്മിക്കുകയും വേണം.

മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾക്കു വേണ്ട സൗകര്യങ്ങൾ എർപ്പെടുത്തേണ്ടത് പരമപ്രധാനമായ സംഗതിയാണ്.

ജലക്ഷാമമാണ് ഭരണങ്ങാനം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഗുരുതരമായ ഒരു പ്രശ്നം. ഇത് ശാശ്വതമായി പരിഹരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ആയതിന്, മീനച്ചിലാറ്റിൽ ചാലിൽകടവിൽ ഒരു ചെക്ക് ഡാം നിർമ്മിക്കണം. നിലവിലുള്ള ജല വിതരണപദ്ധതിയുമായി ബന്ധപ്പെടുത്തി ഒരു മിനി ശുദ്ധജല വിതരണ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കണം. മീനച്ചിലാറ്റിൽ കിണർ കുഴിച്ച് അയ്യങ്കോലിപ്പാറയിൽ ടാങ്ക് സ്ഥാപിച്ച്, നിലവിലുള്ള ജല വിതരണവുമായി ബന്ധിപ്പിക്കുകയും വീടുകൾക്ക് കണക്ഷൻ നൽകുകയും ചെയ്യേണ്ടതാണ്.

## ഗതാഗതസൗകര്യങ്ങൾ; ഗ്രാമസഭാ നിർദ്ദേശങ്ങൾ

മലയാറ്റൂർ-ഭരണങ്ങാനം എരുമേലി-ശബരിമല മലയോര റെയിൽവെ, വർദ്ധിച്ചുവരുന്ന ഗതാഗത പ്രശ്നങ്ങൾ നല്ലൊരു പരിഹാരവും തീർത്ഥാടകർക്ക് വലിയൊരനുഗ്രഹവുമാണ്.

പുതിയ സ്റ്റേറ്റ് ഹൈവേകൾ കേരളത്തിലെ പ്രധാന പുണ്യതീർത്ഥാടന കേന്ദ്രങ്ങളെ തമ്മിൽ പരസ്പരം ബന്ധിപ്പിക്കുന്നവിധം സംവിധാനം ചെയ്യണം. ഏറ്റുമാനൂർ-പൂഞ്ഞാർ സ്റ്റേറ്റ് ഹൈവേയുടെ നിർമ്മാണം ത്വരിതപ്പെടുത്തി എത്രയും വേഗം പൂർത്തിയാക്കണം.

ഭരണങ്ങാനം ടൗണിന്റെ വികസനത്തിനും ഇന്നനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഗതാഗതസ്തംഭനം ഒഴിവാക്കുന്നതിനും പാരലൽ റോഡുകൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ടൗണിനു പാരലൽ ആയി മെയിൻറോഡ് നിന്ന് പള്ളിയിലേക്കു പ്രവേശിക്കുന്ന വഴിയുടെ ഭാഗത്തുനിന്ന് ആരംഭിച്ച് പഞ്ചായത്താഫീസിന്റെ മുൻവശത്ത് തുറക്കത്തക്കവിധവും വിലങ്ങുപാറ

ജംഗ്ഷനിൽനിന്നും, കോക്കാട്ട്, പള്ളി വക സ്ഥല ങ്ങളിൽകൂടി വട്ടോളി ഭാഗത്ത് എത്തുന്ന ഒരു റോഡ് നിർമ്മിച്ചാൽ വടക്കേൽ വളവ് ഭാഗത്തെ അപകട സാദ്ധ്യത ഒഴിവാക്കുന്നതിനും വൺവേ സൗകര്യം ഏർപ്പെടുത്തുന്നതിനും സാധിക്കും.

ഈ തീർത്ഥാടന കേന്ദ്രത്തിന്റെ സൗന്ദര്യവൽ ക്കരണത്തിന്റെ ഭാഗമായി റോഡുകളും അവയുടെ പാർശ്വങ്ങളും നടപ്പാതകൾ കെട്ടിസൗകര്യപ്പെടുത്തു കയും, പൂമരങ്ങൾ സൗകര്യപ്രദമായ സ്ഥലങ്ങളി ലും ജംഗ്ഷനുകളിലും വച്ച് പിടിപ്പിച്ച് സംരക്ഷിക്കു കയും രാത്രികാലങ്ങളിൽ മുഴുവൻ സമയം പ്രകാ ശിക്കുന്ന കൂടുതൽ സോഡിയം വേപ്പർ ലാമ്പുക ളും ട്യൂബ് ലൈറ്റുകളും സ്ഥാപിക്കുകയും വേണം.

ഇവിടെ നിന്ന് മറ്റു പുണ്യസങ്കേതങ്ങളിലേക്കു ള്ള ദൂരവും പ്രത്യേകതകളും കാണിക്കുന്ന സൈൻ ബോർഡുകൾ ചദർശിപ്പിക്കണം.

പോസ്റ്റോഫീസിന്റെ സേവനം എല്ലാ സമയ ത്തും ലഭ്യമാക്കുന്നതിലേക്ക് ഒരു മാതൃകാ പോസ്റ്റാ ഫീസായി. നിലവിലുള്ളത് ഉയർത്തുകയും ടെലി ഫോൺ എക്സ്ചേഞ്ചിന്റെ പുതിയ കെട്ടിടനിർമ്മാ ണവും മാറ്റവും ത്വരിതഗതിയിലാക്കുകയും വേണം.

ഭരണങ്ങാനത്ത് എത്തിച്ചേരുന്ന ഭക്തജന ങ്ങൾ ആവശ്യമായ 'ഭക്തസാധനങ്ങളുടെ' ഒരു വിപ ണികേന്ദ്രം-പഞ്ചായത്തിന്റെ ഒരു വനിതാ സംരംഭമായി ആരംഭിക്കാവുന്നതും, അതിന്റെ ഉത്പാദനം-വനിതാ വ്യവസായയൂണിറ്റായി ആരംഭിക്കാവുന്നതുമാണ്.

25 വർഷത്തെ വികസനം മുന്നിൽ കണ്ടു കൊണ്ട്. വിദഗ്ദ്ധരായ എൻജിനീയർമാരുടെയും ടൗൺ പ്ലാനർമാരുടെയും സഹായത്തോടെ പഞ്ചായത്ത് ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കേണ്ടതുണ്ട്. ഭാവിവികസനം ആ വഴിക്കായിരുന്നാൽ ഈ പുണ്യകേന്ദ്രത്തിന്റെ മാത്രമല്ലാ, മറ്റു കേന്ദ്രങ്ങൾക്കും കൂടി അത് മാർഗ ദർശകമായിരിക്കും.

# ടൂറിസം

ഭരണങ്ങാനം പഞ്ചായത്തിലെ അയ്യമ്പാറയും പാമ്പൂരാംപാറയും ടൂറിസ്റ്റുകളെ ആകർഷിക്കത്തക്ക വിധം സംവിധാനം ചെയ്യുവാൻ സാധിക്കുന്നതാണ്. വളരെ വിസ്തൃതമായതും ഉയർന്നതുമായ അയ്യമ്പാറ പ്രദേശത്ത് ഒരു ടൂറിസ്റ്റ് റിസോർട്ട് സെന്റർ സ്ഥാപിച്ച് വിനോദസഞ്ചാരികൾക്ക് നല്ലൊരു താവളമാക്കാവു ന്നത്.

പാമ്പൂരാംപാറ, വിശുദ്ധ ഗീവർഗീസ് പുണ്യാ ളനുമായി ബന്ധപ്പെട്ട ഐതിഹ്യമാണുള്ളത്. ദുഃഖ വെള്ളിയാഴ്ച ദിനം ധാരാളം ആളുകൾ എത്തിച്ചേ രുന്ന ഒരു പുണ്യസ്ഥാനവുമാണ്. പ്രകൃതി രമണീയ മായ ഒരു പ്രദേശമാണ്. വിനോദസഞ്ചാരികളെ ആക ർഷിക്കുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ പഞ്ചായ ത്തും വിനോദസഞ്ചാരവകുപ്പും ശ്രദ്ധിക്കേണ്ടിയിരി ക്കുന്നു.

ഈ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേ ശമാണ് കയ്യൂർ. ഐതീഹ്യമാലയിലും ചരിത്രങ്ങളി ലും കയ്യൂരിന് സ്ഥാനമുണ്ട്. അരക്കില്ലത്തിൽ നിന്നും രക്ഷപെടുത്തുന്നതിനുവേണ്ടി നിർമ്മിച്ച ഗുഹയുടെ ഏതാനും ഭാഗങ്ങൾ ഇപ്പോഴും കാണാം. ഓരാൾക്കു സഞ്ചരിക്കാവുന്ന വലിപ്പം ഈ ഗുഹക്കുണ്ട്. തേവ രമലയിൽനിന്നും വീക്ഷിച്ചാൽ ആലപ്പുഴ കടൽത്തീര വും ലൈറ്റുഹൗസും കാണുവാൻ സാധിക്കും. എതു കാലാവസ്ഥയിലും ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പ്രകൃതിസൗന്ദര്യത്തിനാൽ അനുഗ്രഹീതമാണ് ഈ പ്രദേശം. ഇവിടത്തെ നാടുകാണി പ്രദേശവും പ്രകൃ തിയാൽ അനുഗ്രഹീതമാണ്. അതുപോലെ തന്നെ കുരിശുമലയുമെല്ലാം കയ്യൂരിനെ ടൂറിസ്റ്റുകളെ ആക ർഷിക്കുവാൻ വിധം അനുഗൃഹീതമാണ്. ഈ വാർ ഡിലെ സാദ്ധ്യതകളെല്ലാം പരിഗണിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കുന്ന വിധത്തിൽ പദ്ധതികൾ രൂപീക രിച്ച് നടപ്പിലാക്കുന്നതിന് ഉള്ള നടപടികൾ പഞ്ചാ യത്ത് സ്വീകരിക്കേണ്ടതാണ്.

ഭരണങ്ങാനത്തിന്റെ അഭിവൃദ്ധിക്കും വികസ നത്തിനും, ഒരു ഗ്രാമാന്തരീക്ഷം നിലനിറുത്തിക്കൊ ണ്ടുതന്നെ ബന്ധപ്പെട്ടവർ ചിന്തിച്ച് മേൽ നടപടി കൾ ആവിഷ്ക്കരിക്കുവാൻ തയ്യാറാകുമെന്ന് പ്രത്യാ ശിക്കാം.

# V. ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് - ഇന്ന്

1994ലെ കേരള പഞ്ചായത്തുരാജ് ആക്ട് പ്രകാരമുള്ള ത്രിതലപഞ്ചായത്തുകളുടെ ആദ്യതിര ഞ്ഞെടുപ്പ് 1995 സെപ്തംബർ മാസം 23, 25 തീയ തികളിലായി കേരളത്തിൽ നടത്തപ്പെട്ടു. അതിൻപ്ര കാരം ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ പുതിയ ഭരണസമിതി 2-10-95ൽ നിലവിൽ വന്നു. ഈ പഞ്ചായത്തിന്റെ ബന്ധപ്പെട്ട ബ്ലോക്കു പഞ്ചായത്തു ളാലവും, ജില്ലാ പഞ്ചായത്തു കോട്ടയവുമാണ്.

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിൽ 9 വാർഡു കളാണുള്ളത്. ഓരോ വാർഡിൽനിന്നും തിരഞ്ഞെ ടുക്കപ്പെട്ടവരുടെ പേരു വിവരം താഴെ ചേർക്കുന്നു.

| വാർഡ് | പേര് |
|---|---|
| 1. | ശ്രീമതി റ്റി.റ്റി. അന്നമ്മ പനച്ചീനാനി കുരുവമ്മാക്കൽ |
| 2. | ശ്രീ തോമ്മസ്കുട്ടി ജോസഫ്, പിണക്കാട്ട് |
| 3. | ദേവസ്യാ മത്തായി, മഠത്തിൽ |
| 4. | ഇ.വി. ജനാർദ്ദനൻ, ഇല്ലിക്കൽ |
| 5. | ശ്രീമതി. ഏലിക്കുട്ടി സെബാസ്റ്റ്യൻ പിണക്കാട്ട്. |
| 6. | ശ്രീ റ്റി.ജി. കുമാരൻ, ശുഭാലയം |
| 7. | ശ്രീ. അഗസ്റ്റ്യൻ ജോസഫ്, പൊട്ടംപറമ്പിൽ |
| 8. | ശ്രീമതി ലിസ്സി സിറിയക്ക് ചന്ദ്രൻകുന്നേൽ |
| 9. | ശ്രീ. സി. ആർ. നാരായണൻനായർ, ചൂരമല. |

ശ്രീമതി റ്റി.റ്റി. അന്നമ്മ പ്രസിഡന്റായും, ശ്രീ അഗസ്റ്റ്യൻ ജോസഫ്, വൈസ് പ്രസിഡന്റായും ഉള്ള ഭരണസമിതി നിലവിൽവന്നു. ശ്രീ സി.ആർ. നാരാ യണൻനായർ, ദേവസ്യാമത്തായി, ഇ.വി. ജനാർദ്ദന ൻ, ഏലിക്കുട്ടി സെബാസ്റ്റ്യൻ, റ്റി.ജി. കുമാരൻ എന്നീ 5 പേരെ തെരഞ്ഞടുത്തു. സ്റ്റാൻഡിംഗ് കമ്മിറ്റി യിലേക്ക് ചെയർമാനായി ശ്രീ സി.ആർ. നാരായ ണൻ നായരെ തിരഞ്ഞെടുത്തു. പ്രസിഡന്റും, വൈ സ് പ്രസിഡന്റും സ്റ്റാൻഡിംഗ് കമ്മിറ്റിയിലെ അനൗ ദ്യോഗിക അംഗങ്ങളാണ്.

ഈ പഞ്ചായത്തുഭരണസമിതി ജാതി മത ഭേദമില്ലാതെ എല്ലാവരെയും ഒരു പോലെ കണ്ടു കൊണ്ട് കക്ഷിരാഷ്ട്രീയത്തിനതീതമായ, അഴിമതി രഹിതഭരണം കാഴ്ചവെക്കുമെന്നും, നാടിന്റെ പുരോ ഗതിക്കുവേണ്ടി തങ്ങളാൽ കഴിവതും ആത്മാർത്ഥ മായി പ്രവർത്തിക്കുമെന്നു സത്യപ്രതിജ്ഞാ ചടങ്ങിൽ പഞ്ചായത്തംഗങ്ങൾക്കുവേണ്ടി പ്രസിഡന്റ് പ്രഖ്യാപി ക്കുകയുണ്ടായി. ഈ പ്രഖ്യാപനം യാഥാർത്ഥ്യമാ ക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടി രിക്കുന്നത്.

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടി വാർഡുകമ്മിറ്റികൾ രൂപീ കരിച്ചു. പഞ്ചായത്തിലുള്ള ക്ലബുളെയും മറ്റു കലാ സാംസ്ക്കാരിക പ്രവർത്തകരെയും സംഘടിപ്പിച്ചു കൊണ്ട് കേരളോത്സവവും ഓണോഘോഷവും വളരെ വിപുലമായ രീതിയിൽ നടത്തുകയുണ്ടായി. ഈ വർഷത്തെ ബ്ലോക്കുതല ഓണാഘോഷമത്സര ങ്ങളിൽ ഈ പഞ്ചായത്തിന് ഓവർ ഓൾ ചാമ്പ്യൻ ഷിപ്പ് കരസ്ഥമാക്കാനും കഴിഞ്ഞു.

കൃഷിഭവനോടനുബന്ധിച്ച് പഞ്ചായത്തുതല കാർഷിക വികസന സമിതി രൂപീകരിച്ചു. കൃഷി ക്കും, മൃഗസംരക്ഷണത്തിനും പ്രോത്സാഹനം കൊടു ക്കുന്നതിനുള്ള വികസന സെമിനാറുകൾ സംഘടിപ്പി കുകയും ചെയ്തു. കൂടാതെ കന്നുകാലികളെ ബാധി ക്കുന്ന പ്രധാന പകർച്ചവ്യാധിയായ കുളമ്പു രോഗ ത്തിനെതിരായി ഈ പഞ്ചായത്തിന്റെ എല്ലാ വാർ ഡുകളിലും ക്യാമ്പുകൾ സംഘടിപ്പിച്ച് സൗജന്യ കുള മ്പുരോഗപ്രതിരോധ കുത്തിവെയ്പുകൾ നടത്തി.

പി.എച്ച് സെന്ററിനോടനുബന്ധിച്ച് ഹോസ്പിറ്റ ൽ സൗഹൃദസമിതി രൂപീകരിച്ചു. പോളിയോ രോഗ പ്രതിരോധ നടപടിയുടെ ഭാഗമായി പഞ്ചായത്തി ന്റെ എല്ലാ വാർഡുകളിലും കുട്ടികൾക്കു പോളിയോ

മരുന്നുകൾ കൊടുക്കുന്ന പരിപാടികൾ സംഘടിപ്പിച്ചു. ഇന്നു ലോകം നേരിടുന്ന ഏറ്റം വലിയദുരന്തങ്ങളിലൊന്നായ എയ്ഡ്സ് രോഗത്തിനെതിരേ ബോധവൽക്കരണക്യാമ്പുകളും സെമിനാറുകളും വീഡിയോ പ്രദർശനങ്ങളും നടത്തി മസ്തിഷ്കജ്വരത്തിനെതിരേ കൊതുകുനശീകരണ പരിപാടികൾ നടത്തുകയും ഹോട്ടലുകളിൽ ശുചിത്വ പരിശോധനകൾ നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തു. ജാപ്പനീസ് പനി പടരാതിരിക്കാനുള്ള ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു.

താഴ്ന്ന വരുമാനക്കാരായ വനിതകൾക്കു സ്വയം തൊഴിൽ കണ്ടെത്തുന്നതിനൊ ഭാഗമായി പഞ്ചായത്തും ഖാദിബോർഡും കൂടി യോജിച്ച് ഈ പഞ്ചായത്തിൽ നിന്നും 50 വനിതകളെ തിരഞ്ഞെടുത്ത് മാസം 300/- രൂപാ സ്റ്റൈപ്പന്റു നൽകി 3 മാസത്തേക്കു ചർക്കയിൽ നൂൽനൂപ്പു ട്രെയിനിംഗ് കൊടുത്തു. പരിശീലനത്തിനു ശേഷം നാലായിരത്തോളം രൂപാ വില വരുന്ന ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ചർക്കകൾ പരിശീലകർക്ക് അവരവരുടെ വീടുകളിലേക്ക് കൊടുത്തുവിടുകയും ചെയ്തു. നൂൽനൂൽപ്പിനുള്ള അസംസ്കൃതസാധനങ്ങൾ അവർക്കു സൗജന്യമായി നൽകിക്കൊണ്ട്. അവർ വീടുകളിലിരുന്ന് ഉണ്ടാക്കുന്ന നൂല് തിരിയെ വാങ്ങി അതിന്റെ വില ഖാദിബോർഡിൽനിന്നും അവർക്കു കൊടുക്കുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം 50 വനിതകൾക്ക് അവരവരുടെ വീടുകളിൽതന്നെ ഇരുന്നുകൊണ്ട് ചർക്കയിൽ നൂൽനൂറ്റ് വരുമാനം ഉണ്ടാക്കാനും, അങ്ങിനെ ഒരു പരിധിവരെ അവരുടെ കുടുംബങ്ങളിലെ സാമ്പത്തിക പരാധീനതകൾ കുറക്കാനും കഴിയുന്നു.

കൂടാതെ, സ്വന്തമായി സ്ഥലമുള്ള ഈ പഞ്ചായത്തിലെ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ഇതിനോടകം വീടും കക്കൂസും നൽകി കഴിഞ്ഞു. "എല്ലാവർക്കും വീടും, കക്കൂസും" എന്നുള്ളത് ഈ പഞ്ചായത്തിന്റെ ഒരു ലക്ഷ്യമാണ്. അതിന്റെ ഭാഗമായി പഞ്ചായത്തിന്റെ 9 വാർഡുകളിലായി ദുർബല വിഭാഗത്തിൽപ്പെട്ട 47 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിന് കക്കൂസ് ഒന്നിന് 2000/- രൂപാവെച്ച് സഹായം അനുവദിക്കുകയും, പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഈ പഞ്ചായത്തു ഭരണസമിതി നിലവിൽ വന്നതിനുശേഷം വിവിധ വാർഡുകളിലായി അൺടൈഡ് ഫണ്ട് ഉപയോഗിച്ച് താഴെ പറയുന്ന പണികൾ നടത്തുകയുണ്ടായി.

1. ഒന്നാം വാർഡിൽ വട്ടോളിക്കടവിൽ കുളിക്കടവുമുന്നാംഘട്ടം പൂർത്തീകരിച്ചു.
2. നാലാംവാർഡിൽ പുലിമലക്കുന്ന്. അളനാട് റോഡിന്റെ 450 മീറ്റർ ടാറിംഗ് നടത്തി.

ഇതിനും പുറമെ അൺടൈഡ് ഫണ്ടിൽപ്പെടുത്തി താഴെപറയുന്ന പണികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

1. ഒന്നാം വാർഡിൽ ഭരണങ്ങാനത്തു നിന്നും വിലങ്ങുപാററോഡിലേക്കുള്ള ലിങ്കു റോഡിന്റെ 150 മീറ്റർ റീടാറിംഗ്.
2. മൂന്നാം വാർഡിൽ കുളത്തിനാൽ മുണ്ടിനച്ചിപ്പുഴ റോഡിന്റെ ടാറിംഗ്.
3. ആറാം വാർഡിൽ പ്ലാമൂട് ജംഗ്ഷനിൽനിന്നും 100 മീറ്റർ ടാറിംഗ്.
4. നാലാം വാർഡിൽ പ്രവിത്താനം ഇടപ്പാടി റോഡിൽ ചൂരനോലി ഭാഗം 200 മീറ്റർ റീടാറിംഗ്.

പഞ്ചായത്തു ഫണ്ടുപയോഗിച്ച് 5-ാം വാർഡിൽ അട്ടിക്കൽ തോടിനു കലുങ്ക്. 7-ാം വാർഡിൽ വലിയമറുതാങ്കൽ ഭാഗത്ത് കലുങ്ക്. 7-ാം വാർഡിൽ തേക്കുപാലം കുളിക്കടവ്. മൂന്നാം വാർഡിൽ മുണ്ടിനച്ചിപ്പുഴ ഭാഗത്ത് റീട്ടെയിനിംഗ്വാൾ എന്നിവ പണികഴിപ്പിച്ചു.

താഴെ പറയുന്ന വേലകൾക്ക് എസ്റ്റിമേറ്റും ഭരണാനുമതിയും സാങ്കേതികാനുമതിയും കിട്ടിയിട്ടുള്ളതും പണി ആരംഭിക്കുന്നതിന് വേണ്ടി ടെൻഡർ വിളിക്കുന്ന നടപടികൾ പൂർത്തിയായിട്ടുള്ളതുമാണ്.

1. ഒന്നാം വാർഡിൽ ഭരണങ്ങാനം-കീഴമ്പാറ കോട്ടവഴി റോഡിൽ വേലമ്മാരുകുടി ഭാഗത്ത് കലുങ്ക് നിർമ്മിക്കൽ.
2. ഏഴാംവാർഡിൽ ഉള്ളനാട് ആലമറ്റം റോഡിൽ കുമ്പളാങ്ങിമലഭാഗത്ത് കലുങ്കു നിർമ്മിക്കൽ.
3. ഏഴാം വാർഡിൽ പ്രവിത്താനം മങ്കര ഭാഗത്ത് ഒരു നടപ്പാലം നിർമ്മിക്കൽ.
4. ഏഴാം വാർഡിൽ വെള്ളക്കല്ല്-തിരുനക്കര റോഡിൽ കയ്പയിൽ ഭാഗത്ത് കലുങ്ക് നിർമ്മിക്കൽ.
5. 8-ാം വാർഡിൽ കാഞ്ഞിരമറ്റം അരങ്ങാപ്പാറ റോഡിൽ തെങ്ങുംപള്ളി ഭാഗത്ത് കലുങ്കു നിർമ്മിക്കാൻ.

6. 7-ാം വാർഡിൽ ആലമറ്റം റോഡിന്റെ വശത്ത് സംരക്ഷണ ഭിത്തി കെട്ടുക.

കൂടാതെ താഴെ പറയുന്ന വേലകൾക്ക് പുസ്തകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും, സാങ്കേതികാനുമതിക്കായി അയച്ചിട്ടുള്ളതുമാണ്.

7. മാലാം വാർഡിൽ പ്രവിത്താനം ജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ് നിർമ്മാണം.

8. മാലാം വാർഡിൽ ആളനാട് സ്കൂൾ മണപ്പുറത്തുപീടിക റോഡിൽ കലുങ്കു നിർമ്മാണം.

9. അഞ്ചാം വാർഡിൽ ചൂണ്ടച്ചേരി-പുതുപ്പള്ളി റോഡിൽ കലുങ്ക്.

4. രണ്ടാം വാർഡിൽ അയ്യമ്പാറ ഭാഗം പോസ്റ്റാഫീസ് ചിറാനപ്പാറ റോഡിൽ ചപ്പാത്ത് നിർമ്മിക്കൽ.

5. രണ്ടാം വാർഡിൽ വാളിപ്ലാക്കൽക്കുന്നു ഭാഗം പോസ്റ്റോഫീസ്-കൂവക്കാട് റോഡിൽ കല്ലുപതിക്കൽ.

6. മാലാം വാർഡിൽ ഊട്ടുവിക്കുന്നു ഭാഗം കല്ലുപതിക്കൽ.

ഇതിനും പുറമെ മുൻഭരണസമിതിയുടെ കാലത്തു JRY സ്കീമിൽപ്പെട്ടു കിടന്നിരുന്നതും, കയ്യൂർ നിവാസികളുടെ ചിരകാല സ്വപ്നവും, എന്നാൽ മലയും, പാറക്കെട്ടുകളും വെട്ടിയരിഞ്ഞ് കെട്ടിയെടുക്കേണ്ട ദുർഘടം പിടിച്ച പണികളായിരുന്നതിനാൽ തടസ്സപ്പെട്ടു കിടന്നിരുന്നതുമായ കയ്യൂർ-ഉള്ളനാട് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ച് മെറ്റലിംഗ് പണിപൂർത്തിയാക്കിയിട്ടുള്ളതും, ടാറിംഗ് വേലയുടെ നടപടികൾ ആരംഭിച്ചിരിക്കയുമാണ്. ഈ പഞ്ചായത്തിന്റെ, പ്രത്യേകിച്ചും കയ്യൂർ പ്രദേശത്തിന്റെ വികസനത്തിന് ഏറ്റം ആവശ്യമായ ഈ റോഡിന്റെ നിർമ്മാണം പുനരാരംഭിക്കാൻ കഴിഞ്ഞത് ഈ പഞ്ചായത്തു കമ്മറ്റിയുടെ ഒരു നേട്ടമായി കരുതുന്നു.

പഞ്ചായത്തുകളുടെ സുഗമമായ നടത്തിപ്പിനു പ്രതിസന്ധികൾ ഏറെയുണ്ട്. പലതും ഗവണ്മെന്റു തലത്തിൽ പരിഹാരം കാണേണ്ടവയാണ്.

1. വികസന പ്രവർത്തനങ്ങൾ നടത്തുവാൻ പഞ്ചായത്തിന് ആവശ്യമായ ഫണ്ടില്ല. 9-ാം പഞ്ചവത്സര പദ്ധതി നടപ്പിലാകുമ്പോൾ ഒരു പരിധിവരെ ഇതിനു പരിഹാരം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

2. അടിസ്ഥാനപരമായി നടത്തേണ്ട പലവികസന കാര്യങ്ങൾക്കും സ്ഥലം ആവശ്യമാണ്. ഭരണങ്ങാനം പഞ്ചായത്ത് സ്ക്വയർ ചെയ്ത 25 സെന്റ് സ്ഥലത്താണ് പഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്നത്. ഇതുപോലും തരണങ്ങാനത്ത് ഒരിഞ്ചു ഭൂമിപോലും പൊതു ആവശ്യത്തിനുവേണ്ടി പഞ്ചായത്തിനു സ്വന്തമായിട്ടില്ല. സ്ഥലം വാങ്ങുന്നതിനുവിധം നിയമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുകയും, സ്ഥലം വാങ്ങുന്നതിന് ആവശ്യമായ ഫണ്ട് ഗവണ്മെന്റിൽ നിന്നും അനുവദിച്ചു നൽകുകയും വേണം.

3. ജനങ്ങളുടെ പ്രാഥമിക ആവശ്യവും പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിലും പെട്ട രണ്ടു വിഷയങ്ങളാണ് വെള്ളവും, വെളിച്ചവും. ഇവ രണ്ടും ഇപ്പോൾ വാട്ടർ അതോറിറ്റിയും, ഇലക്ട്രിസിറ്റി ബോർഡുമാണ് കൈകാര്യം ചെയ്യുന്നത്. സ്ട്രീറ്റ് ലൈറ്റ് കത്തിയാലും കത്തിയില്ലെങ്കിലും ബൾബിന്റെ എണ്ണം കണക്കാക്കിയും, വെള്ളം ഉണ്ടെങ്കിലും ഇല്ലെങ്കിലും ശരി, ടാപ്പിന്റെ എണ്ണം കണക്കാക്കിയും അവർ പഞ്ചായത്തിൽ നിന്നും ചാർജ്ജ് ഈടാക്കികൊണ്ടുമാണിരിക്കുന്നത്. ഇവ രണ്ടും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്നെങ്കിൽ മാത്രമെ ജനങ്ങൾക്ക് അതുകൊണ്ട് എന്തെങ്കിലും പ്രയോജനം ലഭിക്കുകയുള്ളൂ.

4. ആഫീസാണ് മറ്റൊരു പ്രധാനഘടകം. ഗ്രാമസഭകളിലും, പഞ്ചായത്തു കമ്മറ്റികളിലും എന്തൊക്കെ പാസ്സാക്കിയാലും, ജനപ്രതിനിധികൾ എത്രമാത്രം അദ്ധ്വാനിച്ചാലും, അവയുടെയൊക്കെ വർക്ക് ഷോപ്പായ ആഫീസ് വേണ്ടവിധം ചലിച്ചില്ലെങ്കിൽ പ്രവർത്തന ഫലങ്ങൾ യഥാസമയത്തും, വേണ്ട വിധത്തിലും ജനങ്ങളിൽ എത്തുകയില്ല. നാം ചിലവഴിക്കുന്ന സമയവും, പണവും അപ്പോൾ പാഴായിപോകയെ ഉള്ളൂ. പഞ്ചായത്തു രാജ്നിയമം നിലവിൽവന്നതിനുശേഷം പഞ്ചായത്താഫീസുകളിലെ ജോലിഭാരം പതിൻമടങ്ങ് വർദ്ധിച്ചിട്ടുണ്ട്. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, മൃഗസംരക്ഷണം തുടങ്ങിയ പലവകുപ്പുകളും പഞ്ചായത്തുകൾക്കു വിട്ടുതന്നു. വിവിധ വകുപ്പുകളിൽ കൈകാര്യം ചെയ്തുകൊണ്ടിരുന്ന പൊൻഷൻ പദ്ധതികളിൽ പലതും പഞ്ചായത്തുകളിലേക്കു കൈമാറി. എന്നാൽ ഈവക ജോലികൾ ചെയ്യുന്നതിനു ജീവനക്കാരെയൊന്നും കൂടുതലായി നിയമിച്ചിട്ടില്ല. നിലവിലുള്ള ജീവനക്കാരെപ്പോലും, പുതിയ സംവിധാനത്തിലേക്ക് ഉണർത്തിക്കൊണ്ടുവരുന്നതിനുള്ള നടപടികൾ ഒന്നും ഗവ.തലത്തിൽ സ്വീകരിച്ചിട്ടില്ല.

5. പഞ്ചായത്താഫീസുകളിലെ ജോലിഭാരം തിട്ടപ്പെടുത്തി അതിനനുസരിച്ച് ആവശ്യമായ ജീവനക്കാരെ പുതിയതായി നിയമിക്കണം. അതല്ലെങ്കി

ൽ. മറ്റു വകുപ്പുകളിൽ നിന്നും ഡപ്യൂട്ടേഷൻ വ്യവസ്ഥയിലൊ. ജോലിക്രമീകരണാടിസ്ഥാനത്തിലൊ മാറ്റി നിയമിക്കയോ ചെയ്യണം. ഇതുവളരെ അടിയന്തിരമായി ഗവണ്മെന്റു ചെയ്യേണ്ട കാര്യമാണ്.

6. സെക്രട്ടറിമാർ ഇപ്പോൾ പഞ്ചായത്തുപണികളുടെ മേൽനോട്ടവും വഹിക്കുന്നുണ്ട്. ഓഫീസിന്റെ നടത്തിപ്പും. മേൽനോട്ടവും വഹിക്കേണ്ട സെക്രട്ടറിമാർ ഫീൽഡിലായിരുന്നാൽ ഓഫീസിന്റെ പ്രവർത്തനം വേണ്ടവിധം നടക്കുകയില്ല. ആയതിനാൽ പഞ്ചായത്തുകളിൽ ചെയ്യേണ്ട ജോലിയുടെ സ്വഭാവമനുസരിച്ച് അതിനുപറ്റിയ തസ്തികകൾ സൃഷ്ടിക്കണം.

7. പഞ്ചായത്തുരാജ് നിയമത്തെപ്പറ്റിയും. അതിന്റെ നടത്തിപ്പിനെപ്പറ്റിയും പഞ്ചായത്തിലെ ജീവനക്കാർക്കും. പഞ്ചായത്തു മെമ്പർമാർക്കും നിർബന്ധമായും ഗവ.തലത്തിൽ ട്രെയിനിംഗ് കൊടുക്കണം.

8. ക്ഷേമപ്രവർത്തനങ്ങളിലും. വികസന പ്രവർത്തനങ്ങളിലും പഞ്ചായത്തുമായി സഹകരിക്കുന്നതിനും. ജനപങ്കാളിത്തം ഉറപ്പുവരുത്തന്നതിനും വേണ്ടി പഞ്ചായത്തതിർത്തിക്കകത്തുള്ള എല്ലാ രജിസ്റ്റർ ചെയ്ത സന്നദ്ധ സംഘടനകളിലെ അംഗങ്ങൾക്കും ഗവണ്മെന്റിൽ നിന്നും പരിശീലനം കൊടുക്കുന്നത് നന്നായിരിക്കും.

വികസന പ്രവർത്തനങ്ങൾക്കു പണം കൂടിയേ തീരൂ. എന്നാൽ പണം കൊണ്ടുമാത്രം വികസന പ്രവർത്തങ്ങൾ നടക്കുകയില്ല. വികസന രംഗത്തു പണത്തിനു തുല്യമായ സ്ഥാനം മനുഷ്യശക്തിക്കുമുണ്ട്. അതു നമ്മൾ നിർലോഭം ചിലവഴിച്ചാൽ നമ്മുടെ നാടു ധന്യമാകും.

വിവിധ ഇനങ്ങളിലായി ജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന കരമാണ് പഞ്ചായത്തിനുള്ള വരുമാനമാർഗ്ഗം. സർക്കാരിൽ നിന്നും കിട്ടുന്ന സാമ്പത്തിക സഹായങ്ങൾക്കും പരിമിതികൾ ഉണ്ട്. ഗവണ്മെന്റിന്റെ കടമയാണ് നമ്മളെ പോലുണ്ടാ എന്നുള്ള ചിന്താഗതി പഞ്ചായത്തു രാജ് സംവിധാനത്തോടുകൂടി ജനങ്ങളിൽനിന്നും മാറേണ്ടിയിരിക്കുന്നു. സമൂഹത്തിലെ എല്ലാത്തട്ടിലുമുള്ള ആളുകൾക്കും. തന്റെ കുടുംബത്തോടും. സമൂഹത്തോടും. രാഷ്ട്രത്തോടും. കടമകളും ചുമതലകളുമുണ്ട്. നമ്മുടെ ആളുകളുടെ ശാരീരികവും. മാനസികവും. ബുദ്ധിപരവുമായ കഴിവുകളെ നല്ല രീതിയിൽ പ്രയോജനപ്പെടുത്തിയാൽ. നാട്ടിലും. വീട്ടിലും നല്ല നേട്ടങ്ങൾ കൊയ്യാൻ സാധിക്കും. അതിനായി ജനപങ്കാളിത്തത്തോടുകൂടിയ വികസന പ്രവർത്തനങ്ങളാണ് പഞ്ചായത്തുരാജിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

അപ്രകാരം ജനങ്ങളും. ജനപ്രതിനിധികളും. ഉദ്യോഗസ്ഥന്മാരും ഒത്തൊരുമിച്ച് ഒരേ ലക്ഷ്യത്തോടുകൂടി. ആത്മാർത്ഥമായും. നിസ്വാർത്ഥമായും. പ്രവർത്തിച്ചാൽ നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വിഭാവന ചെയ്ത ഗ്രാമസ്വരാജ് കേരള പഞ്ചായത്തു രാജ് ആകുന്നതിലൂടെ എല്ലാ അർത്ഥത്തിലും നമ്മുടെ പഞ്ചായത്തിൽ നടപ്പാകും. അതിനായി നമുക്കു പ്രയത്നിക്കാം.

ഈ വികസന റിപ്പോർട്ട് പഞ്ചായത്താഫീസ്. വില്ലേജാഫീസ്. ബ്ലോക്കാഫീസ്. കൃഷിഭവൻ. മൃഗാശുപത്രി. P.H. സെന്റർ ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും കിട്ടിയ സ്ഥിതിവിവരക്കണക്കുകളുടെയും. 1991ലെ സെൻസസ് റിപ്പോർട്ടിന്റെയും, പഞ്ചായത്തു മെമ്പർമാരും റിസോഴ്സ് പേഴ്സൻസും നേരിട്ട് ഇങ്ങിനടന്നു ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ്. ഇത് ഒരു അന്തിമ റിപ്പോർട്ടല്ല. ഈ വികസന സെമിനാറിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ വരുത്തുന്ന ഭേദഗതികൾക്കും. കൂട്ടിച്ചേർക്കലുകൾക്കും വിധേയമായി അംഗീകാരത്തിനുവേണ്ടി വികസന സെമിനാർ മുൻപാകെ സമർപ്പിക്കുന്നു.

റ്റി.റ്റി. അന്നമ്മ
പ്രസിഡന്റ്.

# VI. മുൻപഞ്ചായത്ത് ഭരണസമിതികൾ

1953-ൽ തിരു-കൊച്ചി സംസ്ഥാനത്ത് ഗ്രാമ പഞ്ചായത്തുകളാരംഭിച്ചതോടൊപ്പം ഭരണങ്ങാനം പഞ്ചായത്തും നിലവിൽവന്നു. തുടക്കത്തിൽ ഭരണങ്ങാനം റവന്യൂ വില്ലേജ് മുഴുവനും പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ 1960-ൽ പൊതുജനങ്ങളുടെ സൗകര്യത്തെ കരുതി കയ്യൂർ വാർഡിന്റെ കിഴക്കുഭാഗം വേർപ്പെടുത്തി മേലുകാവ് പഞ്ചായത്തിനോടു ചേർക്കുകയുണ്ടായി.

### 1953-ൽ നടന്ന ആദ്യത്തെ പഞ്ചായത്ത് തെരെഞ്ഞെടുപ്പ്

1. ഭരണങ്ങാനം - ശ്രീ. ജോസഫ് പനച്ചിക്കൽ
2. ഇടപ്പാടി - ശ്രീ. പി.റ്റി. മാണി പൈകട
3. അളനാട് - ശ്രീ. ജോസഫ് വടക്കൻ പൂവേലിൽ
4. ചൂണ്ടച്ചേരി - ശ്രീ. ദേവസ്യാ പറമുണ്ടയിൽ
5. പ്രവിത്താനം - ശ്രീ. ജോസഫ് കല്ലറയ്ക്കൽ
6. ഉള്ളനാട് നോർത്ത് - ശ്രീ. ഏ.ഡി. കുരുവിള ഔസേപ്പ്പറമ്പിൽ
7. ഉള്ളനാട് സൗത്ത് - ശ്രീ. ഏ.വി. വർക്കി ഐക്കരക്കുന്നേൽ
8. കയ്യൂർ - ശ്രീ. രാമൻനായർ കുളപ്പുറത്ത്.

നാല്, ഏഴ് വാർഡുകളൊഴികെ മറ്റെല്ലായിടത്തും മത്സരമില്ലാതെ ഐകൃകണ്ഠേനയുള്ള തെരെഞ്ഞെടുപ്പായിരുന്നു. പ്രസിഡന്റായി ശ്രീ. ദേവസ്യാ പറമുണ്ടയിൽ തെരഞ്ഞെടുക്കപ്പെട്ടു. ഭരണങ്ങാനം പള്ളി വക ഒരു കെട്ടിടത്തിലാണ് 1958 വരെ പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചു പോന്നത്. പിന്നീട് ഭരണങ്ങാനം പള്ളി സംഭാവന ചെയ്ത 25 സെന്റ് സ്ഥലത്ത് നിർമ്മിച്ച സ്വന്തം കെട്ടിടത്തിലേയ്ക്കു മാറ്റി പ്രവർത്തനം തുടർന്നു.

അളനാട്, കയ്യൂർ, വാർഡുകളിലെ മെമ്പർമാർ രാജിവച്ചതിനെത്തുടർന്ന് 1959-ൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ അളനാട്ടിൽ ശ്രീ. നാരായണപിള്ള മണക്കാട്ടും, കയ്യൂരിൽ ശ്രീ. രാമകൃഷ്ണൻ നായർ ചൂരമലയും വിജയിച്ചു.

### 1962-ലെ തെരഞ്ഞെടുപ്പ്

1. ഭരണങ്ങാനം - ശ്രീ. എബ്രാഹം കോക്കാട്
2. ഇടപ്പാടി - ശ്രീ. പി.കെ. മാത്യു പറമുണ്ടയിൽ
3. അളനാട് - ശ്രീ. വി.സി. ജോസഫ് വടക്കൻ
4. ചൂണ്ടച്ചേരി - ശ്രീ. കെ.സി. ജോസഫ് പ്ലാക്കൂട്ടത്തിൽ
5. പ്രവിത്താനം - ശ്രീ. കെ. മൈക്കിൾ കുഴിഞ്ഞാലിൽ
6. ഉള്ളനാട്ട് നോർത്ത് -ശ്രീ.എം.എം.അഗസ്റ്റ്യൻ മറ്റത്തിൽ
7. ഉള്ളനാട്ട് സൗത്ത് - ശ്രീ. ഏ.ജെ.ഈനാസ് ആനക്കല്ലുങ്കൽ
8. കയ്യൂർ - ശ്രീ. അഡ്വ. കെ.എൻ. ശിവരാമൻ നായർ കുളപ്പുറത്ത്.

പ്രസിഡന്റായി അഡ്വ. കെ.എൻ. ശിവരാമൻ നായർ തെരഞ്ഞെടുക്കപ്പെട്ടു. പഞ്ചായത്തു കമ്മിറ്റിയിലേക്കു ഒരു വനിതയെ നോമിനേറ്റു ചെയ്യാൻ അനുവാദം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഉള്ളനാട് ഔസേപ്പുപ്പറമ്പിൽ ശ്രീമതി ത്രേസ്യാമ്മ സ്കറിയായെ നോമിനേറ്റു ചെയ്തു. അവർ രാജിവച്ച ഒഴിവിൽ അളനാട് തെക്കയിൽ ശ്രീമതി അന്നമ്മ സകറിയായെ നോമിനേറ്റു ചെയ്യപ്പെട്ടു. 6,7 വാർഡുകളിലെ മെമ്പർമാർ രാജിവച്ച ഒഴിവിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ 6-ാം വാർഡിൽ നിന്ന് ശ്രീ. ദേവസ്യാ അഴകേടത്ത് ഐകകണ്ഠ്യേനയും, 7-ാം വാർഡിൽനിന്ന് ശ്രീ. കെ.എസ്. ജോസഫ് ഔസേപ്പ്പറമ്പിൽ മത്സരത്തിലൂടെയും തെരഞ്ഞെടുക്കപ്പെട്ടു.

### 1979-ലെ തെരഞ്ഞെടുപ്പ്

1. ഭരണങ്ങാനം - ശ്രീ. എം.ജി. രവീന്ദ്രനാഥ്
2. ഇടപ്പാടി - ശ്രീമതി മറിയം തോമസ് തുടിപ്പാറ
3. അളനാട്സൗത്ത് - ശ്രീ. കെ.എം. മാത്തൻ കളപ്പുരയിൽ
4. അളനാട് നോർത്ത് -അഡ്വ. റ്റി.സി.തോമസ് തുടിയൻപ്ലാക്കൽ
5. ചൂണ്ടച്ചേരി - ശ്രീ. ജോസഫ് ദേവസ്യാ പറമുണ്ടയിൽ

6. പ്രവിത്താനം - ശ്രീ. ആന്റണി ജോൺ പ്ലാത്തോട്ടം

7. ഉള്ളനാട്ട് നോർത്ത് - ശ്രീ. അഗസ്റ്റ്യൻ ജോസഫ് പൊട്ടൻപറമ്പിൽ

8. ഉള്ളനാട് സൗത്ത് - ശ്രീ. എം.സി. ശേഖരൻ മുടിയന്താനത്തുകുന്നേൽ

9. കയ്യൂർ - പ്രൊഫ. പി.വി. ജോസഫ് പുതുപ്പറമ്പിൽ

പ്രസിഡന്റായി പ്രൊഫ. പി.വി. ജോസഫ് തെരെഞ്ഞെടുക്കപ്പെട്ടു. പിന്നീട് അദ്ദേഹം രാജിവച്ച ഒഴിവിൽ ശ്രീ. കെ.എം. മാത്തൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു

**1988-ലെ തെരെഞ്ഞെടുപ്പ്**

1. ഭരണങ്ങാനം - ശ്രീ. എം.ജി. രവീന്ദ്രനാഥ് മഠത്തിൽ

2. ഇടപ്പാടി - പ്രൊഫ. ഗ്രേസി ജോയി ഗ്രേസ് വില്ല

3. അളനാട്സൗത്ത് - ശ്രീ. ടി.കെ.ഫ്രാൻസീസ് തുമ്മനിക്കുന്നേൽ

4. അളനാട് നോർത്ത് - ശ്രീ. എം.എൻ. സുകുമാരൻനായർ മണക്കാട്ട്.

5. ചൂണ്ടച്ചേരി - ശ്രീ. അൽഫോൻസ് തെങ്ങുംപള്ളിൽ

6. പ്രവിത്താനം - ശ്രീ. ആന്റണി ജോൺ പ്ലാത്തോട്ടം

7. ഉള്ളനാട്ട് നോർത്ത് - ശ്രീമതി. ഗ്രേസിമാത്യു വലിയപൈക്കാട്ട്

8. ഉള്ളനാട് സൗത്ത് - ശ്രീ. വി.കെ. ഗോപാല കൃഷ്ണൻ വള്ളിയിൽ

9. കയ്യൂർ - ശ്രീ. സി.ആർ. നാരായണൻനായർ ചൂരമല

പ്രസിഡന്റായി ശ്രീ. എം.ജി. രവീന്ദ്രനാഥ് തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം രാജിവച്ച ഒഴിവിൽ ശ്രീ അൽഫോൺസ് തെങ്ങുംപള്ളിൽ പ്രസിഡന്റായി. അദ്ദേഹത്തിന്റെ രാജിയെ തുടർന്ന് പ്രൊഫ. ഗ്രേസി ജോയി പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

**1995-ൽ നടന്ന ഗ്രാമ പഞ്ചായത്തു തെരഞ്ഞെടുപ്പ്**

1. ഭരണങ്ങാനം - ശ്രീമതി. ടി.ടി. അന്നമ്മ പനച്ചീനാനി കരുവൻമ്മാക്കൽ

2. ഇടപ്പാടി - ശ്രീ. തോമസുകുട്ടി ജോസഫ് പിണക്കാട്ട്

3. അളനാട്സൗത്ത് - ശ്രീ. ദേവസ്യാ മത്തായി മഠത്തിൽ

4. അളനാട് നോർത്ത് - ശ്രീ. ഈ.വി. ജനാർദ്ദനൻ ഇല്ലിക്കൽ

5 ചൂണ്ടച്ചേരി - ശ്രീമതി ഏലിക്കുട്ടി സെബാസ്റ്റ്യൻ പിണക്കാട്ട്

6 പ്രവിത്താനം - ശ്രീ. റ്റി.ജി. കുമാരൻ ശുഭാലയം

7. ഉള്ളനാട്ട് നോർത്ത് - ശ്രീ. അഗസ്റ്റ്യൻ ജോസഫ് പൊട്ടൻപറമ്പിൽ

8. ഉള്ളനാട് സൗത്ത് - ശ്രീമതി ലിസ്സി സിറിയക്ക് ചന്ദ്രൻകുന്നേൽ

9. കയ്യൂർ - ശ്രീ. സി.ആർ. നാരായണൻ നായർ ചൂരമല

ശ്രീമതി. ടി.ടി. അന്നമ്മ പ്രസിഡന്റായും, ശ്രീ. അഗസ്റ്റ്യൻ ജോസഫ് വൈസ് പ്രസിഡന്റായും, ശ്രീ. സി.ആർ നാരായണൻ നായർ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനായും തെരഞ്ഞെടുക്കപ്പെട്ടു.

# VII. വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

ജനറൽ കൺവീനർ

അഡ്വ. ജോയി കുറ്റിയാനി

**ആമുഖം, ചരിത്രപശ്ചാത്തലം, ഭൂപ്രകൃതിയും ജനപ്രകൃതിയും ജലപ്രകൃതിയും**

1. ശ്രീ. കെ.എം. ചുമ്മാർ, കാര്യാങ്കൽ
2. ശ്രീ. എം.ജി. രവീന്ദ്രനാഥ്, മഠത്തിൽ

**1. കൃഷി, ജലസേചനം**

1. ശ്രീമതി. ഏലിക്കുട്ടി സെബാസ്റ്റ്യൻ, പിണക്കാട് (ചെയർപേഴ്സൺ)
2. ശ്രീ. എബ്രഹാം മൈക്കിൾ, കുറ്റിക്കാട്ട്
3. ശ്രീമതി. റോസിലിൻ സെബാസ്റ്റ്യൻ, (കൃഷി ഓഫീസർ)
4. ശ്രീ. പി.ഈ. മൈക്കിൾ, പാണംപാറയിൽ

**2. മത്സ്യബന്ധനം, മൃഗപരിപാലനം**

1. ശ്രീമതി. ലിസ്സി സിറിയക്, ചന്ദ്രൻകുന്നേൽ (ചെയർപേഴ്സൺ)
2. ശ്രീ. കെ.ജെ. ജോസഫ്, കാഞ്ഞിരമറ്റം
3. ശ്രീമതി. പൊന്നമ്മ ഫ്രാൻസീസ്, കുന്നേൽപുരയിടം
4. ഡോ. ജി. അജിത്കുമാർ, വെറ്റിനറി സർജൻ

**3. വിദ്യാഭ്യാസം**

1. ശ്രീ. റ്റി.ജി. കുമാരൻ, ശുഭാലയം (ചെയർമാൻ)
2. ശ്രീ. വി.ഒ. ഔസേഫ്, വട്ടപ്പലം
3. കുമാരി. ബിന്ദുമോൾ എം.ആർ. മഠത്തിൽ
4. ശ്രീ. സുരേഷ് കുമാർ, കുന്നേൽ

**4. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം**

1. ശ്രീ. തോമസ്കുട്ടി ജോസഫ്, പിണക്കാട് (ചെയർമാൻ)
2. Sr. ജോളി ജോസ്, I.H.M ഹോസ്പിറ്റൽ
3. ശ്രീ. ജോസഫ് തോമസ്, വാളിപ്ലാക്കൽ
4. ശ്രീമതി. ഷാലിനി ബേബി, നേഴ്സിംഗ് ട്യൂട്ടർ, I.H.M ഹോസ്പിറ്റൽ

**5. വ്യവസായം**

1. ശ്രീ. ഈ.വി. ജനാർദ്ദനൻ ഇല്ലിക്കൽ (ചെയർമാൻ)
2. ശ്രീ. എസ്. സോമശേഖരൻനായർ, തച്ചേട്ട്
3. ശ്രീ. പി. ശശിധരൻപിള്ള, പുളിക്കക്കുന്നേൽ
4. ശ്രീ. സിറിയക് മൈക്കിൾ, തെക്കേൽ

**6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്**

1. ശ്രീ. ദേവസ്യാ മത്തായി, മഠത്തിൽ (ചെയർമാൻ)
2. ശ്രീ. ജോയി തോമസ്, കൊല്ലംപറമ്പിൽ
3. ശ്രീ. എം.പി. സുകുമാരൻ, മഠത്തിൽ
4. ശ്രീ. പി.ആർ. ബിജു, പാറയിൽ

**7. പാർപ്പിടവും സാമൂഹ്യക്ഷേമവും**

1. ശ്രീ. ഇ.വി. ജനാർദ്ദനൻ, ഇല്ലിക്കൽ (ചെയർമാൻ)
2. ശ്രീ. സോമശേഖരൻ നായർ തച്ചേട്ട്
3. ശ്രീ. റ്റി.ജെ. ജോസഫ്, മുണ്ടക്കൽ
4. ശ്രീ. പി.എം. ദേവസ്യാ, പടിഞ്ഞാറെക്കുറ്റ്

**8. സംസ്ക്കാരം**

1. ശ്രീമതി. റ്റി.റ്റി. അന്നമ്മ, പനച്ചിനാനി (ചെയർപേഴ്സൺ)

2. ശ്രീമതി. റൂബി എം. റോണി, കാര്യാങ്കൽ
3. ശ്രീ. റെജി മാത്യു, വടക്കേമേച്ചേരി
4. ശ്രീ. കെ.എം. അഗസ്റ്റ്യൻ, കിഴക്കെക്കര
5. ശ്രീ. എം.ജി. രവീന്ദ്രനാഥ്, മഠത്തിൽ
6. ശ്രീ. ജോയി തോമസ്, കൊല്ലംപറമ്പിൽ

**9. വനിത**

1. ശ്രീമതി. റ്റി.റ്റി. അന്നമ്മ, പനച്ചീനാനി (ചേയർപേഴ്സൺ)
2. ശ്രീമതി. ആനിയമ്മ ഡേവീസ്, വെട്ടുകല്ലേൽ
3. ശ്രീമതി. കെ.ആർ. പങ്കജാക്ഷി, വേട്ടോംകുന്നേൽ
4. ശ്രീ. റോജോ ജോസഫ്, വടക്കേപൂണ്ടിക്കുളം

**10. സഹകരണമേഖല**

1. ശ്രീ. അഗസ്റ്റ്യൻ ജോസഫ്, പൊട്ടംപറമ്പിൽ (ചെയർമാൻ)
2. ശ്രീ. സണ്ണി കലവനാൽ
3. എം.ജി. രവീന്ദ്രനാഥ്, മഠത്തിൽ
4. ശ്രീ. ഷാജി സ്റ്റീഫൻ, വടക്കേതിൽ
5. ശ്രീ. കെ.എം. മാത്തൻ, കളപ്പുരയ്ക്കൽ

**11. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം**

1. ശ്രീ. റ്റി.ജി. കുമാരൻ, ശുഭാലയം (ചെയർമാൻ)
2. ശ്രീ. വി.കെ. ചെല്ലപ്പൻ, വരിക്കപ്പോതിയിൽ
3. ശ്രീ. സ്റ്റീഫൻ മാനുവൽ, കുഴിമറ്റത്തിൽ
4. ശ്രീ. എം.ആർ. സാബു, പരവൻകുന്നേൽ
5. Sr. റോസ് വൈപ്പന, I.H.M. ഹോസ്പിറ്റൽ

**12. വിഭവസമാഹരണം**

1. ശ്രീ. സി.ആർ. നാരായണൻ നായർ, ചൂരമല (ചെയർമാൻ)
2. ശ്രീ. കെ.പി. മധുസൂദനൻ നായർ, ശ്രീമന്ദിരം
3. ശ്രീ. കെ.എൻ. റെജി, കിഴക്കേടത്ത്
4. ശ്രീ. ഡൊമിനിക് ജോസഫ്, ഉപ്പുമാക്കൽ

**13. തീർത്ഥാടനം/ടൂറിസം**

1. ശ്രീമതി. റ്റി.റ്റി. അന്നമ്മ, പനച്ചീനാനി (ചെയർപേഴ്സൺ)
2. അഡ്വ. ജോയി കുറ്റിയാനി (ജനറൽ കൺവീനർ)
3. ശ്രീ. കെ.എം. ജോർജ്ജ്, കല്ലക്കാവുങ്കൽ

**V ഭരണങ്ങാനം ഗ്രാമപഞ്ചായത്ത്-ഇന്ന്**

ശ്രീമതി. റ്റി.റ്റി. അന്നമ്മ, പഞ്ചായത്തു പ്രസിഡന്റ്

**ഓഫീസ് ജോലികൾ**

ശ്രീ. കെ.റ്റി. കൃഷ്ണകുമാർ, പഞ്ചായത്തുസെക്രട്ടറി.

**ഉണരുക, എഴുന്നേൽക്കുക, ലക്ഷ്യം പ്രാപിക്കുന്നതുവരെ ഉറക്കം പാടില്ല.**

സ്വാമി വിവേകാനന്ദൻ




Printed at: Assisi Press Bharananganam